29
സെപ്തംബർ 2018 ശനി
1194 കന്നി 13
തിരുവനന്തപുരം

# കേരള കൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ

16 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/keralakaumudi

# അയ്യപ്പസ്വാമിയെ യുവതികൾക്ക് തൊഴാം

- ശബരിമലയിൽ പ്രായഭേദമെന്യേ സ്ത്രീ പ്രവേശനത്തിന് സുപ്രീംകോടതിയുടെ അനുമതി
- അഞ്ചംഗ ഭരണഘടനാബെഞ്ചിലെ ഏക വനിതാ ജഡ്ജി ജസ്റ്റിസ് ഇന്ദുമൽഹോത്ര വിയോജിച്ചു



അനിൽ.വി.ആനന്ദ്

ന്യൂഡൽഹി: ശബരിമല ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിൽ പ്രായഭേദമെന്യേ സ്ത്രീപ്രവേശനം അനുവദിച്ച് സുപ്രീംകോടതിയുടെ ചരിത്ര വിധി.

ആരാധനയ്ക്കുള്ള അവകാശം സ്ത്രീക്കും പുരുഷനും തുല്യമാണ്. ആർത്തവം പോലെ ജൈവികമോ, ശാരീരികമോ ആയ കാരണത്തിന്റെ പേരിലുള്ള വിലക്ക് ഭരണഘടനാവിരുദ്ധമാണ്. ഭക്തി ലിംഗവിവേചനത്തിന് കാരണമാകരുത്. ഹിന്ദുമതത്തിലെ ഏതൊരു വിശ്വാസിക്കും ജാതി, ലിംഗ ഭേദങ്ങളില്ലാതെ ക്ഷേത്രപ്രവേശനത്തിനും പ്രാർത്ഥനയ്ക്കുമുള്ള അവകാശമുണ്ട്. സ്ത്രീകൾക്ക് ശബരിമലക്ഷേത്രത്തിൽ പ്രവേശിക്കാനും അയ്യപ്പനെ ആരാധിക്കാനും നിയമതടസമില്ലെന്നും ഭൂരിപക്ഷ വിധിയിൽ പറഞ്ഞു.

ആർത്തവകാലത്ത് സ്ത്രീകൾക്ക്ക്ഷേത്രപ്രവേശനം വിലക്കുന്ന 1965-ലെ കേരള ഹിന്ദു പൊതു ആരാധനാസ്ഥല ചട്ടത്തിന്റെ മൂന്നാം (ബി) വകുപ്പ് ഭരണഘടനാവിരുദ്ധമെന്ന് ചൂണ്ടിക്കാട്ടി അഞ്ചംഗ ഭരണഘടനാബെഞ്ച് ഭൂരിപക്ഷ വിധിയിലൂടെ റദ്ദാക്കി.

മതപരമായ ആചാരത്തിലെ അനിവാര്യഘടകങ്ങൾ തീരുമാനിക്കേണ്ടത് മതത്തിനുള്ളിൽ തന്നെയാണെന്ന് ചൂണ്ടിക്കാട്ടി ബെഞ്ചിലെ ഏക വനിതാ ജഡ്ജി ഇന്ദു മൽഹോത്ര വിയോജിച്ചു.

സ്ത്രീപ്രവേശനത്തെ അനുകൂലിച്ച് ചീഫ് ജസ്റ്റിസ് ദീപക് മിശ്ര, ജസ്റ്റിസ് എ.എം. ഖാൻവിൽക്കറിനു കൂടി വേണ്ടി വിധിയെഴുതി. ഇതിനോട് യോജിച്ചെങ്കിലും ജസ്റ്റിസുമാരായ രോഹിന്റൺ നരിമാൻ, ഡി.വൈ. ചന്ദ്രചൂഡ് എന്നിവർ പ്രത്യേകം വിധിന്യായം തയ്യാറാക്കി.

സ്ത്രീപ്രവേശന നിയന്ത്രണം ഏർപ്പെടുത്തി 1955 ഒക്ടോബർ 21, 1956 നവംബർ 27 തീയതികളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിറക്കിയ രണ്ട് വിജ്ഞാപനങ്ങളും ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീംകോടതി വിധിച്ചു.

## പുനഃപരിശോധനാ ഹർജി നൽകാം; സാദ്ധ്യത കുറവ്

- അഞ്ചംഗ ഭരണഘടനാബെഞ്ചിന്റെ വിധിക്കെതിരെ സുപ്രീംകോടതിയിൽ പുനഃപരിശോധനാഹർജി നൽകാനാകുമെങ്കിലും വിധിയിൽ മാറ്റമുണ്ടാകാനുള്ള സാദ്ധ്യതയില്ലെന്ന് നിയമവിദഗ്ദ്ധർ പറയുന്നു.
- മുപ്പത് ദിവസത്തിനുള്ളിൽ പുനഃപരിശോധനാഹർജി നൽകണം. ഇതേ ബെഞ്ചിലാണ് ഹർജി എത്തുക. വിഷയം വിശാലബെഞ്ചിന് വിടണമെന്ന് ആവശ്യപ്പെടാം.
- ചീഫ് ജസ്റ്റിസ് ദീപക് മിശ്ര ഒക്ടോബർ രണ്ടിന് വിരമിക്കുന്നതിനാൽ അടുത്ത ചീഫ്ജസ്റ്റിസ് രഞ്ജൻ ഗോഗോയി പുതുതായി ഈ ബെഞ്ചിലേക്ക് വരും. എന്നാൽ 4 -1 ഭൂരിപക്ഷത്തിലുള്ള വിധിയായതിനാൽ രഞ്ജൻ ഗോഗോയി മറിച്ചൊരു നിലപാടെടുത്താലും ജസ്റ്റിസുമാരായ എ.എം. ഖാൻവിൽക്കറും ഡി.വൈ. ചന്ദ്രചൂഡും രോഹിന്റൺ നരിമാനും വിധി പുനഃപരിശോധിക്കാൻ തീരുമാനിക്കുമെന്ന് കരുതാനാകില്ലെന്ന് അഭിഭാഷകർ പറഞ്ഞു.

## ജസ്റ്റിസ് ഇന്ദു മൽഹോത്രയുടെ വിയോജിപ്പ്

## മത വിഷയത്തിൽ യുക്തിപരമായ രീതികൾ നടപ്പാക്കാൻ കഴിയില്ല



ഇന്ദു മൽഹോത്ര

ന്യൂഡൽഹി: മതങ്ങളുമായി ബന്ധപ്പെട്ട വൈകാരിക വിഷയങ്ങളിൽ കോടതി ഇടപെടുന്നത് ശരിയല്ലെന്ന് അഞ്ചംഗ ഭരണഘടനാ ബെഞ്ചിലെ ഏക വനിതാ ജഡ്ജി ജസ്റ്റിസ് ഇന്ദു മൽഹോത്ര വ്യക്തമാക്കി. ശബരിമല ക്ഷേത്രത്തിനും പ്രതിഷ്ഠയ്ക്കും ഭരണഘടനയുടെ 25,26 (ബി) വകുപ്പുകളുടെ സംരക്ഷണമുണ്ടെന്നും മതപരമായ വിഷയങ്ങളിൽ യുക്തിപരമായ രീതികൾ നടപ്പാക്കാൻ കഴിയില്ലെന്നും അയ്യപ്പഭക്തൻമാരെ പ്രത്യേക വിഭാഗമായി കാണണമെന്നും ഇന്ദു മൽഹോത്ര പ്രത്യേകമെഴുതിയ വിധിന്യായത്തിൽ പറഞ്ഞു.

മതപരമായ ആചാരങ്ങൾ ഭരണഘടനയുടെ 14-ാം വകുപ്പ് നൽകുന്ന തുല്യതയുടെ ഔചിത്യം അനുസരിച്ച് പരീക്ഷിക്കപ്പെടേണ്ടതല്ല. മതാചാര സ്വാതന്ത്ര്യം ഉറപ്പ് നൽകുന്ന 25-ാം വകുപ്പുമായി ചേർന്നു പോകണം. സ്വന്തം മതാചാര പ്രകാരം ജീവിക്കാൻ ഭരണഘടനയുടെ 25, 26(ബി) വകുപ്പുകൾ പൗരന് അവകാശം നൽകുന്നു. നൈഷ്ഠിക ബ്രഹ്മചാരി സങ്കല്പത്തിലുള്ള പ്രതിഷ്ഠയെ ആരാധിക്കുന്നവർ ആചാരത്തെ തള്ളിപ്പറഞ്ഞിട്ടില്ല. അയ്യപ്പന്റെ ബ്രഹ്മചാരിയല്ലാത്ത പ്രതിഷ്ഠ കാണാൻ സ്ത്രീകൾക്ക് വിലക്കില്ലാത്തതും വിധിയിൽ ചൂണ്ടിക്കാട്ടി.

ദീർഘകാലം അഭിഭാഷകയായിരുന്ന 61 കാരിയായ ഇന്ദു മൽഹോത്ര അടുത്തകാലത്താണ് സുപ്രീംകോടതിയിൽ ജഡ്ജിയായി നിയമിതയായത്.

## ചീഫ് ജസ്റ്റിസ് ദീപക് മിശ്ര, എ.എം. ഖാൻവിൽക്കർ



ദീപക് മിശ്ര



എ.എം. ഖാൻവിൽക്കർ

- ഒരുഭാഗത്ത് സ്ത്രീയെ ദേവതയായി കാണുന്നു. മറുവശത്ത് വിശ്വാസത്തിന്റെ പേരിൽ സ്ത്രീകളെ വിലക്കുന്നു. ഇത് പുരുഷാധിപത്യത്തിന്റെ ഭാഗമാണ്.
- സ്ത്രീ ദുർബലയല്ല, പുരുഷന് താഴെയുമല്ല.
- ജൈവപരമോ, ശാരീരികമോ ആയ ഘടകങ്ങൾ വച്ച് സ്ത്രീകളെ അടിച്ചമർത്തുന്നത് നീതീകരിക്കാനാവില്ല.
- അയ്യപ്പഭക്തർ പ്രത്യേക വിശ്വാസി സമൂഹമല്ല. ശബരിമല പൊതുആരാധനാലയമാണ്. അയ്യപ്പവിശ്വാസികൾ ഹിന്ദുക്കൾ മാത്രമാണ്.
- 10നും 50നുമിടയിലുള്ള സ്ത്രീകൾ പ്രവേശിച്ചാൽ ക്രമസമാധാനത്തിന് ഒരു ആപത്തും സംഭവിക്കില്ല

## ജസ്റ്റിസ് രോഹിന്റൺ നരിമാൻ



- ശബരിമലയിലെ സ്ത്രീപ്രവേശന നിയന്ത്രണം ഭരണഘടനാവിരുദ്ധമാണ്
- വ്യക്തികളുടെ അന്തസ് മൗലികാവകാശങ്ങളുടെ അവിഭാജ്യഘടകമാണ്
- സ്ത്രീകൾക്ക് 41 ദിവസം വ്രതമെടുക്കാൻ കഴിയില്ലെന്ന സങ്കല്പം അവർ ദുർബലരാണെന്ന ധാരണയാലാണ്

## ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്



- സ്ത്രീകൾ ദൈവത്തിന്റെ തരംതാണ സൃഷ്ടിയാണെന്ന കാഴ്ചപ്പാട് ഭരണഘടനയ്ക്ക് നേരെയുള്ള കണ്ണടയ്ക്കലാണ്
- സ്ത്രീയുടെ ആരാധനാ അവകാശം നിഷേധിക്കാനാകില്ല
- പരിശുദ്ധിയുടെ പേരിലുള്ള വിലക്ക് തൊട്ടുകൂടായ്മയുടെ ഭാഗമാണ്
- സ്ത്രീ സാന്നിദ്ധ്യം പുരുഷനെ ബ്രഹ്മചര്യത്തിൽ നിന്ന് വഴിതെറ്റിക്കുമെന്നാണ് വിലക്കിന് പിന്നിലെ യുക്തി. പുരുഷന്റെ ബ്രഹ്മചര്യത്തിന്റെ ഭാരം സ്ത്രീയിലേക്ക് ചാരുകയാണ്. ഇത് സ്ത്രീകളെ അപമാനിക്കലാണ്.
- സ്ത്രീയുടെ അന്തസ് ആൾക്കൂട്ടത്തിന്റെ ദയയല്ല
- മതപരമായ ആചാരങ്ങളായാലും ഭരണഘടനയ്ക്കനുസൃതമായിരിക്കണം

*"വിധി സംസ്ഥാന സർക്കാർ സ്വാഗതം ചെയ്യുന്നു. ശബരിമല ഉൾപ്പെടെ ഒരു ആരാധനാലയത്തിലും വിവേചനങ്ങൾ പാടില്ലെന്ന നിലപാടാണ് സർക്കാരിനുള്ളത്. വിധി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളെ കുറിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനമെടുക്കും.*

**-മന്ത്രി കടകംപള്ളി സുരേന്ദ്രൻ**

*"വിധി അംഗീകരിക്കുന്നു. വിധി നടപ്പാക്കുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്. വിധി വന്നതോടെ ശബരിമലയുടെ ഭാവിയിൽ ആശങ്ക ഉണ്ട്. ദുരന്തങ്ങൾ വിളിച്ച് വരുത്തുന്നതിന് ഇത് കാരണമാകും.*

**-വെള്ളാപ്പള്ളി നടേശൻ, എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി**

*"ശബരിമല സ്ത്രീപ്രവേശനം സംബന്ധിച്ച് ഇനി എന്ത് വേണമെന്ന് വിശ്വാസികൾ തീരുമാനിക്കട്ടെ.*

**-ജി. സുകുമാരൻ നായർ എൻ.എസ്.എസ് ജനറൽ സെക്രട്ടറി**

കൂടുതൽ വാർത്തകളും പ്രതികരണങ്ങളും പേജ് 08, 09

ജി.എസ്.ടി സെസ്: മന്ത്രിതല ഉപസമിതി തീരുമാനിക്കും
പേജ്-07

## തലവര




ആചാരം...ചാരം...



ചെമ്പഴന്തി ശ്രീനാരായണഗുരുകുലത്തിൽ നിർമിക്കുന്ന കൺവെൻഷൻ സെന്ററിന്റെ മാതൃക

## ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിൽ 10 കോടിയുടെ കൺവെൻഷൻ സെന്റർ

തിരുവനന്തപുരം: ശ്രീനാരായണ ഗുരുദേവന്റെ ജന്മം കൊണ്ട് പവിത്രമായ ചെമ്പഴന്തിയിലെ ശ്രീനാരായണ ഗുരുകുലത്തിൽ സംസ്ഥാന ടൂറിസം വകുപ്പ് പത്ത് കോടി രൂപ ചെലവിട്ട് അത്യാധുനിക കൺവെൻഷൻ സെന്റർ നിർമ്മിക്കും. രണ്ട് നിലകളിലായി 23,622 ചതുരശ്ര അടി വിസ്തൃതിയുള്ള മന്ദിരം ഒഡിഷയിലെ ക്ഷേത്ര സ്തൂപ മാതൃകയിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളതെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു.

താഴത്തെ നിലയ്ക്ക് 15,751 ചതുരശ്ര അടി വിസ്തൃതിയുണ്ടാവും. പുറത്തു നിന്ന് കാറ്റും വെളിച്ചവും കടക്കും വിധം തുറസായി നിർമ്മിക്കുന്ന കൺവെൻഷൻ സെന്ററിന്റെ വേദി മുറ്റത്ത് നിന്നാലും ദൃശ്യമാകും. മികവാർന്ന നിർമ്മാണത്തിന് അംഗീകാരങ്ങൾ നേടിയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്കാണ് നിർമ്മാണ ചുമതല. ഒന്നര വർഷത്തിനുള്ളിൽ പൂർത്തിയാക്കും. ശിവഗിരി തീർത്ഥാടന കാലത്ത് പതിനായിരങ്ങളാണ് ചെമ്പഴന്തിയിൽ എത്തുന്നത്. ശ്രീനാരായണ ഗുരുവിന്റെ ജന്മഗൃഹമായ വയൽവാരം വീട് കാണാൻ എത്തുന്ന തീർത്ഥാടകർക്കും സഞ്ചാരികൾക്കും കൺവെൻഷൻ സെന്റർ പ്രയോജനപ്പെടും. ശ്രീനാരായണ ജയന്തി ഉൾപ്പെടെ നിരവധി ആഘോഷങ്ങൾ നടക്കുന്ന ചെമ്പഴന്തി ഗുരുകുലത്തിൽ ഒരു കൺവെൻഷൻ സെന്റർ വേണമെന്ന ദീർഘകാല ആവശ്യമാണ് സർക്കാർ നിറവേറ്റുന്നതെന്നും മന്ത്രി പറഞ്ഞു.

### 1000 പേർക്ക് ഇരിക്കാം

- താഴത്തെ നിലയിൽ ആയിരത്തിലേറെ പേർക്ക് ഇരിക്കാം
- ഓഫീസ്, ഗ്രീൻ റൂം, സ്റ്റോർ, അടുക്കള, ടോയ്‌ലെറ്റുകൾ
- മുകളിലെ നിലയിൽ ശ്രീനാരായണ ഗുരുവിന്റെ ജീവിതവും സന്ദേശങ്ങളും ഉൾക്കൊള്ളുന്ന ഡിജിറ്റൽ മ്യൂസിയം
- മ്യൂസിയത്തിലെ നാല് ഹാളുകളിലായി ഗുരുവിന്റെ കുട്ടിക്കാലം മുതലുള്ള നാല് ജീവിത കാലയളവുകൾ അവതരിപ്പിക്കുന്ന മൾട്ടിമീഡിയ പ്രദർശനം.

## മരണാനന്തരചടങ്ങ് നാളെ

(30.09.2018)



**ആർ. രാധ**

(റിട്ട. ഗവ. ഹൈസ്കൂൾ അദ്ധ്യാപിക)
രാധാനന്ദ്, മുണ്ടയിൽ, വർക്കല.

24.9.2018- ൽ നിര്യാതയായ ഞങ്ങളുടെ അഭിവന്ദ്യമാതാവും, പരേതനായ സദാനന്ദൻ അവർകളുടെ സഹധർമ്മിണിയുമായ ശ്രീമതി ആർ. രാധ (82) യുടെ മരണാനന്തരചടങ്ങ് നാളെ (സെപ്തംബർ 30, ഞായറാഴ്ച) രാവിലെ 9 മണിക്ക് നടത്തുന്നതാണ്. ബന്ധുമിത്രാദികൾ ഇത് ഒരറിയിപ്പായി കരുതി സകുടുംബം സംബന്ധിക്കണമെന്ന് അപേക്ഷ.

എന്ന്, ദുഃഖിതരായ,

മക്കൾ:
സബിൻ എസ്.ആർ (സിംഗപ്പൂർ),
Dr. ബിനോയ്. എസ്.ആർ (സൗദി അറേബ്യ),
വിനോദ്. എസ്.ആർ (സിംഗപ്പൂർ).

മരുമക്കൾ:
ബീനാ സബിൻ,
സിമി വിനോദ്.

N.B : ചരമവിവരം യഥാസമയം അറിയിക്കുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കണമെന്ന് അപേക്ഷ.

## ജയന്ത് മാമ്മൻ മാത്യു ഐ.എൻ.എസ് പ്രസിഡന്റ്



കോട്ടയം: ഇന്ത്യൻ ന്യൂസ്‌പേപ്പർ സൊസൈറ്റി പ്രസിഡന്റായി മലയാള മനോരമ എക്സിക്യൂട്ടീവ് എഡിറ്റർ ജയന്ത് മാമ്മൻ മാത്യുവിനെ ബംഗളൂരുവിൽ ചേർന്ന പൊതുയോഗം തിരഞ്ഞെടുത്തു. 'മിഡ് ഡേ' യിലെ ശൈലേഷ് ഗുപ്തയാണ് ഡെപ്യൂട്ടി പ്രസിഡന്റ്. വൈസ് പ്രസിഡന്റായി ദിനമലറിലെ എൽ. ആദിമൂലയും ട്രഷററായി ഹിന്ദുസ്ഥാൻ ടൈംസിലെ ശരത് സക്സേനയും തിരഞ്ഞെടുക്കപ്പെട്ടു. ഹർഷ മാത്യു (എം.എം. പബ്ലിക്കേഷൻസ്), എം. വി. ശ്രേയാംസ് കുമാർ (മാതൃഭൂമി), പി.വി. ചന്ദ്രൻ (ഗൃഹലക്ഷ്മി), ബിജു വർഗീസ് (മംഗളം വാരിക) എന്നിവരടങ്ങിയതാണ് 41 അംഗ നിർവാഹകസമിതി.






# അനന്തപുരി



## മോഡൽ സ്കൂളിൽ വാട്ടർ റോക്കറ്റ് വിക്ഷേപണം

തിരുവനന്തപുരം: ബഹിരാകാശ വാരാഘോഷത്തിന്റെ മുന്നോടിയായി തൈക്കാട് ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച 'അയൽപക്ക വിദ്യാലയ സംഗമം' പരിപാടിയുടെ ഭാഗമായി വാട്ടർ റോക്കറ്റ് വിക്ഷേപിച്ചു.

വെള്ളം നിറച്ച വലിയ കുപ്പിയാണ് റോക്കറ്റാക്കിയത്. പ്രത്യേക പമ്പ് ഉപയോഗിച്ച് പരമാവധി വായു കടത്തിവിട്ട് അതിന്റെ സമ്മർദ്ദ ഫലമായാണ് റോക്കറ്റ് ഉയർന്ന് പൊങ്ങിയത്. റോക്കറ്റ് വിക്ഷേപണത്തിന്റെ സാങ്കേതിക വശങ്ങൾ ലളിതമായി പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. മോഡൽ സ്കൂൾ മലയാളം അദ്ധ്യാപകനും എഴുത്തുകാരനുമായ ജെ.എം. റഹിം ഉദ്ഘാടനം ചെയ്തു.

കോട്ടൺഹിൽ ഗവ. എൽ.പി സ്കൂൾ, തൈക്കാട് ഗവ. എൽ.പി സ്കൂൾ, മോഡൽ ഗവ. എൽ.പി സ്കൂൾ വിദ്യാർത്ഥികളാണ് അയൽപക്ക വിദ്യാലയ സംഗമത്തിൽ പങ്കെടുത്തത്. ഹെഡ്മാസ്റ്റർ ആർ.എസ്. സുരേഷ് ബാബു, അദ്ധ്യാപകരായ സതീഷ് കുമാർ, എം. ഷാജി, ജയരാജ്, ഉണ്ണിക്കൃഷ്ണൻ നായർ, വൈശാഖ്, ജാസ്മിൻ, ലളിതാംബിക, ജോളി, കലാലക്ഷ്മി, പ്രീത കൃഷ്ണകുമാർ, നിർമലാദേവി, അച്ചാമ്മ എന്നിവർ നേതൃത്വം നൽകി.



ബഹിരാകാശ വാരാഘോഷത്തിന്റെ മുന്നോടിയായി തൈക്കാട് ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച വാട്ടർ റോക്കറ്റ് വിക്ഷേപണം

## ഇന്ന് ജലവിതരണം മുടങ്ങും

തിരുവനന്തപുരം: അരുവിക്കര ശുദ്ധീകരണശാലയിൽ പമ്പിംഗ് നിറുത്തിവയ്ക്കുന്നതിനാൽ ഇന്ന് ഉച്ചയ്ക്ക് 2 മുതൽ വൈകിട്ട് 6 വരെ വെള്ളയമ്പലം, ശാസ്തമംഗലം, വഴുതക്കാട്, തൈക്കാട്, പാളയം, വലിയശാല, തമ്പാനൂർ, സ്റ്റാച്യു, ആയുർവേദ കോളേജ്, പട്ടം, പ്ലാമൂട്, മുറിഞ്ഞപാലം, കുമാരപുരം, വഞ്ചിയൂർ, പേട്ട, ചാക്ക, പാറ്റൂർ, കരിക്കകം, ബേക്കറിജംഗ്ഷൻ, പുളിമൂട്, ശംഖുംമുഖം, വേളി, പൗണ്ട്കടവ്, ഒരുവാതിൽകോട്ട, ആനയറ എന്നിവിടങ്ങളിൽ ജലവിതരണം മുടങ്ങും.



### സംഭാവന

തിരുവനന്തപുരം: പേട്ട ആഷാമന്ദിരത്തിൽ പരേതനായ കെ.കെ. സുധാകരന്റെ 37-ാം ചരമവാർഷികദിനം പ്രമാണിച്ച് ഒക്ടോബർ 2ന് വഞ്ചിപൂവർ ഫണ്ടിലേക്ക് ഡോ. ജയാനന്ദൻ രണ്ടായിരം രൂപ സംഭാവന നൽകി.

### പഴഞ്ചിറ ദേവീക്ഷേത്രം

തിരുവനന്തപുരം : പഴഞ്ചിറ ദേവീക്ഷേത്രത്തിലെ അഖണ്ഡ നാമജപം നാളെ രാവിലെ 7 മുതൽ വൈകിട്ട് 6 വരെ അഭേദാശ്രമം അംബികാനന്ദ സ്വാമികളുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തുന്നു.

### ചതയദിന അന്നദാനം

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയന്റെ ചതയദിന അന്നദാന ഫണ്ടിലേക്ക് മണക്കാട് കമലേശ്വരം മല്ലിയിടം ടി.സി 49/321 പുതുശേരി വീട്ടിൽ ശോഭന പ്രസാദിന്റെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് ഭർത്താവ് ജയപ്രസാദ് 2001 രൂപ സംഭാവന നൽകിയതായി യൂണിയൻ സെക്രട്ടറി ആലുവിള അജിത് അറിയിച്ചു.

## ഹോം ഫർണിച്ചർ ആൻഡ് ലൈഫ് സ്റ്റൈൽ എക്സ്പോയ്ക്ക് തുടക്കമായി

തിരുവനന്തപുരം: ഗുണനിലവാരമുള്ള ഫർണിച്ചറുകളുടെ ശേഖരവുമായി ശ്രീമൂലം ക്ലബിൽ ഹോം ഫർണിച്ചർ ആൻഡ് ലൈഫ് സ്റ്റൈൽ എക്സ്പോയ്ക്ക് തുടക്കമായി. ചലച്ചിത്രതാരം നന്ദു ഉദ്ഘാടനം ചെയ്തു.

ചെന്നൈ ആസ്ഥാനമായുള്ള ടേൺ കീ ഇവന്റ്സാണ് എക്സ്പോ സംഘടിപ്പിച്ചിരിക്കുന്നത്. ശ്രീമൂലം ക്ലബ് സെക്രട്ടറി ബാലൻ മാധവൻ, ടേൺ കീ ഇവന്റ്സ് സി.ഇ.ഒ രാധാകൃഷ്ണൻ, ടീക്ക് ആൻഡ് ഓക്ക് ഫർണിച്ചർ പ്രൊപ്പറൈറ്റർ ബാലാജി, ബിനീഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

50 ശതമാനം വിലക്കിഴിവിനൊപ്പം എക്സ്ചേഞ്ച് ഓഫറും എക്സ്പോയുടെ മുഖ്യ ആകർഷണമാണ്. എല്ലാതരത്തിലുമുള്ള പഴയ ഫർണിച്ചറുകളും എക്സ്ചേഞ്ചിലൂടെ മാറ്റിവാങ്ങാം. ഗുണനിലവാരമുള്ള കട്ടിലുകൾ, കിടക്കകൾ, സോഫാ, ടേബിൾ തുടങ്ങിയ ഫർണിച്ചറുകളുടെ നീണ്ട നിരയാണ് സന്ദർശകരെവരവേൽക്കുന്നത്. പ്രമുഖ കമ്പനികളുടെ ഗൃഹോപകരണങ്ങൾ, സ്ത്രീകൾക്കായി ഫാഷൻ ജുവലറി, വസ്ത്രങ്ങൾ എന്നിവയും ഒരുക്കിയിട്ടുണ്ട്.

ലോൺസൗകര്യവും എക്സ്പോയിൽ ലഭ്യമാണ്. ഒക്ടോബർ 3ന് എക്സ്പോ സമാപിക്കും. രാവിലെ 10.30 മുതൽ രാത്രി 9 വരെയാണ് പ്രവേശനം.



വഴുതക്കാട് ശ്രീമൂലം ക്ലബിൽ ഹോം ഫർണിച്ചർ ആൻഡ് ലൈഫ് സ്റ്റൈൽ എക്സ്പോ നടൻ നന്ദു ഉദ്ഘാടനം ചെയ്യുന്നു. ശ്രീമൂലം ക്ലബ് സെക്രട്ടറി ബാലൻ മാധവൻ, ടേൺ കീ ഇവന്റ്സ് സി.ഇ.ഒ രാധാകൃഷ്ണൻ, ടീക് ആൻഡ് ഓക്ക് ഫർണിച്ചർ ഉടമ ബാലാജി, ബിനീഷ് എന്നിവർ സമീപം











# CAREER Focus

## STUDY ABROAD (With / Without IELTS)

USA -200 ലധികം University കൾ
CANADA-70 ലധികം University കൾ
NEWZELAND -30 ലധികം University കൾ
AUSTRALIA -60 ലധികം / UK-80 ലധികം University കൾ
കൂടാതെ: FRANCE, ITALY, GERMANY, POLAND SWITZERLAND, IRELAND, SINGAPORE, DUBAI, MALAYSIA ETC...

## MIGRATE

CANADA | AUSTRALIA | (Min.2yrs Experience)
NURSES TO UK (Free Recruitment)
1 YEAR STUDY
3 YEAR STAY BACK
PART TIME WORK ALLOWED
SPOUSE VISA

TALENT CAREER SOLUTIONS PVT.LTD (ISO 90001-2015 certified)
2nd Floor, Safa International, Opp. Manorama, Thampanoor, TVM-1 www.mbbsstudy.net
Ph: 0471-4857799, 9142 229142, 9074985599

## വിദേശ പഠനത്തിന് സുവർണ്ണാവസരം

കേരളത്തിലെ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠന സൗകര്യമൊരുക്കുന്ന ടാലന്റ് കരിയർ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ഈ മേഖലയിൽ ഇരുപത് വർഷം പിന്നിടുന്നു. ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് ടാലന്റിലൂടെ ഇക്കാലയളവിൽ വിദേശത്തെ പ്രശസ്തമായ സർവ്വകലാശാലകളിൽ നിന്ന് ബിരുദങ്ങൾ നേടി ഉയർന്ന ഉദ്യോഗങ്ങൾ കരസ്ഥമാക്കിയിട്ടുള്ളത്. യു.എസ്.എയിൽ 200 ലധികം സർവ്വകലാശാലകളിലും കാനഡയിൽ 70 ലധികവും ന്യൂസിലാൻഡിൽ 30 ലധികവും ആസ്ട്രേലിയയിൽ 60 ലധികവും യു.കെയിൽ 80 ലധികവും സർവ്വകലാശാലകളിൽ താല്പര്യമുള്ള കേരളീയ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാവുന്നതാണ്. കൂടാതെ, ഫ്രാൻസ്, ഇറ്റലി, ജർമ്മനി, പോളണ്ട്, സ്വിറ്റ്സർലൻഡ്, അയർലൻഡ്, സിംഗപ്പൂർ, ദുബായ്, മലേഷ്യ എന്നിവിടങ്ങളിലും പഠന സാദ്ധ്യത ഏറെയാണ്. വിദേശ പഠനത്തിനാവശ്യമായ എല്ലാ സഹായങ്ങളും ഗൈഡൻസും ടാലന്റ് കരിയർ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിൽനിന്ന് വിദ്യാർത്ഥികൾക്ക് ലഭ്യമാണ്.

## പ്രൊഫഷണൽ വിദ്യാഭ്യാസം വിദേശ യൂണിവേഴ്സിറ്റികളിൽ

ASSISI Overseas

നീറ്റ് എഴുതാത്തവർക്കും നീറ്റ് ക്വാളിഫൈ ചെയ്യാത്തവർക്കും യൂറോപ്പിൽ കുറഞ്ഞ ചിലവിൽ MBBS പഠിക്കുവാനുള്ള അവസാന അവസരം. ഇന്നു തന്നെ ഡോക്യുമെന്റ്സുമായി എത്തുന്നവർക്ക് പ്രത്യേക പരിഗണന.

PH: 8589891234, 8547767943



## കോൺഫിഡൻസ് അക്കാഡമി ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരിശീലനവും

വിദ്യാർത്ഥികളുടെ സിവിൽ സർവീസ് സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കേരളത്തിൽ ആദ്യമായി ബി.എ, ബി.കോം ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരിശീലനവും നല്കുന്ന പഠന പദ്ധതിയുമായി കോൺഫിഡൻസ് അക്കാഡമി വഴികാട്ടി ആകുന്നു.
പ്ലസ് ടു കഴിഞ്ഞവർക്ക് ബി.എ (English, Economics, Sociology, History, Malayalam)/ B.Com ഡിഗ്രി പഠനവും സിവിൽ സർവീസ് പരിശീലനവും പ്രത്യേക ബാച്ചുകളായി നല്കുന്നു. അതിലുപരി 21 - 22 വയസിൽ കേന്ദ്ര സർക്കാർ ഉദ്യോഗം ഉറപ്പ് നല്കുന്നു. ഡിഗ്രി, പി.ജി വിദ്യാർത്ഥികൾക്ക് കോളേജ് പഠനത്തോടൊപ്പം ശനി, ഞായർ ഉൾപ്പെടെ എല്ലാ അവധി ദിവസങ്ങളിലും പ്രത്യേക ബാച്ചുകളിലായി പരിശീലനം നല്കുന്നു. ഡിഗ്രി, പി.ജി കഴിഞ്ഞവർക്ക് ഒറ്റത്തവണ ഫീസിൽ ഐ.എ.എസ്/ ഐ.പി.എസ്/ എ.എഫ്.എസ് അഥവാ മറ്റേതെങ്കിലും കേന്ദ്ര സർക്കാർ ജോലി നേടുംവരെ റഗുലർ പരിശീലനം നൽകുന്നു. ജോലിയുള്ള പ്രൊഫഷണലുകൾക്കായി പ്രത്യേക ഈവനിംഗ്, വീക്കെൻഡ് ബാച്ചുകളും ഉണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ഫീസാനുകൂല്യത്തിലോ സൗജന്യമായോ പഠിപ്പിക്കുന്നു. 8 മുതൽ 12 വരെ ക്ലാസുകാർക്കായി പ്രത്യേക ഫൗണ്ടേഷൻ ക്ലാസുകളും നടത്തുന്നുണ്ട്.



DRISYA CHANDRAN COURSE CO-ORDINATOR Mob: 9188660250

## സ്പോക്കൺ ഇംഗ്ലീഷ് - MAG Academy


വരൂ, 28 ദിവസം കൊണ്ട് ആർക്കും ഇംഗ്ലീഷ് സംസാരിക്കാം, ഇല്ലെങ്കിൽ ഫീസ് തിരികെ നല്കും.

ഇംഗ്ലീഷ് സംസാരിക്കാൻ അറിയാത്തതുകൊണ്ട് ഇനി നിങ്ങൾക്ക് അവസരങ്ങൾ നഷ്ടപ്പെടുത്തേണ്ടതില്ല! ഇംഗ്ലീഷ് പഠനം നിങ്ങൾക്ക് പേടിസ്വപ്നമായാലും ഇംഗ്ലീഷിൽ നിങ്ങൾ എത്ര പുറകിലായാലും ഈസി ടെക്നിക്ക് ഉപയോഗിച്ച് ഇംഗ്ലീഷ് അനായാസം സംസാരിക്കാൻ നിങ്ങളെ പ്രാപ്തരാക്കുന്നു. പ്രായമോ വിദ്യാഭ്യാസയോഗ്യതയോ ഒന്നും നിങ്ങൾക്ക് തടസ്സമാവില്ല. വിദ്യാർത്ഥികൾക്കും ജോലിയുള്ളവർക്കും പ്രൊഫഷണൽ കോഴ്സ് കഴിഞ്ഞവർക്കും മുതിർന്നവർക്കും പ്രത്യേകം ബാച്ചുകൾ. ഗ്രൂപ്പിൽ ഇരിക്കാൻ വൈമനസ്യമുള്ളവർക്ക് വ്യക്തിപരമായ ക്ലാസ്സുകൾ നടത്തുന്നു. കൂടാതെ, വിജയകരമായി ഇന്റർവ്യൂകളെ അഭിമുഖീകരിക്കാനും പേഴ്സണാലിറ്റി ഡെവലപ്മെന്റിനും യു.ജി.സി. NET ഇംഗ്ലീഷ് കോച്ചിംഗിനും പ്രത്യേക ക്ലാസ്സുകൾ.
2018ലെ മീഡിയാ സിറ്റി കർമ്മശ്രേയസ്സ് പുരസ്കാരജേതാവായ ഡോ. ആർ. മിനിയാണ് ക്ലാസ്സുകൾ നയിക്കുന്നത്.









## മൈലേക്കോണം അംഗൻവാടി ആക്രമണം: യുവാവ് അറസ്റ്റിൽ



സതീഷ്

മലയിൻകീഴ്: മൈലേക്കോണം അംഗൻവാടി ആക്രമിച്ച കുളത്തുമ്മൽ പനയംകോട് പാറവിളാകത്ത് വീട്ടിൽ എസ്. സതീഷിനെ (25, ഉണ്ണി) വിളപ്പിൽശാല പൊലീസ് അറസ്റ്റുചെയ്തു.

ഇക്കഴിഞ്ഞ വെള്ളിയാഴ്ച വൈകിട്ടായിരുന്നു ആക്രമണം. സഹോദരന്റെ കുഞ്ഞിനെ വിളിക്കാനെത്തിയ സതീഷ് അംഗൻവാടിയിലെ ആയയുമായി വാക്കേറ്റമുണ്ടായി. അംഗൻവാടിക്കുള്ളിൽ കയറി കുഞ്ഞുങ്ങളുടെ കസേരകളും മേശയും അടിച്ച് തകർത്തു.

ജീവനക്കാർക്കു നേരെയും ആക്രമണമുണ്ടായി. എസ്.ഐ. ഷിബുവിന്റെ നേതൃത്വത്തിൽ പിടികൂടിയ പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.


**Sree Mookambika Institute of Dental Sciences**
Padanilam, Kulasekharam, Kanyakumari District, Tamilnadu - 629 161
Ph: 04651-277551, 280745, 280866.
(Approved by Govt. of Tamilnadu, Affiliated by Dr.M.G.R Medical University and Recognized by Dental Council of India)
LAST CHANCE FEW SEATS LEFT — ADMISSION 2018-19
**BDS** — No Donation Only Fees
Eligibility: NEET Qualified with aggregate 50 % marks (Physics, Chemistry & Biology)
Contact: (0)94867 56585, 94435 58393, 94423 81670
Admission Strictly on the basis of Tamilnadu Govt. and the Tamilnadu Dr.M.G.R. Medical University & DCI Norms.
Within the Campus 600 Bedded Multi Speciality Hospital (All Super Specialities)
Dr. C.K. Velayudhan Nair, MS., Chairman — Dr. Rema. V. Nair, MD, DGO., Director



**രണ്ടാം ജന്മദിനം**
(29.09.2018)



Shivagovind
S/o Bijoychandran,
Sreenilayam, Ayiroor.
ആശംസകളോടെ: സുഹൃത്തുക്കൾ



**സഞ്ചയനം നാളെ**



**വി. ശാന്തശീലൻ** (72)
25.09.2018-ൽ നിര്യാതനായി.
കവടിയാർ
ദുഃഖിതരായ, ഭാര്യ: സരോജം. എസ്, മക്കൾ: സ്വപ്ന ശാന്ത്, വിപിൻ ശാന്ത്, മരുമക്കൾ: ഹരിപ്രസാദ്, സലിത വിപിൻ, ചെറുമക്കൾ.
സഞ്ചയനം: 30.09.2018 ഞായറാഴ്ച 8.30 a.m
മരണവിവരം യഥാസമയം അറിയിക്കുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ സദയം ക്ഷമിച്ച് ചടങ്ങിൽ പങ്കെടുക്കണമെന്ന് അപേക്ഷിക്കുന്നു.



ആതുര ശുശ്രൂഷാ — KaumudyTV
ചുങ്കത്ത്
തിരിച്ചറിവ്
സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അവതരിപ്പിക്കുന്നു
TODAY 9:35PM
Kaumudy TV - Channel Position Numbers: 613 | 839 | 1845 | 713 | 35 | 612 | 108 | 116
For Advertisement: North Zone - 9946108315 | Central Zone - 9946108251 | South Zone - 9995463872
www.kaumudy.tv www.youtube.com/kaumudy Contact - 9946103729



മണപ്പുറം നൽകുന്നു കൂടുതൽ സ്മാർട്ടായ ഗോൾഡ് ലോൺ
**കുറഞ്ഞ പലിശയിൽ കൂടുതൽ മൂല്യം**
₹2084* PER GRAM AS ON 28-09-2018

- 30 ദിവസത്തേക്ക് 1% പലിശ (ധനശക്തി സ്കീം. വാർഷിക പലിശ 12.17%*- പലിശ പ്രതിമാസം അടക്കുന്നുവെങ്കിൽ)
- നിങ്ങളുടെ സ്വർണ്ണത്തിന് പരമാവധി വായ്പ. പ്രതിമാസം പലിശ അടയ്ക്കൂ, പലിശയിളവ് നേടൂ.*
- 6 മാസം, 1 വർഷം വായ്പ കാലാവധി സ്കീമുകളും ലഭ്യമാണ്
- പൂർണ്ണമായും ഇൻഷ്വറൻസ് പരിരക്ഷ.
- കൂടുതൽ വിവരങ്ങൾക്കായി നിങ്ങളുടെ ഏറ്റവും അടുത്തുള്ള മണപ്പുറം ഫിനാൻസ് ശാഖയോ അല്ലെങ്കിൽ Website : www.manappuram.com സന്ദർശിക്കൂ.

പലിശ വെറും 1% 30 ദിവസത്തേയ്ക്ക് (വാർഷിക പലിശ 12.17%* 365 ദിവസത്തേക്ക്)

ബിസിനസ്സുകാർക്കുവേണ്ടി പ്രത്യേക സ്കീം (GL-BL) വാർഷിക പലിശ വെറും 10.04%* (365 ദിവസത്തേയ്ക്ക്) മാത്രം.
ശാഖകൾ എല്ലാ ശനിയാഴ്ചകളിലും മുഴുവൻ സമയവും പതിവുപോലെ പ്രവർത്തിക്കുന്നതാണ്

OGL Online Gold Loan — വീട്ടിലിരുന്നോ ഓഫീസിലിരുന്നോ ഗോൾഡ് ലോൺ എടുക്കുവാനും പുതുക്കുവാനും പലിശ അടക്കുവാനുമുള്ള സൗകര്യം. 24x7
മണപ്പുറം ഗോൾഡ് ലോൺ

GOLD LOAN, ONLINE GOLD LOAN, FOREX, MONEY TRANSFER, VEHICLE LOAN, SME FINANCE, LOAN AGAINST PROPERTY (LAP), PROJECT FINANCE, CORPORATE FINANCE, HOME FINANCE#, INSURANCE#, MICRO FINANCE#
Call : 9387606006 Toll Free : 1800 420 22 33 24x7 SMS : GHELP to 56070
# Through our Subsidiaries *Terms & Conditions apply



**സഞ്ചയനം നാളെ** (30.09.2018 രാവിലെ 8.30)



**P. മല്ലിക**
റിട്ട. സൂപ്രണ്ട്, തിരു. നഗരസഭ
(Ex-കൗൺസിലർ, പേട്ട വാർഡ്)
ജയന്തൻ നിവാസ്, പേട്ട
PRWA-160.
പരേതയ്ക്ക് നിത്യശാന്തി നേർന്നുകൊണ്ട്,
മക്കൾ: ശ്രീകാന്ത്, രശ്മി,
മരുമകൻ: ഷിബു,
ചെറുമക്കൾ: അഖിൽ, അക്ഷിത.



**സഞ്ചയനം നാളെ** (30.09.2018)
ഞായറാഴ്ച രാവിലെ 8.30-ന്



**എൻ. രാമചന്ദ്രപണിക്കർ** (79)
(പരേതയായ സൗദാദേവിയുടെ ഭർത്താവ്)
Additional Secretary to Govt. (Fin) (Rtd.)
(Former Jt. Secy PRC (1988)
Member - Secretary PEC (1992) and Consultant of PRC (1997) & PRC (2004)
'സന്ധ്യ', നെട്ടയം. ഫോൺ: 9400968183.
മരണാനന്തരചടങ്ങുകളിൽ പങ്കെടുത്ത് ഞങ്ങളെ സമാശ്വസിപ്പിച്ച എല്ലാവർക്കും നന്ദി. ഞായറാഴ്ച രാവിലെ 8.30-ന് നടക്കുന്ന സഞ്ചയനകർമ്മത്തിൽ എല്ലാ ബന്ധുമിത്രാദികളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
എന്ന്,
മക്കൾ: ആർ.എസ്. സിന്ധു, (സെന്റ് ഷാൻന്താൽ സ്കൂൾ), ആർ.എസ്. സുധീർ (കണ്ണൂസ് ബേക്കറി), ഡോ. ആർ.എസ്. സന്ധ്യ, (പ്രൊഫസർ, എം.ജി. യൂണിവേഴ്സിറ്റി).
മരുമക്കൾ: അനിൽകുമാർ. ബി (സീനിയർ മാനേജർ, ഫെഡറൽ ബാങ്ക്, നെയ്യാറ്റിൻകര), കെ.എസ്. ആശ, വിനോദ്ചന്ദ്ര. ബി (സൂപ്രണ്ട്, മുനിസിപ്പൽ ഓഫീസ്, പുനലൂർ)
ചെറുമക്കൾ: ഗ്രീഷ്മ, വർഷ, അഭിരാം, ഗൗരിചന്ദ്ര, പ്രണവ് ചന്ദ്ര & മറ്റ് ബന്ധുമിത്രാദികൾ.
N.B: മരണവിവരം യഥാസമയം അറിയിക്കാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ ഇത് ഒരറിയിപ്പായി കരുതണമെന്ന് അപേക്ഷിക്കുന്നു.



**നിങ്ങളുടെ ഹൃദയം ഞങ്ങളിൽ ഭദ്രം**
സംസ്ഥാനത്തെ ആദ്യ സൗജന്യ ഹൃദയ ശസ്ത്രക്രിയാ പദ്ധതി
പത്മശ്രീ ഭരത് മമ്മൂട്ടി - നിംസ് ഹാർട്ട് ടു ഹാർട്ട് പദ്ധതി
Heart 2 Heart
ഒരു ദശാബ്ദത്തിന്റെ നിറവിൽ
A TEAM FOR YOUR HEART
nims HEART FOUNDATION 11th Anniversary
240-ൽപരം ശസ്ത്രക്രിയകൾ പൂർണ്ണമായും സൗജന്യമായി പൂർത്തീകരിച്ചുകൊണ്ട് നിംസ് ഹാർട്ട് ഫൗണ്ടേഷൻ 11-ാം വാർഷികത്തിലേക്ക്...
OUR CARDIOLOGY TEAM
ഡോ. മധു ശ്രീധരൻ — MRCP, FIC(Aus.), MD, DM, FRCP(London), FRCP(Edin), FSCAI, FACC, Director, Nims Heart Foundation
ഡോ. കിരൺ ഗോപിനാഥ് — MBBS, MD(General Medicine), DM(Cardiology), Consultant Cardiologist
ഡോ. മണികണ്ഠ കുമരൻ — MBBS, MD (General Medicine), DM (Cardiology), Consulant Cardiologist
ഡോ. മഹാദേവൻ — MBBS, MS, M Ch., Consultant Cardiothoracic Surgeon
ഡോ. അഷർ എന്നിസ് നായഗം — MBBS, DNB (General Surgery), DNB (Cardiothoracic Surgery), Consultant Cardiothoracic Surgeon
ഡോ. ഹാരിസ് അസീസ് — MBBS, DA, Consultant Cardiothoracic Anesthetist
പത്മശ്രീ ഭരത് മമ്മൂട്ടി - നിംസ് ഹാർട്ട് ടു ഹാർട്ട് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെടുക
98472 41783
97455 86411
For more information, please contact: 9388 243 399, 9846 316 776
ISO 9001-2015 Certified Hospital
NIMS
A unit of N.I. EDUCATIONAL TRUST
Nims Medicity, Neyyattinkara, Thiruvananthapuram
Join us NIMS FOUNDATION

| ഓഹരി വിപണി | | | |
|---|---|---|---|
| 97.03 | ↓ | സെൻസെക്സ് | 36227.14 |
| 47.1 | ↓ | നിഫ്ടി | 10930.45 |

| സ്വർണം | |
|---|---|
| പവൻ (8ഗ്രാം) | 22,640 |
| ഒരു ഗ്രാം | 2830 |

# കേരള ടൂറിസത്തിന് ലക്ഷ്യം ₹40,000 കോടി വരുമാനം

- കെ.ടി.എം വ്യാപാര കൂടിക്കാഴ്ചകൾക്ക് തുടക്കമായി

**അനിൽകുമാർ ശർമ്മ**

കൊച്ചി: കേരളാ ടൂറിസത്തിന്റെ വരുമാനത്തിൽ വൻ കുതിപ്പിന് വഴിയൊരുക്കി കേരള ട്രാവൽ മാർട്ട് ടൂറിസം മേളയിലെ വ്യാപാര കൂടിക്കാഴ്ചകൾക്ക് എറണാകുളം വെല്ലിംഗ്ടൺ ഐലൻഡിലെ സമുദ്രിക, സാഗരിക കൺവെൻഷൻ സെന്ററുകളിൽ തുടക്കമായി. 2017ലെ കണക്കപ്രകാരം 33,000 കോടി രൂപയാണ് കേരള ടൂറിസത്തിന്റെ വരുമാനം. ഇതിൽ 8,500 കോടി രൂപയാണ് വിദേശികളിലൂടെ ലഭിക്കുന്നത്.

വരുമാനം ഈ വർഷം 40,000 കോടി രൂപയായി ഉയർത്തുകയാണ് കെ.ടി.എമ്മിന്റെ ലക്ഷ്യമെന്ന് ഇന്ത്യൻ അസോസിയേഷൻ ഒഫ് ടൂർ ഓപ്പറേറ്റേഴ്സ് സീനിയർ വൈസ് പ്രസിഡന്റ് ഇ.എം. നജീബ് 'കേരളകൗമുദി'യോട് പറഞ്ഞു. വിദേശ നാണയ വരുമാനത്തിൽ 25 ശതമാനം കുതിപ്പും പ്രതീക്ഷിക്കുന്നു. പ്രളയംമൂലം ആഗസ്റ്റ് - ഒക്ടോബർ കാലയളവിൽ 2,000 കോടി രൂപയുടെ നഷ്ടമുണ്ടായി. എന്നാൽ, പ്രളയാനന്തരം വിദേശത്ത് നിന്നുൾപ്പെടെ കേരളത്തിനോട് ഉണ്ടായ അനുകമ്പ ടൂറിസത്തിന് വലിയ പ്രതീക്ഷകൾ നൽകുന്നുണ്ട്.

കെ.ടി.എം മേളയിലെ വലിയ പങ്കാളിത്തം അതാണ് വ്യക്തമാക്കുന്നത്. നഷ്ടമായ പാക്കേജുകളും വരുമാനവും ഈ വർഷം തന്നെ തിരിച്ചുപിടിക്കാൻ കഴിയും. ആയുർവേദം, യോഗ, ഉത്തരവാദിത്ത ടൂറിസം, കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള മികച്ച പിന്തുണ എന്നിവയെല്ലാം കേരള ടൂറിസത്തിന് കരുത്താണെന്നും അദ്ദേഹം പറഞ്ഞു. ഇത്തവണത്തെ കെ.ടി.എം മേളയുടെ മുഖ്യ തീം. മലബാറിലെ ടൂറിസം മേഖലകളെ ലോകത്തിന് പരിചയപ്പെടുത്തുകയാണ് ലക്ഷ്യം.



*കേരള ട്രാവൽ മാർട്ട് പത്താം പതിപ്പിലെ പവിലിയനുകളുടെയും സ്റ്റാളുകളുടെയും ഉദ്ഘാടനം കേന്ദ്ര ടൂറിസംമന്ത്രി അൽഫോൺസ് കണ്ണന്താനവും കെ.ടി.ഡി.സി ചെയർമാൻ എം. വിജയകുമാറും ചേർന്ന് നിർവഹിക്കുന്നു. ടൂറിസം സെക്രട്ടറി റാണി ജോർജ്, കെ.ടി.എം സൊസൈറ്റി പ്രസിഡന്റ് ബേബി മാത്യു, കേന്ദ്ര ടൂറിസം ഉപദേശക സമിതി അംഗം എബ്രഹാം ജോർജ് തുടങ്ങിയവർ സമീപം.*

## അദ്ഭുതം, ഈ ഉണർവ്

"പ്രളയത്തിൽ നിന്നുള്ള കേരളാ ടൂറിസത്തിന്റെ ഉണർവ് അത്ഭുതകരമാണ്. കേരളാ ടൂറിസം പ്രൗഢി വീണ്ടെടുത്തതിന്റെ അനുകൂല സൂചനയാണ് കെ.ടി.എം മേളയിലെ വലിയ പങ്കാളിത്തം"

**അൽഫോൺസ് കണ്ണന്താനം,**
*കേന്ദ്ര ടൂറിസം മന്ത്രി*

"നവ കേരളം നിർമ്മാണ പ്രവർത്തനങ്ങളിൽ ടൂറിസം മേഖലയ്ക്കായി 700 കോടിയിലധികം രൂപയുടെ പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിയമ നിർമ്മാണവും സർക്കാർ ആലോചിക്കും"

**കടകംപള്ളി സുരേന്ദ്രൻ,**
*ടൂറിസം മന്ത്രി*

## ടൂറിസത്തിലൂടെ 5 ലക്ഷം പുതിയ തൊഴിൽ

മൂന്നു വർഷത്തിനകം ടൂറിസത്തിലൂടെ പുതുതായി അഞ്ചുലക്ഷം തൊഴിലുകളാണ് സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്നതെന്ന് ടൂറിസം സെക്രട്ടറി റാണി ജോർജ് പറഞ്ഞു.

കെ.ടി.എം മേളയോട് അനുബന്ധിച്ച് നടന്ന 'ടൂറിസം ആൻഡ് എൻജിൻ ഫോർ എക്കണോമിക് പ്രോസ്പെരിറ്റി' സെമിനാറിൽ സംസാരിക്കുകയായിരുന്നു അവർ. നിലവിൽ 15 ലക്ഷം പേർ ടൂറിസം രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിൽ കൂടുതൽ കേന്ദ്രങ്ങളെ ഉൾക്കൊള്ളിക്കുന്നതോട് കൂടി തൊഴിലവസരങ്ങൾ വർദ്ധിക്കുമെന്നും റാണി ജോർജ് പറഞ്ഞു.

## നിസാൻ ഡിജിറ്റൽ ഹബ്ബിന് മലയാളി വനിതാ സാരഥി

തിരുവനന്തപുരം: തിരുവനന്തപുരം ടെക്നോപാർക്കിലെ നിസാൻ ഡിജിറ്റൽ ഹബ്ബിന്റെ മേധാവിയായി മലയാളിയായ സുജാ ചാണ്ടി ചുമതലയേറ്റു. കേന്ദ്രസർക്കാർ സ്ഥാപനമായ ദേശീയ സെക്ടറൽ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആൻഡ് ഇന്നാവേഷൻ ഫോർ ഇൻവെസ്റ്റ് ഇൻ ഇന്ത്യയുടെ മേധാവിയായിരുന്നു സുജ.



*സുജ ചാണ്ടി*

ജനിച്ചത് യൂറോപ്പിലാണെങ്കിലും സുജ ചാണ്ടി പഠിച്ചത് തിരുവനന്തപുരത്തെ ഹോളി ഏഞ്ചൽസിലും മാർ ഇവാനിയോസിലും പിന്നീട് കളമശേരി രാജഗിരി കോളേജിലുമാണ്. 20 വർഷത്തെ അന്താരാഷ്ട്ര, വ്യവസായ, മാനേജ്മെന്റ് അനുഭവത്തിന് ശേഷമാണ് തിരിച്ച് കേരളത്തിൽ എത്തുന്നത്. പ്രമുഖ ആഗോള സ്ഥാപനമായ കെ.പി.എം.ജി., പ്രൈസ്‌വാട്ടർ കൂപ്പേഴ്സ് എന്നിവയിലും ബംഗളൂരുവിലെ സെന്റർ ഫോർ ഗ്ലോബൽ ഇന്റലിജൻസ് മേധാവിയായും പ്രവർത്തിച്ചിട്ടുണ്ട്.

## ട്രാവൻകൂർ റാഫിൾ ജനുവരി വരെ നീട്ടി

തിരുവനന്തപുരം: മാൾ ഒഫ് ട്രാവൻകൂർ റാഫിൾ ജനുവരി 26 വരെ നീട്ടിയെന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി. അഹമ്മദ് പറഞ്ഞു. ഏപ്രിൽ ആദ്യവാരമാണ് ട്രാവൻകൂർ റാഫിൾ ആരംഭിച്ചത്. ഇതിനകം 14 പേർക്ക് ഹ്യുണ്ടായ് ഇയോൺ കാർ, 14 പേർക്ക് ഹോണ്ട ആക്ടീവ സ്കൂട്ടർ, 14 പേർക്ക് ഒരു പവൻ സ്വർണ നാണയം, 143 പേർക്ക് രണ്ടു ഗ്രാം സ്വർണ നാണയം, പ്രോത്സാഹന സമ്മാനമായി ഗിഫ്റ്റ് വൗച്ചറുകൾ എന്നിങ്ങനെ 3,700ലധികം സമ്മാനങ്ങൾ നറുക്കെടുപ്പിലൂടെ വിതരണം ചെയ്തു.

12,000 പേർക്കായി മൊത്തം ആറു കോടി രൂപയുടെ സമ്മാനങ്ങളാണ് ട്രാവൻകൂർ റാഫിൾ ഒരുക്കിയിരിക്കുന്നത്. ജനുവരി അവസാനം നടക്കുന്ന മെഗാ ബമ്പർ നറുക്കെടുപ്പിലെ വിജയിക്ക് മലബാർ ഡെവലപ്പേഴ്സിന്റെ ഓർക്കിഡ് പാർക്കിൽ 3ബി.എച്ച്.കെ ഫ്ലാറ്റ് സമ്മാനമായി ലഭിക്കും. മെഴ്സിഡെസ് - ബെൻസ് സി ക്ലാസ് കാറാണ് രണ്ടാംസമ്മാനം. മൂന്നാം സമ്മാനം മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ അഞ്ച് ലക്ഷം രൂപയുടെ അല്യൂർ ഡയമണ്ട് നെക്ലേസാണ്.



*കേരള ബ്ലാസ്റ്റേഴ്സ് ടീമിന്റെ പുതിയ ജേഴ്സി കൊച്ചിയിൽ നടന്ന ചടങ്ങിൽ കേരള ബ്ലാസ്റ്റേഴ്സ് സി.ഇ.ഒ വരുൺ ത്രിപുരനേനി, കള്ളിയത്ത് ടി.എം.ടി എക്സിക്യൂട്ടീവ് ഡയറക്ടർ ദിർഷ മുഹമ്മദ് കള്ളിയത്തിന് കൈമാറുന്നു. കേരള ബ്ലാസ്റ്റേഴ്സിന്റെ ഈ വർഷത്തെ ഒഫീഷ്യൽ സ്പോൺസറാണ് കള്ളിയത്ത് ടി.എം.ടി.*

## ജെയിംസ് വളപ്പില കെ3എ സംസ്ഥാന പ്രസിഡന്റ്



കോട്ടയം: കേരള അഡ്വർടൈസിംഗ് ഏജൻസീസ് അസോസിയേഷൻ (കെ3എ) സംസ്ഥാന പ്രസിഡന്റായി വളപ്പില കമ്മ്യൂണിക്കേഷൻസ് മാനേജിംഗ് ഡയറക്ടർ ജെയിംസ് വളപ്പിലയെ കുമരകത്ത് നടന്ന സംസ്ഥാന സമ്മേളനം തിരഞ്ഞെടുത്തു. നിലവിലെ പ്രസിഡന്റ് പി. സുന്ദർ കുമാർ അവധിയിൽ പ്രവേശിച്ചതിനാലാണ് പുതിയ പ്രസിഡന്റായി ജെയിംസ് വളപ്പിലയെ തിരഞ്ഞെടുത്തത്. സമ്മേളനം ചീഫ് പേട്രൺ ജോസഫ് ചാവറ ഉദ്ഘാടനം ചെയ്തു. പി. സുന്ദർകുമാർ അദ്ധ്യക്ഷത വഹിച്ചു.

മുൻ സെക്രട്ടറി പി.ടി. എബ്രഹാം, സെക്രട്ടറി രാജു മേനോൻ, വൈസ് പ്രസിഡന്റുമാരായ ശാസ്തമംഗലം മോഹൻ, ജോസ് വള്ളൂർ, രാജീവൻ എളയാവൂർ, ട്രഷറർ രാംപ്രസാദ്, ജോയിന്റ് സെക്രട്ടറി ജോൺസ് പോൾ, ജയചന്ദ്രൻ നായർ തുടങ്ങിയവർ ചർച്ചകൾ നയിച്ചു. മുതിർന്ന അംഗങ്ങളായ ടി.ഒ. ഫിലിപ്പ്, ടി.കെ.സി അഹമ്മദ് എന്നിവരെ ആദരിച്ചു. ലാൽജി വർഗീസ്, ഷിബു കെ. എബ്രഹാം എന്നിവർ സംസാരിച്ചു.

## പ്രളയം: വായ്പാ പദ്ധതികളുമായി ബാങ്ക് ഒഫ് ബറോഡ

കൊച്ചി: കേരളത്തിനായി ബാങ്ക് ഒഫ് ബറോഡ പ്രളയ ദുരന്ത നിവാരണ വായ്പാ പദ്ധതികൾ പ്രഖ്യാപിച്ചു. കൊച്ചിയിൽ നടന്ന ചടങ്ങിൽ കെ.വി. തോമസ് എം.പി പദ്ധതികൾ അവതരിപ്പിച്ചു. ബാങ്കിന്റെ ഡെപ്യൂട്ടി ജനറൽ മാനേജരും റീജിയണൽ മാനേജരുമായ ആർ. ഗായത്രി വായ്പാ പദ്ധതികളെ കുറിച്ച് വിശദീകരിച്ചു.

സ്വർണപ്പണയ വായ്പ (വാർഷിക പലിശ 8.55 ശതമാനം), വ്യക്തിഗത വായ്പ, ഭവന പുനർനിർമ്മാണ വായ്പ (8.55 ശതമാനം മുതൽ), വ്യാപാരി വായ്പ (8.60 ശതമാനം മുതൽ) എന്നിവയാണ് വായ്പകൾ. ബാങ്കിന്റെ നിലവിലുള്ളതും പുതിയതുമായ ഉപഭോക്താക്കൾക്ക് 3.25 ശതമാനം വരെ പലിശയിളവ് ലഭിക്കുന്ന പദ്ധതികളാണിവ.



*കേരളത്തിനായി ബാങ്ക് ഒഫ് ബറോഡ പ്രഖ്യാപിച്ച പ്രളയ ദുരന്ത നിവാരണ വായ്പാ പദ്ധതികൾ കെ.വി. തോമസ് എം.പി ഉദ്ഘാടനം ചെയ്യുന്നു. ഡെപ്യൂട്ടി ജനറൽ മാനേജരും റീജിയണൽ മാനേജരുമായ ആർ. ഗായത്രി, എ.ജി.എം വി. ഗുണസാഗരൻ, ഡെപ്യൂട്ടി റീജിയണൽ മാനേജർ ടോണി എം. വെമ്പിള്ളി എന്നിവർ സമീപം.*

## യു.എസ്.ടി ഗ്ലോബൽ സെവിടെക് സിസ്റ്റംസിനെ ഏറ്റെടുത്തു

തിരുവനന്തപുരം: പ്രമുഖ ഐ.ടി കമ്പനിയായ യു.എസ്.ടി ഗ്ലോബൽ, ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന സെവിടെക് സിസ്റ്റംസിനെ ഏറ്റെടുത്തു. അപ്ലിക്കേഷൻ സ്പെസിഫിക് ഐ.സി ചിപ്പുകൾ ഡിസൈൻ ചെയ്യുന്ന രാജ്യത്തെ മുൻനിര സ്ഥാപനങ്ങളിലൊന്നാണ് സെവിടെക് സിസ്റ്റംസ്. യു.എസ്.ടി ഗ്ലോബലിന്റെ ഭാഗമായി സെവിടെക്ക് മാറുന്നതോടെ ആഗോള സെമി കണ്ടക്ടർ ഉത്പാദകർക്ക് ആധുനിക എൻഡ് -ടു-എൻഡ് സേവനങ്ങൾ നൽകാനുള്ള അവസരം കൈവരും.



*ബോബി ചെമ്മണ്ണൂർ ഇന്റർനാഷണൽ ഗ്രൂപ്പിന്റെ ഗോൾഡ് ലോൺ സ്ഥാപനമായ ചെമ്മണ്ണൂർ ക്രെഡിറ്റ്സ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ് ഉപഭോക്താക്കൾക്കായി നടത്തിയ ലക്കി ഡ്രോ നറുക്കെടുപ്പിലെ ബമ്പർ സമ്മാനമായ മാരുതി സുസുക്കി ആൾട്ടോ കാറിന്റെ താക്കോൽ എടപ്പാൾ ശാഖയിലെ ഉപഭോക്താവായ റുബൈദിന്റെ പതി സുമയ്യ റുബൈദിന് ഡയറക്ടർ ജിസ്സോ ബേബി കൈമാറുന്നു. സി.ഇ.ഒ ടി.കെ. തോമസ്, ജനറൽ മാനേജർ എസ്.വി. മണികണ്ഠൻ തുടങ്ങിയവർ സമീപം.*

## വിനിമയനിരക്ക്



| കറൻസി | സെൽ | ബയിംഗ് |
|---|---|---|
| ഡോളർ | 72.54 | 72.45 |
| യൂറോ | 84.02 | 83.93 |
| പൗണ്ട് | 94.65 | 94.54 |
| സ്വിസ് ഫ്രാങ്ക് | 74.22 | 74.12 |
| സിംഗപ്പൂർ ഡോളർ | 53.02 | 52.94 |
| ആസ്ട്രേലിയ ഡോളർ | 52.32 | 52.26 |
| കനേഡിയൻ | 55.74 | 55.66 |
| ബഹ്റിൻ ദിനാർ | 192.20 | |
| കുവൈറ്റ് ദിനാർ | 238.90 | |
| ഒമാനി റിയാൽ | 188.27 | |
| സൗദി റിയാൽ | 19.32 | |
| യു. എ. ഇ. ദിർഹം | 19.73 | |
| ഖത്തർ റിയാൽ | 19.90 | |

## കമ്പോളനിലവാരം

### കൊച്ചി

| | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 15,900 |
| വെളിച്ചെണ്ണ | 15,000 |
| കൊപ്ര | 10,010-10,200 |
| പിണ്ണാക്ക് എക്സ്പെല്ലർ | 2200 |
| പിണ്ണാക്ക് റോട്ടറി | 2900 |
| കുരുമുളക് | |
| ചേറ്റാത്തത് | 38,200 |
| കുരുമുളക് പുതിയത് | 36,700 |
| കുരുമുളക് ചേറ്റിയത് | 40,200 |
| ചുക്ക് മീഡിയം | 17,000 |
| ചുക്ക് ബെസ്റ്റ് | 18,000 |
| മഞ്ഞൾ | ഇല്ല |
| സേലം-ഈറോഡ് | 8500-9000 |
| കാഞ്ഞിരക്കുരു | 1850 |
| അടയ്ക്ക | |
| പുതിയത് | 18,000-19,000 |
| അടയ്ക്ക പഴയത് | ഇല്ല |
| പഞ്ചസാര | 3600 |
| വറ്റൽമുളക് | 10,500-14,800 |
| ഉഴുന്ന് | 6500-7100 |
| ചെറുപയർ | 6700-7200 |
| കടല | 4500-5200 |
| മുതിര | 4500 |
| എള്ള് | 11,000 |
| മല്ലി | 5,300-9,500 |
| പച്ചരി നമ്പർ-2 | 2900 |
| പുഴക്കലരി (ജയ) | 3200 |
| ജാതിക്ക തൊണ്ടൻ | 200-225 |
| തൊണ്ടില്ലാത്തത് | 400-425 |
| ജാതിപത്രി | 550-650 |
| ഗ്രാമ്പൂ | 740 |
| പാംഓയിൽ | 6970 |
| **പൈനാപ്പിൾ** | |
| പച്ച | 31.00 |
| പച്ച (സ്പെഷ്യൽ) | 32.00 |
| പഴം | 40.00 |
| **റബർ** | |
| ആർഎസ്എസ്4 | 12,800 |
| ആർഎസ്എസ്-5 | 11,900-12,400 |
| ഒട്ടുപാൽ | 8500 |
| ലാറ്റക്സ് | 9800 |

### കോട്ടയം

കമ്പോളനിലവാരം
വ്യാപാരി വില

| | |
|---|---|
| ആർ.എസ്.എസ്4 | 124.00 |
| ആർ.എസ്.എസ്5 | 120.50 |
| തരംതിരിക്കാത്തത് | 107.50 |
| | 108.50 |
| ഒട്ടുപാൽ | 75.00 |
| **റബർ ബോർഡ്** | |
| ആർ.എസ്.എസ്4 | 12850 |
| ആർ.എസ്.എസ്5 | 12450 |
| തരംതിരിക്കാത്തത് | 11600 |
| ഒട്ടുപാൽ | 10145 |
| **ബാങ്കോക്ക്** | |
| ആർ.എസ്.എസ്1 | 10786 |
| ആർ.എസ്.എസ്2 | 10652 |
| ആർ.എസ്.എസ്3 | 10529 |
| ആർ.എസ്.എസ്4 | 10462 |
| ആർ.എസ്.എസ്5 | 10361 |
| **കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില)** | |
| എസ്.എം.ആർ 20 | 9742 (133.90) |
| 60% ലാറ്റക്സ് | 7369(101.30) |
| വെളിച്ചെണ്ണ | 186.00 |
| കൊപ്ര | 130.00 |
| ശർക്കര (മറയൂർ) | 70.00 |
| ശർക്കര (പാണ്ടി) | 50.00 |
| കാപ്പി | 127.00 |

### കണ്ണൂർ

| | |
|---|---|
| കൊപ്ര ക്വിന്റൽ | 9000 |
| വെളിച്ചെണ്ണ | |
| ടിൻ | 2700 |
| കിലോ | 183 |
| ലിറ്റർ | 169 |
| പിണ്ണാക്ക് ക്വിന്റൽ | 2100 |
| തേങ്ങ ക്വിന്റൽ | 2700 |

### ആലപ്പുഴ

മാർക്കറ്റ്

| | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 15,000 |
| വെളിച്ചെണ്ണ | 15,900 |
| കൊപ്ര | 10,100 |
| ,, | 10,150 |
| ,, | 10,200 |

### തൃശ്ശൂർ

മാർക്കറ്റ്

| | |
|---|---|
| വെളിച്ചെണ്ണ | 15800 |
| തയ്യാർ | 14800 |
| കൊപ്ര | 10000 |
| തേങ്ങപിണ്ണാക്ക് | 2100 |
| നല്ലെണ്ണ | 3000 |
| കടലെണ്ണ | 2350 |
| എള്ളിൻപിണ്ണാക്ക് | 3200 |
| **അടയ്ക്ക** | |
| **കൊക്കാല** | |
| പുതിയത് | 4000-4900 |
| രണ്ടാംതരം | 4000 -4600 |
| **അമല** | |
| പുതിയത് | 4900-5115 |
| പഴയത് | 4850-4950 |
| രണ്ടാതരം | 3200-3750 |

### നെടുമങ്ങാട്

കമ്പോള നിലവാരം

| | |
|---|---|
| കുരുമുളക് | 300 (കിലോ) |
| കൊട്ടപ്പാക്ക് | 170 (,,) |
| റബ്ബർ | 110 (,,) |
| ഒട്ടുപാൽ | 75(,,) |
| ജാതിക്ക | 120 (,,) |
| ജാതി പരിപ്പ് | 250 (,,) |
| ജാതി പത്രി | 500(,,) |
| ഗ്രാമ്പൂ | 500 (,,) |
| കാപ്പി പരിപ്പ് | 95 (,,) |
| കൊക്കോ | 12 (,,) |
| തേങ്ങ | 38(,,) |
| കശുവണ്ടി | 50 (,,) |
| **സ്വർണം** | |
| കൊച്ചി(8ഗ്രാം) | 22,640 |
| ഒരുഗ്രാം | 2830 |
| **വെള്ളി** | |
| തിരുവനന്തപുരം | 44,440 |
| കൊച്ചി | 44,440 |

## ശാസ്ത്രകൗമുദി

### എന്റെ ഹൃദയത്തിന്...



കാർഡിയോ വാസ്കുലർ വ്യായാമങ്ങൾ (നടത്തം, ഓട്ടം, സൈക്ലിംഗ്, നീന്തൽ, എയ്റോബിക് ഡാൻസ്) ഓക്സിജൻ ഉപയോഗപ്പെടുത്താനുള്ള ശരീരത്തിന്റെ ശേഷി മെച്ചപ്പെടുത്തും.

സാമാന്യം നല്ല വേഗതയിൽ ദിവസവും അരമണിക്കൂറെങ്കിലും നടക്കുന്നത് ഹൃദയാരോഗ്യത്തിന് ഉത്തമമാണ്. കലോറി എരിച്ച് കളയാൻ പറ്റിയ മാർഗമാണ് ഓട്ടം. കോണിപ്പടികൾ കയറുന്നത് ഹൃദയത്തിന് വ്യായാമം നൽകും. യോഗ കൊളസ്ട്രോൾ, രക്തസമ്മർദ്ദം എന്നിവ കുറച്ച് ഹൃദയത്തിനുണ്ടാകാവുന്ന തകരാറുകളെ ചെറുക്കും. മാത്രവുമല്ല, ഉത്കണ്ഠയും, മാനസിക സമ്മർദ്ദവും കുറയ്ക്കാനും യോഗ സഹായിക്കും. ഭാരോദ്വഹന വ്യായാമങ്ങൾ രക്തസമ്മർദ്ദം കുറയ്ക്കാനും, ശരീരത്തിലെ കൊഴുപ്പ് കുറയ്ക്കാനും ഉത്തമമാണ്. നീന്തൽ ഹൃദയാരോഗ്യം വർദ്ധിപ്പിക്കും. സൈക്ലിംഗ് ഹൃദയത്തിന്റെ കരുത്ത് വർദ്ധിപ്പിക്കും.

നിലവിൽ ഹൃദ്രോഗമുള്ളവർ ഡോക്ടറുടെ നിർദേശ പ്രകാരം മാത്രം വ്യായാമങ്ങൾ തിരഞ്ഞെടുക്കുക. കൊഴുപ്പ് കുറഞ്ഞ ഭക്ഷണം ഉപേക്ഷിക്കുക, നാരുകൾ അടങ്ങിയവ കഴിക്കുക. ആരോഗ്യകരമായ ഭക്ഷണത്തിന് ഹൃദയാരോഗ്യവുമായി അഭേദ്യമായ ബന്ധമാണുള്ളത്.

## കൗമുദി ടിവി

6.00 ഡിവോഷണൽ സോംഗ്
6.26 am, pm ദൈവദശകം
7.00 ജീസസ് ഈസ് എലൈവ്
7.30 പ്രണവം
8.00 സ്വയംവരം
8.30 ന്യൂസ് ട്രാക്ക്
9.00 സാൾട്ട് ആൻഡ് പെപ്പർ
10.00 ജി.ഐ.ടി.ഡി
10.35 സ്നേക്ക് മാസ്റ്റർ
12.35 താരപ്പകിട്ട്
1.35 ഫിലിം ബോക്സ്
2.00 വൈറ്റ് ക്രോ
2.35 ഡേ വിത്ത് എ സ്റ്റാർ
4.35 സ്ട്രെയ്റ്റ് ലൈൻ
5.35 പുതിയ പാട്ട്
6.35 ബിസിനസ് ന്യൂസ്
7.35 ഡ്രീം ഡ്രൈവ്
8.00 സ്വയംവരം
9.00 ഒരുമയോടെ കേരളം
9.35 ശാന്തിഗിരി
10.00 സീക്രട്ട് ഫയൽസ്





**ഡിഡി മലയാളം**
7.00 കൃഷിദർശൻ
8.30 സാഹിത്യ സല്ലാപം
8.30 ചുറ്റുവട്ടം
12.30 ലോകജാലകം
2.30 ഡോ. ലൈവ്
3.00 വാർത്തയ്ക്കപ്പുറം

**ഡിഡി കേരളം**
11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

**ഏഷ്യാനെറ്റ്**
7.00 യു.എസ് വീക്കിലി റൗണ്ടപ്പ്
8.00 നീലക്കുയിൽ
12.30 ബിഗ് ബോസ്

**ന്യൂസ്**
8.00 ന്യൂസ്

**ഏഷ്യാനെറ്റ് പ്ലസ്**
9.00 ഷാപ്പിലെ കറിയും നാവിലെ രുചിയും
10.00 ഇന്നത്തെ പാട്ടുകൾ
10.30 ലേബർ റൂം
7.00 ബിഗ് ബോസ് പ്ലസ്

**ANIMAL PLANET**
07:00am Pit Bulls & Parolees
09:00 Pit Bulls & Parolees
11:00 Pit Bulls & Parolees
2:00 Pit Bulls & Parolees
4:00 The zoo
5:00 My Cat from Hell
7:00 My Cat from Hell
8:00 Pit Bulls & Parolees
9:00 Wolves and Warriors

### സിനിമ

**ഏഷ്യാനെറ്റ് hd :** 9.00 പുത്തൻപണം 4.00 അച്ചായൻസ്
**ഏഷ്യാനെറ്റ് മൂവീസ് :** 7.00 നായിക 9.00 വെള്ളാനകളുടെ നാട് 11.00 ഹാപ്പി ഹസ്ബൻഡ്സ് 1.00 ലോഹം 7.00
**ഏഷ്യാനെറ്റ് :** 9.00 പുത്തൻപണം 4.00 അച്ചായൻസ്
**ഏഷ്യാനെറ്റ് പ്ലസ് :** 12.00 കബാലി 4.00 ടേക്ക് ഓഫ് 8.00 ബാഗമതി
**എസിവി:** 9.00 തത്സമയം ഒരു പെൺകുട്ടി 2.00 കല്യാണപ്പിറ്റേന്ന് 9.30 കലണ്ടർ
**റോസ്ബൗൾ :** 2.00 Accident on Hill Road
**ജൂക്ക്ബോക്സ് :** 6.30 മനസിനക്കരെ
**കൈരളി :** 9.00 യെന്നൈ അറിന്താൽ 12.00 കാക്കക്കുയിൽ 3.30 സാമി 6.00 പട്ടംപോലെ
**വി:** 12.30 മാറ്റിനി 9.00 പുതുക്കോട്ടയിലെ പുതുമണവാളൻ
**സൂര്യ :** 9.00 ഏകലവ്യ 3.00 തിയ്യൻ

## നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 സെപ്തംബർ 29 ശനി)

**മേടം:** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
പുതിയ പരിഷ്കാരങ്ങൾ. പ്രവർത്തനക്ഷമത വർദ്ധിക്കും. അവഗണന ഒഴിവാകും.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
ലക്ഷ്യപ്രാപ്തി നേടും. അവതരണ ശൈലിയിൽ മാറ്റം. പ്രശ്നങ്ങൾക്ക് പരിഹാരം.

**മിഥുനം :** *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
അനാവശ്യ ചിന്തകൾ ഒഴിവാക്കും. ജീവിത യാഥാർത്ഥ്യങ്ങൾ മനസിലാക്കും. ആശ്വാസവും സമാധാനവും.

**കർക്കടകം :** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
പ്രയത്നം കൂടുതൽ വേണ്ടിവരും. അധികാര പരിധി വർദ്ധിക്കും. ആഗ്രഹങ്ങൾ സഫലമാകും.

**ചിങ്ങം:** *(മകം, പൂരം, ഉത്രം കാൽഭാഗം)*
ഓർമ്മശക്തി വർദ്ധിക്കും. സഹൃദയ സദസിൽ ആദരവ്. പുതിയ ആശയങ്ങൾ.

**കന്നി:** *(ഉത്രം അവസാന മുക്കാൽഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*
ആപൽഘട്ടങ്ങൾ തരണംചെയ്യും. സാഹചര്യങ്ങളെ അതിജീവിക്കും. അഹോരാത്രം പ്രയത്നിക്കും.

**തുലാം :** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
ക്ഷമിക്കാനും സഹിക്കാനും തയ്യാറാകും. ഊർജ്ജസ്വലതയോടെ പ്രവർത്തിക്കും. സാഹചര്യങ്ങളെ അതിജീവിക്കും.

**വൃശ്ചികം :** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
സുഹൃത് സഹായമുണ്ടാകും. തർക്കങ്ങൾ പരിഹരിക്കും. വിട്ടുവീഴ്ചാ മനോഭാവം.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
അബദ്ധങ്ങൾ തിരുത്താനിടവരും. വ്യക്തിത്വ വികാസം വർദ്ധിക്കും. എതിർപ്പുകളെ അതിജീവിക്കും.

**മകരം:** *(ഉത്രാടം അവസാന മുക്കാൽ ഭാഗം, തിരുവോണം, അവിട്ടം- ആദ്യ പകുതി).*
ദുശീലങ്ങൾ ഒഴിവാക്കും. ധനാഢ്യനായി ജീവിക്കും. നിരവധി കാര്യങ്ങൾ ചെയ്യും.

**കുംഭം:** *( അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
അനുരഞ്ജന ശ്രമങ്ങൾ വിജയിക്കും. യാഥാർത്ഥ്യങ്ങളെ അംഗീകരിക്കും. യുക്തിസഹമായി പ്രവർത്തിക്കും.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*
സഹോദരങ്ങളുമായി രമ്യത. അനാവശ്യ ചിന്തകൾ ഒഴിവാക്കണം. സുതാര്യതയുള്ള സമീപനം.

**- ഗോപകുമാർ ശർമ്മ**

## ജില്ലാ ആശുപത്രി; കോൺഗ്രസ് ജനകീയ കൂട്ടായ്മ ഇന്ന്

നെടുമങ്ങാട്: ജില്ലാ ആശുപത്രിയിൽ നടന്ന അതിക്രമങ്ങൾക്കെതിരെയും ആശുപത്രി ജീവനക്കാരെയും ഡോക്ടർമാരെയും ആക്രമിച്ചവരെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ടും നെടുമങ്ങാട് ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് രാവിലെ 10 മുതൽ ജില്ലാ ആശുപത്രിയുടെ മുന്നിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുമെന്ന് ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് അഡ്വ. എസ്. അരുൺകുമാർ അറിയിച്ചു.

www.keralakaumudi.com | www.facebook.com/keralakaumudi

### ഇടിയും മിന്നലും നാശം വിതച്ചു

നെടുമങ്ങാട്: ഇന്നലെ ഉച്ചയോടെയുണ്ടായ ശക്തമായ ഇടിയും മിന്നലും നെടുമങ്ങാട് നഗരത്തിൽ നാശം വിതച്ചു. താലൂക്ക് ഓഫീസ്, യൂണിയൻ ബാങ്ക് തുടങ്ങി നിരവധി സ്ഥാപനങ്ങളിൽ സെർവർ തകരാറിലായി. വൈദ്യുതി-ഇന്റർനെറ്റ് സേവനവും നിലച്ചു. റവന്യൂ ടവറിൽ സ്ഥാപിച്ചിരുന്ന പരസ്യസ്ഥാപനങ്ങളുടെ ബോർഡുകൾ നിലംപൊത്തി. ടവർ വളപ്പിൽ പാർക്ക് ചെയ്തിരുന്ന ബൈക്കുകൾക്ക് കേടുപാടുണ്ട്. രാമപുരം ഗവ. യു.പി സ്കൂൾ കെട്ടിടത്തിൽ മരക്കൊമ്പ് അടർന്നുവീണു. മഞ്ച, തെക്കുംകര, പറണ്ടോട്, നെട്ട, മണക്കോട്, ചുള്ളിമാനൂർ, മന്നൂർക്കോണം ഭാഗങ്ങളിലാണ് കൂടുതൽ നാശനഷ്ടമുണ്ടായത്.

# ആട്ടോയിൽ കഞ്ചാവ് വില്പന: നാലംഗ സംഘം അറസ്റ്റിൽ

കാട്ടാക്കട: ആട്ടോയിൽ കറങ്ങിനടന്ന് വിദ്യാർത്ഥികൾക്ക് കഞ്ചാവ് വില്പന നടത്തുന്ന സംഘത്തെ നെയ്യാർഡാം പൊലീസ് അറസ്റ്റ് ചെയ്തു. പൂഴനാട് കന്നാവിള പി.ആർ.എ 165-ബി. കന്നാവിള വീട്ടിൽ കിച്ചു എന്ന വിപിൻ (30), തിരുമല വിജയ മോഹിനി മില്ലിന് സമീപം എ 8 ക്വാർട്ടേഴ്സിൽ താമസിക്കുന്ന അനൂപ് (26), തിരുമല റോട്ടറി ജംഗ്ഷനിൽ ചെറുകര മാടൻ ക്ഷേത്രത്തിന് സമീപം സി.ജി.ആർ.എ 212ൽ വിഷ്ണു (28), വിളപ്പിൽശാല പടവൻകോട് മുസ്ലിംപള്ളിക്ക് സമീപം എം.എ.കെ മൻസിലിൽ ഷെമീം (27) എന്നിവരാണ് പിടിയിലായത്. ഇന്നലെ രാവിലെ നെയ്യാർഡാമിൽ സ്കൂൾ കുട്ടികൾക്ക് കഞ്ചാവ് വില്പന നടത്തുന്നതിനിടയാണ് പിടിയിലായത്. ഇവരിൽ നിന്ന് ചെറുപൊതികളായി സൂക്ഷിച്ചിരുന്ന കഞ്ചാവ് പൊതികളും 23,000 രൂപയും കണ്ടെടുത്തു. ഇവർ സഞ്ചരിച്ചിരുന്ന ആട്ടോറിക്ഷയും പൊലീസ് പിടിച്ചെടുത്തു. എസ്.ഐ എസ്. ശ്രീകുമാർ, ഗോപൻ, കൃഷ്ണകുമാർ, പ്രവീൺ, വിനോദ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. പ്രതികളെ റിമാൻഡ് ചെയ്തു.



കഞ്ചാവ് വില്പനയ്ക്കിടെ അറസ്റ്റിലായ പ്രതികൾ

### സംയുക്ത അദ്ധ്യാപക സമിതി പ്രതിഷേധ കൂട്ടായ്മ നടത്തി

തിരുവനന്തപുരം: ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ് കോളേജിലെ അദ്ധ്യാപികമാരെ അപമാനിച്ചവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കോളേജ്- സർവകലാശാല അദ്ധ്യാപക സംഘടനകൾ സെക്രട്ടേറിയറ്റിനു മുന്നിൽ പ്രതിഷേധ കൂട്ടായ്മ നടത്തി.

എ.കെ.ജി.സി.ടി, എ.കെ.പി.സി.ടി.എ, എഫ്.യു.ടി.എ സംഘടനകൾ സംയുക്തമായി നടത്തിയ പ്രതിഷേധം വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. എ.കെ.ജി.സി.ടി ജനറൽ സെക്രട്ടറി കെ.കെ. ദാമോദരൻ അദ്ധ്യക്ഷത വഹിച്ചു. എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി പി.എൻ. ഹരികുമാർ, ഐഫെക്ടോ സോണൽ സെക്രട്ടറി പ്രൊഫ. എ.ജി. ഒലീന, പ്രൊഫ. ആർ. ഗംഗാദേവി, പ്രൊഫ. എ. പ്രതാപചന്ദ്രൻനായർ, പ്രൊഫ. വി.എം. ആനന്ദകുമാർ എന്നിവർ സംസാരിച്ചു.

## സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നാളെ

തിരുവനന്തപുരം: കേരളകൗമുദി, കേരള സ്റ്റേറ്റ് ഗവ. ആയുർവേദ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ, റോട്ടറി ക്ലബ് ഒഫ് ട്രിവാൻഡ്രം സബർബൻ, ഫ്രാറ്റ് ശ്രീകാര്യം കോ-ഓർഡിനേഷൻ, ശ്രീഭദ്രാ റസിഡന്റ്സ് അസോസിയേഷൻ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നാളെ രാവിലെ 9ന് കരിയം അജിത് ലെയ്ൻ 'റാംസി'യിൽ നടക്കും. ചെല്ലമംഗലം വാർഡ് കൗൺസിലർ സി. സുദർശനൻ ഉദ്ഘാടനം ചെയ്യും.

റോട്ടറി ക്ലബ് ഒഫ് ട്രിവാൻഡ്രം സബർബൻ പ്രസിഡന്റ് ജി. രാമകൃഷ്ണൻ അദ്ധ്യക്ഷത വഹിക്കും. ഫ്രാറ്റ് പ്രസിഡന്റ് കരിയം വിജയകുമാർ മുഖ്യ പ്രഭാഷണം നടത്തും. കെ.എസ്.ജി.എ.എം.ഒ.എ പ്രസിഡന്റ് ഷർമദ് ഖാൻ, ജനറൽ സെക്രട്ടറി ഡോ. വി.ജെ. സെബി, റോട്ടറി ക്ലബ് ഒഫ് ട്രിവാൻഡ്രം സബർബൻ പ്രോജക്ട് ഡയറക്ടർ ഡോ. ജി. ഗോപിനാഥ്, അസിസ്റ്റന്റ് ഗവർണർ റൂഫസ് ജോസഫ്, കേരളകൗമുദി സർക്കുലേഷൻ മാനേജർ എസ്. വിക്രമൻ, ഫ്രാറ്റ് സെക്രട്ടറി പി.എസ്. സന്തോഷ് കുമാർ, എസ്.ബി.ആർ.എ പ്രസിഡന്റ് കെ. രാമചന്ദ്രൻ നായർ എന്നിവർ പങ്കെടുക്കും. എസ്.ബി.ആർ.എ സെക്രട്ടറി ആർ. വാസുദേവൻ നായർ സ്വാഗതവും കേരളകൗമുദി അസിസ്റ്റന്റ് സർക്കുലേഷൻ മാനേജർ കല എസ്.ഡി നന്ദിയും പറയും.





ധനുവച്ചപുരം വി.ടി.എം എൻ.എസ്.എസ് കോളേജിലെ സംഘപരിവാർ സംഘടനകളുടെ അക്രമത്തിനെതിരെ സി.പി.എം സംഘടിപ്പിച്ച പ്രതിഷേധ യോഗം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ ഉദ്ഘാടനം ചെയ്യുന്നു

## വി.ടി.എം എൻ.എസ്.എസ് കോളേജിലേക്ക് സി.പി.എമ്മിന്റെ ബഹുജന മാർച്ച്

പാറശാല: ധനുവച്ചപുരം വി.ടി.എം എൻ.എസ്.എസ് കോളേജിൽ സംഘപരിവാർ സംഘടനകളുടെ അക്രമത്തിനെതിരെ സി.പി.എം പ്രവർത്തകർ കോളേജിലേക്ക് ബഹുജന മാർച്ച് സംഘടിപ്പിച്ചു. ഉദിയൻകുളങ്ങര ജംഗ്ഷനിൽ നിന്ന് ആരംഭിച്ച മാർച്ച് കോളേജ് സ്റ്റേഡിയത്തിന് സമീപം പൊലീസ് തടഞ്ഞു. തുടർന്ന് നടന്ന പ്രതിഷേധ യോഗം സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ ഉദ്ഘാടനം ചെയ്തു.

ബി.ജെ.പി ജില്ലാ പ്രസിഡന്റ് സുരേഷ് അദ്ധ്യാപകർക്കെതിരെ നടത്തിയ പരാമർശങ്ങളാണ് പ്രശ്നങ്ങൾ കൂടുതൽ വഷളാക്കിയതെന്ന് ആനാവൂർ പറഞ്ഞു. സംഘപരിവാർ പ്രവർത്തകരെ അറസ്റ്റ് ചെയ്യുക, കോളേജ് തുറന്ന് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുക, എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും പഠിക്കാനുള്ള അവസരം ഒരുക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ച്. യൂണിവേഴ്സിറ്റി കോളേജിലെ തിരഞ്ഞെടുപ്പിലേക്ക് എ.ബി.വി.പിക്ക് നോമിനേഷൻ നൽകാൻ വേണ്ട സഹായങ്ങൾ ഏർപ്പെടുത്താൻ തയ്യാറാണെന്നും ആനാവൂർ നാഗപ്പൻ പറഞ്ഞു.

എം.എൽ.എമാരായ സി.കെ. ഹരീന്ദ്രൻ, കെ. ആൻസലൻ, സി.പി.എം സെക്രട്ടേറിയറ്റ് അംഗങ്ങളായ എൻ. രതീന്ദ്രൻ, പുത്തൻകട വിജയകുമാർ, നെയ്യാറ്റിൻകര നഗരസഭ ചെയർപേഴ്സൺ ഡബ്ല്യു.ആർ. ഹീബ, വൈസ് ചെയർമാൻ, ജില്ലപഞ്ചായത്ത് അംഗം അഡ്വ. എസ്.കെ. ബെൻഡാർവിൻ, മുൻ ജില്ല പഞ്ചായത്ത് അംഗം രാജേന്ദ്രൻ, സി.പി.എം പാറശാല ഏരിയാ കമ്മിറ്റി സെക്രട്ടറി കടകുളം ശശി, വെള്ളറട ഏരിയ സെക്രട്ടറി ഡി.കെ. ശശി, നെയ്യാറ്റിൻകര ഏരിയ സെക്രട്ടറി പി.കെ. രാജ്മോഹൻ, കൊല്ലയിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കൊല്ലയിൽ ബിനു തുടങ്ങിയവർ സംസാരിച്ചു. വൻ പൊലീസ് സന്നാഹം സ്ഥലത്ത് ക്യാമ്പ് ചെയ്തു.

## ട്രെയിനിൽ നിന്ന് തെറിച്ചു വീണ് കോളേജ് വിദ്യാർത്ഥിക്ക് പരിക്ക്

കുളത്തൂർ: ട്രെയിനിൽ പ്രഭാതഭക്ഷണം കഴിച്ചശേഷം വാഷിംഗ് ബെയ്സിനിൽ കൈ കഴുകാൻ പായേ വിദ്യാർത്ഥി പുറത്തേക്ക് തെറിച്ച് വീണ് ഗുരുതരമായി പരിക്കേറ്റു.

കരുനാഗപ്പള്ളി തഴവ ഗവ. കോളേജിലെ ഒന്നാം വർഷ ബി.എ വിദ്യാർത്ഥി തിരുവനന്തപുരം കോട്ടയ്ക്കകം സ്വദേശി റെനി (19) യാണ് അപകടത്തിൽപ്പെട്ടത്. കോളേജിലേക്കുള്ള യാത്രയ്ക്കിടയിൽ വേളി നൂറടി പാലത്തിന് സമീപമായിരുന്നു അപകടം. വീഴ്ചയിൽ മുതുകിലും കൈമുട്ടിനും സാരമായി പരിക്കേറ്റ റെനിയെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാവിലെ ഏഴ് മണിക്ക് പരശുറാം എക്സ്പ്രസിലായിരുന്നു സംഭവം. വീഴ്ചയിൽക്കിടന്ന് വിദ്യാർത്ഥി മൊബൈൽ ഫോണിൽ പൊലീസ് കൺട്രോൾ റൂമിൽ സഹായം അഭ്യർത്ഥിച്ചു. കൺട്രോൾ റൂം ഉദ്യോഗസ്ഥർ തുമ്പ പൊലീസിൽ അറിയിച്ചു. തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചു.

ആരോ പിന്നിൽ നിന്ന് തള്ളിയതിനെതുടർന്ന് പുറത്തേക്ക് തെറിച്ചുവീണുവെന്നാണ് വിദ്യാർത്ഥി ആദ്യം പറഞ്ഞത്. നൂറടിപാലത്തിന് സമീപത്തെ വളവിൽ ട്രെയിൻ തിരിയുമ്പോൾ പുറത്തേക്ക് തെന്നിവീണതാകാമെന്ന് സംശയിക്കുന്നതായും വിദ്യാർത്ഥി പിന്നീട് പൊലീസിന് മൊഴിനൽകി.

### മാരത്തണും മോക്ക്ഡ്രില്ലും

കഴക്കൂട്ടം: ലോക ഹൃദയ ദിനത്തിന്റെ ഭാഗമായി കഴക്കൂട്ടം എ.ജെ ഹോസ്പിറ്റൽ മാരത്തണും മോക്ക്ഡ്രില്ലും സംഘടിപ്പിക്കുന്നു. എ.ജെ ഹോസ്പിറ്റലും എ.ജെ സ്കൂൾ ഒഫ് നഴ്സിംഗും എ.ജെ കോളേജ് ഒഫ് പാരാമെഡിക്കൽ സയൻസും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇന്ന് രാവിലെ 9.30ന് കഴക്കൂട്ടം എ.ജെ സ്കൂൾ ഒഫ് നഴ്സിംഗിൽ നിന്നാരംഭിക്കുന്ന മാരത്തൺ എ.ജെ ഹോസ്പിറ്റലിന് മുന്നിൽ പ്രതിജ്ഞയോട് കൂടി സമാപിക്കും. വൈകിട്ട് 4.30ന് കഴക്കൂട്ടം മാർക്കറ്റ് ജംഗ്ഷനിൽ മോക്ക്ഡ്രില്ലും സംഘടിപ്പിക്കും. കഴക്കൂട്ടം പൊലീസ് അസി. കമ്മിഷണർ മുഖ്യാതിഥി ആയിരിക്കും.

## ആറ്റിങ്ങൽ നഗരസഭയിൽ രണ്ട് ബി.ജെ.പി അംഗങ്ങളെ അയോഗ്യരാക്കാൻ നടപടി

### രാഷ്ട്രീയ വിദ്വേഷമെന്ന് അംഗങ്ങൾ

ആറ്റിങ്ങൽ: ആറ്റിങ്ങൽ നഗരസഭയിലെ ബി.ജെ.പി അംഗങ്ങളായ എൻ. പദ്മനാഭൻ, എസ്. സന്തോഷ് എന്നിവരെ അയോഗ്യരാക്കാൻ നീക്കം. സത്യപ്രതിജ്ഞാലംഘനം നടത്തിയെന്ന് ചൂണ്ടിക്കാട്ടിയാണ് നഗരസഭാ കൗൺസിൽ ഇവർക്കെതിരെ നടപടിക്ക് ആലോചിക്കുന്നത്. സി.പി.എം പാർലമെന്ററി പാർട്ടി ലീഡറായ സി.ജെ. രാജേഷ്കുമാറാണ് ഇത് സംബന്ധിച്ച് അടിയന്തര കൗൺസിലിൽ പ്രമേയം അവതരിപ്പിച്ചത്.

ഭജനമഠം ഒഴിപ്പിക്കാനുള്ള തീരുമാനം ഈ അംഗങ്ങൾ ഉൾപ്പെട്ട കൗൺസിലാണ് അംഗീകരിച്ചത്. എന്നാൽ അത് ലംഘിച്ച് കൈയേറ്റ ഭൂമി ഒഴിപ്പിച്ചതിനെതിരെ നടന്ന പ്രത്യക്ഷ സമരത്തിൽ ഇവർ പങ്കെടുത്തത് സത്യപ്രതിജ്ഞാലംഘനമാണെന്നും വീണ്ടും നിർമ്മാണം നടത്താൻ കൗൺസിലർമാർ കൂട്ടുനിന്നത് ജനാധിപത്യ വിരുദ്ധമാണെന്നും രാജേഷ് കുമാർ പ്രമേയത്തിൽ പറയുന്നു. അയോഗ്യരാക്കണമെന്നാവശ്യപ്പെട്ട് തിരഞ്ഞെടുപ്പ് കമ്മിഷനെ സമീപിക്കാനാണ് നഗരസഭയുടെ തീരുമാനം. നിയമോപദേശം തേടിയശേഷമായിരിക്കും ഇക്കാര്യത്തിൽ തുടർനടപടി ഉണ്ടാകുക. പ്രതിപക്ഷ നേതാവ് എം. അനിൽകുമാർ, കെ. പ്രിൻസ്‌രാജ്, ഇമാമുദ്ദീൻ, എം.കെ. സുരേഷ്, താഹിർ, ജി. തുളസീധരൻപിള്ള എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ഭരണകക്ഷിയും പ്രതിപക്ഷവും ഒറ്റക്കെട്ടായാണ് പ്രമേയത്തെ പിന്താങ്ങിയത്.

രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമായാണ് ഇത്തരമൊരു പ്രമേയം കൊണ്ടുവന്നതെന്നാണ് ആരോപണ വിധേയരായ ബി.ജെ.പി കൗൺസിലർമാർ പറയുന്നത്.



സെക്രട്ടേറിയറ്റ് ജീവനക്കാരുടെ കലാ സാംസ്കാരിക സംഘടനയായ അരങ്ങ് സംഘടിപ്പിച്ച സംഗീത കൂട്ടായ്മയുടെ ഉദ്ഘാടനം ഡോ. രേഖ റാണി നിർവഹിക്കുന്നു. ജയചന്ദ്രൻ, ബിജു എന്നിവർ സമീപം

### പാപ്പനംകോട് എൻ.എസ്.എസ് കരയോഗ വാർഷികം

നേമം: പാപ്പനംകോട് എൻ.എസ്.എസ് കരയോഗത്തിന്റെ 57-ാം വാർഷികവും പുതുതായി നിർമ്മിച്ച മന്ദിരത്തിന്റെ ഉദ്ഘാടനവും കുടുംബ ഡയറക്ടറിയുടെ പ്രകാശനവും നാളെ കരയോഗ മന്ദിരത്തിൽ നടക്കും.


എൻ.എസ്.എസ് താലൂക്ക് യൂണിയൻ പ്രസിഡന്റ് എം. സംഗീത് കുമാറിന്റെ അദ്ധ്യക്ഷതയിൽ അശ്വതി തിരുനാൾ ലക്ഷ്മിബായി വാർഷിക സമ്മേളനത്തിന്റെയും പുതിയ മന്ദിരത്തിന്റെയും ഉദ്ഘാടനം നിർവഹിക്കും.

എൻ.എസ്.എസ് മേഖലാ കൺവീനർ എം. കാർത്തികേയൻ നായർ, താലൂക്ക് യൂണിയൻ സെക്രട്ടറി ടി.എസ് നാരായണൻകുട്ടി, നഗരസഭ കൗൺസിലർ പാപ്പനംകോട് സജി, കരയോഗം പ്രസിഡന്റ് പി. ചന്ദ്രശേഖരൻ നായർ, സെക്രട്ടറി പി.പി. സോമശേഖര പിള്ള, വൈസ് പ്രസിഡന്റ് ജി. ശ്രീകുമാരൻ നായർ, സ്വാഗതസംഘം ചെയർമാൻ ജി. പ്രഭാകരൻ നായർ, കൺവീനർ പാപ്പനംകോട് രാജൻ, താലൂക്ക് യൂണിയൻ പ്രതിനിധി പാപ്പനംകോട് മുരളി, വനിതാ സമാജം പ്രസിഡന്റ് എം. പദ്മിനിഅമ്മ, സെക്രട്ടറി സുജി സുരേഷ് തുടങ്ങിയവർ പങ്കെടുക്കും.

തുടർന്ന് ബാലസമാജം അംഗങ്ങൾ അവതരിപ്പിക്കുന്ന കലാപരിപാടികളും ഉണ്ടായിരിക്കും.

## സി.എച്ച്. മുഹമ്മദ്കോയ മതേതരത്വം കാത്തുസൂക്ഷിച്ച നേതാവ്: രമേശ് ചെന്നിത്തല

തിരുവനന്തപുരം: മതേതര നിലപാടുകളെ ഉയർത്തിപ്പിടിക്കാൻ സി.എച്ച്. മുഹമ്മദ്കോയ നൽകിയ സംഭാവന വളരെ വലുതാണെന്ന് രമേശ് ചെന്നിത്തല പറഞ്ഞു. കേരള സഹൃദയ വേദിയുടെ നേതൃത്വത്തിൽ സി.എച്ച്. മുഹമ്മദ്കോയ അനുസ്മരണം പാണക്കാട് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരള രാഷ്ട്രീയത്തിൽ നക്ഷത്രശോഭയോടെ തിളങ്ങിനിന്ന നർമ്മബോധമുള്ള ഭരണാധികാരിയായിരുന്നു മുഹമ്മദ്കോയയെന്ന് അനുസ്മരണ പ്രഭാഷണം നടത്തിയ എം.എം. ഹസൻ പറഞ്ഞു. രാജ്യത്തെ മികച്ച പാസ്പോർട്ട് ഓഫീസിനുള്ള അവാർഡ് ലഭിച്ച തിരുവനന്തപുരം പാസ്പോർട്ട് ഓഫീസിനെ നയിച്ച റീജിയണൽ ഓഫീസർ ആഷിഖ് കാരാട്ടിനെ ചെന്നിത്തല ഉപഹാരം നൽകി ആദരിച്ചു. കേരള സഹൃദയ വേദി പ്രസിഡന്റ് ചാന്നാങ്കര എം.പി. കുഞ്ഞ് അദ്ധ്യക്ഷത വഹിച്ചു. എസ്.ആർ. ശക്തിധരൻ, പ്രൊഫ. തോന്നയ്ക്കൽ ജമാൽ, അഡ്വ. കണിയാപുരം ഹലിം, എ.കെ. മുസ്തഫ, അഡ്വ. സിറാജുദ്ദീൻ, കായംകുളം യൂനസ്, പരീത് ബാവഖാൻ എന്നിവർ സംസാരിച്ചു.



കേരള സഹൃദയ വേദി പാണക്കാട് ഹാളിൽ സംഘടിപ്പിച്ച സി.എച്ച്. മുഹമ്മദ്കോയ അനുസ്മരണ സമ്മേളനത്തിൽ മികച്ച പാസ്പോർട്ട് ഓഫീസർക്കുള്ള അവാർഡ് ആഷിക് കാരാട്ടിന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല നൽകുന്നു. എം.എം. ഹസൻ, കേരള സഹൃദയവേദി പ്രസിഡന്റ് ചാന്നാങ്കര എം.പി. കുഞ്ഞ്, മുസ്ലിംലീഗ് ജില്ലാ പ്രസിഡന്റ് തോന്നയ്ക്കൽ ജമാൽ, സിറാജുദ്ദീൻ, മുസ്ലിംലീഗ് ജനറൽ സെക്രട്ടറി കണിയാപുരം ഹലീം എന്നിവർ സമീപം


### കോടതി പരസ്യം

ബഹുമാനപ്പെട്ട നെടുമങ്ങാട് കുടുംബ കോടതി മുമ്പാകെ OS.No. 271/17

**ഹർജിക്കാരി:** അപർണ, D/o അനിത കുമാരി, സായികൃപ, മിത്രാനികേതൻ വെള്ളനാട്.

**എതിർകക്ഷി:** 1. സന്തോഷ് S/o ബാബു, ശ്രീമംഗലം, മുളയറ, മുളയറ പി.ഒ അരുവിക്കര വില്ലേജ്, 2. സൗമ്യ, സായി മെഡിക്കൽസ്, പേരൂർക്കട.

ടി എതിർകക്ഷികളെ തെര്യപ്പെടുത്തുന്നത് ഹർജിക്കാരി ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ Divorce op 22-10-18 ൽ വിചാരണ വച്ചിരിക്കുന്നു ആകയാൽ ടി ഹർജിയിന്മേൽ എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം മേൽ പറഞ്ഞ തീയതി രാവിലെ 11 മണിക്ക് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കാനുള്ളതും അല്ലാത്ത പക്ഷം താങ്കളെ കൂടാതെ ടി op തീർപ്പു കല്പിക്കുമെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തുന്നു.

**ഉത്തരവിൻ പ്രകാരം**

(ഒപ്പ്) ഹർജിക്കാരി ഭാഗം

13.09.2018 അഡ്വ.എ.റഹിം


## കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471-2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

**നിർമൽ NR-88 നറുക്കെടുപ്പ് ഫലം 28.09.2018**

സ്ഥലം: ഗോർകിഭവൻ, ബേക്കറി ജംഗ്ഷന് സമീപം, തിരുവനന്തപുരം.

**ഒന്നാം സമ്മാനം 60 ലക്ഷം രൂപ NH 701792 (മലപ്പുറം)**

**സമാശ്വാസ സമ്മാനം 8000 രൂപ**

NA 701792 NB 701792 NC 701792 ND 701792 NE 701792 NF 701792 NG 701792 NJ 701792 NK 701792 NL 701792 NM 701792

**2-ാം സമ്മാനം 5 ലക്ഷം രൂപ**

NJ 623842 (ആലപ്പുഴ)

**3-ാം സമ്മാനം 100000 രൂപ**

| | | | | | |
|---|---|---|---|---|---|
| NA 417958 (മലപ്പുറം) | NB 193208 (മലപ്പുറം) | NC 368598 (തൃശ്ശൂർ) | ND 688198 (കോട്ടയം) | NE 723593 (തിരുവനന്തപുരം) | NF 285445 (തിരുവനന്തപുരം) |
| NG 539651 (മലപ്പുറം) | NH 882561 (എറണാകുളം) | NJ 189598 (മലപ്പുറം) | NK 111447 (തിരുവനന്തപുരം) | NL 441245 (തൃശ്ശൂർ) | NM 870021 (കണ്ണൂർ) |

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

**4-ാം സമ്മാനം 5000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1253 | 2479 | 4558 | 5058 | 6424 | 7407 | 7603 | 7627 | 9541 | 9675 |

**5-ാം സമ്മാനം 2000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 0199 | 0384 | 1989 | 2652 | 6446 | 6767 | 6972 | 8840 | |

**6-ാം സമ്മാനം 1000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0422 | 0820 | 0999 | 1819 | 1964 | 1997 | 2367 | 2786 | 3290 | 3631 |
| 3762 | 3774 | 3853 | 4025 | 4036 | 4539 | 5135 | 5266 | 5414 | 5883 |
| 6183 | 6726 | 6776 | 7762 | 8034 | 8277 | 8299 | 8737 | 8830 | 9669 |

**7-ാം സമ്മാനം 500 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0389 | 0409 | 0725 | 0945 | 1144 | 1193 | 1492 | 1562 | 1649 | 1670 |
| 1713 | 1800 | 1911 | 2209 | 2323 | 2590 | 3027 | 3094 | 3281 | 3482 |
| 3813 | 4007 | 4963 | 4998 | 5247 | 5512 | 5595 | 5628 | 5721 | 5801 |
| 5951 | 6356 | 6369 | 6473 | 6826 | 6927 | 6998 | 7000 | 7025 | 7334 |
| 7361 | 8261 | 8671 | 8708 | 8814 | 8927 | 8935 | 9384 | 9417 | 9834 |

**8-ാം സമ്മാനം 100 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0032 | 0062 | 0107 | 0391 | 0504 | 0505 | 0529 | 0664 | 0689 | 0697 |
| 0793 | 1121 | 1153 | 1178 | 1202 | 1444 | 1731 | 1785 | 1853 | 1929 |
| 2190 | 2262 | 2348 | 2931 | 2993 | 3084 | 3214 | 3329 | 3427 | 3531 |
| 3562 | 3647 | 3682 | 3728 | 3735 | 3738 | 3797 | 3821 | 3895 | 3950 |
| 3986 | 4040 | 4079 | 4089 | 4150 | 4348 | 4493 | 4704 | 4706 | 4716 |
| 4725 | 4815 | 5011 | 5176 | 5232 | 5378 | 5479 | 5630 | 6038 | 6050 |
| 6060 | 6087 | 6448 | 6485 | 6503 | 6513 | 6570 | 6676 | 6700 | 6723 |
| 6806 | 6900 | 6920 | 7246 | 7428 | 7460 | 7559 | 7793 | 7834 | 8027 |
| 8050 | 8096 | 8112 | 8117 | 8188 | 8411 | 8447 | 8454 | 8560 | 8574 |
| 8627 | 8859 | 8908 | 8953 | 9006 | 9071 | 9119 | 9230 | 9232 | 9255 |
| 9363 | 9395 | 9476 | 9586 | 9801 | 9871 | 9957 | 9987 | | |

(ഒപ്പ്) നൗഷാദ്.പി.എം., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം.
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

അടുത്ത നിർമൽ NR 89 നറുക്കെടുപ്പ് 05.10.2018-ന് ഗോർകി ഭവൻ, ബേക്കറി ജംഗ്ഷന് സമീപം, തിരുവനന്തപുരം.


### ബഹുമാനപ്പെട്ട തിരുവനന്തപുരം പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ

**2015 O.S No.1370**

വാദി: കേരള ഗ്രാമീൺ ബാങ്ക്, പേരൂർക്കട ശാഖ, തിരുവനന്തപുരം, Represented by its Manager

പ്രതി: സുശീല.ഇ, W/o.ബോബൻ, KP 11/482, ഹാർവിപുരം കോളനി, പേരൂർക്കട പി.ഒ., തിരുവനന്തപുരം

ടി പ്രതിയെ തെര്യപ്പെടുത്തുന്നു

താങ്കൾ ടി വാദി ബാങ്കിൽ നിന്നും 25,000/- രൂപ ലോൺ എടുത്തിരുന്നതും ആയത് കാലാവധി കഴിഞ്ഞും തിരിച്ചടയ്ക്കാത്തതിനാൽ വാദി താങ്കളെ പ്രതിയാക്കി ഈ നമ്പർ അന്യായം ഫയൽ ചെയ്തിട്ടുള്ളതും ആയത് 03.10.2018-ാം തീയതി വിചാരണ വച്ചിട്ടുള്ളതും അന്നേദിവസം താങ്കളോ താങ്കൾ ഏർപ്പാട് ചെയ്ത ഏജന്റോ മുഖാന്തിരം കോടതിയിൽ ഹാജരായി തർക്കമോ ആക്ഷേപങ്ങളോ ഉള്ള പക്ഷം ബോധിപ്പിച്ചു കൊള്ളേണ്ടതും അല്ലാത്തപക്ഷം ടി കേസ് താങ്കളെ കൂടാതെ വിധിയാകുമെന്നും മറ്റുമുള്ള വിവരങ്ങൾ ഇതിനാൽ താങ്കളെ തെര്യപ്പെടുത്തിക്കൊള്ളുന്നു.

(ഒപ്പ്) വാദി കേരള ഗ്രാമീൺ ബാങ്ക് പേരൂർക്കട ശാഖ

വാദി ഭാഗം അഡ്വക്കേറ്റ് ഗായത്രി ആർ കൃഷ്ണൻ

### ബഹുമാനപ്പെട്ട തിരുവനന്തപുരം മുൻസിഫ് കോടതി - II മുമ്പാകെ

**2014 സിവിൾ No.2479**

വാദി: കേരള ഗ്രാമീൺ ബാങ്ക്, പേരൂർക്കട ശാഖ, തിരുവനന്തപുരം, ടിക്ക് വേണ്ടി ടി ബാങ്കിന്റെ ശാഖാ മാനേജർ

പ്രതി: വേണു.റ്റി, S/o.തങ്കപ്പൻ ആശാരി, 'വീരാധന', പൈപ്പ് ലൈൻ റോഡ്, കവടിയാർ പി.ഒ., തിരുവനന്തപുരം

ടി പ്രതിയെ തെര്യപ്പെടുത്തുന്നു

താങ്കൾ ടി വാദി ബാങ്കിൽ നിന്നും വായ്പ എടുത്തിരുന്നതും ആയത് തിരിച്ചടയ്ക്കാത്തതിനാൽ താങ്കളെ പ്രതിയാക്കി വാദി ഈ നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും ആയത് താങ്കളുടെ അപ്പിയറൻസിനായി 10.10.2018-ാം തീയതി വിചാരണ വച്ചിട്ടുള്ളതുമാകുന്നു. ടി വിചാരണ ദിവസം താങ്കളോ, താങ്കൾ ഏർപ്പാട് ചെയ്ത ഏജന്റോ മുഖാന്തിരം പകൽ 11.00 മണിക്ക് കോടതി മുമ്പാകെ ഹാജരായി തർക്കമോ ആക്ഷേപമോ ഉള്ള പക്ഷം ബോധിപ്പിച്ചു കൊള്ളേണ്ടതും അല്ലാത്തപക്ഷം ടി കേസ് താങ്കളെ കൂടാതെ വിധിയാകുമെന്നും മറ്റുമുള്ള വിവരങ്ങൾ ഇതിനാൽ താങ്കളെ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്) വാദി കേരള ഗ്രാമീൺ ബാങ്ക് പേരൂർക്കട ശാഖയ്ക്ക് വേണ്ടി ശാഖാ മാനേജർ

വാദി ഭാഗം അഡ്വക്കേറ്റ് ഗായത്രി ആർ കൃഷ്ണൻ

### നഷ്ടപ്പെട്ടു

തിരുവനന്തപുരം സബ് രജിസ്ട്രാർ ഓഫീസിലെ 1964-ലെ 1215-ാം നമ്പർ ഒറ്റി കൈമാറ്റയാധാരം ചെന്നൈ എം.ജി.ആർ. നഗറിലുള്ള എന്റെ വാസസ്ഥലത്തു വച്ച് 2015 ഡിസംബർ മാസം ഉണ്ടായ വെള്ളപ്പൊക്കത്തിൽ തിരിച്ചു കിട്ടാനാകാത്തവിധം നഷ്ടപ്പെട്ടു പോയതിനാൽ അതിന്റെ ശരിപ്പകർപ്പ് ഉപയോഗിച്ച് വസ്തുവകകൾ കൈമാറ്റം ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നു. ആയതിൽ എന്തെങ്കിലും നിയമപരമായ ആക്ഷേപമുള്ളവർ തെളിവ് സഹിതം 15 ദിവസത്തിനകം അറിയിക്കേണ്ടതാണ്.

എസ്. സെയിനുലാബ്ദീൻ,
11/13 ഫസ്റ്റ് പെരിയാർ സ്ട്രീറ്റ്,
ചൂലായിപ്പാളം, എം.ജി.ആർ. നഗർ,
ചെന്നൈ - 600 078.
9446901529.

### കോടതി പരസ്യം

തിരുവനന്തപുരം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ മുൻപാകെ

2012 OP (MV) No. 412

**ഹർജികക്ഷികൾ/വാദികൾ:** 1. Indira. R, W/o Gireeshkumar, "Greeshmam", House No. 56, Thoppil Nagar, Kumarapuram, Medical College P.O, Trivandrum, 2. Greeshma. G, D/o Gireesh Kumar, residing at do do, 3. Hemanth. G.I, S/o Gireesh Kumar, residing at do do.

എതിർകക്ഷികൾ: 1. Mohanachandran Nair, T.C. 4/942, Teachers Lane, No. 37, Kuravankonam, Kowdiar P.O, Trivandrum, 4. M/s Indian Vehicle Carriers Pvt. Ltd, Village Bas Khusda Kakrda, Bhagrola Road, IMT Manesalnr, J.K. Plant Laxmi Mixing, Chennai, Tamil Nadu, 5. Salluddil, S/o Deen Mohammed Will Uteswar, Ethsil, Halhin, Meerut, Haryana.

ടി 1-ഉം 4-ഉം 5-ഉം എതിർകക്ഷികളെ തെര്യപ്പെടുത്തുന്നത്.

നിങ്ങളെ 1-ഉം 4-ഉം 5-ഉം എതിർകക്ഷികളാക്കി ഹർജികക്ഷി ബോധിപ്പിച്ച വാഹന അപകട നഷ്ടപരിഹാര കേസിന്മേലുള്ള നോട്ടീസ് വിചാരണ 29.10.2018-ാം തീയതി വിചാരണ വച്ചിട്ടുള്ളതും, ടി നമ്പർ കേസ്സിനെ സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉള്ളപക്ഷം അന്നേദിവസം പകൽ 11 മണിക്ക് ഈ കോടതി മുൻപാകെ ഹാജരായി ബോധിപ്പിച്ചു കൊള്ളണം. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ ഈ നമ്പർ കേസ് തീരുമാനിക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

കുളത്തൂർ എസ്.വി. പ്രേമകുമാരൻ നായർ,
ഹർജികക്ഷിഭാഗം അഡ്വക്കേറ്റ്(ഒപ്പ്)

### കാരോട് ഗ്രാമപഞ്ചായത്ത്

കാരോട് പി.ഒ, തിരുവനന്തപുരം - 695506,
ഫോൺ നമ്പർ: 0471 - 2215067, 2215167,
E-mail: karodegp@gmail.com

കാരോട് ഗ്രാമപഞ്ചായത്തിലെ എറിച്ചല്ലൂർ സ്കൂൾ പഴയ ഓടിട്ട കെട്ടിടം 08.10.2018 രാവിലെ 11 മണിക്ക് സ്കൂൾ കോമ്പൗണ്ടിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് 9446550359, 9496040615.

(ഒപ്പ്) സെക്രട്ടറി, കാരോട് ഗ്രാമപഞ്ചായത്ത്.

### കേരളാ വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ്: 10/2017-18/PC/PVM/WS (RT-2). ഡെപ്പോസിറ്റ് വർക്ക്- തിരു. കോർപ്പറേഷനിലെ ജലവിതരണ പദ്ധതി മെച്ചപ്പെടുത്തൽ - ന്യൂ സെൻട്രൽ സോൺ മേഖല - പി.വി.സി. പൈപ്പുകൾ ഇടുകയും, നേരത്തേ സ്ഥാപിച്ചിട്ടുള്ള പൈപ്പുകളെ തമ്മിൽ ബന്ധിപ്പിച്ച് ജലവിതരണ യോഗ്യമാക്കുകയും ചെയ്യുന്ന പ്രവൃത്തി - പാക്കേജ് നമ്പർ: WP2 part II. നിരതദ്രവ്യം: Rs. 50,000/-. ഫോറവില: Rs.5,000/-. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 31.10.2018, 3.00 p.m. ഫോൺ: 8547667700.
വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in

പ്രോജക്ട് കോ-ഓർഡിനേറ്റർ,
KWA - JB- GL-6-310-2018-19. ജൻറം പി.ഐ.യു, തിരുവനന്തപുരം.

### കേരളാ വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ്: Tender No. 19/.2018-19/SE/Q. മയ്യനാട് ശുദ്ധജല വിതരണ പദ്ധതി - ധവളക്കുഴി സുനാമി കോളനിയിലേക്ക് പമ്പിംഗ് മെയിൻ നീട്ടി സ്ഥാപിക്കലും, സ്വർഗപുരം സുനാമി കോളനിയിലെ ഉപരിതല സംഭരണിയും കൈതപ്പുഴ ജിക്ക ഉപരിതല സംഭരണിയും കൂട്ടിയോജിപ്പിക്കലും ലക്ഷ്മീപുരം കോളനിയിലേക്കും കോസ്റ്റൽ ഏരിയയിലേക്കും പൈപ്പ്ലൈൻ യോജിപ്പിച്ച് ജലം വിതരണം ചെയ്യുന്ന പ്രവൃത്തി. നിരതദ്രവ്യം: Rs. 50,000/-. ഫോറവില: Rs.2,500/- + 450/- (18% GST - It will be paid by the contractor on reverse charge basis while filing returns). ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 15.10.2018, 2.00 p.m. ഫോൺ: 0474 - 2745293. വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in

എക്സിക്യൂട്ടീവ് എൻജിനീയർ,
KWA - JB - GL - 6-314-2018-19 PH സർക്കിൾ, കൊല്ലം.

### കേരളാ വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ്: 50/2018-19,51/2018-19. സംസ്ഥാന പദ്ധതി 2018-19 മുട്ടട ടി.കെ.ഡി. റോഡിൽ എ.സി. പൈപ്പ് മാറ്റി പി.വി.സി. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും, വരൾച്ച ദുരിതാശ്വാസ പദ്ധതി 2018 പേരൂർക്കട പമ്പ് ഹൗസിൽ സബ്മേഴ്സിബിൾ പമ്പ്സെറ്റ് സ്ഥാപിക്കലും. നിരതദ്രവ്യം: Rs. 50,000/-, 10,600/-. ഫോറവില: Rs.2,500/-, 900/-. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 08.10.2018, 3.00 p.m. ഫോൺ: 0471 - 2322798.
വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in

എക്സിക്യൂട്ടീവ് എൻജിനീയർ,
KWA - JB - GL - 6-316-2018-19 നോർത്ത് PH ഡിവിഷൻ, തിരുവനന്തപുരം.

### കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

**ഇ-ദർഘാസ് പരസ്യം**

| ഇ-ദർഘാസ് ID | ഇനങ്ങൾ | ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയും സമയവും |
|---|---|---|
| 2018_KSRTC_236439_1 | സിംഗിൾ ആക്സിൽ 9 മീറ്റർ എ.സി. ഇ- ബസ് (ഇലക്ട്രിക്കലി ഓപ്പറേറ്റഡ്) വെറ്റ് ലീസ് കോൺട്രാക്ട് വ്യവസ്ഥയിൽ 10 വർഷ കാലാവധി. | 12.10.2018, 06.00 p.m. |

കൂടുതൽ വിവരങ്ങൾക്ക്: www.etenders.kerala.gov.in & www.keralartc.com/tenders/purchase.
ഫോൺ നമ്പർ: 0471-2471011, Extn: 252/312
തീയതി: 29.09.2018. (ഒപ്പ്) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ.

### കേരളാ വാട്ടർ അതോറിറ്റി

**നോട്ടീസ്**

ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ ബിരുദവും, ഇലക്ട്രിക്കൽ സബ് സ്റ്റേഷനുകളിൽ അഞ്ചു വർഷത്തിൽ കുറയാതെയും, ജലശുദ്ധീകരണശാലയിൽ രണ്ടുവർഷത്തിൽ കുറയാതെയും പ്രവൃത്തിപരിചയമുള്ള, 50 വയസ്സിനുള്ളിൽ പ്രായമുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് കേരള വാട്ടർ അതോറിറ്റി, അരുവിക്കര ഡിവിഷനിൽ (ജല ശുദ്ധീകരണ ശാലകളിലെ വിവിധ പ്രോജക്ട് വർക്കുകളുടെ നവീകരണ പ്രവർത്തനങ്ങൾ, 11 KV സബ് സ്റ്റേഷനുകളുടെയും പമ്പ് ഹൗസുകളുടെയും അറ്റകുറ്റപ്പണികൾ, മറ്റ് ഇലക്ട്രിക്കൽ ജോലികൾ എന്നിവ രാത്രികാലങ്ങളിൽ ഉൾപ്പെടെ പരിപാലിക്കുന്നതിന്) ഒരുവർഷത്തേക്ക് താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ പ്രതിമാസം 46920/- രൂപ ശമ്പളത്തിൽ അപേക്ഷ ക്ഷണിക്കുന്നു.

തസ്തികയുടെ പേര്: അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ), ഒഴിവ്: 1 എണ്ണം (കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി), അടിസ്ഥാന യോഗ്യത: B.Tech/BE (ഇലക്ട്രിക്കൽ എൻജിനീയറിംഗ്), പ്രവൃത്തിപരിചയം: ഇലക്ട്രിക്കൽ സബ് സ്റ്റേഷനുകളിൽ അഞ്ചുവർഷത്തിൽ കുറയാതെയുള്ള പ്രവൃത്തിപരിചയം. (ജലശുദ്ധീകരണശാലയിലെ ഇലക്ട്രിക്കൽ ജോലികളിൽ രണ്ടുവർഷത്തിൽ കുറയാതെയുള്ള പ്രവൃത്തിപരിചയം അഭിലഷണീയം). വയസ്സ്: 50 വയസ്സിൽ താഴെ, ശമ്പളം: 46,920/- രൂപ (മൊത്തം), കാലാവധി: 1 വർഷം.

അപേക്ഷകൾ വെള്ളപേപ്പറിൽ വ്യക്തിഗത വിവരങ്ങൾ ഉൾപ്പെടെ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, വയസ്സ് എന്നിവ തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് സഹിതം എക്സിക്യൂട്ടീവ് എൻജിനീയർ, ഹെഡ് വർക്ക്സ് ഡിവിഷൻ, കേരളാ വാട്ടർ അതോറിറ്റി, അരുവിക്കര, തിരുവനന്തപുരം, പിൻ- 695 564 എന്ന വിലാസത്തിൽ 15.10.2018-ന് അകം പോസ്റ്റൽ വഴിയോ നേരിട്ടോ എത്തിക്കേണ്ടതാണ്.

(ഒപ്പ്) എക്സിക്യൂട്ടീവ് എൻജിനീയർ,
KWA/JB/GL6/318/2018-19 ഹെഡ് വർക്ക്സ് ഡിവിഷൻ, അരുവിക്കര.

### भारत सरकार / GOVERNMENT OF INDIA, अंतरिक्ष विभाग / DEPARTMENT OF SPACE

विक्रम साराभाई अंतरिक्ष केंद्र / VIKRAM SARABHAI SPACE CENTRE
निर्माण एवं अनुरक्षण प्रभाग-सीपीएच / CONSTRUCTION AND MAINTENANCE DIVISION-CPH
तिरुवनंतपुरम / THIRUVANANTHAPURAM - 695 022

निविदा की अवधि बढ़ाना / EXTENSION OF TENDER


Name of works : - 1. वट्टियूरकावु में शिरोपरि टंकी का मरम्मत कार्य / Repair work of over head tank in vattiyoorkavu

| | |
|---|---|
| निविदा दस्तावेज डाउनलोड करने हेतु अंतिम तिथि / Last date for download the tender document | दिनांक 09.10.2018 तक बढ़ाई गई / Extended upto 09.10.2018 |
| निविदाएं प्राप्त करने हेतु नियत तिथि Due date for receipt of tenders | दिनांक 10.10.2018 तक बढ़ाया गया // Extended to 10.10.2018 |

योग्यता मानदंड तथा अन्य ब्यौरों को पाने के लिए इच्छुक निविदाकार ई-निविदा आमंत्रित करते हुए विस्तृत सूचना (ई-एनआइटी) का अवलोकन करें, जिसे www.tenderwizard.com/ISRO से डाउनलोड किया जा सकता है। Interested tenderers may please refer detailed Notice Inviting E-Tender (E-NIT) for eligibility criteria and other details, which can be down loaded from website www.tenderwizard.com/ISRO

Sd/-
प्रधान, सीएमडी-सीपीएच, वीएसएससी
HEAD, CMD -CPH, VSSC

ഗുരുമാർഗം



മായാഭ്രമത്തിൽപ്പെട്ട് വിഷയവാസനാ ബദ്ധനായി ചെയ്തുപോയ പ്രവർത്തികൾ ക്ഷമിച്ച് എന്റെ കർമവാസനകൾ ശമിപ്പിച്ച് രക്ഷിക്കണം.



ഒരു ജാതി ഒരു മതം ഒരു ദൈവം

കാർത്തിക 49- 58
ചതുർത്ഥി 04 - 37
1940 ആശ്വിനം 07
1439 മുഹറം 18
1194 കന്നി 13

# സ്ത്രീകളുടെ അന്തസ് ഉയർത്തുന്ന വിധി

സ്ത്രീകളെ ദൈവമായി ആരാധിക്കുന്ന രാജ്യത്ത് ക്ഷേത്രപ്രവേശനമുൾപ്പെടെയുള്ള കാര്യത്തിൽ സ്ത്രീകളോട് വിവേചനം കാണിക്കുന്നത് ഭരണഘടനാവിരുദ്ധമെന്ന് ചൂണ്ടിക്കാട്ടിയാണ് സുപ്രീംകോടതി ചരിത്രപ്രസിദ്ധമായ വിധി പ്രസ്താവിച്ചിരിക്കുന്നത്. ആചാരങ്ങളെക്കാൾ വിലമതിക്കപ്പെടേണ്ടത് ഭരണഘടനയാകുമ്പോൾ ആചാരത്തിന്റെ പേരിൽ പത്തിനും അൻപതിനുമിടയ്ക്ക് പ്രായമുള്ള സ്ത്രീകൾക്ക് ശബരിമലക്ഷേത്രത്തിൽ വിലക്ക് ഏർപ്പെടുത്തുന്നത് നിയമവിരുദ്ധമാണെന്നാണ് ചീഫ് ജസ്റ്റിസ് ദീപക് മിശ്രയുടെ നേതൃത്വത്തിലുള്ള ഭരണഘടനാ ബെഞ്ച് വിധിച്ചത്. അഞ്ച് ജഡ്ജിമാരിൽ ഏക വനിതയായ ഇന്ദുമൽഹോത്ര മാത്രമാണ് ഭിന്നാഭിപ്രായം രേഖപ്പെടുത്തിയത്. നാല് ജഡ്ജിമാരുടെയും തീർപ്പ് ഏകകണ്ഠമായിരുന്നു. പതിറ്റാണ്ടുകളായി നിലനിൽക്കുന്ന വിശ്വാസവും ആചാരവുമായി ബന്ധപ്പെട്ട ഒരു വിവാദപ്രശ്നത്തിനാണ് ഈ വിധിയോടെ ഖണ്ഡിത തീരുമാനം ഉണ്ടായിരിക്കുന്നത്. സ്വാഭാവികമായും സമൂഹം രണ്ട് തട്ടിൽ നിന്നതന്നെയാകും കോടതിവിധിയോട് പ്രതികരിക്കുക. പ്രതികരണം ഏത് തരത്തിലായാലും പരമോന്നത കോടതിയുടേത് അവസാനവാക്കാകയാൽ അത് മാനിക്കാൻ ഏവരും ബാദ്ധ്യസ്ഥരുമാണ്. സ്ത്രീ പ്രവേശനത്തെ അതികഠിനമായി എതിർത്തുകൊണ്ടിരുന്ന ദേവസ്വംബോർഡും എൻ.എസ്.എസും അയ്യപ്പസേവാ സംഘവും ഭക്തജന സംഘടനകളുമൊക്കെ എതിർപ്പ് ഉള്ളിലടക്കിയാണെങ്കിലും കോടതി തീരുമാനത്തെ അംഗീകരിക്കുമെന്ന പ്രസ്താവനയുമായി വന്നത് നല്ല കാര്യംതന്നെ. ശബരിമല ക്ഷേത്രത്തിൽ മാത്രമല്ല രാജ്യത്ത് ഒരു ക്ഷേത്രത്തിലും ലിംഗവ്യത്യാസത്തിന്റെ പേരിൽ പ്രവേശനം വിലക്കാനാവില്ലെന്ന് വിധിയിൽ ഓർമ്മിപ്പിച്ചിട്ടുണ്ട്. ശാരീരികവും ജൈവികവുമായ അവസ്ഥ കണക്കിലെടുത്താകരുത് ക്ഷേത്രങ്ങളിൽ ദർശനാനുമതി തീർപ്പാക്കേണ്ടതെന്ന ചീഫ് ജസ്റ്റിസിന്റെ നിരീക്ഷണം ആചാരത്തിന്റെ പേരിൽ സ്ത്രീസമൂഹത്തെ ഇക്കാലമത്രയും മാറ്റിനിറുത്തിയവർക്കുള്ള ചുട്ട മറുപടിതന്നെയാണ്.

ശബരിമല കേസിൽ വാദം തുടങ്ങിയ അവസരത്തിൽത്തന്നെ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്കും ശബരിമല ക്ഷേത്രത്തിൽ ദർശനാനുമതി നൽകണമെന്ന അഭിപ്രായം ഈ പംക്തിയിൽ ഞങ്ങൾ പ്രകടിപ്പിച്ചിരുന്നു. കാലഹരണപ്പെട്ട ആചാരങ്ങൾ ഉള്ളുള്ള കാലം തലയിലേറ്റി നടക്കേണ്ടതിലെ അർത്ഥശൂന്യതയും ചൂണ്ടിക്കാണിച്ചിരുന്നു. പത്തിനും അൻപതിനുമിടയ്ക്ക് പ്രായമുള്ള സ്ത്രീകൾ ശബരിമല ചവിട്ടാൻ പാടില്ലെന്ന ആചാരം മനുഷ്യ സൃഷ്ടിയാകയാൽ അത് കാലോചിതമായി തിരുത്താനുള്ള വിവേകബുദ്ധി നേരത്തെതന്നെ ചുമതലപ്പെട്ട കേന്ദ്രങ്ങളിൽ നിന്നുണ്ടാകേണ്ടതായിരുന്നു. ലിംഗാടിസ്ഥാനത്തിലുള്ള വിവേചനം ഭരണഘടനയ്ക്ക് എതിരാകയാൽ, പുരുഷനും സ്ത്രീക്കും ക്ഷേത്രപ്രവേശന വിഷയത്തിൽ തുല്യ അവകാശമാണുള്ളത്. ഹർജിയുടെ വാദത്തിനിടയിൽ നേരത്തേ ഭരണഘടനാബെഞ്ചിൽ നിന്നുണ്ടായ ചില പരാമർശങ്ങളിൽത്തന്നെ അന്തിമ വിധി ഏത് രൂപത്തിലാകുമെന്ന വ്യക്തമായ സൂചന ഉണ്ടായിരുന്നു. അവന് ആകാമെങ്കിൽ എന്തുകൊണ്ട് അവൾക്കും ആയിക്കൂടാ എന്ന് ബെഞ്ചിൽ നിന്ന് അന്ന് ഉയർന്ന ചോദ്യത്തിന് ഏറെ അർത്ഥതലങ്ങളുണ്ടായിരുന്നു. ശബരിമലയിലെ അയ്യപ്പവിഗ്രഹത്തിന്റെ നൈഷ്ഠിക ബ്രഹ്മചര്യഭാവം ഉയർത്തിക്കാട്ടിയാണ് തന്ത്രിമാരും ദേവസ്വംബോർഡും മറ്റു സംഘടനകളും സ്ത്രീപ്രവേശനത്തിനെതിരായ കടുത്ത നിലപാടെടുത്തിരുന്നത്. പ്രതിഷ്ഠയുടെ ഓജസിനും നിലനില്പിനും പത്തിനും അൻപതിനുമിടയ്ക്ക് പ്രായമുള്ള സ്ത്രീ സാന്നിദ്ധ്യം വിഘാതമാകുമെന്നായിരുന്നു വാദം. എന്നാൽ ഇത്തരം വാദങ്ങൾ ഭരണഘടന പൗരന്മാർക്ക് നൽകുന്ന തുല്യാവകാശത്തിന്റെ ലംഘനമാണെന്നാണ് കോടതിയുടെ വിലയിരുത്തൽ.

> ഭയാശങ്ക കൂടാതെ തന്നെ ഭക്തകൾക്ക് ആഗ്രഹമുള്ളപക്ഷം ഇനി അയ്യപ്പനെ കണ്ടുതൊഴാൻ പൂർണ സ്വാതന്ത്ര്യമുണ്ട്. കാലത്തിനുനിരക്കാത്ത ഒരു ആചാരംകൂടി ഇല്ലാതാവുന്നതിൽ മനംനിറയെ ആഹ്ളാദിക്കാം. സ്ത്രീകളുടെ അന്തസും ആത്മാഭിമാനവും മാനം മുട്ടെ ഉയർത്തുന്ന വിധികൂടിയാണിത്

1936 വരെ സംസ്ഥാനത്ത് അവർണ വിഭാഗങ്ങൾക്ക് ക്ഷേത്രങ്ങളിൽ മാത്രമല്ല അവയുടെ അടുത്തുപോലും പോകാൻ അനുവാദമുണ്ടായിരുന്നില്ല. ക്ഷേത്രപ്രവേശനത്തിനായി ഇവിടെ നടന്ന ഐതിഹാസികമായ പ്രക്ഷോഭങ്ങൾ കേരളത്തിലെ നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന ഏടുകളായി മുന്നിലുണ്ട്. കൂട്ട മതപരിവർത്തനം തന്നെ ഉണ്ടാകുമെന്ന ഘട്ടമെത്തിയപ്പോഴാണ് ഒടുവിൽ ചരിത്രപ്രസിദ്ധമായ ക്ഷേത്ര പ്രവേശന വിളംബരമുണ്ടായത്. അന്നും ക്ഷേത്രങ്ങളെ സ്വന്തമാക്കിവച്ച് അനുഭവിച്ചുപോന്ന സവർണവിഭാഗക്കാർ ഒട്ടധികം ക്ഷോഭിക്കുകയും കഴിയുന്നത്ര കുന്നായ്മകൾക്ക് തുനിയുകയും ചെയ്തു. അതിന്റെ ചൊരുക്ക് ഇന്നും വരേണ്യ വിഭാഗങ്ങൾക്കിടയിൽ കിടക്കുന്നതുകൊണ്ടാണ് അബ്രാഹ്മണ പൂജാരി നിയമനം ഉൾപ്പെടെയുള്ള പുരോഗമന നടപടികളോട് ചതുർത്ഥി കാട്ടുന്നത്.

ഏത് പ്രായത്തിലുള്ള സ്ത്രീക്കും മല ചവിട്ടാമെന്നും പരമോന്നതകോടതിയുടെ വിധിയുടെ ബലത്തിൽ രാജ്യത്തെ സ്ത്രീകളെല്ലാം ഈ മണ്ഡലകാലം മുതൽ കെട്ടുകെട്ടി ഇറങ്ങുമെന്നും ധരിക്കരുത്. ആചാരവും വിശ്വാസവും കോടതി വിധിക്കപ്പുറം സ്വാധീനം ചെലുത്തുന്നവരെ സംബന്ധിച്ചിടത്തോളം കീഴ്‌വഴക്കം തുടരാനാകും ഇഷ്ടപ്പെടുക. ഗതാഗത സംവിധാനങ്ങളും മറ്റു സൗകര്യങ്ങളും ഒട്ടും ഇല്ലാതിരുന്ന കാലത്ത് സ്ത്രീകൾ മാത്രമല്ല, പുരുഷന്മാർ പോലും വിരളമായേ ശബരിമല യാത്രയ്ക്ക് ഒരുങ്ങുമായിരുന്നുള്ളൂ. ടൗൺഷിപ്പായി വളർന്നതോടെയാണ് തിക്കും തിരക്കുമേറിയത്. അപ്പോൾ സ്ത്രീസാന്നിദ്ധ്യം അധികാരികൾക്ക് വലിയ സാദ്ധ്യതയായി തോന്നിയതിൽ അതിശയിക്കാനില്ല. പ്രായവിലക്ക് അതിന് നല്ലൊരു മറയുമായിട്ടുണ്ടാകണം. കോടതി വിധിയുടെ പശ്ചാത്തലത്തിൽ തീർത്ഥാടനകാലത്ത് സ്ത്രീജനങ്ങൾക്കായി പ്രത്യേക സുരക്ഷ ഒരുക്കാനുള്ള ചുമതലകൂടി അധികൃതരിൽവന്നുചേരുകയാണ്. പമ്പയിൽ സ്ത്രീകളെ തടയാൻ പൊലീസിനെ വിന്യസിക്കുന്ന പ്രാകൃതമുറ കോടതി വിധിയോടെ ഇല്ലാതാകുകയാണ്. ഭയാശങ്ക കൂടാതെ തന്നെ ഭക്തകൾക്ക് ആഗ്രഹമുള്ളപക്ഷം ഇനി അയ്യപ്പനെ കണ്ടുതൊഴാൻ പൂർണ സ്വാതന്ത്ര്യമുണ്ട്. കാലത്തിനുനിരക്കാത്ത ഒരു ആചാരംകൂടി ഇല്ലാതാവുന്നതിൽ മനംനിറയെ ആഹ്ളാദിക്കാം. സ്ത്രീകളുടെ അന്തസും ആത്മാഭിമാനവും മാനംമുട്ടെ ഉയർത്തുന്ന വിധികൂടിയാണിത്.

# ഉറപ്പുവരുത്താം ഹൃദയാരോഗ്യ ജീവിതശൈലി



▸ഡോ. സി.ജി.ബാഹുലേയൻ




## ഇന്ന് ലോക ഹൃദയദിനം

ഹൃദ്രോഗികളുടെ എണ്ണം കേരളത്തിൽ വലിയ തോതിൽ വർദ്ധിച്ചുവരുന്നു. എന്താണ് ഇതിന് പരിഹാര മാർഗം. ലോക ഹൃദയദിനത്തിൽ കേരളത്തിലെ പ്രശസ്ത ഹൃദയ ചികിത്സാ വിദഗ്ദ്ധൻ ഡോ. സി.ജി. ബാഹുലേയൻ 'കേരളകൗമുദി'യോട് സംസാരിച്ചു.

### രോഗം വരാതിരിക്കാൻ

രോഗം വരാനുള്ള റിസ്ക് ഘടകങ്ങൾ നിയന്ത്രിച്ച് ആരോഗ്യകരമായ ജീവിതരീതി പുലർത്തിയാൽ ഹൃദ്രോഗം വരാതെ സൂക്ഷിക്കാനാകും.

റിസ്ക് ഘടകങ്ങൾ രക്തസമ്മർദ്ദം, പ്രമേഹം, കൊളസ്ട്രോൾ എന്നിവയാണ്. കൊളസ്ട്രോളിൽ പ്രത്യേകിച്ചും എൽ.ഡി.എൽ ലെവൽ പരിപൂർണമായും നിയന്ത്രിച്ച് നിറുത്തണം. ടോട്ടൽ കൊളസ്ട്രോൾ 220 ഒക്കെയുള്ളവർ കുഴപ്പമില്ലെന്ന് സ്വയം നിഗമനത്തിൽ എത്തും. അത് ശരിയല്ല. അപകടകാരിയായ എൽ.ഡി.എൽ കൊളസ്ട്രോളിന്റെ അളവ് പ്രത്യേകം ശ്രദ്ധിക്കണം. നൂറിൽ (മില്ലിഗ്രാം പെർസെന്റ്) നിറുത്തുന്നതാണ് അഭികാമ്യമെങ്കിലും ഒരിക്കൽ ഹൃദ്രോഗം വന്നവർക്ക് 70 ലേക്ക് കുറച്ചുകൊണ്ടുവരണം. പ്രമേഹം കൂടിയുള്ളവരാണെങ്കിൽ 45ലേക്ക് കുറയ്ക്കണം. ചുരുക്കത്തിൽ പറഞ്ഞാൽ 'ഹാർട്ട് ഹെൽത്തി ലൈഫ് സ്റ്റൈൽ' അഥവാ ഹൃദയാരോഗ്യം സംരക്ഷിക്കുന്ന ജീവിതശൈലി വേണം അനുകരിക്കേണ്ടത്.

### ആഹാര ക്രമീകരണം

കൊഴുപ്പ് കൂടിയ ഭക്ഷണ പദാർത്ഥങ്ങൾ എത്ര മാത്രം ഒഴിവാക്കുന്നോ, അത് ഹൃദയാരോഗ്യത്തിന് ഉത്തമമായിരിക്കും. അമിത ഭക്ഷണം പൂർണമായും ഒഴിവാക്കണം. അമിത ഭക്ഷണം കഴിക്കുന്ന ഒരു സ്വഭാവം മലയാളികൾക്കുണ്ട്. അത് ഒട്ടും നന്നല്ല. മിതമായ ഭക്ഷണക്രമം നിർബന്ധമായും പാലിച്ചിരിക്കണം. മാംസാഹാരത്തിലേക്കു പോകുന്നതിനു പകരം പച്ചക്കറി, മത്സ്യ വിഭവങ്ങൾ എന്നിവ കഴിക്കുന്നത് നന്നായിരിക്കും.

### ചോറ് ഉപേക്ഷിക്കേണ്ട

കാർബോഹൈഡ്രേറ്റ് നിയന്ത്രിക്കുന്നത് നല്ലതാണെങ്കിലും പൂർണമായി ഒഴിവാക്കേണ്ട കാര്യമില്ല. ചോറ് പൂർണമായി ഒഴിവാക്കണോയെന്ന് ചോദിക്കുന്നവരുണ്ട്. അരിയാഹാരം വേണ്ടെന്നു വയ്ക്കേണ്ടതില്ല. നമ്മുടെ നാട്ടിൽ ലഭിക്കുന്ന അരിയും വടക്കേ ഇന്ത്യയിൽ ലഭിക്കുന്ന അരിയും തമ്മിൽ വ്യത്യാസമുണ്ട്. ഇവിടുത്തേത് അത്ര കുഴപ്പമുള്ള അരിയല്ല, എന്നു പറഞ്ഞ് ചോറ് വലിച്ചുവാരി തിന്നുന്ന ശീലം ഉപേക്ഷിക്കുക തന്നെ വേണം. നേരത്തെ സൂചിപ്പിച്ചതുപോലെ കുറഞ്ഞ അളവിൽ കഴിക്കാം. ഇടയ്ക്കിടെ കൊളസ്ട്രോളിന്റെ അളവ് പരിശോധിക്കുകയും വേണം.

### എണ്ണ കുറയ്ക്കണം

എണ്ണയുടെ ഉപയോഗം പരമാവധി നിയന്ത്രിക്കണം. രക്തത്തിലെ എൽ.ഡി.എൽ കൊളസ്ട്രോളിന്റെ അളവ് കുറഞ്ഞിരിക്കാൻ ഇത് അത്യന്താപേക്ഷിതമാണ്. വെളിച്ചെണ്ണയുടെ ഉപയോഗത്തെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ തുടരുകയാണല്ലോ. വെളിച്ചെണ്ണയെക്കാൾ മിക്സഡ് ഓയിൽ ഉപയോഗിക്കുന്നതായിരിക്കും നല്ലത്.

### വ്യായാമം

മുടങ്ങാതെ വ്യായാമം ചെയ്യുന്നത് ഹൃദയാരോഗ്യത്തിനു മാത്രമല്ല സമ്പൂർണ ആരോഗ്യത്തിനു തന്നെ ഗുണം ചെയ്യും. പതിവായി വ്യായാമം ചെയ്യുന്നത് ഒരു ശീലമാക്കണം. എളുപ്പം ചെയ്യാവുന്ന വ്യായാമം നടത്തം തന്നെയാണ്. ഓട്ടം, നീന്തൽ ഇവയൊക്കെ ഗുണകരമാണെങ്കിലും നടക്കുന്നതായിരിക്കും എളുപ്പം. 20 മിനിട്ട് മുതൽ 30 മിനിട്ട് വരെ നടന്നാൽ മതി. അതായത് അരമണിക്കൂറിൽ രണ്ടുകിലോമീറ്റർ ദൂരം നടക്കുക. അമിത വേഗം ആവശ്യമില്ല. നടത്തത്തിനൊടുവിൽ അല്പം വിയർക്കണം, ഹാർട്ട് റേറ്റ് ഉയരണം. ആഴ്ചയിൽ അഞ്ചു ദിവസം മുടങ്ങാതെ നടന്നാൽ മതി. എക്സിക്യൂട്ടീവുകളാണെങ്കിൽ യാത്ര ചെയ്യുമ്പോൾ താമസസ്ഥലത്തുതന്നെ അത് മുടങ്ങാതെ ചെയ്യണം. ഹോട്ടലുകളിലും മറ്റും ട്രെഡ്മിൽ ഒക്കെ കാണുമല്ലോ. വ്യായാമം മുടക്കരുത്.

### മദ്യപാനം

മദ്യപാനം ഹൃദയത്തിന് ഒട്ടും ഗുണകരമല്ലെന്നാണ് പുതിയ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. നേരത്തെ പറയാറുണ്ട് ഒന്നോ ഒന്നര പെഗ്ഗോ കഴിക്കുന്നത് ഹൃദയത്തിനു ഗുണം ചെയ്യുമെന്ന്. എന്നാൽ അച്ചടക്ക രീതിയിൽ മദ്യം ഉപയോഗിക്കുന്ന സ്വഭാവം ആർക്കുമില്ല. ഒന്നോ രണ്ടോ പെഗിൽ നിറുത്തുന്ന സ്വഭാവവും മലയാളിക്കില്ല. ഒടുവിൽ അത് അഡിക്ഷനാകും. മദ്യത്തിന്റെ അമിതമായ ഉപയോഗം ഏറ്റവും വലിയ റിസ്ക് ഫാക്ടറാണ്. പ്രമേഹവും രക്തസമ്മർദ്ദവും ഉള്ളവർ മദ്യം കഴിക്കുമ്പോൾ അപകട സാദ്ധ്യത വർദ്ധിക്കുകയാണ്.

പ്രമേഹവും രക്തസമ്മർദ്ദവും നിയന്ത്രിച്ചു നിറുത്തണം. നിർഭാഗ്യവശാൽ കേരളത്തിൽ പ്രമേഹരോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയാണ്. ഇക്കാര്യത്തിൽ സാമ്പത്തികമായ വലിപ്പച്ചെറുപ്പമില്ലതാനും. പ്രമേഹവും രക്തസമ്മർദ്ദവും ഹൃദ്രോഗത്തിലേക്കുള്ള വഴി തുറക്കുകയും ദൂരം കുറയ്ക്കുകയും ചെയ്യുന്നു.

### അറ്റാക്ക് വന്നശേഷം

ഒരിക്കൽ ഹാർട്ട് അറ്റാക്ക് വന്നവർക്ക് മൂന്നോ - നാലോ വർഷത്തിനുള്ളിൽ രണ്ടാമത് വരാനുള്ള സാദ്ധ്യതയുണ്ട്. ഒരിക്കൽ അറ്റാക്ക് വരാത്ത വ്യക്തിയെക്കാൾ കൂടുതൽ സാദ്ധ്യതയാണ് ഒരിക്കൽ വന്നവർക്കുള്ളത്. അതിനാൽ പ്രത്യേക ശ്രദ്ധ വേണം.

> പൂർണ ആരോഗ്യവാനായിരിക്കുക. ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് ആവശ്യമായ ജീവിതശൈലി പാലിക്കുക. ഈ ഹൃദയ ദിനത്തിൽ അത്തരം കാര്യങ്ങളാണ് ഓർമ്മിപ്പിക്കാനുള്ളത്

ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ കൃത്യമായി മുടങ്ങാതെ കഴിക്കണം. കൊളസ്ട്രോൾ ലെവൽ പ്രത്യേകിച്ചും എൽ.ഡി.എൽ കൊളസ്ട്രോൾ ലെവൽ നിയന്ത്രിച്ചു നിറുത്തണം. മൂന്നോ, ആറോ മാസത്തിലൊരിക്കൽ വീതം കൊളസ്ട്രോൾ ലെവൽ പരിശോധിക്കണം.

പുകവലി പൂർണമായി ഒഴിവാക്കണം. ഒരിക്കൽ ഹൃദ്രോഗം വന്നവർ പുകവലിച്ചാൽ വീണ്ടും രോഗം വരാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കും. ഈ പറഞ്ഞ നിയന്ത്രണങ്ങൾ ഒക്കെ പാലിക്കുകയും ഹൃദയാരോഗ്യ ജീവിതശൈലി ഉറപ്പുവരുത്തുകയും ചെയ്യുന്നവർക്ക് ഒരിക്കൽ ഹൃദ്രോഗം വന്നുവെന്ന പേടിയില്ലാതെ സാധാരണ ജീവിതം നയിക്കാൻ കഴിയും.

ഹൃദ്രോഗം വന്നവർ രോഗവിമുക്തരായാലും ലൈംഗികബന്ധം പാടുണ്ടോയെന്ന ചോദ്യമുണ്ട്. പലരും ഇതേക്കുറിച്ച് ഡോക്ടർമാരുമായി സംസാരിക്കാൻ മടിക്കും. ഓരോരുത്തരുടെയും ആരോഗ്യസ്ഥിതി വ്യത്യസ്തമായിരിക്കുമെന്നതിനാൽ ഡോക്ടറോട് ഇക്കാര്യം തുറന്നു സംസാരിക്കുക തന്നെ വേണം. മരുന്ന് കഴിക്കുകയും ആരോഗ്യം നിലനിറുത്തുകയും ചെയ്യുന്ന ഒരാൾക്ക് ഒരിക്കൽ രോഗം വന്നുവെന്ന പേരിൽ ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നതിന് തടസമില്ല.

പൂർണാരോഗ്യവാനായിരിക്കുക. ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനാവശ്യമായ ജീവിതശൈലി പാലിക്കുക. ഈ ഹൃദയ ദിനത്തിൽ അത്തരം കാര്യങ്ങളാണ് ഓർമ്മിപ്പിക്കാനുള്ളത്.

*(പ്രശസ്ത കാർഡിയോളജിസ്റ്റും തിരുവനന്തപുരം അനന്തപുരി ആശുപത്രിയിലെ കാർഡിയോവാസ്കുലർ സെന്ററിന്റെ ചെയർമാനുമാണ് ലേഖകൻ)*

വി.എസ്. രാജേഷിനോട് പറഞ്ഞത്

# ഭീതി വേണ്ട, തിരിച്ചു പിടിക്കാം



▸ഡോ. സി.മോഹൻകുമാർ

തികച്ചും അപ്രതീക്ഷിതമായിരുന്നു കേരളത്തിലെ പ്രളയം. ഓഖി തന്ന മുറിവും വേദനയും മാറുന്നതിനുമുമ്പ് വീണ്ടും ഒരാഘാതം. നാന്നൂറിലധികം മനുഷ്യ ജീവൻ പൊലിഞ്ഞു. നഷ്ടമായ ജൈവസമ്പത്ത് വേറെയും. കേരളം മുഴുവൻ ഭയന്നു വിറച്ചു. വില്ലനായ മഴയെ ആളുകൾ പഴിച്ചു.

വിളിക്കാത്ത അതിഥിയെപ്പോലെ കേരളത്തിലെത്തി എന്നും അസ്വസ്ഥത ഉണ്ടാക്കുന്ന ഒരു സുഹൃത്തായിരുന്ന മൺസൂൺ മഴ. അതൊരിക്കലും കേരളത്തെ ശവപ്പറമ്പാക്കിയിട്ടില്ല. പക്ഷേ സത്യത്തെ വിദൂരത്തിൽ നിറുത്തി വീണ്ടും മഴയെ പഴിക്കുമ്പോൾ ഒന്നോർക്കുക പ്രകൃതി ദഹിപ്പിക്കുന്ന അഗ്നിയാണ്. സത്യം, കാലം തെളിയിക്കട്ടെ.

ഭൗതികവും സാമ്പത്തികവും സാമൂഹികവുമായി തകർന്ന കേരളത്തെ പുനരുജ്ജീവിപ്പിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. വേണ്ടത് മുൻവിധികളില്ലാത്ത കൂട്ടായ്മയും. ഭീമമായ നഷ്ടത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ കേട്ട് ഭയന്നോടാൻ നമുക്ക് മനസില്ലെന്ന് ലോകത്തെ അറിയിക്കാൻ ഒരു ഉയിർത്തെഴുന്നേല്പ് കേരളത്തിന് ആവശ്യമാണ്. ഒരു നവകേരളം എങ്ങനെ സഫലമാക്കാം? ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

■ സാമ്പത്തിക സഹായം കണ്ടെത്തുക എന്നതുപോലെതന്നെ പ്രധാനമാണ് അത് കാര്യക്ഷമമായി ക്രിയാത്മക രീതിയിൽ ഉപയോഗിക്കുകയെന്നത്. അതുമല്ല, കഷ്ടതയനുഭവിക്കുന്ന ഇരകൾക്ക് അർഹിക്കുന്ന രീതിയിൽ പണം കൊടുക്കുകയും വേണം. ആയതിനാൽ ഉദ്യോഗസ്ഥരുടെ പ്രവർത്തനത്തിലും രാഷ്ട്രീയ ഇടനിലക്കാരുടെ കൈകടത്തലുകൾക്കും സർക്കാർ പ്രത്യേക നിയന്ത്രണം ഏർപ്പെടുത്തണം.

■ കേരളത്തിലെ പ്രളയക്കെടുതിയിൽ ഇരകളായ വ്യക്തികളുടെ സമഗ്രമായ ഒരു ലിസ്റ്റ് ഗവൺമെന്റ് പൊതുജനങ്ങൾക്കായി പ്രസിദ്ധപ്പെടുത്തണം. ഇരകൾക്ക് സർക്കാർ ചെയ്തു കൊടുക്കുന്ന ദുരിതാശ്വാസ ധനസഹായങ്ങൾ അർഹിക്കുന്ന രീതിയിൽ ലഭിച്ചോയെന്ന് പൊതുജനങ്ങൾക്ക് അറിയാൻ വേണ്ടിയാണിത്. കൂടാതെ ദുരിതാശ്വാസ പ്രവർത്തനം സുതാര്യമാണോയെന്നറിയാൻ ഭരണാധികാരികൾക്ക് സാധിക്കുകയും ചെയ്യും.

■ പ്രളയ ദുരന്തത്തിന്റെ കാരണം ഇപ്പോഴും അവ്യക്തമായി നിൽക്കുന്ന സ്ഥിതിക്ക് കേരളത്തിലെ ചെറുതും വലുതുമായ എല്ലാ ഡാമുകളുടെയും മുഴുവൻ പ്രവർത്തനവും ഏകോപിപ്പിച്ച് വ്യക്തമായ സാങ്കേതിക പരിജ്ഞാനമുള്ള ഒരു വിദഗ്ദ്ധ കമ്മിറ്റിയെ ഏൽപ്പിക്കുകയും അതിന്റെ ചുമതല മുഖ്യമന്ത്രിയുടെ പൂർണ മേൽനോട്ടത്തിലുള്ള ഒരു ഡാം സംരക്ഷണ സെൽ ആക്കി മാറ്റുകയും വേണം.

■ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെയും ജലസേചന വകുപ്പിനെയും കേരളത്തിലെ മുഴുവൻ ഡാമിന്റെയും ഭരണപരമായും സാങ്കേതികവുമായ എല്ലാ പ്രവർത്തനത്തിൽ നിന്നും മാറ്റി നിറുത്തുകയും ഡാം സംരക്ഷണ സെല്ലിന്റെ നിയന്ത്രണത്തിൽ കെ.എസ്.ഇ.ബിക്ക് ഡാമിലെ ജലം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള അനുവാദം കൊടുക്കുകയും വേണം.

■ കേരളത്തിന്റെ ജനസാന്ദ്രത മുൻനിറുത്തി ജലസ്രോതസ് ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സാങ്കേതികവിദ്യ ഘട്ടംഘട്ടമായി നിറുത്തലാക്കുകയും മറ്റ് ഊർജ്ജ സ്രോതസുകളെ പ്രായോഗികമായി ഉപയോഗിക്കാനുള്ള ആധുനിക സാങ്കേതിക പരിജ്ഞാനം കേരളം ഉൾക്കൊള്ളുകയും നടപ്പിലാക്കുകയും വേണം.

■ കേരളത്തിലെ ഡാമുകളുടെ പഴക്കത്തെ അടിസ്ഥാനമാക്കി അതിന്റെ ജല സംഭരണശേഷി അപകട മേഖലയ്ക്ക് താഴെ, ജനങ്ങൾക്ക് ഭീതി ഉണ്ടാകാത്ത രീതിയിൽ നിജപ്പെടുത്തുക. സംഭരണശേഷിയെ യഥാക്രമം വിലയിരുത്തി ജലം തുറന്നുവിടുക. അത് നമ്മുടെ കൃഷിയെ പരിപോഷിപ്പിക്കുകയും ചെയ്യും.

■ ഇനി ഒരിക്കലും ഇതുപോലെയുള്ള പ്രളയം ഉണ്ടാകാതിരിക്കാനുള്ള നടപടിയെന്നനിലയിൽ ഡാം പ്രൊട്ടക്ടീസ് സെൽ എല്ലാ വർഷവും മൺസൂൺ മഴയ്ക്ക് മുമ്പ് ഡാമിന്റെ സംഭരണശേഷിയെക്കുറിച്ചും ജലത്തിന്റെ അളവിനെക്കുറിച്ചും ഉള്ളവിവരങ്ങൾ പരസ്യപ്പെടുത്തി ജനങ്ങളെ അറിയിക്കണം. ഒരൊറ്റ ഡാമും (ചെറുതും വലുതും) ഡാം പ്രൊട്ടക്ടീവ് സെല്ലിന്റെ അനുമതിയില്ലാതെ തുറക്കാൻ ഒരു ഏജൻസിയേയും അനുവദിക്കരുത്.

■ കേരളത്തിന്റെ ഡാമായ മുല്ലപ്പെരിയാറിന്റെ ഭരണപരവും സാങ്കേതികവുമായ പ്രവർത്തനത്തിന്റെ പരിപൂർണ നിയന്ത്രണം കേരള സർക്കാരിന് മാത്രമുള്ളതാക്കാൻ പറ്റിയ രീതിയിൽ ഡാമിന്റെ നിയമങ്ങൾ ഭേദഗതി ചെയ്യുക. തമിഴ്നാടിന് വെള്ളം കൊടുക്കാൻ കേരളം എപ്പോഴും സന്നദ്ധമാണ്. എങ്കിലും കാലവർഷ സമയത്ത് കേരളത്തിലെ ജനങ്ങൾക്ക് ഉണ്ടാകുന്ന മാനസികവ്യഥ മാറ്റേണ്ടത് അത്യാവശ്യമാണ്.

■ "മലയെ സമീപിക്കുന്ന ഏത് മൃഗമായാലും അതിനെ കല്ലെറിയണം" എന്ന ബൈബിളിലെ പഴയ വചനത്തെ പോലെ കേരളത്തിലെ ഒരു മലയും കുന്നും വെട്ടിനിരത്താൻ കൊടുക്കുകയില്ലെന്ന് രാഷ്ട്രീയത്തിനപ്പുറം സുദൃഢമായ തീരുമാനമെടുക്കാനും അത് പ്രാവർത്തികമാക്കാനും ഗവൺമെന്റിന് കഴിയണം. എല്ലാ ശാസ്ത്രീയ കമ്മിറ്റികളുടെ പഠനങ്ങൾക്കും അപ്പുറം നമ്മുടെ മലയും കുന്നും കേരളത്തിന്റെ മാത്രം തനതായ പ്രകൃതി സമ്പത്താണെന്ന ബോധം വരുംതലമുറയ്ക്ക് ഉണ്ടാക്കി കൊടുക്കണം.

■ പ്രളയക്കെടുതിയിൽ നശിച്ച ദേശീയ പാതകളും അനുബന്ധ പാലങ്ങളും കേന്ദ്ര ഗവൺമെന്റിനെ കൊണ്ട് വളരെ വേഗം ശരിയാക്കാനുള്ള ഒരു മാസ്റ്റർ പ്ലാൻ സമർപ്പിക്കുകയും അതിൽ തീരുമാനമെടുക്കാൻ സമ്മർദ്ദം ചെലുത്തുകയും വേണം. ബാക്കിയുള്ള പ്രാദേശിക റോഡുകളും പാലങ്ങളും പി. ഡബ്ലിയു.ഡിയുടെ മേൽനോട്ടത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ പുതുക്കിപ്പണിയുകയും ശരിയാക്കിയ റോഡിന്റെയും പാലത്തിന്റെയും ഉറപ്പും ബലവും ഒരു കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചിത കാലാവധി വരെ ഉറപ്പു വരുത്തേണ്ടതുമാണ്.

■ തകർന്ന വീടുകൾ പുനർനിർമ്മിക്കുമ്പോൾ, നമ്മുടെ കാലാവസ്ഥയും മണ്ണും മനസിലാക്കിയിട്ടുള്ള ദേശീയ അന്തർദ്ദേശീയ തലത്തിൽ അറിയപ്പെടുന്ന വാസ്തുശില്പികളെ ഏല്പിക്കുക. വീടിന്റെ രൂപകല്പനയിൽ ഒരു ഏകീകൃത ഘടനകൊണ്ടുവന്നാൽ അതൊരു ഓർമ്മപ്പെടുത്തലായി എന്നും നിലനിൽക്കും.

■ ഓഖി ദുരന്തത്തിലും പ്രളയക്കെടുതിയിലും കേരളത്തിലെ മനുഷ്യജീവനെ രക്ഷിച്ച മത്സ്യത്തൊഴിലാളികളെ ഒരുമിപ്പിച്ച് ഒരു ടാസ്ക് ഫോഴ്സിന് രൂപം കൊടുക്കണം. നമ്മുടെ ഫോഴ്സ് പോലെ ഏത് ആപത്ഘട്ടത്തിലും വിളിച്ചാൽ എത്താവുന്ന ഒരു ശക്തിയായി അവരെ മാറ്റണം. തിരിച്ചറിയൽ കാർഡ് നൽകി ടാസ്ക് ഫോഴ്സിൽ ഉൾപ്പെടുത്തുന്നവർക്ക് മാസ ശമ്പളമോ ആനുകൂല്യങ്ങളോ ഒന്നും നൽകേണ്ട. പക്ഷേ ആപത്ഘട്ടത്തിൽ സഹായിക്കുമ്പോൾ അവർക്ക് വേതനവും ഇൻഷ്വറൻസ് പരിരക്ഷയും നൽകണം. ഇത് ഇക്കൂട്ടർക്ക് വലിയൊരു അംഗീകാരവും പ്രോത്സാഹനവും ആയിരിക്കും.

പ്രളയക്കെടുതിയിൽ സർക്കാരിന് പരിപൂർണ പിന്തുണയുമായി കേന്ദ്രവും കേരളത്തിലെ ജനങ്ങളും സന്നദ്ധ സംഘടനകളും ഒന്നിക്കുമ്പോൾ രാഷ്ട്രീയ ചേരിതിരിവും ഇടപെടലുകളും ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം.

*(എസ്.സി.എം.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ബയോടെക്നോളജി ഡയറക്ടറാണ് ലേഖകൻ, ഫോൺ: 9847065069.)*

## വായനക്കാർ പറയുന്നു

www.keralakaumudi.com/letters

### നവകേരള സൃഷ്ടിയിലും പങ്കാളിത്തം ഉറപ്പാക്കണം

അടുത്തിടെ നമ്മൾ നേരിട്ട മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ കേരള ജനത പ്രകടിപ്പിച്ച സഹായ മനസ്കതയും സേവന സന്നദ്ധതയും ലോകത്തിന് തന്നെ മാതൃകയാണ്. സന്മനസുള്ള പതിനായിരങ്ങൾ നൽകിയ സഹായം പാവപ്പെട്ട ജനങ്ങളെ ജീവിതത്തിലേക്ക് തിരികെ എത്തിച്ചുകൊണ്ടിരിക്കുകയാണ്. നവകേരള സൃഷ്ടിക്കായി സർക്കാരിന്റെ നേതൃത്വത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണല്ലോ.

നമ്മുടെ നാടിനെ പുനർനിർമ്മിക്കാനുള്ള പ്രവർത്തനത്തിലും ഏവരുടെയും സഹായം തുടർന്നും ഉറപ്പുവരുത്തേണ്ടതാണ്. ധനശേഷിയുള്ളവർ അതിനനുസരിച്ചും മറ്റുള്ളവർ തങ്ങളുടെ കഴിവു പോലെയും ഈ മഹായജ്ഞത്തിന്റെ ഭാഗമാകാൻ സന്നദ്ധത കാട്ടണം. എങ്കിൽ മാത്രമേ നമുക്ക് നമ്മുടെ നാടിനെ പുനർനിർമ്മിക്കാനാവൂ.

*വൈക്കം പി. ഉദയരാജൻ*
ഫോൺ : 9497522886

## ജനുവരി 8നും 9നും പൊതുപണിമുടക്ക്

ന്യൂഡൽഹി: കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ, രാജ്യവിരുദ്ധ നയങ്ങളിൽ പ്രതിഷേധിച്ച് അടുത്ത വർഷം ജനവരി എട്ടിനും ഒൻപതിനും അഖിലേന്ത്യാ പൊതുപണിമുടക്ക് ഡൽഹിയിൽ നടന്ന പത്ത് കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും ദേശീയ ഫെഡറേഷനുകളുടെയും സംയുക്ത കൺവൻഷൻ തീരുമാനിച്ചു. ബി.എം. എസ്ഒഴികെയുള്ള എല്ലാ ട്രേഡ് യൂണിയനുകളും പണിമുടക്കിൽ പങ്കു ചേരും. ഡിസംബർ 17 മുതൽ 22 വരെ സംയുക്തമായി പണിമുടക്കിന് നോട്ടീസ് നൽകും. മിനിമം വേതനം, സാർവത്രിക സാമൂഹികസുരക്ഷ, സ്വകാര്യവത്കരണം അവസാനിപ്പിക്കൽ എന്നിവയടക്കമുള്ള 12 ആവശ്യങ്ങൾ തള്ളിയതിനെ കൺവെൻഷൻ അപലപിച്ചു.



## ഒക്ടോബർ ഒന്നുവരെ മഴയ്ക്ക് സാദ്ധ്യത

തിരുവനന്തപുരം: തെക്കുപടിഞ്ഞാറൻ കാലവർഷം സംസ്ഥാനത്ത് ദുർബലമാണെങ്കിലും ഒക്ടോബർ ഒന്നുവരെ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ കനത്ത മഴയ്ക്ക് സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണകേന്ദ്രം മുന്നറിയിപ്പ് നൽകി. ഇടുക്കിയിൽ മാത്രം യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴ ഉണ്ടാകുമെന്ന സൂചനകളെ തുടർന്നാണിത്. തിരുവനന്തപുരം ഉൾപ്പെടെയുള്ള നാല് തെക്കൻ ജില്ലകളിൽ ശക്തമായ ഇടിമിന്നലുമുണ്ടാകും.

കേരള തീരത്തും ലക്ഷദ്വീപിലും ഇരുപത് സെക്കൻഡ് വരെ നീണ്ടുനിൽക്കുന്ന ഒന്നരമീറ്റർ വരെ ഉയരമുള്ള ശക്തമായ തിരയിളക്കത്തിന് സാദ്ധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകി.

# ജി.എസ്.ടി സെസ്: മന്ത്രിതല ഉപസമിതി തീരുമാനിക്കും

സ്വന്തം ലേഖകൻ




ന്യൂഡൽഹി: കേരളത്തിലെ പ്രളയ പുനർനിർമ്മാണത്തിന് ഫണ്ട് സമാഹരിക്കാൻ ജി.എസ്.ടിയിൽ സെസ് ഏർപ്പെടുത്തുന്നത് പരിശോധിക്കാൻ ജി.എസ്.ടി കൗൺസിൽ യോഗം ഏഴംഗ മന്ത്രിതല ഉപസമിതിക്ക് രൂപം നൽകി. മലയോര, തീരദേശ, വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ ഏഴ് ധനമന്ത്രിമാർ അടങ്ങിയ സമിതി സെസിന്റെ ഘടന, തുക എത്ര, പിരിക്കേണ്ട വിധം എന്നിവ പഠിച്ച് റിപ്പോർട്ട് നൽകുമെന്ന് യോഗത്തിന ശേഷം കേന്ദ്ര ധനമന്ത്രി അരുൺ ജയ്റ്റ്ലി പറഞ്ഞു.

കേരളത്തിനായുള്ള സെസിനെ യോഗത്തിൽ എല്ലാ സംസ്ഥാനങ്ങളും പിന്തുണച്ചതായി ധനമന്ത്രി തോമസ് ഐസക് പറഞ്ഞു. കേരളത്തിൽ നിന്ന് മാത്രം സെസ് പിരിക്കുന്നത് ഉചിതമല്ലെന്നും മറ്റ് സംസ്ഥാനങ്ങളിലെ ധനമന്ത്രിമാർ ചൂണ്ടിക്കാട്ടി.

അടിയന്തര ഘട്ടങ്ങളിൽ സംസ്ഥാനത്തെ സഹായിക്കാൻ സെസ് പിരിക്കുന്നതിന് ഭരണഘടനയുടെ 279-ാം വകുപ്പിൽ വ്യവസ്ഥകളുണ്ടെന്ന് കേന്ദ്ര ധനമന്ത്രി അറിയിച്ചു. അഖിലേന്ത്യാ സെസ്, അല്ലെങ്കിൽ ചില ഉൽപന്നങ്ങൾക്ക് മാത്രമായി സെസ് എന്നിവ ഉപസമിതി ചർച്ച ചെയ്യും. ചില ഉൽപന്നങ്ങൾക്ക് സെസ് എന്നു തീരുമാനിച്ചാൽ അവ ഏതൊക്കെയെന്നും നിശ്ചയിക്കും.

ആഡംബര കാറുകൾക്കും മറ്റും സെസ് ഈടാക്കണമെന്ന് നിർദ്ദേശമുണ്ട്. ഇതെല്ലാം അടങ്ങിയ ഫോർമുലയാകും സമിതി തയ്യാറാക്കുക.

ചില ഉൽപന്നങ്ങളെ 28 ശതമാനം നികുതിയുടെ സ്ലാബിനു താഴെയാക്കിയതിലൂടെ സംസ്ഥാനങ്ങളുടെ വരുമാനം കുറഞ്ഞതിന്റെ നഷ്ടപരിഹാരം തീരുമാനിക്കണമെന്ന് കേരളം നിർദ്ദേശിച്ചു. നഷ്ടമുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി കൗൺസിൽ സെക്രട്ടറി സന്ദർശിക്കുമെന്ന് അരുൺ ജയ്റ്റ്ലി അറിയിച്ചു. ജി.എസ്.ടിയിലെ വെട്ടിപ്പ് കേസുകളിൽ 179 കോടി രൂപ പിഴ ഈടാക്കിയിട്ടുണ്ട്. കേരളത്തിൽ 242 കേസുകളാണ് തീർപ്പാക്കാനുള്ളത്.

# കെ.എസ്.ആർ.ടി.സി പ്രശ്ന പരിഹാരത്തിന് സി.പി.എം

## ■ 30ന് മന്ത്രിതല ചർച്ച

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സിയിൽ ട്രേഡ്‌യൂണിയനുകൾ ഒക്ടോബർ രണ്ട് മുതൽ പണിമുടക്ക് പ്രഖ്യാപിച്ചിരിക്കെ, സംഘടനകളുയർത്തുന്ന പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാൻ സി.പി.എമ്മിന്റെ നിർദ്ദേശം.

ഇടതുമുന്നണി നേതൃത്വം ഇക്കാര്യത്തിൽ കൂടിയാലോചന നടത്താനും യൂണിയൻ പ്രതിനിധികളുമായി മന്ത്രിതല ചർച്ച നടത്തി പ്രശ്നപരിഹാരമുണ്ടാക്കാനുമാണ് ഇന്നലെ ചേർന്ന സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് നിർദ്ദേശിച്ചത്.

ഇതേത്തുടർന്ന് എൻ.സി.പി പ്രതിനിധിയായ മന്ത്രി എ.കെ. ശശീന്ദ്രനുമായി മുഖ്യമന്ത്രി പിണറായി വിജയനും സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനും ആശയവിനിമയം നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ 30ന് യൂണിയൻ പ്രതിനിധികളുമായി മന്ത്രി ചർച്ച നടത്തും.

കെ.എസ്.ആർ.ടി.സി എം.ഡി ടോമിൻ തച്ചങ്കരിക്കെതിരെയാണ് യൂണിയനുകൾ കക്ഷിഭേദമെന്യേ രംഗത്തുള്ളത്. എന്നാൽ എം.ഡിയെ മാറ്റണമെന്ന ആവശ്യമൊന്നും യൂണിയൻ നേതൃത്വങ്ങൾ ഉന്നയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അവരെ വിശ്വാസത്തിലെടുത്തുള്ള ചർച്ച സർക്കാർതലത്തിൽ വേണമെന്ന അഭിപ്രായമാണ് യോഗത്തിലുണ്ടായത്.

### ശശി വിഷയം വന്നില്ലെന്ന് സൂചന

ഷൊർണൂർ എം.എൽ.എ പി.കെ. ശശിക്കെതിരെ ഉയർന്ന ലൈംഗിക പീഡനപരാതിയിൽ മന്ത്രി എ.കെ. ബാലനും പി.കെ. ശ്രീമതിയും ഉൾപ്പെട്ട പാർട്ടി അന്വേഷണ കമ്മിഷൻ റിപ്പോർട്ട് ഇന്നലെ സി.പി.എം സെക്രട്ടേറിയറ്റിന് മുന്നിലെത്തിയില്ല. കമ്മിഷൻ നടപടികൾ പൂർത്തിയാക്കിയിട്ടില്ലെന്ന് പാർട്ടി നേതൃത്വത്തെ അറിയിച്ചതായാണ് വിവരം. നാളെയും മറ്റന്നാളും സംസ്ഥാനകമ്മിറ്റി യോഗം ചേരുന്നുണ്ടെങ്കിലും ഈ യോഗത്തിലും കമ്മിഷൻ റിപ്പോർട്ട് എത്തുമോയെന്നതിൽ ഉറപ്പില്ലാത്ത സ്ഥിതിയാണ്. കൂടുതൽ പരാതികളും തെളിവുകളും ശശിയുടേതായും ശശിക്കനുകൂലമായും പ്രതികൂലമായും ഉള്ള വാദഗതികളും കമ്മിഷന് ലഭിച്ച സാഹചര്യത്തിൽ കൂടുതൽ പരിശോധന ആവശ്യമുണ്ടെന്നാണ് പാർട്ടിവൃത്തങ്ങളിൽ നിന്നറിയുന്നത്.

## കേരളയിലെ വിദൂര വിദ്യാർത്ഥികളിൽ നിന്ന് നിർബന്ധിത പണപ്പിരിവ്

തിരുവനന്തപുരം: കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ വിദ്യാർത്ഥികളിൽ നിന്ന് നിർബന്ധിത പണപ്പിരിവ്. പ്രവേശനം തേടിയെത്തുന്ന വിദ്യാർത്ഥികളിൽ നിന്ന് 50 രൂപ വച്ചാണ് പിരിച്ചെടുക്കുന്നത്. ഒരു ലക്ഷം രൂപ ടാർജറ്റ് നിശ്ചയിച്ചാണ് പണിപ്പിരിവെന്ന് വിദ്യാർത്ഥികൾ പറയുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കേരള സർവകലാശാല പണം സ്വരൂപിച്ച് നൽകിയിരുന്നു. ഇതിലേക്ക് വിദൂരവിദ്യാഭ്യാസ വിഭാഗം ഒരു ലക്ഷം രൂപ നൽകിയിരുന്നു. ഈ തുക പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്ന് പിരിച്ചെടുക്കാൻ തീരുമാനിക്കുകയായിരുന്നു. നിർബന്ധിത പണപ്പിരിവിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും എതിർപ്പുണ്ടെങ്കിലും പ്രകടിപ്പിച്ചാൽ ഭാവിയിൽ ബാധിക്കുമെന്ന ഭയത്തിലാണ്.

സാലറി ചാലഞ്ചിൽ വിസമ്മത പത്രം നൽകിയ സർക്കാർ ജീവനക്കാർക്ക്നേരെ സ്ഥലംമാറ്റവും ഭീഷണിയും വ്യാപകമാകുന്നതിനിടെയാണ് സർവകലാശാലയിൽ പണപ്പിരിവ് നടത്തുന്നത്. എന്നാൽ നിർബന്ധിത പണപ്പിരിവ് നടത്തിയിട്ടില്ലെന്ന് ഡയറക്ടറുടെ ചുമതലയുള്ള ഡോ. സീനത്ത് പറഞ്ഞു.

സർവകലാശാലയുടെ പ്രളയദുരിതാശ്വാസ വിഹിതത്തിലേക്ക് ഒരു ലക്ഷം രൂപ പൂർവവിദ്യാർത്ഥി ഫണ്ടിൽ നിന്ന് നൽകിയിരുന്നെന്നും ഇതാണ് വിദ്യാർത്ഥികളിൽ നിന്ന് പിരിക്കുന്നതെന്നും ഡോ. സീനത്ത് പറഞ്ഞു.

## പ്രണയാഭ്യർത്ഥന നിരസിച്ച 15കാരിയെ ബംഗാൾ സ്വദേശി കുത്തിക്കൊന്നു

തിരൂർ: പ്രണയാഭ്യർത്ഥന നിരസിച്ചതിന് ബന്ധുവായ പതിനഞ്ചുകാരിയെ ഇതരസംസ്ഥാന തൊഴിലാളി കുത്തിക്കൊന്നു. കൊൽക്കത്ത സ്വദേശി സാത്തി ബീവിയുടെ മകൾ സാമിന കാത്തുൺ ആണ് മരിച്ചത്. പെൺകുട്ടിയുടെ പിതാവിന്റെ ബന്ധുവായ സാദത്ത് ഹൈസെനെ(22) നാട്ടുകാർ പിടികൂടി പൊലീസിലേൽപ്പിച്ചു.

ഇന്നലെ ഉച്ചയ്ക്ക് 12ഓടെ തൃക്കണ്ടിയൂർ വിഷ്ണുപാടത്താണ് സംഭവം. സാമിനയുടെ കുടുംബത്തിനൊപ്പമാണ് സാദത്ത് ഹൈസെനും താമസിച്ചിരുന്നത്. സാദത്ത് ഹൈസെൻ നിരവധി തവണ പെൺകുട്ടിയോട് പ്രണയാഭ്യർത്ഥന നടത്തിയിരുന്നു. പെൺകുട്ടി ഇത് നിരസിച്ചു. ഇതിനിടെ പെൺകുട്ടിയുടെ വിവാഹം കോഴിക്കോട്ടുള്ള യുവാവുമായി ഉറപ്പിച്ചു. ഇന്നലെ വീട്ടിലുള്ളവർ ജോലിക്കു പോയ സമയത്ത് മദ്യപിച്ചെത്തിയ സാദത്ത് പെൺകുട്ടിയോട് വീണ്ടും വിവാഹാഭ്യർത്ഥന നടത്തുകയും നിശ്ചയിച്ച വിവാഹത്തിൽ നിന്നും പിൻമാറാൻ ആവശ്യപ്പെടുകയും ചെയ്തു. ഇത് നിരസിച്ചതിൽ പ്രകോപിതനായ പ്രതി കത്തികൊണ്ട് പെൺകുട്ടിയെ കുത്തി. പ്രതി രക്ഷപ്പെടുന്നതിനിടെ സംശയം തോന്നിയ നാട്ടുകാർ പിടികൂടി ചോദ്യം ചെയ്തപ്പോഴാണ് സംഭവം പുറത്തറിഞ്ഞത്. ചോരയിൽ കുളിച്ചു കിടന്ന പെൺകുട്ടിയെ ജില്ലാ ആശുപത്രിയിലേക്കും കോഴിക്കോട് മെഡിക്കൽ കോളേജിലേക്കും കൊണ്ടുപോകുന്ന വഴി മരണം സംഭവിക്കുകയായിരുന്നു. പ്രതിയെ പൊലീസ് അറസ്റ്റ് ചെയ്തു.



*പ്രതിയെ നാട്ടുകാർ പിടികൂടി കെട്ടിയിട്ടപ്പോൾ*

## പ്രളയനഷ്ടം കാണാൻ കണ്ണുകളെന്തിന്!

തിരുവനന്തപുരം: ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദ ബ്ലൈൻഡ് ഇൻ കേരളയ്ക്കു സർക്കാർ നൽകിവരുന്ന പത്ത് ലക്ഷം രൂപയുടെ ഗ്രാന്റ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിക്കാനാവശ്യപ്പെട്ട് അസോസിയേഷൻ ഭാരവാഹികൾ ധനകാര്യമന്ത്രിക്ക് കത്ത് നൽകി. സങ്കുചിതരാഷ്ട്രീയത്തിന്റെ പീളകെട്ടിയ കണ്ണുകൾ സാലറി ചലഞ്ചിനെതിരെ ഇറുക്കിയടച്ചവർ അന്ധ ക്രിക്കറ്റർമാർക്ക് മുന്നിൽ മുട്ടിൽനിന്ന് മാപ്പിരക്കണമെന്ന് ധനകാര്യമന്ത്രി തോമസ് ഐസക് ഫേസ്ബുക്കിൽ കുറിച്ചു. തങ്ങൾക്കു ലഭിച്ച ധനസഹായമൊന്നാകെ സംഘടന ദുരിതാശ്വാസത്തിനും പുനർനിർമ്മാണത്തിനുമായി നീക്കിവയ്ക്കാൻ തയ്യാറാകുന്നതിന്റെ മാനം വളരെ വലുതാണെന്നും തോമസ് ഐസക് പറഞ്ഞു.

## സെക്രട്ടേറിയറ്റിൽ സാലറി ചലഞ്ചിന് പിന്നാലെ പഞ്ചിംഗ് ചലഞ്ച്




തിരുവനന്തപുരം: സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ശമ്പളം പഞ്ചിംഗ് അടിസ്ഥാനത്തിലാക്കി സർക്കാർ ഉത്തരവിറക്കി. ഇതുവരെ ഹാജർബുക്ക് നോക്കിയായിരുന്നു ശമ്പളബിൽ തയ്യാറാക്കിയിരുന്നത്.

അതിന് ഫുൾസ്റ്റോപ്പിട്ടു. പഞ്ചിംഗ് അടിസ്ഥാനത്തിൽ ശമ്പളബിൽ തയ്യാറാക്കുന്നതോടെ വൈകി ഓഫീസിലെത്തുന്ന ഓരോ മിനിട്ടിനും ശമ്പളം നഷ്ടപ്പെടും. ഒക്ടോബർമുതൽ പുതിയസംവിധാനം നിലവിൽവരും. 4439 ജീവനക്കാരാണ് സെക്രട്ടേറിയറ്റിലുള്ളത്.

ശമ്പളം തയ്യാറാക്കുന്ന സ്പാർക്ക് സോഫ്റ്റ് വെയറുമായി നെറ്റ് വർക്ക് വഴി പഞ്ചിംഗ് സംവിധാനം ബന്ധിപ്പിച്ചിരിക്കുകയാണ്. ഒരുമാസത്തിലെ വിവിധദിവസങ്ങളിലായി പരമാവധി 150മിനിട്ടു വരെ വൈകുന്നത് അംഗീകരിക്കുന്നരീതിയിലാണ് സോഫ്റ്റ്‌വെയറിൽ സെറ്റ് ചെയ്തിരിക്കുന്നത്.

ഇതിനുമേൽ വൈകുന്ന ഓരോ മിനിട്ടിനും തുല്യമായ തുക ശമ്പളത്തിൽ കുറയും.

രാവിലെ 10.15മുതൽ വൈകിട്ട് 5.15വരെ 420മിനിട്ടാണ് ഒരു ദിവസത്തെ ജോലിസമയം. ഇതിൽ അഞ്ച്മിനിട്ട് വൈകാൻ മാത്രമാണ് അനുമതിയുള്ളത്. നിലവിൽ പഞ്ചിംഗിൽ സമയം വൈകിയാലും ശമ്പളത്തെ അധികം ബാധിച്ചിരുന്നില്ല.

ഒരുമണിക്കൂറിലേറെ മൂന്ന് ദിവസം വൈകിയാൽ അരദിവസത്തെ ലീവ് പോകും. ഇത് തന്നെ സെക്ഷൻ ഓഫീസറോ, റിപ്പോർട്ടിംഗ് ഓഫീസറോ ശരിച്ചാൽ മാത്രം.

ഹാജർബുക്കിൽ ഒപ്പുവച്ചാൽ ശമ്പളം ഉറപ്പായിരുന്നു. പുതിയ സംവിധാനത്തിൽ ഈ ഏർപ്പാട് നടക്കില്ല.

ജീവനക്കാരുടെ ശമ്പളബില്ല് തയാറാക്കുന്നത് മുൻമാസം 16മുതൽ അതത് മാസം 15വരെയുള്ള ദിവസങ്ങളിലെ ഹാജർനിലയുടെ അടിസ്ഥാനത്തിലാണ്. ഈ കാലയളവിലെ ഹാജരില്ലായ്മ ക്രമീകരിക്കുന്നതിന് ബിൽ തയാറാക്കുന്ന ഡി.ഡി.ഒ അറിയിക്കണം. അറിയിപ്പ് കിട്ടി മൂന്നുദിവസത്തിനകം അവധി ക്രമീകരിക്കുന്നതിന് സ്പാർക്ക് മുഖേനയും മറ്റ് അവധികൾ ഫിസിക്കലായും സമർപ്പിക്കണം.

ഹാജരില്ലായ്മ ക്രമീകരിച്ചില്ലെങ്കിൽ ഹാജരായ ദിവസങ്ങൾക്കേ ശമ്പളം ലഭിക്കൂ. ഷിഫ്റ്റ് സംവിധാനത്തിൽ ജോലി ചെയ്യുന്നവരുടെ ഹാജർനില അതതു കൺട്രോളിംഗ് ഓഫീസർ അക്കൗണ്ട്സ് വകുപ്പിൽ നൽകണം. 2018 ജനവരിമുതൽ സെപ്തംബർ 30 വരെയുള്ള ഹാജരില്ലായ്മ ഒക്ടോബർ 15 നകം സ്പാർക്ക് സംവിധാനത്തിൽ ക്രമീകരിക്കാമെന്ന് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

## വി.സി ഇടപെട്ടു, അദ്ധ്യാപികയുടെ ഗവേഷണം മുടങ്ങില്ല

KAUMUDI IMPACT

തിരുവനന്തപുരം: കേരളസർവകലാശാലയിൽ സാലറി ചലഞ്ചിന് വിസമ്മതിച്ച അദ്ധ്യാപികയുടെ യു.ജി.സി ഗവേഷണ പദ്ധതിക്ക് തടയിടുന്നുവെന്ന 'കേരളകൗമുദി' റിപ്പോർട്ടിൽ വൈസ്ചാൻസലർ ഡോ. ഗോപിനാഥ് രവീന്ദ്രൻ ഇടപെട്ടു. ലിംഗ്വിസ്റ്റിക്സ് വിഭാഗത്തിലെ അസി.പ്രൊഫസർ ഡോ.പ്രേമയ്ക്ക് യു.ജി.സി അനുവദിച്ച 65ലക്ഷം രൂപയുടെ ഭാഷാഗവേഷണ പദ്ധതിക്ക് കാര്യവട്ടത്തെ പുതിയ കെട്ടിടത്തിൽ ലാംഗ്വേജ് ലാബിന് ഇന്നു തന്നെ മുറികൾ വിട്ടുനൽകണമെന്ന് അദ്ദേഹം ഉത്തരവിട്ടു. സാലറി ചലഞ്ചിന് വിസമ്മതിച്ചതോടെ ഡോ.പ്രേമയ്ക്ക് ലാംഗ്വേജ് ലാബിന് രണ്ട് മുറികൾ നൽകാനാവില്ലെന്ന് സർവകലാശാലാ എൻജിനിയറിംഗ് വിഭാഗം നിലപാടെടുത്തിരുന്നു. മാർച്ച് 31 നകം പണം വിനിയോഗിച്ചില്ലെങ്കിൽ ഗവേഷണ ഫണ്ട് ലാപ്സാവുമെന്ന് 'കേരളകൗമുദി' ഇന്നലെ റിപ്പോർട്ട് ചെയ്തിരുന്നു. പ്രതിപക്ഷത്തുള്ള കേരള സർവകലാശാലാ ടീച്ചേഴ്സ് ഓർഗനൈസേഷന്റെ വൈസ്പ്രസിഡന്റാണ് ഡോ.പ്രേമ. സംഘടനാ നേതാക്കൾ പ്രശ്നത്തിൽ ഇടപെട്ടതോടെ ഇന്നലത്തെ സിൻഡിക്കേറ്റ് യോഗത്തിനു ശേഷം ഡോ.പ്രേമയുമായി വൈസ്ചാൻസലർ ചർച്ച നടത്തി പ്രശ്നം പരിഹരിക്കുകയായിരുന്നു.

# സെൻകുമാർ കേസ്: സർക്കാരിന്റെ ഹർജി സുപ്രീംകോടതി വീണ്ടും തള്ളി

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: മുൻ പൊലീസ് മേധാവി ടി.പി.സെൻകുമാറിനെതിരായ നിയമയുദ്ധത്തിൽ സംസ്ഥാന സർക്കാരിന് വീണ്ടും തിരിച്ചടി. എട്ടുമാസത്തെ അർദ്ധവേതന അവധി കമ്മ്യൂട്ടഡ് ലീവ് ആക്കാൻ വ്യാജരേഖയുണ്ടാക്കിയെന്ന കേസ് ഹൈക്കോടതി റദ്ദാക്കിയതിനെതിരെ സർക്കാർ സമർപ്പിച്ച ഹർജി ഫയലിൽ സ്വീകരിക്കാതെ സുപ്രീംകോടതി തള്ളി. ജസ്റ്റിസ് യു. യു. ലളിത് ഉൾപ്പെട്ട ഡിവിഷൻബെഞ്ചിന്റേതാണ് നടപടി.

തനിക്കെതിരായ കേസുകളെല്ലാം റദ്ദാക്കിയെന്നും സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അംഗമായി തന്നെ നിയമിക്കണമെന്നും സെൻകുമാർ കത്തു നൽകിയതിന് പിന്നാലെയാണ് സർക്കാർ സുപ്രീംകോടതിയെ സമീപിച്ചത്. പൊലീസ് ആസ്ഥാനത്തെ എ.ഐ.ജി വി. ഗോപാലകൃഷ്ണൻ, വിരട്ടിയാണ് സെൻകുമാറിനെതിരെ മ്യൂസിയം പൊലീസിനെക്കൊണ്ട് ജാമ്യമില്ലാവകുപ്പിട്ട് കള്ളക്കേസെടുപ്പിച്ചതെന്നും കോടതിയിൽ നിലനിൽക്കില്ലെന്നും 'കേരളകൗമുദി' റിപ്പോർട്ട് ചെയ്തിരുന്നു. എ.ഐ.ജി. ഗോപാലകൃഷ്ണന്റെ വിരട്ടൽ മ്യൂസിയം എസ്.ഐ ജി.സുനിൽ ജനറൽ ഡയറിയിൽ രേഖപ്പെടുത്തിയതാണ് ഗൂഢാലോചനയുടെ ചുരുളഴിച്ചത്. സെൻകുമാറിനെ ചികിത്സിച്ച തിരുവനന്തപുരം ആയുർവേദ കോളേജിലെ ഡോ.വി.കെ.അജിത്കുമാറിന്റെ മൊഴിപോലും എടുക്കാതെയാണ് ചീഫ്സെക്രട്ടറിയായിരുന്ന നളിനിനെറ്റോയെ വാദിയാക്കി പൊലീസ് കേസെടുത്തത്.

2016 ജൂൺ ഒന്നുമുതൽ 2017 ജനുവരി 31 വരെ അർദ്ധവേതന അവധിക്കുള്ള സെൻകുമാറിന്റെ ഒൻപത് അപേക്ഷകൾ സർക്കാർ അംഗീകരിച്ചിരുന്നു. പിന്നീട് അർദ്ധവേതന അവധി കമ്മ്യൂട്ടഡ് ലീവാക്കാൻ സെൻകുമാർ അപേക്ഷിച്ചപ്പോഴാണ് രേഖകൾ വ്യാജമാണെന്ന് സി.പി.എം മുൻകൗൺസിലർ എ.ജെ.സുക്കാർണോ പരാതിപ്പെട്ടത്.

കള്ളക്കേസെടുത്ത പൊലീസിനെതിരേ രൂക്ഷവിമർശനത്തോടെയാണ് ഹൈക്കോടതി കേസ് റദ്ദാക്കിയത്.



*ടി.പി.സെൻകുമാർ*



8 മാസം ചികിത്സിച്ചെന്ന് ആയുർവേദ ഡോക്ടർ

വെറും കള്ളക്കേസ് നിലനിൽക്കില്ല

ഡോ. വി.കെ. അജിത്കുമാറിന്റെ മറുപടി

*കേരളകൗമുദി കഴിഞ്ഞ ആഗസ്റ്റിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട്*

### ഇതാണ് ലക്ഷ്യം

ട്രൈബ്യൂണൽ അംഗത്തിന്റെ കാലാവധി 5വർഷം. 65 തികഞ്ഞാൽ തുടരാനാവില്ല. അറുപതാം വയസിൽ വിരമിച്ച സെൻകുമാറിന് 16മാസം നഷ്ടമായി. അഴിമതിക്കേസിൽ കുടുക്കി നിയമനം നീട്ടുകയാണ് തന്ത്രം. സെൻകുമാറിന്റെ വിശ്വാസ്യതയിൽ സംശയമുണ്ടെന്ന് നേരത്തേ സർക്കാർ കേന്ദ്രത്തെ അറിയിച്ചിരുന്നു.

## ബ്രൂവറി അനുവാദം: വിവാദത്തിനില്ലെന്ന നിലപാടിൽ സി.പി.ഐ



തിരുവനന്തപുരം: നടപടിക്രമങ്ങൾ പാലിക്കാതെ സംസ്ഥാന സർക്കാർ ബ്രൂവറികളും ഡിസ്റ്റിലറിയും അനുവദിച്ചെന്ന ആരോപണത്തിൽ വിവാദം വേണ്ടെന്ന നിലപാടിൽ സി.പി.ഐ. മുന്നണി മര്യാദ പാലിക്കപ്പെട്ടില്ലെന്ന ആക്ഷേപം ഉയർന്നെങ്കിലും ഇക്കാര്യത്തിൽ വിവാദത്തിന്റെ ആവശ്യമില്ലെന്ന് ഇന്നലെ സംസ്ഥാന എക്സിക്യൂട്ടീവ് യോഗത്തിൽ സെക്രട്ടറി കാനം രാജേന്ദ്രൻ വിശദീകരിച്ചതായാണറിയുന്നത്.

സർക്കാരിന്റെ നിലവിലുള്ള അബ്കാരി നയത്തിന് അകത്ത് നിന്നുകൊണ്ടുതന്നെ തീരുമാനമെടുക്കാവുന്ന കാര്യമാണിത്. ഇക്കാര്യത്തിൽ മന്ത്രിസഭയിൽ തന്നെയും പ്രത്യേകിച്ച് ചർച്ചയുടെ ആവശ്യമില്ലെന്നാണ് കാനം വിശദീകരിച്ചത്. ഇക്കാര്യത്തിൽ പ്രതിപക്ഷം അഴിമതിയാരോപണം ഉന്നയിക്കുന്നതിൽ കഴമ്പില്ലെന്നും സി.പി.ഐ യോഗം വിലയിരുത്തി. അതൊക്കെ കാലം തെളിയിക്കേണ്ടതാണ്.

ലോക്സഭാ തിരഞ്ഞെടുപ്പിന് മുമ്പ് പരാതികൾ തീർത്ത് ശേഷിക്കുന്ന പട്ടയവിതരണം നടത്താനാവശ്യമായ നടപടിക്ക് റവന്യൂമന്ത്രിയോട് യോഗം നിർദ്ദേശിച്ചു. ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കമായി ഒക്ടോബർ ഒന്ന് മുതൽ 10 വരെ നടത്തുന്ന പാർട്ടിയുടെ മണ്ഡലം ജാഥകളുടെ ഒരുക്കങ്ങളും യോഗം വിലയിരുത്തി.

## സി-സ്റ്റെഡ് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സംരംഭകത്വവികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയ്ക്ക് പ്രാമുഖ്യം നല്കി വിവരസാങ്കേതിക മേഖലയിൽ നൂതന തൊഴിലധിഷ്ഠിത പരിശീലനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പരിശീലന കേന്ദ്രങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വിശദാംശങ്ങൾക്കും അപേക്ഷാഫോറത്തിനും www.csted.org ഫോൺ: 8281045305, 9946199009. അവസാന തീയതി ഒക്ടോബർ 20.

# വിളംബരം

## നഴ്സ് താത്കാലിക നിയമനം

തിരുവനന്തപുരം: ഭാരതീയ ചികിത്സാ വകുപ്പ് തിരുവനന്തപുരം ജില്ലയിൽ നഴ്സ് ഗ്രേഡ്-2 (ആയുർവേദം) തസ്തികയിൽ താത്കാലിക നിയമനം നടത്തുന്നു. അംഗീകൃത ആയുർവേദ നഴ്സിംഗ് ട്രെയിനിംഗ് കോഴ്സ് പാസായവർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. ഫോൺ- 0471 2320988

## അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്. ആർ. സി കമ്മ്യൂണിറ്റി കോളജ് സംഘടിപ്പിക്കുന്ന ഹെൽത്ത് കെയർ ക്വാളിറ്റി മാനേജ്മെന്റിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. ബിരുദധാരികൾക്കും മെഡിക്കൽ/ പാരാമെഡിക്കൽ ഡിപ്ലോമയുള്ളവർക്കും ആശുപത്രി ജീവനക്കാർക്കും അപേക്ഷിക്കാം. അവസാന തീയതി ഒക്ടോബർ അഞ്ച്. ഫോൺ: 904811003. www.src.kerala.gov.in

## സർവകലാശാല വാർത്തകൾ

### കേരള

www.keralauniversity.ac.in

### ■ തീയതി നീട്ടി

പ്രളയദുരന്തത്തിൽ സർട്ടിഫിക്കറ്റുകൾ നഷ്ടമായവർക്ക് പുതിയ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി ഒക്ടോബർ 10 വരെ ഓൺലൈനായും ഓഫ്‌ലൈനായും അപേക്ഷിക്കാം.

### ■ പുതുക്കിയ പരീക്ഷാതീയതി

രണ്ടാം സെമസ്റ്റർ ഫസ്റ്റ് ഡിഗ്രി സി.ബി.സി.എസ്.എസ് ബി.എ/ ബി.എസ്.സി/ ബി.കോം (2017 അഡ്മിഷൻ റെഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2013 - 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 12 മുതൽ നടത്തുന്നതാണ്.

2018 ഒക്ടോബർ 1 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എ മലയാളം ഡിഗ്രി പരീക്ഷയുടെ ആധുനിക ഭാഷാശാസ്ത്രം ഒക്ടോബർ 10 ന് നടത്തും.

### ■ പരീക്ഷാഫലം

ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ഒന്നാം സെമസ്റ്റർ പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 20 വരെ അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്‌ലേഷൻ സ്റ്റഡീസ് (ഡി.റ്റി.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ.

മൂന്നാം സെമസ്റ്റർ, നാലാം സെമസ്റ്റർ എം.വി.എ (പെയിന്റിംഗ് ആന്റ് ആർട്ട് ഹിസ്റ്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 15.

### ■ അഡ്മിഷൻ മെമ്മോ

സി.എസ്.എസ് 2018 ൽ പി.ജി ബിരുദാനന്തര ബിരുദ പഠനവകുപ്പുകളിലേയ്ക്ക് രണ്ടാം അലോട്ട്മെന്റ് പ്രകാരം തിരഞ്ഞെടുക്കപ്പെട്ടതായി എസ്.എം.എസ് ലഭിക്കുന്നവർക്കുള്ള അഡ്മിഷൻ മെമ്മോ 29 ന് ഉച്ചയ്ക്ക് 12 മണിക്ക് ശേഷം www.admissions.keralauniversity.ac.in എന്ന വെബ് സൈറ്റിൽ ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്യെടുക്കാം.

### ■ പരീക്ഷാഫീസ്

പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജി (PGDGIST) രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് പിഴ കൂടാതെ നവംബർ 2 വരെയും 50 രൂപ പിഴയോടെ നവംബർ 7 വരെയും 125 രൂപ പിഴയോടെ നവംബർ 9 വരെയും അപേക്ഷിക്കാം.

എട്ടാം സെമസ്റ്റർ ബി.ടെക് 2008 സ്കീം സപ്ലിമെന്ററി പരീക്ഷയ്ക്ക് 2007 അഡ്മിഷനിലുള്ള ട്രാൻസിറ്ററി വിദ്യാർത്ഥികൾക്ക് പിഴ കൂടാതെ ഒക്ടോബർ 5 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 8 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 10 വരെയും നേരിട്ട് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ വിഭാഗം നവംബർ 15, 28 തീയതികളിൽ ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ എം.എ /എം.എസ്.സി/ എം.കോം പരീക്ഷകൾക്ക് പിഴ കൂടാതെ 22 വരെയും 50 രൂപ പിഴയോടെ 25 വരെയും 125 രൂപ പിഴയോടെ 29 വരെയും ഓൺലൈനായി ഒക്ടോബർ 3 മുതൽ അപേക്ഷിക്കാം.

### ■ ടൈംടേബിൾ

അഞ്ചാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ മ്യൂസിക് കോർ ആൻഡ് കോംപ്ലിമെന്ററി പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 10 മുതൽ 23 വരെ അതതു കോളേജുകളിൽ നടത്തും.

### ■ പിഎച്ച്.ഡി നൽകി

പ്രെസ്സി പി. പ്രകാശിയ, വിന്നി കെ.വി, രമ്യ ജെ (ബോട്ടണി), അർച്ചന പി ദാസ്, സുമിത്ര ഐ. എസ് (കെമിസ്ട്രി), ജോൺ കെ രാജൻ (മാത്തമാറ്റിക്സ്), സരിത ആർ (കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്), മഞ്ജു ബി.ആർ (ഹിന്ദി), സലീം എ (അറബിക്), മുംമ്നാ നാസർ (കൊമേഴ്സ്), സ്മിതാ ഡാനിയൽ എസ്.എൽ (മലയാളം), വിഷ്ണു എ.എസ്, അമ്പിളി വി രാജ് (മാനേജ്മെന്റ് സ്റ്റഡീസ്), ബിജു കെ.എസ് (ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്), മനോജ് ആർ (ഇസ്ലാമിക് ഹിസ്റ്ററി)

### എം.ജി

www.mgu.ac.in

### ■ പ്രാക്ടിക്കൽ

ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ഓഫ് കാമ്പസ് ബാച്ചിലർ ഒഫ് ഫാഷൻ ടെക്നോളജി (സപ്ലിമെന്ററി /മേഴ്സി ചാൻസ് 2012 ന് മുമ്പുള്ള അഡ്മിഷൻ; 2012 അഡ്മിഷൻ മുതൽ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 1 മുതൽ ചങ്ങനാശേരി അസംപ്ഷൻ കോളേജിൽ നടക്കും.

### ■ വൈവാവോസി

ഒന്നു മുതൽ നാലു വരെ സെമസ്റ്റർ ബി.സി.എ ഓഫ് കാമ്പസ് (സപ്ലിമെന്ററി/മേഴ്സി ചാൻസ് 2012 ന് മുമ്പുള്ള അഡ്മിഷൻ ആന്റ് സി.ബി.സി.എസ്.എസ്. പ്രോഗ്രാം റഗുലർ ആന്റ് സപ്ലിമെന്ററി 2012 അഡ്മിഷൻ മുതൽ) പരീക്ഷകളുടെ ലാബ്/ സെമിനാർ/ കോഴ്സ് വൈവ/ മിനി പ്രോജക്ട്/ പ്രോജക്ട് മൂല്യനിർണയം എന്നിവ ഇടപ്പള്ളി സീപാസിൽ (സ്കൂൾ ഒഫ് ടെക്നോളജി ആൻഡ് അപ്ലൈഡ് സയൻസസ് സ്റ്റാസ്) ഒക്ടോബർ 4, 5 തീയതികളിൽ നടക്കും.

### ■ സംവരണ സീറ്റൊഴിവ്

സ്കൂൾ ഒഫ് ബയോസയൻസസിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പട്ടികജാതി വിഭാഗത്തിൽ (എസ്.സി) ബയോകെമിസ്ട്രിയിൽ രണ്ടും ബയോഫിസിക്സ്, ബയോടെക്നോളജി വിഭാഗങ്ങളിൽ ഒരോ സീറ്റുവീതവും ഒഴിവുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ അസൽ രേഖകളുമായി ഒക്ടോബർ ഒന്നിന് 10ന് പഠനവകുപ്പിൽ ഹാജരാകണം. ഫോൺ: 0481 2731035.

### ■ പരീക്ഷാഫലം

സ്കൂൾ ഒഫ് ലെറ്റേഴ്സിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ (മലയാളം ആൻഡ് ഇംഗ്ലീഷ്) (ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

സ്കൂൾ ഒഫ് ടൂറിസം സ്റ്റഡീസ് നടത്തിയ നാലാം സെമസ്റ്റർ റഗുലർ, മൂന്നാം സെമസ്റ്റർ റീഅപ്പിയറൻസ് എം.ടി.ടി.എം. (മാനേജ്മെന്റ് സയൻസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. നാലാം സെമസ്റ്റർ എം. എസ്‌സി ബയോസ്റ്റാറ്റിസ്റ്റിക്സ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 12 വരെ അപേക്ഷിക്കാം.

ആറാം സെമസ്റ്റർ ബി.ടെക് (ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പുതിയ സ്കീം, പഴയ സ്കീം, മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 15 വരെ അപേക്ഷിക്കാം.

മൂന്നാം വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 12 വരെ അപേക്ഷിക്കാം.

സുപ്രീംകോടതി വിധി അംഗീകരിക്കുന്നു. നിയമം അനുസരിച്ച് ക്ഷേത്രത്തിൽ പോകണോ വേണ്ടയോയെന്ന് നിശ്ചയിക്കാൻ ഓരോ സ്ത്രീക്കും അവകാശമുണ്ട്. പക്ഷേ, എന്റെ ചിന്ത അതല്ല, ആ മലകൾക്കും കാടിനും പമ്പാനദിക്കുമുള്ള വാഹകശേഷിയേക്കാൾ എത്രയോ അധികമാണ് ഇപ്പോഴുള്ള ജനത്തിരക്ക്. സ്ത്രീകളുടെ സംഘങ്ങൾ കൂടിയായാൽ പ്രശ്നങ്ങൾ ഗുരുതരമാവും.

- സുഗതകുമാരി

വിധി സ്വാഗതാർഹമാണെങ്കിലും ആചാരപരമായ കാര്യങ്ങളിൽ കോടതിയല്ല തീരുമാനമെടുക്കേണ്ടത്. വനിതാ ജഡ്ജിയുടെ അഭിപ്രായത്തെ തള്ളി പുരുഷമേധാവിത്വം കാണിക്കുകയാണ് സുപ്രീംകോടതി ചെയ്തതെന്നും ഏതെങ്കിലും മുസ്ലീം സ്ത്രീ സുന്നി പള്ളികളിൽ ആരാധന നടത്താൻ സമീപിച്ചാൽ കോടതി അവർക്കതിന് അനുവാദം നൽകുമോ.

- രേണു സുരേഷ്

കോടതികൾ എല്ലാ കാര്യങ്ങളും നിയമത്തിന്റെ മുന്നിൽ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നത് ഗുണകരമാവില്ല. വിശ്വാസികളുടെ കേന്ദ്രമാണ് ക്ഷേത്രങ്ങൾ. അവിടെ നിയമം കയറിയാൽ പിന്നെ ടൂറിസമായിമാറും.

- കെ. സുധാകരൻ

വിധിയെ മാനിക്കുമ്പോഴും ആചാരാനുഷ്ഠാനങ്ങൾക്കും പ്രാധാന്യം നൽകണമെന്നതാണ് നിലപാട്. ആചാരങ്ങളുടെ അടിസ്ഥാനത്തിൽ വിധിയെ വിലയിരുത്തണം.

- ബെന്നി ബഹനാൻ

ശബരിമല സ്ത്രീ പ്രവേശന പ്രശ്നത്തിൽ സുപ്രീംകോടതി വിധി നീതിയുക്തവും ലിംഗനീതി ഉറപ്പുവരുത്തുന്നതുമാണെന്ന് ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് സൂസൻകോടിയും സെക്രട്ടറി പി. സതീദേവിയും പറഞ്ഞു. ആർത്തവത്തിന്റെ പേരിൽ സ്ത്രീക്ക് അസ്പൃശ്യത കല്പിക്കുന്നത് സ്ത്രീത്വത്തെയും മാതൃത്വത്തെയും നിരാകരിക്കുന്നതിന് തുല്യമാണ്. ശബരിമല സ്ത്രീ പ്രവേശനത്തിൽ കൃത്യമായ നിലപാടെടുത്ത് സത്യവാങ്മൂലം നൽകിയ സർക്കാർ നടപടിയുടെ ഫലമായാണ് കോടതിവിധി ഉണ്ടായത്.

ശബരിമല സ്ത്രീപ്രവേശനം സംബന്ധിച്ചുള്ള സുപ്രീംകോടതി വിധി വിശ്വാസത്തിന് വിരുദ്ധമായിപ്പോയി. ആചാരത്തിനും വിശ്വാസത്തിനും വിരുദ്ധമാണ് വിധി. ഇത് വിശ്വാസികൾക്ക് മനോദുഃഖം ഉണ്ടാക്കുന്നതാണ്. സിഖ്മതാനുയായികൾക്ക് ഗുരുദ്വാരയിൽ പ്രവേശിക്കുമ്പോൾ തലപ്പാവ് ആവശ്യമാണ്. പള്ളികളിൽ മുസ്ലിം സ്ത്രീകളെ പുരുഷന്മാരോടൊപ്പം പ്രാർത്ഥിക്കാൻ അനുവദിക്കാറില്ല. ശബരിമലയിലെ തിക്കിലും തിരക്കിലും പെട്ട് സ്ത്രീകൾ കഷ്ടപ്പെടും. ഇതവർക്ക് ബുദ്ധിമുട്ടുണ്ടാക്കും. സ്ത്രീകൾക്ക് പ്രവേശനാനുമതി നിഷേധിക്കാൻ ഇതും ഒരു കാരണമായിരുന്നു.

- പി.പി മുകുന്ദൻ

കോരിത്തരിപ്പിക്കുന്ന വിധിയാണ് സുപ്രീംകോടതിയിൽ നിന്നുണ്ടായത്. ചീഫ് ജസ്റ്റിസിനെ അഭിനന്ദിച്ചുകൊണ്ട് ഞാൻ കത്തും അയച്ചിട്ടുണ്ട്. ഇതേ വിഷയം ഹൈക്കോടതിയുടെ പരിഗണനയിൽ ഇരുന്നപ്പോഴും സ്ത്രീകളെ കയറ്റണമെന്ന നിലപാടായിരുന്നു എനിക്ക്. ജസ്റ്റിസ് പരിപൂർണന് അതിൽ എതിർപ്പുണ്ടായിരുന്നു. പിന്നീട് മറ്റൊരു ബെഞ്ചാണ് കേസ് പരിഗണിച്ചത്. ശബരിമലയിൽ ഒരുക്കേണ്ട പ്രത്യേക സൗകര്യങ്ങളെപ്പറ്റി ദേവസ്വം ബോർഡും സർക്കാരും ആലോചിച്ച് തീരുമാനിക്കണം

- ജസ്റ്റിസ് കെ.ടി.തോമസ്

ശബരിമലയിൽ സ്ത്രീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധി ഇന്ത്യയ്ക്ക് ഭരണഘടന ഉണ്ടെന്ന് തെളിയിച്ചു. താൻ ദേവസ്വം മന്ത്രിയായിരിക്കുമ്പോൾ സ്ത്രീപ്രവേശനം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് സർക്കാരിന് വേണ്ടി സത്യവാങ്മൂലം ഫയൽ ചെയ്തിരുന്നു. യുവതികളായ ഒരു കൂട്ടം അഭിഭാഷകരുടെ റിട്ടിന്മേലാണ് സുപ്രീംകോടതി കേരള സർക്കാരിന്റെ അഭിപ്രായം അന്ന് തേടിയത്. തിരുവിതാംകൂർ രാജകുടുംബത്തിലെ ചില വനിതകൾ 50 വയസിന് മുമ്പ് ശബരിമലയിൽ കയറിയിട്ടുണ്ടെന്ന തെളിവ് സത്യവാങ്മൂലത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ശബരിമലയിൽ സ്ത്രീകൾക്ക് ആവശ്യമായ കുളിമുറികൾ, ശൗചാലയങ്ങൾ, വിശ്രമസ്ഥലം ഇവയെല്ലാം ഒരുക്കേണ്ടത് ദേവസ്വം ബോർഡിന്റെ ചുമതലയാണ്. ബോർഡ് പ്രസിഡന്റ് പത്മകുമാറിന്റെ നേതൃത്വത്തിൽ സ്ത്രീപ്രവേശനം വിജയകരമായി നിർവഹിക്കപ്പെടും.

- മന്ത്രി ജി. സുധാകരൻ

ശബരിമലയിലെ സ്ത്രീ പ്രവേശനം നടപ്പാക്കുന്നതിന് മുൻപ് ദേവപ്രശ്നത്തിലൂടെ ദൈവഹിതം മനസിലാക്കണം. സുപ്രീംകോടതി വിധി ദുഃഖകരമാണ്. റിവ്യൂ ഹർജി നൽകുന്നത് ഉൾപ്പെടെയുള്ള ഭാവി പരിപാടികൾ ഇന്ന് ഡൽഹിയിൽ തുടങ്ങുന്ന ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കും.

- അയ്യപ്പസേവാ സമാജം

എരുമേലിയിൽ പേട്ടതുള്ളിയെത്തുന്ന സ്ത്രീകൾ വാവരു പള്ളിയിൽ കയറണമെന്ന് ആവശ്യപ്പെട്ടാൽ സുപ്രീംകോടതി അനുവദിക്കുമോ. പുരുഷന്മാർക്ക് ഉടുപ്പിട്ട് ക്ഷേത്രത്തിൽ കയറണമെന്ന് ആവശ്യപ്പെട്ടാൽ അതും അംഗീകരിക്കേണ്ടിവരും. സുപ്രീംകോടതി വിധി നിവൃത്തികേട്കൊണ്ട് അംഗീകരിക്കുകയാണ്. ഈ വിധി മറ്റുമതങ്ങളെയും ബാധിക്കും. മുസ്ലീം സ്ത്രീകളെ എല്ലാ പള്ളികളിലും കയറ്റണമെന്ന ആവശ്യത്തിന് വരെ ഇത് വഴിയൊരുക്കും.

- ആർ. ബാലകൃഷ്ണപിള്ള

രാജ്യത്ത് എല്ലാ ദേവാലയങ്ങളും പ്രവർത്തിക്കേണ്ടത് ആചാരാനുഷ്ഠാനങ്ങളുടെ അടിസ്ഥാനത്തിലാണെന്നത് ഗൗരവത്തോടെ കാണണം. രാജ്യത്തെ പരമോന്നത നീതിപീഠത്തിന്റെ വിധി അംഗീകരിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്. ശബരിമലയിൽ ആചാരങ്ങളുടെ പേരിലുള്ള നിയന്ത്രണങ്ങളാണ് ഉണ്ടായിരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ പ്രവേശനം വേണ്ടെന്ന നിലപാടായിരുന്നു യു.ഡി.എഫ് സർക്കാരിന്റേത്. ഇപ്പോഴത്തെ ഇടതു സർക്കാരിന് കീഴിലെ ദേവസ്വം ബോർഡിന്റെ നിലപാടും ഇതായിരുന്നു.

- രമേശ് ചെന്നിത്തല



# സ്ത്രീ പ്രവേശനം: ശബരിമല വികസനം കഠിനമെന്റയ്യപ്പാ...

## ■ മാസ്റ്റർ പ്ലാൻ പരിഷ്കരിക്കണം ■ 40 ഹെക്ടർ വനഭൂമി കൂടിവേണം ■ കോടിക്കണക്കിന് രൂപ കണ്ടെത്തണം

▶ പിഎച്ച്.സനൽകുമാർ



തിരുവനന്തപുരം: ശബരിമലയിൽ പ്രായഭേദമെന്യേ എല്ലാ സ്ത്രീകൾക്കും പ്രവേശനം അനുവദിക്കാനുള്ള സുപ്രീംകോടതി വിധി നടപ്പാക്കുന്നത് സംസ്ഥാന സർക്കാരിന് വൻസാമ്പത്തിക ബാദ്ധ്യതയുണ്ടാക്കും.

ലക്ഷക്കണക്കിന് സ്ത്രീ തീർത്ഥാടകർക്കുള്ള അധിക സൗകര്യങ്ങൾ ഉൾപ്പെടുത്തി നിലവിലെ ശബരിമല മാസ്റ്റർ പ്ലാൻ പാടെ പൊളിച്ചെഴുതേണ്ടിവരും. വികസനത്തിനായി കൂടുതൽ വനഭൂമി ആവശ്യപ്പെട്ട് കേന്ദ്രസർക്കാരുമായി പുതിയ തർക്കത്തിനും കളമൊരുങ്ങും.

നിലവിൽ പത്തുവയസിന് താഴെയും അൻപതിന് മുകളിലുമുള്ള സ്ത്രീകളും എല്ലാ പ്രായത്തിലുമുള്ള പുരുഷന്മാരുമാണ് ശബരിമലയിലെത്തുന്നത്. മണ്ഡല, മകരവിളക്ക് സീസണും മലയാളമാസം ഒന്നാം തീയതിയും ഉൾപ്പെടെ വർഷത്തിൽ 63 ദിവസമാണ് ശബരിമലയിൽ സന്ദർശനാനുമതിയുള്ളത്. ഈ കാലയളവിൽ മൂന്ന് മുതൽ നാലു കോടിവരെ തീർത്ഥാടകരെത്തും. ഇവർക്കുള്ള സൗകര്യമൊരുക്കുക ഇപ്പോൾ തന്നെ സർക്കാരിന് വെല്ലുവിളിയാണ്. എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾ കൂടി എത്തുന്നതോടെ ഭക്തരുടെ എണ്ണം ഇരട്ടിയാകും. ഇതിനായി കൂടുതൽ സൗകര്യങ്ങളും സുരക്ഷാസംവിധാനങ്ങളും ഒരുക്കേണ്ടിവരും.

പരിസ്ഥിതി സൗഹൃദ വികസനം മതി ശബരിമലയിൽ എന്നാണ് ഇടത് സർക്കാരിന്റെ നയം. പ്രളയത്തിൽ പമ്പയിൽ വൻനാശമുണ്ടായതോടെ ഇനി അവിടെ കോൺക്രീറ്റ് നിർമ്മാണം വേണ്ടെന്നും ആശുപത്രി കെട്ടിടവും പമ്പയ്ക്ക് കുറുകെ ഹിൽ ടോപ്പിൽ നിന്ന് ഗണപതി ക്ഷേത്രത്തിലേക്ക് പുതിയ പാലവും മാത്രം നിർമ്മിച്ചാൽ മതിയെന്നും തീരുമാനിച്ചിട്ടുണ്ട്.

കിഫ്ബി സഹായത്തോടെ 150 കോടി രൂപയുടെ പരിസ്ഥിതി സൗഹൃദ വികസന പദ്ധതി നടപ്പാക്കാൻ കരാറും രണ്ടുദിവസം മുമ്പ് ഒപ്പുവച്ചു. ഇതിനിടെയാണ് സ്ത്രീപ്രവേശനം പുതിയ വെല്ലുവിളിയാകുന്നത്.

എട്ടുവർഷം മുമ്പ് അംഗീകരിച്ച ശബരിമല മാസ്റ്റർ പ്ലാനിന് 625 കോടിയാണ് മൊത്തം ചെലവ് പ്രതീക്ഷിക്കുന്നത്. ഘട്ടം ഘട്ടമായി നടപ്പാക്കുന്ന മാസ്റ്റർ പ്ലാനിന് സർക്കാർ നേരിടുന്ന വെല്ലുവിളി വനഭൂമി അനുവദിക്കാൻ കോടതികളും കേന്ദ്ര സർക്കാരും കാട്ടുന്ന വിമുഖതയാണ്. നിലവിൽ ശബരിമലയിൽ 12.675 ഹെക്ടറും നിലയ്ക്കൽ, പമ്പ മേഖലകളിലായി 110.524 ഹെക്ടറും ഭൂമിയാണ് ശബരിമല ദേവസ്ഥാനത്തിനുള്ളത്. സ്ത്രീകൾക്കായി പുതിയ സൗകര്യങ്ങൾ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ വിപുലീകരിക്കാൻ ചുരുങ്ങിയത് 40 ഹെക്ടർ വനഭൂമി കൂടി വിട്ടുകിട്ടേണ്ടിവരും.

കൂടുതൽ പണവും കണ്ടെത്തണം. ഈ വർഷം ശബരിമല വികസനത്തിന് ബഡ്ജറ്റിൽ വകയിരുത്തിയത് 28 കോടി രൂപയാണ്. വാഹനസൗകര്യം, പാർക്കിംഗ്, ശൗചാലയങ്ങൾ, സുരക്ഷ തുടങ്ങിയവയ്ക്കാണ് ഈ തുക വിനിയോഗിക്കുന്നത്. പ്രതിവർഷം കാണിക്കയായും സംഭാവനയായും ശബരിമലയിൽ നിന്ന് ലഭിക്കുന്നത് 255 കോടി രൂപയാണ്. ഇതിൽ ഭൂരിഭാഗവും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും ബോർഡിന്റെ സൗകര്യ വികസനത്തിനുമായി ചെലവഴിക്കേണ്ടിവരും.

## കോടതി വിധി വിശ്വാസത്തെ ചോദ്യം ചെയ്യുന്നു: തുഷാർ വെള്ളാപ്പള്ളി



കൊച്ചി: ശബരിമല സ്ത്രീപ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധി നൂറ്റാണ്ടുകളുടെ വിശ്വാസത്തെ ചോദ്യം ചെയ്യുന്നതാണെന്ന് ബി.ഡി.ജെ.എസ് അദ്ധ്യക്ഷൻ തുഷാർ വെള്ളാപ്പള്ളി പറഞ്ഞു. സ്ത്രീകളുൾപ്പെടെയുള്ള അയ്യപ്പഭക്തരെ വേദനിപ്പിക്കുന്നതാണ് വിധി. വിശ്വാസികളായ സ്ത്രീകൾ ഒരിക്കലും ശബരിമലയിലെ നിർദോഷമായ ആചാരം ലംഘിക്കാൻ കൂട്ടുനിൽക്കില്ല.

നിയമത്തിന്റെ ഇഴകീറി പരിശോധിക്കുന്നതിന് പകരം പ്രായോഗികമായ സമീപനമായിരുന്നു വേണ്ടിയിരുന്നത്. ആർത്തവകാലത്ത് നിലവിളക്ക് പോലും കത്തിക്കാത്തവരാണ് ഭക്തരായ മലയാളി സ്ത്രീകൾ. പുലവാലായ്മയുള്ളപ്പോഴും ക്ഷേത്രദർശനം മലയാളികൾ നടത്താറില്ല. സ്വയം അനുഷ്ഠിക്കുന്ന ഇത്തരം നിയന്ത്രണം പോലെതന്നെയാണ് ശബരിമലയിലെ സ്ത്രീപ്രവേശന വിഷയവും. സഹസ്രാബ്ദങ്ങളുടെ പാരമ്പര്യമുള്ള ഹിന്ദുമത വിശ്വാസികൾ ഒട്ടനവധി ആചാരങ്ങൾ പിന്തുടരുന്നവരാണ്. അതിൽ സതിയും മൃഗബലിയും ജാതിവിവേചനവും പോലുള്ള ദോഷകരമായവ നിയമം മൂലം നിരോധിച്ചപ്പോൾ പൊതുസമൂഹം സ്വാഗതം ചെയ്തു. ശബരിമലയിലെ നിയന്ത്രണങ്ങൾ നിർദോഷമായവയാണ്. അതൊരു സംസ്കാരിക തനിമയായി അംഗീകരിച്ചാൽ തീരുന്ന പ്രശ്നമേയുള്ളൂ. ഇതൊക്കെ നിയമയുദ്ധത്തിലേക്ക് കൊണ്ടുപോയത് സ്വാർത്ഥ താത്പര്യക്കാരാണ്.

തമിഴ്നാട്ടിലെ ജെല്ലിക്കെട്ട് നിരോധിച്ചപ്പോൾ സംസ്ഥാന സർക്കാരും ജനങ്ങളും ഒറ്റക്കെട്ടായി നിന്ന് സാംസ്കാരികവും ആചാരപരവുമായി കാരണങ്ങൾ ഉയർത്തിക്കാട്ടി നിയമനിർമ്മാണം നടത്തി പ്രശ്നം പരിഹരിച്ച പോലെ ശബരിമല വിഷയത്തിലും കേരളസർക്കാർ നിലപാടെടുക്കണം. യഥാർത്ഥ വിശ്വാസികൾ ഇതിനൊപ്പം നിൽക്കും. വിവേചനമെന്നൊക്കെ ചിത്രീകരിച്ച് സ്വാർത്ഥലാഭം കൊയ്യുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്. യഥാർത്ഥ ഭക്തരെ വേദനിപ്പിക്കുന്ന പ്രശ്നം പരിഹരിക്കാൻ സംസ്ഥാന - കേന്ദ്ര സർക്കാരുകൾ അടിയന്തരമായി ഇടപെടണമെന്ന് തുഷാർ വെള്ളാപ്പള്ളി ആവശ്യപ്പെട്ടു.

## സാമൂഹ്യ, രാഷ്ട്രീയ പ്രവർത്തകരും സിനിമാ താരങ്ങളുടെ പ്രതികരണം

ശബരിമലയിൽ പോകാൻ ആഗ്രഹമുള്ള സ്ത്രീകൾ പോകണം. ആചാരങ്ങളിൽ നിലനിൽക്കുന്ന സ്ത്രീ - പുരുഷ വിവേചനം അവസാനിക്കണം. ഞാൻ ഇതുവരെ ശബരിമലയിൽ പോയിട്ടില്ല. എന്നാൽ ആഗ്രഹിക്കുന്നവർക്ക് പ്രവേശനം ലഭിക്കണം. ഏറ്റവും മികച്ച വിധിയാണിത്.

- കമലഹാസൻ

കോടതി വിധിയെ ബഹുമാനിക്കുന്നു. എന്നാൽ പഴയ ആചാരപ്രകാരം സാധാരണ നിലയിൽ വ്രതമെടുത്ത് പോകാൻ കഴിയുന്ന പ്രായത്തിൽ മാത്രമേ ശബരിമലയിലേക്ക് പോവുകയുള്ളൂ. പഴയ ആചാരങ്ങൾ മാത്രം പിന്തുടരും.

- നവ്യ നായർ

സുപ്രീംകോടതി വിധിയെ സ്വാഗതം ചെയ്യുന്നു. തുല്യനീതി കോടതി ഉറപ്പാക്കി. ഭക്തരായ ആരെയും ലിംഗവ്യത്യാസത്തിന്റെ പേരിൽ തടയാൻ നമുക്ക് അധികാരമില്ല.

- ഡോ. തരൂർ തരൂർ എം.പി.

ഹിന്ദുയിസത്തെ കൂടുതൽ വിശാലമാക്കുന്ന വിധി. മഹത്തായ വിധിയാണ്. ഏതെങ്കിലും ഒരു മതത്തിന്റെയോ ഒരു വിഭാഗത്തിന്റെയോ ഇടമല്ല ശബരിമല

- കേന്ദ്രമന്ത്രി മേനകാഗാന്ധി

സുപ്രീം കോടതി വിധി സ്വാഗതം ചെയ്യുന്നു. എന്നാൽ ആചാരാനുഷ്ഠാനങ്ങളെയും വിശ്വാസികളുടെ വികാരത്തെയും വ്രണപ്പെടുത്താതുള്ള നീക്കങ്ങളാണ് അഭികാമ്യം. സന്നിധാനത്ത് കൂടുതൽ സർക്കാർ സൗകര്യം ഏർപ്പെടുത്തണം.

- ലതിക സുഭാഷ്

## വിധി നിരാശാജനകം: തന്ത്രി കുടുംബം

ചെങ്ങന്നൂർ: ശബരിമലയിൽ സ്ത്രീ പ്രവേശനം അനുവദിച്ച സുപ്രീം കോടതി വിധി നിരാശാജനകമെന്ന് തന്ത്രികുടുംബം. കോടതിവിധിയെ മാനിക്കുന്നതായി ശബരിമല തന്ത്രി കണ്ഠര് രാജീവര്, കണ്ഠര് മോഹനര് എന്നിവർ പറഞ്ഞു. വിധി പഠിച്ചശേഷം പുനപരിശോധനാ ഹർജി നൽകുന്ന കാര്യത്തെപ്പറ്റി ദേവസ്വം ബോർഡുമായി ആലോചിച്ച് തീരുമാനിക്കും. എഴുപത് കാലഘട്ടത്തിൽ സ്ത്രീകളെ ശബരിമലയിൽ പ്രവേശിപ്പിച്ചിരുന്നുവെന്നതു സംബന്ധിച്ച വാദത്തെപ്പറ്റി തനിക്ക് അറിയില്ലെന്ന് രാജീവരര് പറഞ്ഞു. നിലവിൽ ശബരിമലയിൽ ഭക്തന്മാരെ ഉൾക്കൊള്ളാൻ കഴിയാത്ത സ്ഥിതിയാണ് പലപ്പോഴുമുള്ളത്. പുതിയ സാഹചര്യത്തിൽ ഭക്തർക്കായി സംരക്ഷണവും സൗകര്യവും ഒരുക്കേണ്ടത് ദേവസ്വം ബോർഡും സർക്കാരുമാണെന്നും തന്ത്രി പറഞ്ഞു.

## നിരാശയെന്ന് പന്തളം കൊട്ടാരം

പന്തളം: സുപ്രീം കോടതി വിധി നിരാശാജനകമെന്നും ഭക്തജന ...

... നിയമപരമായ എല്ലാ സാദ്ധ്യതകളും നിയമപണ്ഡിതൻമാരുമായി ആലോചിക്കും. സമാന മനസ്കരായ വിശ്വാസി സംഘടനകളും ഭക്തരുമായി ചർച്ചചെയ്ത് മേൽ നടപടികൾ സ്വീകരിക്കുമെന്നും കൊട്ടാരം ഭാരവാഹികൾ അറിയിച്ചു.

## ശബരിമല വിധിയുടെ വഴിയിൽ കോടതി കയറിയ കേരളകൗമുദി ഫോട്ടോയും

▶ വി.ജയകുമാർ



കോട്ടയം: ശബരിമലയിൽ സ്ത്രീ പ്രവേശനം അനുവദിച്ച ചരിത്ര വിധിയിലേക്ക് നയിച്ച നിയമപോരാട്ടത്തിന്റെ വഴിയിൽ ഇരുപത്തിയെട്ട് വർഷം മുൻപ് കേരളകൗമുദി പ്രസിദ്ധീകരിച്ച ഒരു ചി...

## ശബരിമല: സ്ത്രീകൾക്ക് പ്രത്യേക സൗകര്യവും സുരക്ഷയും വേണം

▶ എം. ബിജുമോഹൻ

പത്തനംതിട്ട: ശബരിമലയിലെ സ്ത്രീപ്രവേശനം സംബന്ധിച്ച സുപ്രീം കോടതി വിധി വന്നിരിക്കുന്നത് ഈ വർഷത്തെ തീർത്ഥാടനത്തിന് ഒരുക്കങ്ങൾ തുടങ്ങുമ്പോഴാണ് നവംബർ 16ന് തുടങ്ങുന്ന തീർത്ഥാടനത്തിന് ഒന്നര മാസമാണ് ബാക്കിയുള്ളത്. അതിനു മുൻപ് തുലാമാസ പൂജകൾക്ക് ഒക്ടോബർ 17 മുതൽ അഞ്ചു ദിവസത്തേക്ക് നട തുറക്കും. സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ തുലാം മാസം മുതൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകളുടെ വരവ് പ്രതീക്ഷിച്ച് ദേവസ്വംബോർഡിന് ഒരുക്കങ്ങൾ നടത്തേണ്ടിവരും. കേരളത്തിനൊപ്പം അയൽ സംസ്ഥാനങ്ങളിൽ നിന്നും സ്ത്രീകൾ എത്തും.

കാടും മലയും ചേർന്ന ശബരിമലയുടെ ഭൂപ്രകൃതി പരിഗണിച്ചു വേണം സ്ത്രീകൾക്ക് സംരക്ഷണം ഒരുക്കാൻ. നട തുറന്നിരിക്കുന്ന ദിവസങ്ങളിൽ രാപ്പകലില്ലാതെ ഭക്തജനപ്രവാഹമുണ്ട്. തിരക്കേറിയ ദിവസങ്ങളിൽ മരക്കൂട്ടം മുതൽ സന്നിധാനം വരെ പന്ത്രണ്ട് മണിക്കൂറിലേറെ 'ക്യൂ' പതിവാണ്. ഈ അവസ്ഥയിൽ സ്ത്രീകൾക്ക് പ്രത്യേക ദർശനം ഒരുക്കാനും ഒപ്പമുള്ള പുരുഷ ഭക്തരിൽ നിന്ന് പിരിയാതെ നോക്കാനും സംവിധാനം വേണം. പമ്പയെ പ്രളയം തകർത്തതിനാൽ ഇക്കൊല്ലം അടിസ്ഥാന സൗകര്യങ്ങളെല്ലാം നിലയ്ക്കലിലാണ് ക്രമീകരിക്കുന്നത്. നിർമ്മാണങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് പ്രത്യേക സൗകര്യവും സുരക്ഷയും ഒരുക്കാൻ പദ്ധതികളിൽ മാറ്റം വരുത്തിയേക്കും.

### നിലയ്ക്കലിൽ

- സ്ത്രീ - പുരുഷൻമാർക്ക് പ്രത്യേക താമസസൗകര്യം.
- ശൗചാലയങ്ങൾ, കുളിമുറികൾ.
- ഭക്ഷണശാലകൾ.
- കൂടുതൽ വനിതാ പൊലീസ്.
- ബസുകളിലെ തിരക്ക് നിയന്ത്രണം.

### പമ്പയിൽ

- സ്ത്രീകൾക്ക് കുളിക്കടവുകൾ.
- വസ്ത്രം മാറാനുള്ള മറപ്പുരകൾ.
- ശൗചാലയങ്ങൾ
- കൂടുതൽ വനിതാ പൊലീസ്

### മല കയറ്റത്തിൽ

- രാത്രിയിൽ മലകയറുന്ന സ്ത്രീകൾക്ക് സുരക്ഷ.
- സ്ത്രീകൾക്ക് ബയോ ടോയ്‌ലറ്റുകൾ.
- ഓക്സിജൻ പാർലറുകൾ.
- കൂടുതൽ സ്ക്വാഡുകൾ.
- കാത്ത് നിൽപ്പ് സൗകര്യങ്ങൾ

### സന്നിധാനത്ത് വനിതാ പൊലീസ്

ചരിത്രത്തിലാദ്യമായി സന്നിധാനത്ത് വനിതാ പൊലീസിനെ നിയോഗിക്കണം. ഇരുമുടിക്കെട്ടുമായി വരുന്ന സ്ത്രീകളെ പതിനെട്ടാം പടിയിലൂടെ പിടിച്ചു കയറ്റാനും വനിതാ പൊലീസ് വേണം. വിരിപ്പന്തലിൽ കൂട്ടമായി കിടന്നുറങ്ങുന്ന രീതിയാണ് നിലവിലുള്ളത്. ഒരു ദിവസത്തിലേറെ സന്നിധാനത്ത് തങ്ങുന്ന സ്ത്രീകൾക്ക് പ്രത്യേക വിരിപ്പന്തൽ ഒരുക്കണം. മകരവിളക്കിന് ദിവസങ്ങൾക്കു മുൻപേ പർണശാലകൾ കെട്ടി താമസിക്കുന്ന അന്യസംസ്ഥാനക്കാർക്കൊപ്പം സ്ത്രീകളുണ്ടായാലുള്ള സംവിധാനത്തെപ്പറ്റിയും ചിന്തിക്കണം.

### 3ന് മുഖ്യമന്ത്രിയുമായി ചർച്ച

സുപ്രീംകോടതി വിധി നടപ്പാക്കുന്നത് ആലോചിക്കാൻ ഒക്ടോബർ 3ന് ദേവസ്വം മന്ത്രിക്കൊപ്പം മുഖ്യമന്ത്രിയെ കാണുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ പറഞ്ഞു.

" സ്ത്രീകൾ എത്തിയാൽ സുരക്ഷ നൽകും. ഡി.ജി.പിയുടെ നിർദ്ദേശം അനുസരിച്ചാവും ക്രമീകരണങ്ങൾ.

-ടി.നാരായണൻ
*പത്തനംതിട്ട പൊലീസ് മേധാവി*

## ക്ഷേത്രങ്ങളെ സംഘർഷ കേന്ദ്രങ്ങളാക്കരുത് : ബി.ജെ.പി

തിരുവനന്തപുരം: സുപ്രീംകോടതിയിലെ നിർണായക വിധിയുടെ പശ്ചാത്തലത്തിൽ ശബരിമലയോ ഇതര ക്ഷേത്രങ്ങളോ സംഘർഷ കേന്ദ്രങ്ങളാക്കി മാറ്റാൻ അനുവദിക്കരുതെന്ന് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ പി.എസ്. ശ്രീധരൻ പിള്ള പറഞ്ഞു.

വിശ്വാസത്തിനു ഭംഗം വരാത്തതും ഭരണഘടനയോടു പ്രതിബദ്ധത പുലർത്തുന്നതുമായ സമീപനമാണ് വേണ്ടത്. തന്ത്‌റി കുടുംബത്തിന്റെയും പന്തളം കൊട്ടാരത്തിന്റെയും ഹൈന്ദവ സംഘടനകളുടെയും അഭിപ്രായം കണക്കിലെടുത്ത് സമവായം സ്വരൂപിക്കേണ്ടതുണ്ട്.

ആരാധനാസ്വാതന്ത്ര്യത്തിൽ സ്ത്രീകളോട് വിവേചനം പാടില്ലെന്ന പൊതുസമീപനമാണ് ബി.ജെ.പിക്കുള്ളത്. പക്ഷേ, ആചാരാനുഷ്ഠാനങ്ങൾക്കു ഭംഗം വരുത്തുന്നതിലൂടെ വിശ്വാസികളുടെ വികാരങ്ങൾ വ്രണപ്പെടുത്താതിരിക്കാൻ സംസ്ഥാനസർക്കാരിന് ബാദ്ധ്യതയുണ്ട്. പിള്ള ചൂണ്ടിക്കാട്ടി.

ശബരിമലയിൽ സ്ത്രീപ്രവേശനം അനുവദിച്ച സുപ്രീംകോടതി വിധിയിൽ ആശങ്കയുണ്ട്. വിധിയെ തുടർന്നുണ്ടാവുന്ന പ്രത്യാഘാതങ്ങൾ കോടതി പൂർണമായും ഉൾക്കൊണ്ടോ എന്നതിൽ സംശയമുണ്ട്. ആചാരങ്ങൾ കോടതി വിധിയിലൂടെ മാത്രം മാറ്റിയെടുക്കാമെന്നത് എത്രമാത്രം പ്രായോഗികവും ഗുണപരവുമാണെന്നത് ചിന്തിക്കണം. ഓരോ ക്ഷേത്രങ്ങൾക്കും ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ട്. ക്ഷേത്രങ്ങളുടെ നിലനിൽപ്പിന്റെ അടിസ്ഥാനമായ ഇവയെ മാനിക്കണമെന്നാണ് വിശ്വാസികളുടെ ആഗ്രഹം. വിധി എങ്ങനെ പ്രതിഫലിക്കുമെന്നതിൽ സമൂഹത്തിന് ആശങ്കയുണ്ട്.

- കെ.സി. വേണുഗോപാൽ എം.പി

സുപ്രീംകോടതി വിധി ദൂരവ്യാപക പ്രത്യാഘാതമുണ്ടാക്കും. ശബരിമലയിലെ ആചാരങ്ങളുടെ വിശ്വാസത്തെ ഹനിക്കും. ശബരിമലയിൽ സ്ത്രീ നിയന്ത്രണം തന്ത്രശാസ്ത്രവിധി പ്രകാരമുള്ളതാതാണ്. ആർത്തവകാല ശുദ്ധികളും മറ്റും കേരളത്തിലെ എല്ലാ ക്ഷേത്രങ്ങളിലും ആചരിക്കുന്നുണ്ട്. ദർശനമെന്ന മഹത്തായ അനുഭവം വെറും ക്ഷേത്രം കാണാൻ പോകുന്ന അവസ്ഥയിലേക്ക് മാറും. വിധി പുനപരിശോധിക്കാനുള്ള സാദ്ധ്യതകൾ ക്ഷേത്രവിശ്വാസികൾ പരിശോധിക്കണം.

- അക്കീരമൺ കാളിദാസഭട്ടതിരിപ്പാട്,
അഖിലേന്ത്യാ ബ്രാഹ്മണ ഫെഡറേഷൻ ഉപാദ്ധ്യക്ഷൻ,
ബി.ഡി.ജെ.എസ് സംസ്ഥാന വൈസ്‌പ്രസിഡന്റ്

# 4.5 കിലോ മീറ്റർ സ്ത്രീ സുരക്ഷാ ഇടനാഴി

▶ എം.എച്ച്.വിഷ്ണു

തിരുവനന്തപുരം: പ്രായഭേദമില്ലാതെ സ്ത്രീകൾ മലചവിട്ടാനെത്തുമ്പോൾ, ശബരിമലയിലെ സുരക്ഷാ പദ്ധതി അപ്പാടെ പൊളിച്ചെഴുതേണ്ടിവരും. സ്ത്രീകളെ നിയന്ത്രിക്കാൻ കാനനപാതയിലുടനീളം വനിതാപൊലീസിനെയും അവരുടെ സംരക്ഷണത്തിന് പുരുഷ പൊലീസിനെയും വൻതോതിൽ നിയോഗിക്കണം. പമ്പ മുതൽ സന്നിധാനം വരെയുള്ള നാലരകിലോമീറ്റർ സ്ത്രീസുരക്ഷാ ഇടനാഴിയാക്കേണ്ടിവരും. ദുർഘടമായ പുൽമേട് വഴിയുള്ള സ്ത്രീകളുടെ യാത്ര അനുവദിച്ചേക്കില്ല. സ്ത്രീകൾക്ക് പ്രത്യേക ക്യൂ ഉണ്ടാക്കി പതിനെട്ടാം പടി കടത്തിവിടാനും ശരണപാതയിൽ കൂടുതൽ ക്യൂ കോംപ്ലക്സുകൾ പണിയാനും പൊലീസ് ആവശ്യപ്പെടും.

പ്രതിവർഷം നാലുകോടിയോളം തീർത്ഥാടകർ എത്തുന്നതായാണ് പൊലീസിന്റെ കണക്ക്. മകരവിളക്കിനു മാത്രം 30 ലക്ഷത്തിലേറെ പേരെത്തും. അഞ്ചുലക്ഷത്തോളം സ്ത്രീകളാണ് ഓരോ സീസണിലും മലചവിട്ടുന്നത്. പ്രതിവർഷം 20 ശതമാനം തീർത്ഥാടകർ വർദ്ധിക്കുന്നുമുണ്ട്. സുപ്രീംകോടതി വിധിയോടെ അന്യസംസ്ഥാനക്കാരായ സ്ത്രീകളുടെ എണ്ണം പലമടങ്ങ് വർദ്ധിക്കും. ഇവരെ കൂടി കണക്കിലെടുത്തായിരിക്കും സുരക്ഷാ പദ്ധതി പുനക്രമീകരിക്കുന്നത്. ഇതുവരെ നിലയ്ക്കലും പമ്പയിലും മാത്രമാണ് വനിതാ പൊലീസുള്ളത്. ഓരോ സി.ഐ, എസ്.ഐമാരുടെ നേതൃത്വത്തിൽ ഒമ്പത് പേർ വീതമുള്ള മൂന്ന് സംഘങ്ങൾക്ക് പരമാവധി 15 ദിവസമാണ് ഡ്യൂട്ടി. അന്യസംസ്ഥാന സ്ത്രീകളുടെ പ്രായം സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഉറപ്പാക്കുകയാണ് ചുമതല. ഇനിമുതൽ സ്ത്രീസുരക്ഷയ്ക്ക് വനിതാ ഐ.പി.എസുകാരടക്കം ആയിരത്തോളം സേനാംഗങ്ങളെ നിയോഗിക്കേണ്ടിവരും. വനിതാ തീർത്ഥാടകർക്കും വനിതാ പൊലീസിനുമായി വിശ്രമകേന്ദ്രങ്ങളും ടോയ്‌ലറ്റുകളും ഷെൽട്ടറുകളും ഭക്ഷണവും കുടിവെള്ളവും സജ്ജമാക്കണം. കൂടുതൽ വനിതാ ഗാർഡുമാരെ നിയോഗിക്കാൻ ദേവസ്വം ബോർഡിനോടും നിർദ്ദേശിക്കും. അയൽ സംസ്ഥാനങ്ങളിൽ നിന്ന് വനിതാ പൊലീസിനെ ആവശ്യപ്പെടും.

സ്ത്രീകൾക്ക് പ്രത്യേക ക്യൂ ഉണ്ടാക്കുമ്പോൾ ദർശനത്തിന് കൂടുതൽ സമയം വേണ്ടിവരും. ഓൺലൈനായി ദർശനം ബുക്ക്ചെയ്യാവുന്ന വെർച്വൽക്യൂ ശക്തമാക്കും. കഴിഞ്ഞവർഷം 14 ലക്ഷം പേരാണ് വെർച്വൽക്യൂ ഉപയോഗിച്ചത്. മരക്കൂട്ടം, ശബരിപീഠം, യൂടേൺ എന്നിവിടങ്ങളിൽ ബയോടോയ്‌ലറ്റുകൾ വനിതാപൊലീസിനായി സജ്ജമാക്കും. തീർത്ഥാടക പാതയിലുടനീളം സി.സി.ടി.വി, അനലൈസർ കാമറകൾ സ്ഥാപിച്ച് നിരീക്ഷണം ശക്തമാക്കും. വ്യോമസേനയുടെ ഹെലികോപ്റ്ററുകളും നാവികസേനയുടെ ഡോണിയർ വിമാനങ്ങളും നിരീക്ഷണത്തിനുപയോഗിക്കും. 200 മീറ്റർ ഉയരത്തിൽ ദൃശ്യങ്ങൾ പകർത്താവുന്ന ഡ്രോണുകളും പൊലീസ് സജ്ജമാക്കും. ഈ ദൃശ്യങ്ങൾ ശബരിമലയിലെ കൺട്രോൾറൂമിനു പുറമേ പൊലീസ് മേധാവിയുടെയും ദക്ഷിണമേഖലാ ഐ.ജിയുടെയും ഓഫീസുകളിൽ നിരീക്ഷിക്കും. നാലുഘട്ടമായി 20,000 പൊലീസുകാരെയാണ് മണ്ഡലകാലത്ത് നിയോഗിക്കാറുള്ളത്. ഇത്തവണ പതിനായിരം പേരെങ്കിലും അധികം വേണം.



### സുരക്ഷയ്ക്ക്

**700** അംഗങ്ങളുള്ള വനിതാ ബറ്റാലിയൻ

**48** പേരുള്ള വനിതാ കമാൻഡോ സംഘം

### വെല്ലുവിളികൾ



- ലക്ഷക്കണക്കിന് സ്ത്രീകൾക്ക് സുരക്ഷയൊരുക്കണം
- നിയന്ത്രണം കൂട്ടുമ്പോൾ ദർശന സമയം വൈകും
- ഇത് തിരക്ക് കൂട്ടും
- ഒരുമാസം കൊണ്ട് അവശ്യ സൗകര്യങ്ങളൊരുക്കണം



സ്ത്രീകളുടെ എണ്ണം ഇരട്ടിയാവുമെന്നാണ് കരുതുന്നത്. കൂടുതൽ പൊലീസിനെ നിയോഗിച്ച് സുരക്ഷ ശക്തമാക്കണം. പുതിയ സുരക്ഷാസ്കീം ഉടൻ തയ്യാറാക്കും.

എസ്.ആനന്ദകൃഷ്ണൻ
*എ.ഡി.ജി.പി, പൊലീസ് ആസ്ഥാനം*

## നിയമവും ആചാരാനുഷ്ഠാനങ്ങളും സമന്വയിപ്പിക്കണം: ഉമ്മൻചാണ്ടി

തിരുവനന്തപുരം: ശബരിമലയിലെ സ്ത്രീപ്രവേശനത്തിൽ നിയമവും ആചാരാനുഷ്ഠാനങ്ങളും സമന്വയിപ്പിച്ചുകൊണ്ടുപോകണമെന്ന് ഉമ്മൻചാണ്ടി പറഞ്ഞു. കോടതിവിധിയുടെ അന്തഃസത്ത ഉൾക്കൊണ്ടുള്ള നടപടികളാണ് വേണ്ടെതന്നും അദ്ദേഹം വ്യക്തമാക്കി.

പരമോന്നത നീതിപീഠത്തിന്റെ വിധി എല്ലാവർക്കും ബാധകമാണ്. അതേസമയം എല്ലാ സമുദായങ്ങൾക്കും അവരുടേതായ ആചാരങ്ങളും അനുഷ്ഠാനങ്ങളും അവയ്ക്ക് ചരിത്രപരമായ പ്രാധാന്യവുമുണ്ട്. സുപ്രീംകോടതി പരിശോധിച്ചത് നിയമപരമായ കാര്യങ്ങളാണ്. ഭരണഘടനാപരമായി എല്ലാ വിഭാഗങ്ങൾക്കും നീതി ഉറപ്പുവരുത്താനുള്ള ഉത്തരവദിത്വത്തിന്റെ ഭാഗമാണ് ഇത്. പാരമ്പര്യം മാനിക്കേണ്ടതുമുണ്ട്.

സുപ്രീംകോടതി വിധി സ്വാഗതം ചെയ്യുന്നുണ്ടോ എന്ന മാദ്ധ്യമപ്രവർത്തകരുടെ ചോദ്യത്തിന്, തനിക്ക് പറയാനുള്ള കാര്യങ്ങളിൽ നല്ല വ്യക്തതയുണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

## വിധി അംഗീകരിക്കുന്നു: ദേവസ്വം ബോർഡ് പ്രസിഡന്റ്

പത്തനംതിട്ട: സുപ്രീംകോടതി വിധി അംഗീകരിക്കുന്നുവെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ പറഞ്ഞു. വിധിയുടെ അടിസ്ഥാനത്തിൽ ശബരിമല ദർശനത്തിനെത്തുന്ന സ്ത്രീകൾക്ക് ആവശ്യമായ സൗകര്യങ്ങളേർപ്പെടുത്തും. പുനഃപരിശോധന ഹർജി നൽകണമോയെന്നതു സംബന്ധിച്ച് ആലോചിച്ച് തീരുമാനിക്കും. സ്ത്രീകൾക്കാവശ്യമായ സൗകര്യങ്ങളൊരുക്കണമെങ്കിൽ ശബരിമലയിൽ കൂടുതൽ വനഭൂമി ലഭ്യമാക്കേണ്ടിവരും.

നിലവിലെ സാഹചര്യത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണത്തിനു ഭൂമിയുടെ അപര്യാപ്തതയുണ്ടെന്നും പ്രസിഡന്റ് പറഞ്ഞു.

## കോടതി വിധി മാനിക്കുന്നു: ആർ.എസ്.എസ്

കോഴിക്കോട്: ശബരിമല ക്ഷേത്രത്തിലെ സ്ത്രീപ്രവേശനത്തെ സംബന്ധിച്ച സുപ്രീം കോടതി വിധിയെ മാനിക്കുന്നുവെന്ന് ആർ.എസ്.എസ് പ്രാന്തകാര്യവാഹ് പി. ഗോപാലൻകുട്ടി മാസ്റ്റർ പ്രസ്താവനയിൽ അറിയിച്ചു. ഇതു സംബന്ധിച്ച് ആർ.എസ്.എസ് സർകാര്യവാഹ് നേരത്തെ നിലപാട് വ്യക്തമാക്കിയിരുന്നു. ജാതി, ലിംഗ ഭേദമെന്യെ എല്ലാ ഭക്തജനങ്ങൾക്കും ക്ഷേത്രങ്ങളിൽ തുല്യ അവകാശമാണുള്ളത്. സ്ത്രീപ്രവേശനം അനുവദിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിന് മുമ്പ് ആവശ്യമായ ബോധവത്കരണം ഉണ്ടാകേണ്ടതുണ്ട്.

## ദുർവിധിയെന്ന് പി.സി. ജോർജ്

പാലക്കാട്: സുപ്രീംകോടതി വിധി ദുർവിധിയാണെന്ന് പി.സി. ജോർജ് എം.എൽ.എ പറഞ്ഞു. തമിഴ്നാട്ടിൽ ജെല്ലിക്കെട്ട് നിരോധിച്ച വിധിയുടെ ഗതി ഇതിനും വരും.

## പിന്നിട്ട വഴികളിലെ നിയമപോരാട്ടം




### 1991ലെ ഹൈക്കോടതി വിധി

ശബരിമലയിൽ സ്ത്രീപ്രവേശന നിയന്ത്രണം നിലനിറുത്തി 1991 ഏപ്രിൽ 5നാണ് കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധി പറഞ്ഞത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണം ഭരണഘടനാ വിരുദ്ധമല്ലെന്നായിരുന്നു ജസ്റ്റിസുമാരായ കെ. പരിപൂർണൻ, കെ.ബി. മാരാർ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കിയത്. ക്ഷേത്ര തന്ത്രിയാണ് ആചാരപരമായ കാര്യങ്ങൾ തീരുമാനിക്കേണ്ടത്. നിരോധനം എല്ലാ സ്ത്രീകൾക്കുമല്ലെന്നും പ്രത്യേക പ്രായപരിധിയിലുള്ളവർക്ക് മാത്രമാണെന്നും കോടതി ചൂണ്ടിക്കാട്ടിയിരുന്നു.

### 2006 മുതൽ സുപ്രീംകോടതിയിൽ



ഹൈക്കോടതി വിധിയെ ചോദ്യം ചെയ്ത് പത്തിനും അമ്പതിനുമിടയിലുള്ള സ്ത്രീകൾക്ക് ശബരിമലയിൽ പ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ യംഗ് ലായേഴ്സ് അസോസിയേഷനാണ് സുപ്രീംകോടതിയിലെത്തിയത്. ആർത്തവകാലത്ത് സ്ത്രീകൾക്ക് ക്ഷേത്രപ്രവേശനം പാടില്ലെന്ന് വ്യക്തമാക്കുന്ന 1965-ലെ കേരള ഹിന്ദു പൊതു ആരാധനാസ്ഥല ചട്ടത്തിന്റെ മൂന്നാം(ബി) വകുപ്പ് ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിക്കണമെന്നായിരുന്നു ആവശ്യം. 2006 ൽ സുപ്രീംകോടതിയിലെത്തിയ ഹർജിയിൽ ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ മൂന്നംഗ ബെഞ്ച് വാദം കേട്ടെങ്കിലും അഞ്ച് പരിഗണനാ വിഷയങ്ങൾ തയ്യാറാക്കി ഭരണഘടനാ ബെഞ്ചിന് വിടുകയായിരുന്നു.

### ഭരണഘടനാ ബെഞ്ച് പരിശോധിച്ചത്



- ജീവശാസ്ത്ര പ്രത്യേകതയുടെ പേരിൽ സ്ത്രീകളെ ഒഴിവാക്കുന്നത് വിവേചനപരമാണോ? തുല്യത, ലിംഗനീതി, തൊട്ടുകൂടായ്മക്കെതിരായ അവകാശം എന്നിവയുടെ ലംഘനമാണോ?
- സ്ത്രീകളെ മാറ്റിനിറുത്തുന്നത് 'അനിവാര്യമായ മതാചാര'മാണോ? മതപരമായ കാര്യങ്ങൾ സ്വന്തം നിലയിൽ തീരുമാനിക്കുമെന്ന് മതസ്ഥാപനങ്ങൾക്ക് അവകാശപ്പെടാനാകുമോ?
- ശബരിമലയെ പ്രത്യേക വിശ്വാസി സമൂഹമായി പരിഗണിക്കാമോ?
- കേരള ഹിന്ദു പൊതു ആരാധനാസ്ഥല ചട്ടത്തിന്റെ മൂന്നാം വകുപ്പ് പ്രകാരം 10 - 50 നുമിടയിലുള്ള സ്ത്രീകൾക്ക് നിരോധനം ഏർപ്പെടുത്താനാകുമോ?
- 1965ലെ കേരള ഹിന്ദു പൊതു ആരാധനാസ്ഥല ചട്ടത്തിന്റെ മൂന്നാം (ബി) വകുപ്പ്, കേരള ഹിന്ദു പൊതു ആരാധനാസ്ഥല (പ്രവേശനം) നിയമത്തിന് വിരുദ്ധമാണോ?

### അനുകൂലമായി വാദിച്ചവർ

ഇന്ത്യൻ യംഗ് ലായേഴ്സ് അസോസിയേഷൻ, അമിക്കസ് ക്യൂറി രാജു രാമചന്ദ്രൻ, ഹാപ്പി ടു ബ്ലീഡ് സംഘടന, അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ

### എതിർത്തവർ

തിരുവിതാംകൂർ ദേവസ്വം ബോർഡ്, ശബരിമല തന്ത്രി, എൻ.എസ്.എസ്, പന്തളം രാജകുടുംബം, അമിക്കസ് ക്യൂറി രാമമൂർത്തി, അയ്യപ്പ ധർമ്മസേന, പീപ്പിൾ ഫോർ ധർമ്മ, അയ്യപ്പ സേവാ സംഘം, അഖില കേരള ബ്രാഹ്മണ ഫെഡറേഷൻ

### അനുകൂല വാദങ്ങൾ

- ശബരിമലയെ പ്രത്യേക വിശ്വാസി സമൂഹമായി കാണാനാവില്ല
- ... ക്ഷേത്രപ്രവേശനം ഭരണഘടന നിലവിൽ വരുന്നതിന് മുമ്പു തന്നെ അനുവദിക്കപ്പെട്ടത് ...

### എതിർ വാദങ്ങൾ

- നൈഷ്ഠിക ബ്രഹ്മചാരിയായ പ്രതിഷ്ഠയുടെ പരിശുദ്ധി കാത്തുസൂക്ഷിക്കണം.
- 41 ദിവസത്തെ വ്രതം നിർ... ത്രമുള്ളപ്പോൾ എന്തിനാണ് സ്ത്രീകൾ ശബരിമലയിൽ തന്നെ പോകുന്നത്.
- ശബരിമലയിലേത് സവി...

### സംസ്ഥാന സർക്കാർ

### വാദത്തിനിടെ കോടതി പറഞ്ഞത്




## സ്വാഗതം ചെയ്ത് ഇടത് പാർട്ടികൾ, കരുതലോടെ യു.ഡി.എഫ്, ബി.ജെ.പി

▶ സി.പി.ശ്രീഹർഷൻ



തിരുവനന്തപുരം: വിശ്വാസവും വിധിയും ചേർന്ന് സൃഷ്ടിച്ച സന്ദിഗ്ദ്ധാവസ്ഥയുടെ സമ്മർദ്ദത്തിൽ ശബരിമല സ്ത്രീപ്രവേശന വിഷയത്തോട് കരുതലോടെ പ്രതികരിച്ച് സംസ്ഥാന യു.ഡി.എഫ്, ബി.ജെ.പി നേതൃത്വങ്ങൾ. അതേസമയം, വിധിയെ വിശ്വാസത്തോട് ചേർത്ത് കെട്ടാതെ സ്ത്രീവിവേചനം പൂർണമായി അവസാനിപ്പിക്കുന്ന വിധിയെന്ന് വിശേഷിപ്പിക്കുകയാണ് സംസ്ഥാന സി.പി.എം നേതൃത്വം. ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ നിലപാടിനുള്ള അംഗീകാരമായി സി.പി.എം, സി.പി.ഐ നേതൃത്വങ്ങൾ വിധിയെ വിലയിരുത്തുന്നുണ്ട്. അതേസമയം, വിധിയെ സ്വാഗതം ചെയ്യുമ്പോഴും ഏറെ തിക്കും തിരക്കുമനുഭവപ്പെടുന്ന ശബരിമലയിൽ സ്ത്രീകൾക്ക് സുരക്ഷിത പാതയൊരുക്കുക എന്നത് സർക്കാരിനും തിരുവിതാംകൂർ ദേവസ്വംബോർഡിനും വെല്ലുവിളിയാകും. പക്ഷേ കോടതിവിധി എന്ത് വിലകൊടുത്തും നടപ്പാക്കുകയും വേണം.

സുപ്രീംകോടതി വിധിയെ ആദ്യവിലയിരുത്തലിൽ രാഷ്ട്രീയ കക്ഷികളെല്ലാം സ്വാഗതം ചെയ്യുകയാണ്. അതേസമയം, വിശ്വാസിസമൂഹത്തെ പരിക്കേല്പിക്കാതിരിക്കാനുള്ള കരുതൽ യു.ഡി.എഫ്, ബി.ജെ.പി പ്രതികരണങ്ങളിലുണ്ടായി. വിശ്വാസത്തെ ബാധിക്കില്ലെന്ന നില സ്വീകരിക്കുമ്പോൾ തന്നെ അതിലേക്ക് കുട്ടിക്കെട്ടാതിരിക്കാനുള്ള ജാഗ്രത ഇടത് നേതൃത്വത്തിലുമുണ്ടാകുന്നുണ്ട്. പക്ഷേ സ്ത്രീപ്രവേശനം അനുവദിക്കണമെന്ന നിലപാട് 2006 ലെ വി.എസ് സർക്കാരിന്റെ കാലം മുതൽ സ്വീകരിച്ചുവന്ന സി.പി.എമ്മിനും ഇടതുപക്ഷത്തിനും അതിൽ നിന്ന് പിന്മാറാനാവില്ല.

ക്രിസ്ത്യൻ, മുസ്ലിം സ്ത്രീകളുടെ വിഷയമായിരുന്നെങ്കിൽ കമ്മ്യൂണിസ്റ്റുകാർ ഇടപെടുമായിരുന്നോയെന്ന ആക്ഷേപമുയർന്നപ്പോൾ, ക്രിസ്ത്യൻ സ്ത്രീകളുടെ പിന്തുടർച്ചാവകാശ വിഷയത്തിലും ശരിയത്ത് നിയമത്തിന്റെ പേരിൽ മുസ്ലിം സ്ത്രീകളെ ഇഷ്ടംപോലെ മൊഴിചൊല്ലുന്ന വിഷയത്തിലും ഇ.എം.എസിന്റെ കാലം തൊട്ട് സി.പി.എം എടുത്ത നിലപാട് ഉയർത്തിക്കാട്ടിയാണ് സി.പി.എം പ്രതിരോധിച്ചത്.

കോൺഗ്രസ് നേതൃത്വമാകട്ടെ, വിധിയെ സ്വാഗതം ചെയ്യുമ്പോഴും ആചാരാനുഷ്ഠാനങ്ങൾ വിശ്വാസത്തിന്റെ ഭാഗമായി മാനിക്കണമെന്ന് എടുത്തുപറഞ്ഞത് ശ്രദ്ധേയം. ശബരിമലയടക്കം എല്ലാ ക്ഷേത്രങ്ങളിലും സ്ത്രീകൾക്ക് പ്രവേശനം വേണമെന്ന നിലപാടാണ് ആർ.എസ്.എസ് അഖിലേന്ത്യാനേതൃത്വം തുടക്കത്തിലേ സ്വീകരിച്ചത്. ആർ.എസ്.എസിനെ തള്ളിക്കൊണ്ട് സംസ്ഥാന ബി.ജെ.പി നേതൃത്വത്തിന് മറിച്ചൊരു നിലപാട് പറ്റില്ലെങ്കിലും കേരളത്തിലെ വിശ്വാസിസമൂഹത്തെ അകറ്റാനുമാവാത്ത സ്ഥിതിയുണ്ട്. ഹൈന്ദവ വോട്ട്ബാങ്കിൽ വിള്ളലുണ്ടാകുന്നത് ലോക്സഭാ തിരഞ്ഞെടുപ്പിലേക്ക് നീങ്ങുമ്പോൾ ബി.ജെ.പി നേതൃത്വത്തിന് സങ്കല്പിക്കാൻ പോലുമാവാത്തതാണ്. ഇത് കണക്കിലെടുത്താണ് ബി.ജെ.പി സംസ്ഥാന പ്രസിഡന്റിന്റെ കരുതലോടെയുള്ള പ്രതികരണം.

## കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷന്റെ ശില്പശാല നാളെ

തിരുവനന്തപുരം: പ്രളയാനന്തര കേരളത്തെ പുനഃസൃഷ്ടിക്കുന്നതിനാവശ്യമായ അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നതിനായി കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ശില്പശാല സംഘടിപ്പിക്കുന്നു. എസ്.എം.വി ഹയർസെക്കൻഡറി സ്കൂളിൽ നാളെ രാവിലെ 10 മുതലാണ് ശില്പശാല. ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ഡോ.വി.കെ. രാമചന്ദ്രൻ, മന്ത്രി തോമസ് ഐസക് എന്നിവർ സംസാരിക്കും. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ.കെ.എം. ദിലീപ് അദ്ധ്യക്ഷത വഹിക്കും. ഡോ.ബി. ഇക്ബാൽ, ഡോ.ആർ. രാംകുമാർ, ഡോ.കെ. രവിരാമൻ, ഡോ. മ്യദുൽ ഈപ്പൻ, ജോൺ മത്തായി തുടങ്ങിയവർ സംസാരിക്കും.

www.keralakaumudi.com www.facebook.com/keralakaumudi

### ചിത്രരചനാമത്സരം

തിരുവനന്തപുരം : ജവഹർ ബാലജനവേദിയുടെ ആഭിമുഖ്യത്തിൽ മഹാത്മാഗാന്ധിയുടെ ജന്മദിനത്തോടനുബന്ധിച്ച് ഒക്ടോബർ 2 ന് വൈകിട്ട് 3ന് ശംഖുംമുഖത്ത് സ്കൂൾ വിദ്യാർത്ഥികൾക്കായി ചിത്രരചനാ മത്സരം സംഘടിപ്പിക്കുന്നു. എൽ.പി, യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലായി നടത്തുന്ന മത്സരത്തിൽ പങ്കെടുക്കുന്നതിന് താത്പര്യമുള്ള വിദ്യാർത്ഥികൾ നാളെ രജിസ്റ്റർ ചെയ്യണം. ഫോൺ: 94472 71138, 98470 96435, 90377 19668.

### സർജിക്കൽ സ്ട്രൈക്ക് രണ്ടാം വാർഷികാചരണം ഇന്ന്

തിരുവനന്തപുരം: പാക് അധീന പ്രദേശങ്ങളിലെ ഇന്ത്യാ വിരുദ്ധ ക്യാമ്പുകൾ തകർക്കാൻ രണ്ടു വർഷം മുമ്പ് നടത്തിയ സർജിക്കൽ സ്ട്രൈക്കിന്റെ വാർഷികം ബി.ജെ.പി തിരുവനന്തപുരം നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആചരിക്കും. ഇന്ന് വൈകിട്ട് 6ന് ജി.പി.ഒ ലെയിനിലെ സംസ്കൃതി ഭവനിൽ നടക്കുന്ന ചടങ്ങിൽ സർജിക്കൽ സ്ട്രൈക്കിൽ പങ്കെടുത്ത കേണൽ ആനന്ദും കേണൽ ആർ.ജി. നായർ, മേജർ വിജയകുമാർ, കമൻഡാന്റ് ഗോപകുമാർ, പ്രൊഫ. ടി. എൻ. മധുസൂദനൻ, പ്രൊഫ. രഘുനാഥ് എന്നിവരും സംസാരിക്കും.

# ശാപമോക്ഷം കാത്ത് കുഴിത്തുറ കൊട്ടാരം

## ജീർണാവസ്ഥയിലായ കൊട്ടാരം നവീകരിക്കാൻ അധികൃതർ മുൻകൈയെടുക്കുന്നില്ലെന്ന് ആക്ഷേപം

കുഴിത്തുറ: ഒരു കാലത്ത് രാജകീയ പ്രതാപം വിളയാടിയിരുന്ന കുഴിത്തുറ കൊട്ടാരം ഇന്ന് ജീർണാവസ്ഥയിലാണ്. മേച്ചിലോടുകളും തകർന്ന് ചുമരുകൾ ജീർണിച്ച് ഏതുനിമിഷവും നിലംപൊത്താറായ നിലയിലാണ് കൊട്ടാരം. കന്യാകുമാരി ജില്ലയിൽ കുഴിത്തുറ തപാൽ ഓഫീസ് ജംഗ്ഷനിൽ നിന്ന് 500 മീറ്റർ മാറി കുഴിത്തുറ മഹാദേവ ക്ഷേത്രത്തിന് സമീപമാണ് നൂറ്റാണ്ടുകൾ പഴക്കമുള്ള കൊട്ടാരം സ്ഥിതിചെയ്യുന്നത്. മേൽക്കൂര തകർന്ന് കഴുക്കോലുകൾ മാത്രമായി കൊട്ടാരം അവശേഷിക്കുകയാണ്. തിരുവിതാംകൂറിന്റെ ചരിത്രം ഉറങ്ങുന്ന ഈ കൊട്ടാരമിപ്പോൾ തമിഴ്നാട് ദേവസ്വം ബോർഡിന്റെ കീഴിലാണ്. തമിഴ്നാട് ദേവസ്വം വക കൊട്ടാരം കുറച്ചു ദിവസം കുഴിത്തുറ ദേവസ്വം സൂപ്രണ്ട് ഓഫീസായി ഉപയോഗിച്ചു. 1992ലെ വെള്ളപ്പൊക്കത്തിൽ കൊട്ടാരം പകുതിയോളം വെള്ളത്തിൽ മുങ്ങി. അതിനുശേഷം ഒരു നവീകരണത്തിനും പരിചരണത്തിനും അധികൃതർ തയ്യാറായില്ല.



ജീർണാവസ്ഥയിലായ കുഴിത്തുറ കൊട്ടാരം

**കൊട്ടാരം അവസാനമായി നവീകരിച്ചത് 1992 ൽ**

### ചരിത്ര വഴിയേ

തിരുവിതാംകൂർ രാജാക്കന്മാർ പത്മനാഭപുരത്തെ പ്രധാന കൊട്ടാരത്തിലെത്തുമ്പോൾ ഇടത്താവളമായി വിശ്രമിച്ചിരുന്നത് ഇവിടെയാണ്. കുതിര വണ്ടികളും ഇവിടെ ഒതുക്കി നിറുത്തും. കൊട്ടാരത്തിന് വലതു ഭാഗത്തായി സ്ഥിതി ചെയ്യുന്ന ചാമുണ്ഡേശ്വരി ക്ഷേത്രത്തിന് സമീപമായാണ് പ്രസിദ്ധമായ താമരഭരണി നദി ഒഴുകുന്നത്. എട്ടുവീട്ടിൽ പിള്ളമാരെ വധിച്ച ശേഷം ശാപമോക്ഷത്തിനായി മാർത്താണ്ഡ വർമ്മ മഹാരാജാവ് രക്തചാമുണ്ഡി ദേവിക്ക് ഹോമം നടത്തിയ ഹോമപ്പുരയാണ് ഇന്ന് ചാമുണ്ഡേശ്വരി ക്ഷേത്രമായി അറിയപ്പെടുന്നത്. നവരാത്രി വിഗ്രഹങ്ങൾ എഴുന്നള്ളത്തിന് വരുമ്പോൾ ക്ഷേത്ര പുരയിടത്തിലാണ് ഇറക്കിവയ്ക്കാറ്.

കൊട്ടാരവളപ്പിൽത്തന്നെ ദേവസ്വം ആനയ്ക്ക് വിശ്രമകേന്ദ്രം പണിതിട്ടുണ്ട്. കുറ്റിക്കാടുകൾക്കിടയിൽ പാഴ്ചെടികൾ നിറഞ്ഞ് ഈ ചരിത്രസ്മാരകം നശിക്കുകയാണ്. ഇരണിയൽ കൊട്ടാരം നവീകരിക്കാൻ സർക്കാർ തുക അനുവദിച്ചിട്ടും തമിഴ്നാട് ദേവസ്വം അധികൃതരുടെ അനാസ്ഥ കാരണം കൊട്ടാരം നിലംപതിക്കുന്ന അവസ്ഥയിലെത്തിച്ചിരിക്കുകയാണ്. മദ്യപസംഘങ്ങളുടെയും സാമൂഹ്യവിരുദ്ധരുടെയും കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ഈ ചരിത്ര സ്മാരകം നിലനിറുത്താൻ അധികൃതർ മുന്നോട്ടുവരണമെന്നാണ് നാട്ടുകാരുടെ ആവശ്യം.


ശിവഗിരിയിൽ നടക്കുന്ന യതി പൂജയോടനുബന്ധിച്ച് ബോധിതീർത്ഥ സ്വാമിയുടെയും എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയൻ സെക്രട്ടറി ആലുവിള അജിത്തിന്റെയും നേതൃത്വത്തിൽ അരുവിപ്പുറത്ത് നിന്ന് വന്ന ജ്യോതി പ്രയാണയാത്രയ്ക്ക് കുളത്തൂർ കോലത്തുകര ശാഖയുടെ ആഭിമുഖ്യത്തിൽ ഗുരുനഗറിൽ നൽകിയ സ്വീകരണം. സി. പ്രമോദ്, കോലത്തുകര മോഹനൻ, ജി.പി. ഗോപകുമാർ തുടങ്ങിയവർ സമീപം


പ്രേംനസീറിന്റെ മകൻ ഷാനവാസ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു. മകൻ അജിത് ഖാൻ സമീപം


കേരള എൻ.ജി.ഒ അസോസിയേഷൻ ജില്ലാ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ജോൺ കെ. സ്റ്റീഫൻ, ജില്ലാ സെക്രട്ടറി വി. എൻ. രാകേഷ് കമൽ

### കേരള എൻ.ജി.ഒ അസോസിയേഷൻ 44-ാം നോർത്ത് ജില്ലാ സമ്മേളനം

തിരുവനന്തപുരം: കേരള എൻ.ജി.ഒ അസോസിയേഷൻ തിരുവനന്തപുരം നോർത്ത് ജില്ലാ സമ്മേളനം സത്യൻ സ്മാരക ഹാളിൽ നടന്നു. സംസ്ഥാന പ്രസിഡന്റ് എൻ.കെ. ബെന്നി സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന നേതാക്കളായ ഇ.എൻ. ഹർഷകുമാർ, പി. ഉണ്ണിക്കൃഷ്ണൻ, ചവറ ജയകുമാർ, ബി. മോഹനചന്ദ്രൻ, കെ.എ. മാത്യൂ എസ്. രവീന്ദ്രൻ, എ.എം. ജാഫർഖാൻ, അരുമാനൂർ മനോജ്, എ. രാജശേഖരൻ നായർ എന്നിവർ പങ്കെടുത്തു. സമ്മേളനത്തിൽ ജോൺ കെ. സ്റ്റീഫനെ ജില്ലാ പ്രസിഡന്റായും വി.എൻ. രാകേഷ് കമലിനെ ജില്ലാ സെക്രട്ടറിയായും എസ്. അജയകുമാറിനെ ട്രഷററായും തിരഞ്ഞെടുത്തു.

## ഇഷ ഫൗണ്ടേഷന്റെ യോഗ പരിശീലനം

തിരുവനന്തപുരം: ഇഷ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സദ്ഗുരു ജഗ്ഗി വാസുദേവ് ശാസ്ത്രീയമായി രൂപകല്പന ചെയ്ത 'ഇന്നർ എൻജിനിയറിംഗ് പ്രോഗ്രാം' തിരുവനന്തപുരം രംഗവിലാസം മാളികയിൽ വച്ച് ഒക്ടോബർ 24 മുതൽ 30 വരെ നടക്കും. യോഗയിൽ അധിഷ്ഠിതമായ നൂതന മാർഗങ്ങളിലൂടെ ആരോഗ്യത്തിനും ആന്തരിക വളർച്ചയ്ക്കും വ്യക്തിത്വ വികാസത്തിനും ഗുണകരമാണ്. പുരാതനവും ശക്തവുമായ 'ശാംഭവിമഹാമുദ്ര' എന്ന യോഗക്രിയ മൈഗ്രെയ്ൻ, പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങളിൽ നിന്നു ആശ്വാസം നേടാനും അവയെ തടയാനും, ശ്രദ്ധയും കാര്യക്ഷമതയും വർദ്ധിപ്പിക്കാനും, മെച്ചപ്പെട്ട കുടുംബ സാമൂഹ്യ ബന്ധങ്ങൾ കെട്ടിപ്പടുക്കാനും ജീവിത വിജയത്തിനും ധാരാളം പേർക്ക് സഹായകമായിട്ടുണ്ട്. ക്ലാസ് സമയം: ദിവസേന മൂന്ന് ബാച്ച്. രാവിലെ 6 മുതൽ 9 വരെ,

10 മുതൽ ഉച്ചയ്ക്ക് 1 വരെ അല്ലെങ്കിൽ വൈകിട്ട് 6 മുതൽ 9 വരെ.

ഞായറാഴ്ച രാവിലെ 6 മുതൽ വൈകിട്ട് 6 വരെ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ഫോൺ: 9895511556, 9886863869. ഓൺലൈൻ രജിസ്ട്രേഷന്: Trivandrum@ishayoga.org.


ലോക ഹൃദയാരോഗ്യ ദിനത്തോടനുബന്ധിച്ചുള്ള മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം എസ്.കെ ഹോസ്പിറ്റൽ എം.ഡി കെ.എൻ. ശിവൻകുട്ടി നിർവഹിക്കുന്നു. കാർഡിയോളജിസ്റ്റ് ഡോ. സുരേഷ്, ഡോ. അർഷാദ്, ഡോ. ശർമ്മ, ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ട് ഡോ. രവി, പത്മകുമാർ (സീനിയർ മാനേജർ, ദ ഹിന്ദു), കേണൽ സി.എസ്. പിള്ള എന്നിവർ പങ്കെടുത്തു.

## ഗാന്ധിജയന്തി വാരാചരണത്തിന് വിപുലമായ പരിപാടികൾ

തിരുവനന്തപുരം: ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തി വാരാഘോഷത്തിന്റെ ജില്ലാതല ഉദ്ഘാടനം ഒക്ടോബർ രണ്ടിന് പഴയകുന്നുമ്മലിൽ നടക്കും. കിള്ളിയാർ ശുചീകരണം, ശുചിത്വ റാലി, മെഡിക്കൽ ക്യാമ്പ് തുടങ്ങിയ പരിപാടികളാണ് ഉണ്ടാവുക.

ഗ്രാമ പഞ്ചായത്ത് ആഡിറ്റോറിയത്തിൽ ബി. സത്യൻ എം.എൽ.എ ഗാന്ധിജയന്തി ജില്ലാതല വാരാചരണത്തിനു തിരിതെളിക്കും. ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ചുള്ള മുഖ്യമന്ത്രിയുടെ സന്ദേശം വേദിയിൽ പ്രദർശിപ്പിക്കും. ആരോഗ്യം, ശുചിത്വം എന്നിവയുടെ പ്രാധാന്യം വിളിച്ചോതുന്ന ശുചിത്വ റാലി നടക്കും ഒക്ടോബർ 4നു രാവിലെ ഒമ്പതിന് വിതുര പഞ്ചായത്തിലെ മണലി സാംസ്കാരിക കേന്ദ്രത്തിൽ മെഡിക്കൽ ക്യാമ്പ് നടക്കും. സൗജന്യ രോഗനിർണയവും മരുന്നു വിതരണവും ഇതിന്റെ ഭാഗമായുണ്ടാകും. ആറിനു സംഘടിപ്പിച്ചിരിക്കുന്ന കിള്ളിയാർ ശുചീകരണ യജ്ഞത്തിൽ ആയിരത്തോളം വിദ്യാർത്ഥികളും യുവാക്കളും പങ്കെടുക്കും. സ്വാഗത സംഘം രൂപീകരണം ഇന്നലെ ജില്ലാ പഞ്ചായത്ത് കൗൺസിൽ ഹാളിൽ ചേർന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു രക്ഷാധികാരിയും ഡെപ്യൂട്ടി കളക്ടർ ജോൺ വി. സാമുവൽ ചെയർമാനുമായുള്ള വിപുലമായ സ്വാഗതസംഘം രൂപീകരിച്ചു.

### സാലറി ചലഞ്ച്: കോടതി നിർദ്ദേശം നടപ്പാക്കണം

തിരുവനന്തപുരം: സാലറി ചലഞ്ചിന്റെ പേരിൽ സർക്കാർ പുറത്തിറക്കിയ ഉത്തരവ് പിൻവലിക്കണമെന്ന് ഒ. രാജഗോപാൽ എം.എൽ.എ ആവശ്യപ്പെട്ടു. ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഫെറ്റോ പ്രവർത്തകർ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിക്ക് നൽകിയ വാക്ക് പാലിക്കാൻ സർക്കാർ തയ്യാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഫെറ്റോ ജനറൽ സെക്രട്ടറി പി. സുനിൽകുമാർ, എൻ.ജി.ഒ സംഘ് ജനറൽ സെക്രട്ടറി എസ്.കെ.ജയകുമാർ, കെ.ബി. വിനോദ്കുമാർ, ബി.ജയപ്രകാശ്, കെ.ആർ. മോഹനൻ നായർ തുടങ്ങിയവർ സംസാരിച്ചു.



സാലറി ചലഞ്ച് ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഫെറ്റോയുടെ നേതൃത്വത്തിൽ നടന്ന സെക്രട്ടേറിയറ്റ് മാർച്ച് ഒ. രാജഗോപാൽ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

KERALA KAUMUDI Classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

**ചികിത്സ**
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289
2326569.

**പണയ സ്വർണ്ണം**
കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാജില്ലകളിലും എക്സിക്യൂട്ടീവുകൾ.
98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

**ബാങ്ക് സ്വർണ്ണം**
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
97 46 81 11 96
98 47 30 11 58
രാധികാ ജ്വല്ലറി

**വീട്ടുജോലി / ഹോം നഴ്സ്**
കേരളത്തിലും പുറത്തും വീട്ടുജോലി, ഹോം നഴ്സ്, ANM നഴ്സ്, ബ്യൂട്ടീഷ്യൻ, ലേഡീസ് ടൈലർ - ഉടൻ ബന്ധപ്പെടുക.
ബോസ് കൺസൾട്ടൻസി
T.B.റോഡ്, കോട്ടയം
9447806524
മാർക്കറ്റ് റോഡ്, എറണാകുളം
9400667375
Railway station Road, കോഴിക്കോട്
8089211241, 9961103963

**നഷ്ടപ്പെട്ടു**
എന്റെ വക KL 22 K 3246 TVS ജൂപ്പിറ്റർ വണ്ടിയുടെ ആർ.സി. ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ പരാതി ഉള്ളവർ 15 ദിവസത്തിനകം കഴക്കൂട്ടം RTO-യുമായി പരാതിപ്പെടുക.
എന്ന്, അമൃത G.S,
വലത്തേച്ചിറവീട്, കിഴക്കുംകര,
കുളത്തൂർ പി.ഒ.

**വീട്ടുജോലിക്ക്**
കോട്ടയത്തുള്ള വീട്ടിലേക്ക് എല്ലാവിധ വീട്ടുജോലികളും ചെയ്യാൻ അറിയാവുന്ന ആളെ വീട്ടുജോലിക്ക് ആവശ്യമുണ്ട്. സ്ഥിരമായി നിൽക്കാൻ തയ്യാറുള്ളവർക്ക് മുൻഗണന.
ഫോൺ : 7356339911

**നോട്ടീസ്**
മാർച്ച് 1974 വർഷത്തെ 174747 രജിസ്റ്റർ നമ്പരിലുള്ള എന്റെ SSLC ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിമുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഒഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്.
Sasi. P.V,
Poovakunnu Puthenveedu,
Ambalathinkala, Amachal.

**നഷ്ടപ്പെട്ടു**
01.08.2007-ൽ സൗദി അറേബ്യ - ജിദ്ദയിൽ നിന്ന് issue ചെയ്ത A 073250 എന്ന ഔട്ട്പാസ് സർട്ടിഫിക്കറ്റ് ബാലരാമപുരത്ത് നിന്ന് പനയറകുന്ന് പോകുന്ന വഴിക്ക് നഷ്ടപ്പെട്ടു. എന്തെങ്കിലും വിവരം ലഭിക്കുന്നവർ എന്റെ നമ്പരിലോ അടുത്തുള്ള പൊലീസ് സ്റ്റേഷനിലോ അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
അൻവർ ഖാൻ.എൻ, ബാലരാമപുരം,
9567491289.

**ഉപകാരസ്മരണ**
മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും വിഷമിക്കുന്ന എനിക്കുവേണ്ടി പ്രാർത്ഥിക്കേണമേ! യാതൊരു സഹായവും ഫലപ്രാപ്തിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ലഭിക്കുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ! എന്റെ എല്ലാ ആവശ്യങ്ങളിലും, വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ! അങ്ങേ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും വാഗ്ദാനം ചെയ്യുന്നു. ആമേൻ. ഈ പ്രാർത്ഥന 9 നേരം വീതം 9 ദിവസം പ്രാർത്ഥിച്ചാൽ ഏതു കാര്യവും സാധിക്കും.
എന്ന്, വിശ്വാസി ശ്രീകുട്ടി.
താമസിച്ചതിന് ക്ഷമാപണം.

കേരള കൗമുദി ആഴ്ചപ്പതിപ്പ്

**നഷ്ടപ്പെട്ടു**
എന്റെ 393043, 2000 മാർച്ച് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് 5.09.2018-ൽ യാത്രാമദ്ധ്യേ നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ എന്നെ അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.
പ്രസാദ്.എ,
കുഞ്ചികുഴി, മുളകുവിള വീട്,
കുതിരകുളം പി.ഒ, വെമ്പായം.

**സത്യമായ പ്രവചനങ്ങളും ദുരിത ദുഃഖ പരിഹാരങ്ങളും**

നാളിതുവരെ അനുഭവിച്ച ദുരിതം, ദുഃഖം, രോഗം, തൊഴിൽ, വിദ്യാതടസ്സങ്ങൾക്കും മറ്റ് പ്രതിസന്ധികൾക്കും കാര്യകാരണ ശാന്തി പരിഹാരങ്ങൾ ജാതി – മതഭേദമന്യേ മിഥ്യാ – വാഗ്ദാന മുഖസ്തുതികളില്ലാതെ ഉറപ്പുനൽകുന്നു. അതീവ ചൈതന്യത്തോടു കൂടിയ ദേവീ – ദേവത – നവഗ്രഹങ്ങളും ചേർന്ന ക്ഷേത്രവും ഇല്ലപറമ്പിൽ സ്ഥിതിചെയ്യുന്നു. പൂർണ്ണ വിശ്വാസിയ്ക്ക് പൂർണ്ണഫലം
സന്ദർശനം മുൻകൂട്ടി അനുവാദം വാങ്ങിയശേഷം
ലോകപ്രശസ്ത ജ്യോതിഷ-മാന്ത്രിക-താന്ത്രിക-ഉപാസകൻ
ബ്രഹ്മശ്രീ ഡോ. പ്രണവം വിഷ്ണുനമ്പൂതിരി
ഉഴുത്രപ്പള്ളി ഇല്ലത്ത് പ്രണവം, വള്ളക്കടവ് പി.ഒ. രാജീവ് ഗാന്ധി Lane, കല്ലുംമൂട്, പനമൂട് ദേവീക്ഷേത്രത്തിന് സമീപം, തിരുവനന്തപുരം – 8 ഫോൺ : 9400642415, 9048458660

**ITI/KGCE അഡ്മിഷൻ**
P.S.C./NCVT/KSELB/KERALA ഗവ. അംഗീകൃത കോഴ്സുകൾ
ഓട്ടോമൊബൈൽ + Driv. Licence | ഇലക്ട്രിക്കൽ
സിവിൽ | എക്സ്റേ – വെൽഡിംഗ്
കോഴ്സുകഴിഞ്ഞാൽ ശമ്പളത്തോടുകൂടി ഉടൻ ട്രെയിനിംഗ്
Since 1978
UBDACE INSTITUTIONS
കേന്ദ്ര – സംസ്ഥാന ഗവൺമെന്റ് അംഗീകൃതം
വിദേശത്ത് പോകുവാൻ* UEI ഡിപ്ലോമ സർട്ടിഫിക്കറ്റ്
സ്റ്റേഡിയം, കൊല്ലം
0474-2740503, 2764343
2794676, 9446787715
* Conditions apply

**Wanted**
SBC Business Solution requires Office Staff (3 Nos) for their different stores.
Requirements :
1. Good fluency in English and Communication Skills
2. Knowledge in Micro soft Excel.
Please Contact : 0471 - 2301963, 9072723646.
E-mail : joydadoo@yahoo.com

**7* മാസം കൊണ്ട് Degree/PG**
പഠനം മുടങ്ങിയവർക്കും തോറ്റവർക്കും
T&C APPLY
MBA IN 27 ELECTIVES
UG & PG MORE THAN 25 SUBJECTS
ഡിഗ്രി പഠനം രണ്ട് വർഷം പൂർത്തിയാക്കിയവർക്ക് (Pass/Fail) ഇപ്പോൾ എളുപ്പത്തിൽ ഡിഗ്രി എടുക്കുവാൻ അവസരം!
BA, B.Com, Bsc, BBA, BCA, MA, M.Com, Msc, MBA, MCA
• ഉപരിപഠനത്തിന് യോഗ്യത • എംബസ്സി അറ്റസ്റ്റേഷൻ ലഭിക്കുന്നതാണ്
KERALA PSC, UGC, DEC, AIU, AICTE Approved Courses
HELP LINE: 9946195020, 9349695151
AID EDUCATION
All India Distance Education
MALAPPURAM | CALICUT | PATTAMBI | THRISSUR
THALASSERY | COCHIN | KOTTAYAM | KANHANGAD
MANNARKKAD | PATHANAMTHITTA | PARAPPANANGADI

കേരളകൗമുദി കളിക്കുടുക്ക
കുട്ടികളുടെ വാരിക

**നോട്ടീസ്**
ജൂൺ 2005 വർഷത്തെ 551416 രജിസ്റ്റർ നമ്പരിലുള്ള എന്റെ SSLC ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഒഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്.
അരുൺ. ബി, പുളിക്കൽ പുതുമന വീട്,
ആനയറ പി.ഒ, TVPM - 695 029

Member SAP Student Academy Program
SAP ACCOUNTING LOGISTICS
JOB ORIENTED TRAINING IN WORLD'S NO. 1 BUSINESS SOFTWARE WITH PLACEMENT SUPPORT
ELIGIBILITY : DEGREE (Course Completed)
1) SAP FICO/LOGISTICS-MM (Materials Mgmt.)/SD (Sales & Distribution) : 45 Days
2) SAP FICO + Tally ACE with GST/VAT + Corporate Accounting : 3 Months
3) SAP FICO + Tally PRO + Peachtree + QB + MS Office, Word, Exel + Softskill + Spoken English + Interview Sessions : 6 months
4) SAP FICO + Tally GURU + MS Office, Word, Exel + Softskill + Spoken English + Interview Sessions : 8 months
5) SAP MM/SD + Diploma in Logistics & International Trade : 4 months
ADMISSION OPEN
SAP & Tally AUTHORIZED CERTIFICATION
NO.1 SAP EDUCATION CENTRE IN KERALA
9645012140 | 9809412140
Ulloor | Trivandrum-11 cokonetacademy.com
COKONET

**ഉപകാരസ്മരണ**
മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി പ്രാർത്ഥിക്കേണമേ! യാതൊരു സഹായവും ഫലപ്രാപ്തിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ലഭിക്കുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ ഉപയോഗിക്കേണമേ! എന്റെ എല്ലാ ആവശ്യങ്ങളിലും, വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ! അങ്ങേ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും വാഗ്ദാനം ചെയ്യുന്നു. ആമേൻ. ഈ പ്രാർത്ഥന 9 നേരം വീതം 9 ദിവസം പ്രാർത്ഥിച്ചാൽ ഏതു കാര്യവും സാധിക്കും.
വിശ്വാസി A.B
താമസിച്ചതിന് ക്ഷമാപണം.

**തടിയും തൂക്കവും വർദ്ധിപ്പിക്കാം**
♦ മെലിഞ്ഞ ശരീരം ഉള്ളവർക്ക് തടിയും തൂക്കവും വർദ്ധിപ്പിക്കാൻ സ്റ്റാമിജൻ പൗഡർ അതീവ ഫലപ്രദം.
♦ ദഹനം കൃത്യമാകും, ഭക്ഷണം ശരീരത്ത് പിടിക്കും, പ്രസരിപ്പും ഉന്മേഷവും ഉണ്ടാകും.
♦ ചെറുപ്പക്കാർക്കും മുതിർന്നവർക്കും കുട്ടികൾക്കും ഉപയോഗിക്കാം.
♦ ശരീരപുഷ്ടി ഉണ്ടാകാൻ പലതും പരീക്ഷിച്ച് പരാജയപ്പെട്ടവരും സ്റ്റാമിജന്റെ ഫലപ്രാപ്തിയിൽ സംതൃപ്തർ.
♦ പാർശ്വഫലങ്ങളില്ലാത്ത സുരക്ഷിതമായ അംഗീകൃത ഉൽപന്നം
കൂടുതൽ വിവരങ്ങൾക്ക് : കസ്റ്റമർ കെയർ 90485 02449.
www.ayuralpha.com

**തൊഴിലവസരം**
കേന്ദ്രസർക്കാർ അംഗീകാരമുള്ള പ്രമുഖ ധനകാര്യ സ്ഥാപനത്തിന്റെ പുതുതായി ആരംഭിക്കുന്ന STATUE ബ്രാഞ്ചിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു.
• MANAGERS – Package: ₹35,000 (Qualf. Degree & Above)
• CO-ORDINATORS – Package: ₹30,000 (Qualf. Pre-degree & above)
• OFFICE SECRETARY –(Females only)(Qualf. + 2 above) Pckg:₹18000
• COMPANY PARTNERS – Package: ₹45,000 (Rtd. Govt. Employees and NRI's Preffered)
Age : 25 to 65
Contact : 8593813873, 8129216791



## അശ്ലീല സൈറ്റുകൾ നിരോധിക്കണമെന്ന് ഉത്തരാഖണ്ഡ് ഹൈക്കോടതി

ഡെറാഡൂൺ: അശ്ലീല സൈറ്റുകൾ കേന്ദ്ര സർക്കാർ നിരോധിക്കണമെന്ന് ഉത്തരാഖണ്ഡ് ഹൈക്കോടതി. ഡെറാഡൂണിൽ ഒരു സ്കൂൾ വിദ്യാർത്ഥിനിയെ സഹപാഠികൾ കൂട്ട ബലാത്സംഗം ചെയ്ത കേസ് പരിഗണിക്കുന്നതിനിടെയാണ് കോടതി ഇക്കാര്യം ആവശ്യപ്പെട്ടത്. അശ്ലീല സൈറ്റുകൾ തടയുകയോ നിയന്ത്രണം ഏർപ്പെടുത്തുകയോ വേണമെന്ന് കോടതി ആവശ്യപ്പെട്ടു.

www.keralakaumudi.com www.facebook.com/keralakaumudi

## സ്ത്രീകളെ തടയരുത്: വൃന്ദാ കാരാട്ട്



ന്യൂഡൽഹി: ഭരണഘടന ഉറപ്പു നൽകുന്ന തുല്യത ആരാധനാലയങ്ങളിലും പാലിക്കപ്പെടേണ്ടതാണെന്നും അതാണ് സുപ്രീംകോടതിവിധിയെന്നും സി.പി.എം പോളിറ്റ് ബ്യൂറോ അംഗം വൃന്ദാകാരാട്ട് പറഞ്ഞു.

ക്ഷേത്രത്തിൽ പ്രവേശിക്കുന്നത് വ്യക്തിപരമായി തീരുമാനിക്കേണ്ടതാണ്. പക്ഷേ പോകാൻ ആഗ്രഹിക്കുന്നവരെ തടയുമെന്ന് ബി.ജെ.പി അടക്കമുള്ളവർ പറയുന്നത് അംഗീകരിക്കാൻ കഴിയില്ല.

# ശബരിമല സ്ത്രീപ്രവേശനം വലിയ ആനന്ദം: ജയമാല

ബംഗളൂരു: ശബരിമലയിൽ പ്രായഭേദമന്യേ സ്ത്രീകൾക്ക് പ്രവേശിക്കാമെന്ന സുപ്രീംകോടതി വിധി സ്വാഗതം ചെയ്യുന്നതായി കർണാടക മന്ത്രിയും നടിയുമായ ജയമാല പ്രതികരിച്ചു. യുവതിയായിരിക്കെ ശബരിമലയിൽ കയറിയിട്ടുണ്ടെന്നും ശ്രീകോവിലിലെ അയ്യപ്പ വിഗ്രഹത്തിൽ സ്പർശിച്ചെന്നുമുള്ള ജയമാലയുടെ 2006ലെ വെളിപ്പെടുത്തൽ വിവാദമായിരുന്നു. കന്നട നടിയും നിർമ്മാതാവുമായ ജയമാല, ഭർത്താവും നടനുമായ പ്രഭാകറിനൊപ്പമാണ് ശബരിമലയിലെത്തിയതെന്നും അന്ന് വ്യക്തമാക്കിയിരുന്നു.

"ശബരിമല സ്ത്രീപ്രവേശന വിഷയത്തിൽ സുപ്രീംകോടതി വിധി ചരിത്രപരമാണ്. സ്ത്രീകളുടെ വിജയമാണിത്. ഇതിനെക്കാൾ വലിയൊരു സന്തോഷം എന്റെ ജീവിതത്തിലുണ്ടായിട്ടില്ല. സ്ത്രീകൾക്കും സുപ്രീംകോടതി ജഡ്ജിമാർക്കും ദൈവത്തിനും ഭരണഘടനാശില്പി അംബേദ്കറിനും നന്ദി"- ജയമാല പറഞ്ഞു.

സ്ത്രീ-പുരുഷ വിവേചനമുള്ള ക്ഷേത്രങ്ങൾ പാടില്ലെന്നും ജയമാല പറഞ്ഞു. ശബരിമല വിവാദത്തെക്കുറിച്ച് ചോദിച്ചപ്പോൾ അന്നും തനിക്ക് ദൈവത്തിലും നീതിന്യായ വ്യവസ്ഥയിലും വിശ്വാസമുണ്ടായിരുന്നെന്നും അത് ശരിയെന്നാണ് വിധി വ്യക്തമാക്കുന്നതെന്നും അവർ പറഞ്ഞു.



### വെളിപ്പെടുത്തലും കേസും കടന്ന്

- ശബരിമല ശ്രീകോവിലിൽ കയറി വിഗ്രഹത്തിൽ കൈകൊണ്ട് സ്പർശിച്ചെന്നത് പകൽപോലെ സത്യമെന്ന് 2006ൽ ജയമാലയുടെ വെളിപ്പെടുത്തൽ
- ആദ്യ ഭർത്താവും തെന്നിന്ത്യൻ നടനുമായിരുന്ന പ്രഭാകറുമൊത്ത് 1987-ൽ വിഷുവിളക്കിനാണ് ശബരിമലയിൽ പോയത്
- പ്രഭാകറിനു ശസ്ത്രക്രിയ നടത്തേണ്ടി വന്നപ്പോൾ നടത്തിയ പ്രാർത്ഥന നിറവേറ്റാനാണ് ശബരിമലയിലെത്തിയത്
- പതിനെട്ടാം പടി കയറാനാകില്ലെന്നു പറഞ്ഞതിനാൽ പിന്നിലെ വഴിയിലൂടെയാണു പോയത്
- ശ്രീകോവിലിനു മുന്നിലെ തിരക്കിൽ ചെന്നുവീണത് അയ്യപ്പ വിഗ്രഹത്തിനു മുന്നിലായിരുന്നു
- താൻ ആ പാദങ്ങൾ തൊട്ടു പ്രാർത്ഥിച്ചു, അകത്തുണ്ടായിരുന്ന ആരോ ഒരു റോസാപ്പൂ തന്നു
- ശബരിമലയിൽ സ്ത്രീകൾ കയറുന്നത് തെറ്റാണെന്നറിയില്ലായിരുന്നെന്ന് വിശദീകരണം
- ജയമാലയ്ക്കെതിരെ കേസ്
- ശ്രീകോവിലിനു മുന്നിലെ ഇരുമ്പുവേലിയും പടികളും കടന്നു പത്തടിയിലേറെ അകലെ സ്ഥാപിച്ച വിഗ്രഹത്തിനടുത്തേക്കു വീഴുക അസാദ്ധ്യമെന്ന് തന്ത്രി
- കേസ് 2012 ജൂലായിൽ ഹൈക്കോടതി റദ്ദാക്കി. പ്രതികളായ പരപ്പനങ്ങാടി ഉണ്ണിക്കൃഷ്ണപ്പണിക്കർ, ജയമാല, ബംഗളൂരു സ്വദേശി എ.എൻ. രഘുപതി എന്നിവർക്കെതിരെയുള്ള അന്തിമ റിപ്പോർട്ട് റദ്ദാക്കിയ കോടതി, ഇവർക്കെതിരെ മജിസ്ട്രേട്ട് കോടതി തുടർനടപടിയും റദ്ദാക്കി.

## തൃപ്തിയായി: തൃപ്തി ദേശായി



മുംബയ്: ശബരിമലയിൽ സ്ത്രീ പ്രവേശനം അനുവദിച്ച സുപ്രീംകോടതി വിധിയെ സ്വാഗതം ചെയ്യുന്നതായി ഭൂമാതാ ബ്രിഗേഡ് നേതാവ് തൃപ്തി ദേശായി പറഞ്ഞു. സമൂഹത്തിന്റെ ചിന്താരീതികൾ മാറേണ്ടിയിരിക്കുന്നു. പഴക്കം ചെന്ന ആചാരങ്ങൾ എപ്പോഴും ശരിയായിരിക്കണമെന്നില്ല. ശബരിമല സ്ത്രീപ്രവേശന വിധി എല്ലാ സ്ത്രീകളുടെയും വലിയ വിജയമാണ്. സന്തോഷം- തൃപ്തി പ്രതികരിച്ചു.

ലിംഗസമത്വ പ്രവർത്തകയായ തൃപ്തി, സ്ത്രീപ്രവേശനം വിലക്കിയിരുന്ന ഹാജി അലി ദർഗ, ത്ര്യംബകേശ്വർ ക്ഷേത്രം, ശനിശിംഘ്നാപൂർ ക്ഷേത്രം എന്നിവിടങ്ങളിൽ സ്ത്രീകളുമായി പ്രവേശിച്ചിരുന്നു. വിലക്കുലംഘിച്ച് ശബരിമലയിൽ കയറുമെന്നും പ്രഖ്യാപിച്ചിരുന്നു.

## സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യം മാനിച്ച വിധി: വനിതാ കമ്മിഷൻ

സുപ്രീംകോടതിയുടെ ചരിത്രവിധി സ്ത്രീ സ്വാതന്ത്ര്യത്തിൽ നാഴികക്കല്ലാണെന്ന് ദേശീയ വനിതാ കമ്മിഷൻ അദ്ധ്യക്ഷ രേഖാ ശർമ്മ പറഞ്ഞു. സ്ത്രീയുടെ സഞ്ചാര സ്വാതന്ത്ര്യം മാനിക്കപ്പെട്ടു. ക്ഷേത്രത്തിൽ പോകുന്ന കാര്യത്തിൽ ഇനി സ്ത്രീകൾക്ക് തീരുമാനമെടുക്കാം. ആർക്കും തടയാൻ കഴിയില്ല.

## കുവൈത്ത് ബാങ്ക് ആസ്ഥാനത്ത് വൻ തീപിടിത്തം

കുവൈത്ത് സിറ്റി: കുവൈത്ത് ദേശീയ ബാങ്ക് പുതിയ ആസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിൽ വൻ തീപിടിത്തം.

ആളപായമുണ്ടായതായി റിപ്പോർട്ടില്ല. 2500 ഓളം തൊഴിലാളികളെ ഒഴിപ്പിച്ചു. വ്യാഴാഴ്ച രാവിലെയാണ് 300 മീറ്ററോളം ഉയരമുള്ള കെട്ടിടത്തിൽ തീപടർന്നത്. കുവൈത്ത് സിറ്റിയിലുള്ള ഷാർഖിലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. തീപിടിത്തത്തിന്റെ കാരണം വ്യക്തമല്ല.

## റൺവേയിൽ തെന്നി, വിമാനം കായലിൽ വീണു

മജൂറോ: പടിഞ്ഞാറൻ പസഫിക് സമുദ്രത്തിലെ മൈക്രോനേഷ്യ ദ്വീപസമൂഹത്തിലെ വെനോ വിമാനത്താവളത്തിലെ റൺവേയിൽ നിന്ന് തെന്നിമാറിയ വിമാനം കായലിൽ പതിച്ചു. വിമാനത്തിലുണ്ടായിരുന്ന യാത്രക്കാർ നീന്തി രക്ഷപ്പെട്ടു. മറ്റുള്ളവരെ ചെറുബോട്ടുകളിലും രക്ഷിച്ചു. എയർന്യൂഗിനിയുടെ ബോയിംഗ് 737 വിമാനമാണ് നിയന്ത്രണം വിട്ട് റൺവേയിൽ നിന്ന് തെന്നിമാറിയത്.

റൺവേയ്ക്ക് തൊട്ടുമുമ്പായി ലാൻഡിംഗിന് ശ്രമിച്ച വിമാനം കടലിന് സമീപമുള്ള കായലിൽ പതിക്കുകയായിരുന്നു. യാത്രക്കാർ സുരക്ഷിതരാണെന്ന് വിമാനക്കമ്പനി അറിയിച്ചു. അപകട കാരണത്തെക്കുറിച്ച് അന്വേഷിക്കുമെന്ന് കമ്പനി വ്യക്തമാക്കി.

## പള്ളികളിലും സ്ത്രീകളെ പ്രവേശിപ്പിക്കണം: ഖുഷ്ബു

തിരുവനന്തപുരം: ശബരിമലയിൽ സ്ത്രീപ്രവേശനത്തിന് സുപ്രീംകോടതി അനുമതി നൽകിയത് പോലെ മുസ്ലിം പള്ളികളിലും സ്ത്രീകൾക്ക് പ്രവേശനം അനുവദിക്കണമെന്ന ആവശ്യവുമായി വനിതാ സംഘടനകൾ. നടി ഖുഷ്ബുവാണ് ഇത്തരമൊരു ആവശ്യവുമായി ആദ്യം രംഗത്തെത്തിയത്.

ശബരിമല ക്യാംപയിൽ പൂർത്തിയായ സ്ഥിതിക്ക് മുസ്ലിം പള്ളികളിൽ എല്ലാ ദിവസവും സ്ത്രീകൾക്ക് പ്രവേശനം അനുവദിക്കണമെന്ന ആവശ്യത്തിന് വേണ്ടി പോരാടുമെന്ന് അവർ വ്യക്തമാക്കി. ശബരിമലയിലെ വിധിയെ വർഗീയവത്കരിക്കുന്നത് കാണുമ്പോൾ ശരിക്കും വിഷമം തോന്നുന്നുവെന്നും അവർ പറഞ്ഞു.

# ഇന്തോനേഷ്യയിൽ ഭൂകമ്പം, സുനാമി

## 2 മീറ്റർ ഉയരത്തിൽ തിരമാല ഉയർന്നു

ജക്കാർത്ത: റിക്ടർ സ്കെയിലിൽ 7.3 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തിനു പിന്നാലെ ഇന്തോനേഷ്യയിൽ സുനാമി അടിച്ചു. അസോസിയേറ്റ് പ്രസാണ് വിവരം പുറത്തുവിട്ടത്. ഇന്തോനേഷ്യൻ ദ്വീപായ സുലവേസിയിലുണ്ടായ ശക്തമായ ഭൂചലനത്തിനു പിന്നാലെ സുനാമി മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ ഒരു മണിക്കൂറിനു ശേഷം പിൻവലിക്കുകയായിരുന്നു.

പ്രവിശ്യാ തലസ്ഥാനമായ പലുവിലാണ് സുനാമി തിരകൾ ആഞ്ഞടിച്ചത്. രണ്ടു മീറ്റർ ഉയരത്തിൽ ഉയർന്ന കടൽത്തിരയ്ക്കു മുന്നിൽ പരിഭ്രാന്തരായി ഓടുന്ന ജനങ്ങളുടെ ചിത്രവും എ.പി പങ്കുവച്ചു. ഇന്തോനേഷ്യയിലെ പലുവിലാണ് സുനാമി റിപ്പോർട്ട് ചെയ്തത്.

ഭൂകമ്പത്തിൽ സുലവേസിയിൽ നിരവധി വീടുകൾ തകർന്നു. ദ്വീപിലെ മദ്ധ്യ-പടിഞ്ഞാറൻ മേഖലയിലുള്ളവരോട് മറ്റിടങ്ങളിലേക്ക് മാറാൻ അധികൃതർ ആവശ്യപ്പെട്ടു. ആദ്യ ഭൂചലനത്തിന് ശേഷമുണ്ടായ തുടർചലനത്തിന്റെ തീവ്രതയാണ് സുനാമിയിലേക്ക് നയിച്ചത്. ഒരാൾ കൊല്ലപ്പെട്ടതായും പത്തിലധികം പേർക്ക് പരിക്കേറ്റതായും സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകളുണ്ട്. പലു വിമാനത്താവളം അടച്ചിട്ടു. ജാഗ്രതാ നിർദ്ദേശങ്ങളിലുള്ളവരെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി.

സുലവേസിയുടെ സമീപ ദ്വീപായ ലോമ്പോക്കിൽ ജൂലായിലും ആഗസ്റ്റിലുമുണ്ടായ ഭൂചനങ്ങളിൽ 500 ഓളം പേർ കൊല്ലപ്പെട്ടിരുന്നു.



ഭൂകമ്പത്തിൽ തകർന്ന കെട്ടിടം

## ഭീമ-കൊറെഗാവ് കലാപം: സാമൂഹ്യ പ്രവർത്തകർക്കെതിരെ അന്വേഷണം തുടരാം: സുപ്രീംകോടതി

### വിധിയിൽ നമ്പിനാരായണനെ പരാമർശിച്ച് കോടതി

ന്യൂഡൽഹി: ഭീമ കൊറെഗാവ് കലാപവുമായി ബന്ധപ്പെട്ട് അഞ്ച് സാമൂഹ്യപ്രവർത്തകരെ അറസ്റ്റ് ചെയ്ത സംഭവത്തിൽ പ്രത്യേക അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജി സുപ്രീംകോടതി മൂന്നംഗ ബെഞ്ച് ഭൂരിപക്ഷ വിധിയിലൂടെ തള്ളി. രാഷ്ട്രീയമായ എതിരഭിപ്രായത്തിന്റെ പേരിലാണ് അറസ്റ്റെന്ന് തെളിയിക്കാനായിട്ടില്ല. അറസ്റ്റിലായവർക്കെതിരെ പ്രഥമ ദൃഷ്ട്യാ തെളിവുകളുണ്ട്. മഹാരാഷ്ട്ര പൊലീസിന് അന്വേഷണം തുടരാം. അറസ്റ്റിലായ കവി വരവര റാവു, അരുൺ ഫെരാറിയ, വെർണോൻ ഗോൺസാൽവസ്, സുധ ഭരദ്വാജ്, ഗൗതം നവ്‌ലാഖാ എന്നിവരുടെ വീട്ടുതടങ്കൽ നാലാഴ്ചത്തേക്ക് കൂടി നീട്ടി. മറ്റു നിയമ നടപടികൾക്കായി ഇവർക്ക് കീഴ്ക്കോടതിയെ സമീപിക്കാം.

റൊമീള ഥാപ്പർ, പ്രഭാത് പട്നായിക്, സതീഷ് ദേശ് പാണ്ഡെ, തുടങ്ങിയവർ നൽകിയ ഹർജിയാണ് ചീഫ് ജസ്റ്റിസ് ദീപക് മിശ്ര, ജസ്റ്റിസുമാരായ എ.എം ഖാൻവിൽക്കർ എന്നിവരുടെ ഭൂരിപക്ഷ വിധിയിലൂടെ തള്ളിയത്.

കേസ് പ്രത്യേക സംഘം അന്വേഷിക്കണമെന്ന് ഡി.വൈ ചന്ദ്രചൂഡ് തന്റെ വിയോജന വിധിയിൽ ആവശ്യപ്പെട്ടു. സാമൂഹ്യ പ്രവർത്തകരെ അറസ്റ്റ് ചെയ്ത നടപടി അടിസ്ഥാന രഹിതമാണ്. നീതി നിഷേധിക്കാൻ സാങ്കേതികത്വത്തെ അനുവദിക്കരുത്. പൂനെ പൊലീസിന്റെ അന്വേഷണം സ്വതന്ത്രമല്ല. അന്വേഷണം ശരിയല്ലെന്ന് തോന്നിയാൽ കോടതിയുടെ ഇടപെടലുണ്ടാകണമെന്ന് ഐ.എസ്.ആർ.ഒ കേസിലെ നമ്പി നാരായണന്റെ അനുഭവം ചൂണ്ടി ചന്ദ്രചൂഡ് പറഞ്ഞു. കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചതിന് പിന്നാലെ മഹാരാഷ്ട്ര പൊലീസ് വളരെ തിടുക്കത്തിൽ വാർത്താസമ്മേളനം വിളിച്ചു. പ്രതിയാക്കപ്പെട്ട സുധാ ഭരദ്വാജ് എഴുതിയെന്ന് പറയപ്പെടുന്ന കത്ത് ടി.വിയിൽ സംപ്രേഷണം ചെയ്തു. അന്വേഷണത്തിന്റെ വിശാദംശങ്ങൾ പൊലീസ് പ്രത്യേകമായി മാദ്ധ്യമങ്ങൾക്ക് വെളിപ്പെടുത്തി കൊടുത്തു- ചന്ദ്രചൂഡ് പറഞ്ഞു.

## റാഫേലിൽ മോദിക്ക് പവാറിന്റെ പിന്തുണ; താരിഖ് അൻവർ എൻ.സി.പി വിട്ടു



ന്യൂഡൽഹി: റാഫേൽ ഇടപാടിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പിന്തുണച്ച പ്രസ്താവന നടത്തിയ എൻ.സി.പി ദേശീയ അദ്ധ്യക്ഷൻ ശരദ് പവാറിന്റെ നടപടിയിൽ പ്രതിഷേധിച്ച് എൻ.സി.പി ദേശീയ ജനറൽ സെക്രട്ടറി താരിഖ് അൻവർ പാർട്ടിയിൽ നിന്ന് രാജിവച്ചു. എം.പി സ്ഥാനവും അദ്ദേഹം രാജിവച്ചു. റാഫേൽ ഇടപാടിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഉദ്ദേശ്യ ശുദ്ധിയിൽ ജനങ്ങൾക്ക് സംശയമില്ലെന്നായിരുന്നു മറാത്തി ചാനലിനോട് പവാർ നടത്തിയ പ്രതികരണം.

ബീഹാറിലെ കത്തിഹാറിൽ നിന്നുള്ള എം.പിയായ താരിഖ് അൻവർ, പവാറിന്റെ അടുത്ത അനുയായി കൂടിയാണ്. സോണിയാ ഗാന്ധിയുടെ വിദേശപൗരത്വം ഉന്നയിച്ച് കോൺഗ്രസ് വിട്ട പവാറും സാങ്മയും താരിഖ് അൻവറും ചേർന്നായിരുന്നു എൻ.സി.പി രൂപീകരിച്ചത്.

## പണമില്ല; ഷെരീഫിന്റെ എരുമകളെ വിറ്റുപെറുക്കി പാകിസ്ഥാൻ

ഇസ്ലാമാബാദ്: സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് പാകിസ്ഥാൻ മുൻ പ്രധാനമന്ത്രി നവാസ് ഷെരീഫിന്റെ എരുമകളെ സർക്കാർ വിറ്റു. നവാസ് ഷെരീഫ് ഔദ്യോഗിക വസതിയിൽ പോറ്റിയിരുന്ന എട്ട് എരുമകളെയാണ് കഴിഞ്ഞദിവസം 23 ലക്ഷം രൂപയ്ക്ക് ലേലം ചെയ്തത്.

മൂന്നു വലിയ എരുമകളെയും അഞ്ച് കുട്ടി എരുമകളെയും വിറ്റത്. പണമായി മാത്രമേ ലേലത്തുക സ്വീകരിക്കുകയുള്ളുവെന്ന് ആദ്യമേ അറിയിച്ചിരുന്നു. ഒന്നിന് 1,20,000 രൂപ മതിപ്പു വിലയുള്ള എരുമയെ 3,85,000 രൂപയ്ക്കാണ് നവാസ് ഷെരീഫിന്റെ ആരാധകൻ സ്വന്തമാക്കിയത്.



ഭീമമായ സാമ്പത്തിക പ്രതിസന്ധി നേരിടാൻ പണികളോരോന്ന് പയറ്റുകയാണ് ഇമ്രാൻ ഖാൻ സർക്കാർ. പുതിയതായി തയ്യാറാക്കിയ പദ്ധതി പ്രകാരം കഴിഞ്ഞ ആഴ്ച സർക്കാർ ലേലം ചെയ്തത് 61 ആഡംബര കാറുകളാണ്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ബുള്ളറ്റ് പ്രൂഫ് കാറുൾപ്പെടെ 102 കാറുകളും നാലു ഹെലികോപ്ടറുകളും വിൽക്കാനുള്ള ഒരുക്കത്തിലാണ് സർക്കാരിപ്പോൾ.



## തനുശ്രീക്ക് പിന്തുണയുമായി പ്രിയങ്കയും ഫർഹാനും

മുംബയ്: പ്രശസ്ത ബോളിവുഡ് താരം നാനാ പടേക്കർ തന്നെ ലൈംഗികമായി പീഡിപ്പിച്ചെന്ന് വെളിപ്പെടുത്തിയ ചലച്ചിത്രതാരം തനുശ്രീ ദത്തയ്ക്ക് പിന്തുണയുമായി താരങ്ങളായ ഫർഹാൻ അക്തർ, പ്രിയങ്ക ചോപ്ര, ട്വിങ്കിൾ ഖന്ന, സ്വരഭാസ്കർ എന്നിവർ രംഗത്തെത്തി.

10 വർഷം മുമ്പ് നടന്ന ദുരനുഭവത്തെക്കുറിച്ച് ഒരു ദേശീയ മാദ്ധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് തനുശ്രീ ഇക്കാര്യം വെളിപ്പെടുത്തിയത്.

സ്ത്രീ പീഡനവും അപമാനവുമില്ലാത്ത തൊഴിലിടങ്ങൾ ഉറപ്പാക്കുകയാണ് സ്ത്രീസുരക്ഷയുടെ ആദ്യപടിയെന്ന് ട്വിങ്കിൾ ഖന്ന പ്രതികരിച്ചു. പ്രിയങ്കയും ഫർഹാനും സമൂഹമാദ്ധ്യമങ്ങൾ വഴി തനുശ്രീക്ക് പിന്തുണയേകി.

2009ൽ പുറത്തിറങ്ങിയ 'ഹോൺ ഒകെ പ്ലീസ്' എന്ന ചിത്രത്തിന്റെ ചിത്രീകരണവേളയിൽ നാനാ പടേക്കർ തന്നോട് അപമര്യാദയായി പെരുമാറിയെന്നായിരുന്നു തനുശ്രീയുടെ വെളിപ്പെടുത്തൽ.



## ചിരിച്ച് തള്ളി പടേക്കർ

തനുശ്രീ ദത്തയുടെ ആരോപണത്തോടുള്ള പ്രതികരണം എന്തെന്ന ചോദ്യത്തെ ചലച്ചിത്രതാരം നാനാപടേക്കർ ചിരിച്ചു തള്ളി. തനിക്ക് ഇക്കാര്യത്തിൽ ഒന്നും ചെയ്യാനാവില്ലെന്നും പടേക്കർ പ്രതികരിച്ചു. നിയമപരമായി തനിക്ക് എന്തു ചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കുമെന്നും താരം പറഞ്ഞു.

## വിവിധം

### ഇലക്‌ഷൻ ചൂടിൽ ഇരുപത്തെട്ടാം മൈൽ

# നിലനിറുത്താൻ യു.ഡി.എഫ്, പിടിച്ചെടുക്കാൻ എൽ.ഡി.എഫ്

### വിധിയെഴുത്ത് 11ന്

കല്ലമ്പലം: നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ പത്തൊൻപതാം വാർഡായ ഇരുപത്തെട്ടാം മൈൽ കടുത്ത തിരഞ്ഞെടുപ്പ് ചൂടിൽ.

യു.ഡി.എഫ് ഭരണസമിതിയുടെ അഴിമതിയും കെടുകാര്യസ്ഥതയും ആരോപിച്ച് സ്ഥിരംസമിതി അദ്ധ്യക്ഷയും മഹിളാ കോൺഗ്രസ് നേതാവുമായ ലൈന രാജിവച്ചതോടെയാണ് ഉപതിരഞ്ഞെടുപ്പിന് കളമൊരുങ്ങിയത്. ഒക്ടോബർ 11 നാണ് വിധിയെഴുത്ത്.

എൽ.ഡി.എഫിലെ പത്മാ രാമചന്ദ്രനും യു.ഡി.എഫിലെ ലക്ഷ്മിയും ബി.ജെ.പിയുടെ യമുന ബിജുവുമാണ് മത്സര രംഗത്ത്. കഴിഞ്ഞ 23 വർഷമായി യു.ഡി.എഫിനോടൊപ്പമാണ് വാർഡ്. ശക്തമായ ത്രികോണ മത്സരത്തിനിടയിലും കഴിഞ്ഞ തവണ 182 വോട്ടുകൾക്കാണ് കോൺഗ്രസ് സ്ഥാനാർത്ഥി ലൈന വിജയിച്ചത്.



സ്ഥാനാർത്ഥികളായ ലക്ഷ്മി ഗോപാലകൃഷ്ണൻ( യു.ഡി.എഫ്), പത്മാ രാമചന്ദ്രൻ(എൽ.ഡി.എഫ്), യമുനാ ബിജു (ബി.ജെ.പി)

വാർഡ് നിലനിറുത്താൻ യു.ഡി.എഫും പിടിച്ചെടുക്കാൻ ഇടതുമുന്നണിയും ബി.ജെ.പിയും രംഗത്തുള്ളതിനാൽ മത്സരം ചൂടുപിടിച്ചുകഴിഞ്ഞു.

മൂന്ന് കക്ഷികളുടെയും കൺവെൻഷനുകളും മറ്റു പ്രചാരണ പരിപാടികളും തുടങ്ങിക്കഴിഞ്ഞു. എൽ.ഡി.എഫ് കൺവെൻഷൻ സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ ഉദ്ഘാടനം ചെയ്തു. ബി.ജെ.പിയുടെ കൺവെൻഷൻ ഇന്ന് വൈകിട്ട് നാവായിക്കുളത്ത് ഒ. രാജഗോപാൽ എം.എൽ.എ ഉദ്ഘാടനം ചെയ്യും.

യു.ഡി.എഫിന്റേത് നാളെ വൈകിട്ട് നാലിന് വെട്ടിയറയിൽ മുൻ എം.പി പീതാംബരക്കുറുപ്പ് ഉദ്ഘാടനം ചെയ്യും. തിങ്കളാഴ്ച വൈകിട്ട് നാലിന് ഇരുപത്തെട്ടാം മൈൽ ജംഗ്ഷനിൽ ഉമ്മൻചാണ്ടി പ്രസംഗിക്കും.



നിംസ് മെഡിസിറ്റിയിൽ ആരംഭിച്ച ഹൃദയാരോഗ്യ മേള എം.ഡി ഫൈസൽഖാൻ ഉദ്ഘാടനം ചെയ്യുന്നു

## പൂജപ്പുര നാഗരുകാവ് ക്ഷേത്രം

തിരുവനന്തപുരം : പൂജപ്പുര നാഗരുകാവ് ക്ഷേത്രത്തിലെ ആയില്യ മഹോത്സവം ഒക്ടോബർ 3, 4, 5 തീയതികളിൽ ക്ഷേത്രം തന്ത്രി ഹരിപ്പാട് പുല്ലാംവഴി ഇല്ലത്തിൽ ബ്രഹ്മശ്രീ ദേവൻ കൃഷ്ണൻ നമ്പൂതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കും. 3ന് 5.30ന് അഷ്ടദ്രവ്യ മഹാഗണപതിഹോമം, ഉച്ചയ്ക്ക് 12ന് അന്നദാന സദ്യ, 2.30ന് കളമെഴുത്തും സർപ്പം പാട്ടും, വൈകിട്ട് 6ന് ഗണപതിക്ക് അപ്പംമൂടൽ, 6ന് ക്ഷേത്ര ആഡിറ്റോറിയത്തിൽ നടക്കുന്ന അനുമോദന സമ്മേളനത്തിൽ നാഗത്രയം പുരസ്കാരം സിനിമാതാരം ഇന്ദ്രൻസിന് ചലച്ചിത്ര നടി ജലജ നൽകും. ഡോക്ടറേറ്റ് ലഭിച്ച ഗണേഷ് സുബ്രഹ്മണ്യത്തെയും ട്രസ്റ്റംഗങ്ങളുടെ മക്കളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും അനുമോദിക്കുന്നു. പൂജപ്പുര വാർഡ് കൗൺസിലർ ഡോ. വിജയലക്ഷ്മി, മുൻ കൗൺസിലർ, കെ. മഹേശ്വരൻ നായർ എന്നിവർ സമ്മേളനത്തിൽ ആശംസ പറയും. രാത്രി 8.30ന് കഥകളി, 4ന് രാവിലെ 9ന് നവഗ്രഹ ശാന്തിഹോമം, 10.30ന് രാഹുഗ്രഹ പൂജ, ഉച്ചയ്ക്ക് 12ന് അന്നദാന സദ്യ, വൈകിട്ട് 5ന് ഭക്തിഗാനമേള, 7.30ന് നാഗരാജാവിന് പുഷ്പാഭിഷേകം, രാത്രി 8.30ന് ഡാൻസ്, 5ന് രാവിലെ 6 മുതൽ ആയില്യ അഭിഷേകം, 7 മുതൽ പുള്ളുവൻപാട്ട്, ഉച്ചയ്ക്ക് 12.30ന് ആയില്യ പൂജ, 1.30ന് നാഗരൂട്ട്, 2ന് നിവേദ്യ വിതരണം, വൈകിട്ട് 5.30ന് പുല്ലാങ്കുഴൽ കച്ചേരി, 7.30ന് സർപ്പബലി.

## നിംസ് ഹൃദയാരോഗ്യ മേളയ്ക്ക് തുടക്കം

തിരുവനന്തപുരം : നിംസ് മെഡിസിറ്റിയിൽ 2 ദിവസം നീണ്ടുനിൽക്കുന്ന സൗജന്യ ഹൃദയ പരിശോധനാ ക്യാമ്പ് ആരംഭിച്ചു.

ലോക ഹൃദയാരോഗ്യ ദിനത്തോടനുബന്ധിച്ച് നിംസ് എം.ഡി എം.എസ്. ഫൈസൽഖാൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. ഹൃദ്രോഗ വിദഗ്ദ്ധൻ ഡോ. മധു ശ്രീധരൻ നേതൃത്വം നൽകി. ഡോ. മഹാദേവൻ, ഡോ. മണികണ്ഠൻ, ഡോ. അഷർ എന്നിസ് തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി.

രജിസ്റ്റർ ചെയ്തവർ ഇന്ന് രാവിലെ 8.30ന് നിംസ് മെഡിസിറ്റിയിലെത്തണം. ഫോൺ : 9388243399, 9846316776.



ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ് കോളേജിലെ അദ്ധ്യാപികമാരെ അപമാനിച്ച സംഭവത്തിൽ നടപടി ആവശ്യപ്പെട്ട് അദ്ധ്യാപകർ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിയ പ്രതിഷേധ ധർണ സി.ഐ.ടി.യു ജില്ലാ സെക്രട്ടറി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു

**കഥാ ചർച്ച**

ആറ്റിങ്ങൽ: ആറ്റിങ്ങൽ നഗരസഭ ലൈബ്രറിയിൽ 29ന് വൈകിട്ട് 4ന് തകഴിയുടെ വെള്ളപ്പൊക്കത്തിൽ എന്ന കഥ ചർച്ചചെയ്യും. സുജ.കെ.എസ് കഥ അവതരിപ്പിക്കും.



## ഇടയ്ക്കോട് മൈത്രി റസിഡന്റ്സ് അസോസിയേഷൻ വാർഷികം

ആറ്റിങ്ങൽ: ഇടയ്ക്കോട് മൈത്രി റസിഡന്റ്സ് അസോസിയേഷൻ വാർഷികം ആറ്റിങ്ങൽ ഡി.വൈ.എസ്.പി അനിൽകുമാർ ഉദ്ഘാടനം ചെയ്തു. വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ചടങ്ങിൽ ആദരിച്ചു.

അസോസിയേഷൻ പ്രസിഡന്റ് ജി. സോമകുമാരൻ നായർ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി അഡ്വ. ദിലീപ്.വി.എം, ഡോ. പി.രാധാകൃഷ്ണൻ നായർ, ജി. വിശ്വംഭരൻ, അബ്ദുൽ കഹാർ എന്നിവർ സംസാരിച്ചു.

## പച്ചക്കറി നടീൽ ഉത്സവം

മുടപുരം: ഹരിത കേരള മിഷനും കർഷക ക്ഷേമ വകുപ്പും സംയുക്തമായി പച്ചക്കറി കൃഷി വ്യാപനത്തിനായി ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ നടത്തിവരുന്ന 'ഉറവ്' പദ്ധതിയിൽ ഉൾപ്പെടുത്തി മംഗലപുരം പഞ്ചായത്തിൽ പച്ചക്കറി നടീൽ ഉത്സവം നടത്തി.

ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായാണ് പച്ചക്കറി നടീൽ ഉത്സവം നടന്നത്. പദ്ധതിയുടെ മണ്ഡലതല ഉദ്ഘാടനം മംഗലപുരം ഗ്രാമ പഞ്ചായത്തിലെ പുന്നയ്ക്കുന്നം വാർഡിൽ ഡെപ്യൂട്ടി സ്പീക്കർ വി. ശശി നിർവഹിച്ചു.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വേങ്ങോട് മധു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പോത്തൻകോട് ബ്ലോക്ക് പ്രസിഡന്റ് ഷാനിബ ബീഗം, വൈസ് പ്രസിഡന്റ് സുമ ഇടവിളാകം, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മംഗലപുരം ഷാഫി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എസ്. ജയ, വി. അജികുമാർ, ഉദയകുമാരി, കൃഷി ഓഫീസർ സുകുമാരൻ നായർ, തൊഴിലുറപ്പ് അസിസ്റ്റന്റ് എൻജിനീയർ മോഹനൻ, റസിഡൻസ് അസോസിയേഷൻ സെക്രട്ടറി ഹരീശൻ നായർ തുടങ്ങിയവർ പങ്കെടുത്തു.

## തിരുനാളും ദൈവവചനധ്യാനവും

കോവളം: ഇന്ന് ആരംഭിക്കുന്ന മുല്ലൂർ സെന്റ് ഫ്രാൻസിസ് അസീസി മലങ്കര സുറിയാനി കത്തോലിക്ക ദേവാലയ തിരുനാളും ദൈവവചനധ്യാനവും വൈകിട്ട് 5.30ന് നെയ്യാറ്റിൻകര വൈദീക ജില്ലാ വികാരി ഫാ.ആന്റണി പ്ലാംപറമ്പിൽ കൊടിയേറ്റും.

തുടർന്നുള്ള ദൈവ വചനധ്യാനം വെണ്ണിയൂർ സെന്റ് ജോസഫ് ഇടവക വികാരി ഫാ. ആദർശ് കുമ്പളത്ത് നയിക്കും. ദിവസവും വൈകുന്നേരം 5.30 മുതൽ ജപമാല, സന്ധ്യാ പ്രാർത്ഥന, വിശുദ്ധ കുർബ്ബാന എന്നിവ ഉണ്ടാകും. 30 ന് നടക്കുന്ന കുർബാനയ്ക്ക് ഇടവക വികാരി ഫാ. വർഗ്ഗീസ് വടക്കേ തുരുത്തേൽ നേതൃത്വം നൽകും.

തുടർന്നുള്ള ദിവസങ്ങളിലെ വിശുദ്ധ കുർബാനയ്ക്ക് പാമ്പുകാല ഇടവക വികാരി ഫാ. ഫ്രാൻസീസ് കുര്യൻ വാലു പറമ്പിൽ, കാട്ടുവിള ഇടവക വികാരി ഫാ. ജോയ് തോമസ്, ബാലരാമപുരം നസ്രത്ത് ഹോം സ്കൂൾ മാനേജർ ഫാ. ഷീൻ പാലക്കുഴി എന്നിവർ നേതൃത്വം നൽകും. മൂന്നിന് വൈകുന്നേരം ജപമാല പ്രദക്ഷിണം.

നാലിന് വൈകുന്നേരം 5.30 ന് പാറശാല ഭദ്രസനാദ്ധ്യക്ഷൻ തോമസ് മാർ യൗസേബിയൂസ് മെത്രാപൊലീത്തയ്ക്ക് സ്വീകരണം. തുടർന്ന് തിരുനാൾ കുർബ്ബാന, ആദ്യകുർബ്ബാന സ്വീകരണം, അനുമോദന സമ്മേളനം, സ്നേഹഭോജനം, കൊടിയിറക്ക് എന്നിവ നടക്കും.

# ആദിവാസിമേഖലയിലെ കാട്ടുമൃഗശല്യത്തിന് പരിഹാരം കാണും: മന്ത്രി കെ. രാജു

കെ.മണിലാൽ

**കാട്ടാനശല്യം രൂക്ഷമായത് ഇവിടെ**


ആനപ്പേടിയിൽ ആദിവാസികൾ

■മൊട്ടമൂട് ■ഈട്ടിമൂട് ■അല്ലത്താര
■ചെമ്പിക്കുന്ന് ■കൊമ്പ്രാംകല്ല്
■പെണ്ണങ്കപ്പാറ ■കല്ലാർ
■മംഗലക്കരിക്കകം ■ആറാനക്കുഴി
■പൊടിയക്കാല ■അടിപറമ്പ്
■ആനപ്പാറ ■മണലി
■തലത്തൂതക്കാവ് ■ ഈട്ടിമൂട്
■ഇടിമടങ്ങ്

വിതുര: വിതുര പഞ്ചായത്തിൽ ആദിവാസിമേഖലകളിലെ കാട്ടുമൃഗശല്യത്തിന് തടയിടാൻ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി കെ. രാജു അറിയിച്ചു. വനമേഖലയിലെ കാട്ടുമൃഗശല്യത്തെ കുറിച്ച് ഇക്കഴിഞ്ഞ 21 ന് കേരളകൗമുദി വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. വിതുര പഞ്ചായത്തിലെ മണലി, പൊന്നാംചുണ്ട് വാർഡുകളിലാണ് വന്യമൃഗശല്യം രൂക്ഷമായത്. ഇതിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് സി.പി.ഐ അരുവിക്കര നിയോജകമണ്ഡലം കമ്മിറ്റി സെക്രട്ടറി എം.എസ്. റഷീദ്, പഞ്ചായത്തംഗം മഞ്ജുഷാ ആനന്ദ്, സി.പി.ഐ ലോക്കൽകമ്മിറ്റി സെക്രട്ടറി ആർ.കെ. ഷിബു, സി.പി.ഐ നേതാക്കളായ ഷീജു, ശരത്ചന്ദ്രൻ, രവികുമാർ, തങ്കമ്മ, സുജാത എന്നിവർ മന്ത്രിയുടെ ഓഫീസിൽ എത്തി നിവേദനം നൽകി. കേരളകൗമുദിയിൽ വന്ന വാർത്ത സഹിതമാണ് പരാതി നൽകിയത്.

ഉടൻ നടപടികൾ സ്വീകരിക്കാമെന്ന് മന്ത്രി ഉറപ്പ് നൽകി. പഞ്ചായത്തു തല ജാഗ്രതാ സമിതി വിളിച്ചുകൂട്ടാനും മന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ട്. ഉപജീവനത്തിനായി കൃഷി ഇറക്കിയിരുന്ന വിളകളെല്ലാം ആനക്കൂട്ടം നശിപ്പിച്ചതായാണ് പരാതി.

കഴിഞ്ഞമൂന്ന് ദിവസമായി മണലി മേഖലയിൽ കാട്ടാനകളുടെ താണ്ഡവമാണ്. സന്ധ്യമയങ്ങിയാൽ ആനകളെ ഭയന്ന് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയാണെന്നും ആദിവാസികൾ അറിയിച്ചു. ആദിവാസി മേഖലകൾക്ക് പുറമേ നാട്ടിൻപുറങ്ങളിലും ആനക്കൂട്ടം ഇറങ്ങി നാശവും ഭീതിയും വിതയ്ക്കുന്നതായും പരാതിയുണ്ട്.

KAUMUDI IMPACT



ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ എന്നിവയുടെ സഹകരണത്തോടെ കിഴവിലം ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പൊതു ഇട ശുചീകരണ പദ്ധതി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എ. അൻസാർ ഉദ്ഘാടനം ചെയ്യുന്നു

## പൊതു ഇടങ്ങൾ ശുചീകരണ പരിപാടി ആരംഭിച്ചു

മുടപുരം: ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ എന്നിവയുടെ സഹകരണത്തോടെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പൊതു ഇട ശുചീകരണ പദ്ധതി ആരംഭിച്ചു.

മുടപുരം എൻ.ഇ.എസ് പബ്ലിക് മാർക്കറ്റിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എ. അൻസാർ ഉദ്ഘാടനം ചെയ്തു. തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഗോപൻ വലിയേല, ഗ്രാമപഞ്ചായത്ത് മെമ്പർമാരായ സാംബശിവൻ, ഷാജഹാൻ, സെക്രട്ടറി ബാലാനന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി ബെൻസിലാൽ, ഹെൽത്ത് ഇൻസ്പെക്ടർ പ്രമോദ് തുടങ്ങിയവർ പങ്കെടുത്തു. ഇന്ന് നൈനാംകോണം മാർക്കറ്റിലും കിഴവിലം ആയുർവേദ ആശുപത്രിയിലും പ്രൈമറി ഹെൽത്ത് സെന്ററിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തും. ഒക്ടോബർ 2 വരെ ഗ്രാമ പഞ്ചായത്തിലെ വിവിധ പൊതുസ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടക്കും.

## ചെമ്മരുതി ഗ്രാമപഞ്ചായത്ത് ഉത്തമ മാതൃക: മന്ത്രി എ.സി. മൊയ്തീൻ



ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ മിനിസ്റ്റേഡിയം മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു

വർക്കല: സംസ്ഥാനത്ത് ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിലുള്ള സ്റ്റേഡിയങ്ങൾ ഷോപ്പിംഗ് കോംപ്ലക്സുകളും മാർക്കറ്റുകളുമാക്കി മാറ്റുമ്പോൾ, ചെമ്മരുതി ഗ്രാമപഞ്ചായത്ത് മിനിസ്റ്റേഡിയം നവീകരിച്ച് മുൻ എം.എൽ.എ അലിഹസന്റെ പേരിൽ പ്രവർത്തനയോഗ്യമാക്കിയത് അഭിനന്ദനാർഹമാണെന്നും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ചെമ്മരുതി ഗ്രാമ പഞ്ചായത്തിനെ മറ്റു പഞ്ചായത്തുകൾ മാതൃകയാക്കണമെന്നും മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. ചെമ്മരുതിയിലെ മിനി സ്റ്റേഡിയത്തിന്റെ ഉദ്ഘാടനവും ലൈഫ് പദ്ധതി രണ്ടാംഘട്ടത്തിൽ പണി പൂർത്തീകരിച്ച വീടുകളുടെ താക്കോൽദാനവും ജില്ലാതല ഉദ്ഘാടനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. അഡ്വ. വി. ജോയി എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.കെ. യൂസഫ്, ജില്ലാ പഞ്ചായത്തംഗം വി. രഞ്ജിത്ത്, ലൈഫ് മിഷൻ ജില്ലാ കോ - ഓർഡിനേറ്റർ സജീന്ദ്രബാബു, അരുണ എസ്. ലാൽ, ജയസിംഹൻ, മുഹമ്മദ് ഇക്ബാൽ, മിനികുമാരി, ശശീന്ദ്രൻ, പനയറ രാജു, ജി.എസ്. സുനിൽ, റാംമോഹൻ, രാധാകൃഷ്ണൻ ഉണ്ണിത്താൻ, സന്തോഷ് കുമാർ, ശ്രീലേഖക്കുറുപ്പ്, രജനി പ്രേംജി, ഗീതാകുമാരി, തുടങ്ങിയവർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.എച്ച്. സലിം സ്വാഗതവും സെക്രട്ടറി സുപിൻ നന്ദിയും പറഞ്ഞു. മാതൃകാ അദ്ധ്യാപകനുള്ള സംസ്ഥാന സർക്കാർ പുരസ്കാരം നേടിയ ഞെക്കാട് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഹെഡ്മാസ്റ്റർ കെ.കെ. സജീവിന് ഗ്രാമപഞ്ചായത്തിന്റെ പുരസ്കാരം മന്ത്രി നൽകി.

## ഉറവ് പദ്ധതിക്ക് മുദാക്കലിൽ തുടക്കമായി.

ആറ്റിങ്ങൽ: ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ആരംഭിച്ച ഉറവ് പദ്ധതിക്ക് മുദാക്കലിൽ തുടക്കമായി. ഡെപ്യൂട്ടി സ്പീക്കർ വി. ശശി ഉദ്ഘാടനം ചെയ്തു.

വിഷമയമായ പച്ചക്കറികളിൽ നിന്നും സമൂഹത്തെ മാറ്റി നിർത്തി ഗ്രാമങ്ങളിൽ പച്ചക്കറി തൈകൾ നട്ട് വിളവെടുക്കുന്നതാണ് ഉറവ് പദ്ധതിയുടെ ഉദ്ദേശ്യം.മ

ുദാക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ.എസ്. വിജയകുമാരി, കൃഷി ഓഫീസർ എ. നൗഷാദ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ അയിലം ഉണ്ണികൃഷ്ണൻ, സുഷമ, സുന്ദരേശൻ നായർ, സുജാതൻ, ജയശ്രീ, അനിത ഹരികുമാർ എന്നിവർ സംസാരിച്ചു.



പഴയകാല എസ്.എഫ്.ഐ പ്രവർത്തകരുടെ കൂട്ടായ്മയായ 'കനൽവഴികൾ' ഏർപ്പെടുത്തിയ വിദ്യാഭ്യാസ അവാർഡ് പള്ളിക്കൽ യു.ഐ.ടി വിദ്യാർത്ഥിക്ക് ചിറയിൻകീഴ് താലൂക്ക് ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടിവ് അംഗം എസ്. പ്രവീൺ ചന്ദ്ര നൽകുന്നു. നസീർ വഹാബ്, സാബിർ പള്ളിക്കൽ എന്നിവർ സമീപം

## കൈയേറ്റത്തിനെതിരെ ശക്തമായി പ്രതികരിക്കും: സി.പി.ഐ

ആറ്റിങ്ങൽ: പൊതുമുതൽ കൈയേറുന്ന നടപടിക്കെതിരെ ശക്തമായി പ്രതികരിക്കുമെന്ന് സി.പി.ഐ ആറ്റിങ്ങൽ മണ്ഡലം കമ്മിറ്റി അറിയിച്ചു. ഈ കാര്യത്തിൽ ആറ്റിങ്ങൽ നഗരസഭ സ്വീകരിച്ച നടപടി സ്വാഗതാർഹമാണെന്നും ഇതിനായി നഗരസഭ സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും സി.പി.ഐ പിന്തുണ നൽകുമെന്നും മണ്ഡലം സെക്രട്ടറി സി.എസ്. ജയചന്ദ്രൻ പറഞ്ഞു.

## വർക്കല ബൈപാസ് നിർമ്മാണം; സംയുക്ത പരിശോധന നടത്തി



വർക്കല ബൈപാസ് നിർമ്മാണത്തിന്റെ ഭാഗമായി സ്പെഷ്യൽ തഹസിൽദാറുടെ നേതൃത്വത്തിലുള്ള സംഘം സംയുക്ത പരിശോധന നടത്തുന്നു

വർക്കല: വർക്കല ബൈപാസ് നിർമ്മാണത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തി.

സ്പെഷ്യൽ തഹസിൽദാർ സനൽകുമാർ, പി.ഡബ്ലിയു.ഡി അസി. എൻജിനിയർ അരവിന്ദ്, വില്ലേജധികൃതർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

വർക്കല നഗരത്തിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് പരിഹാരമായിട്ടാണ് ബൈപാസ് നിർമ്മാണം. ശിവഗിരി മട്ട് ജംഗ്ഷനിൽ നിന്നു ചെറുകുന്നം മാർത്തോമ ചർച്ചിനു സമീപമുള്ള റെയിൽവേ ഗേറ്റിനു സമീപം അവസാനിക്കുന്ന രീതിയിലാണ് അലൈൻമെന്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതിന് നഗരസഭ നേരത്തേ അനുമതി നൽകിയിരുന്നു. അഡ്വ. വി. ജോയി എം.എൽ.എ, നഗരസഭ ചെയർപേഴ്സൺ ബിന്ദു ഹരിദാസ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ. പ്രകാശ്, ആക്ഷൻ കൗൺസിൽ ഭാരവാഹികൾ എന്നിവർ സംയുക്തപരിശോധനയിൽ സംബന്ധിച്ചു.




പി.കെ.എസ് ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് നടന്ന സമ്മേളനം മന്ത്രി എം.എം. മണി ഉദ്ഘാടനം ചെയ്യുന്നു

## പി.കെ.എസ് ജില്ലാ സമ്മേളനം

ആറ്റിങ്ങൽ: ഹിന്ദുവിന്റെ സംരക്ഷകരായി അധികാരത്തിൽ വന്നവർ കോർപ്പറേറ്റുകളുടെ സംരക്ഷകരായി മാറിയെന്ന് മന്ത്രി എം.എം. മണി പറഞ്ഞു. പി.കെ.എസ് ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് മാമം മൈതാനിയിൽ നടന്ന പൊതു യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പി.കെ.എസ് ജില്ലാ പ്രസിഡന്റ് എസ്. സുനിൽ കുമാർ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എം.പി. റസൽ, സി.പി.എം സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ആനത്തലവട്ടം ആനന്ദൻ, പി.കെ.എസ് സംസ്ഥാന സെക്രട്ടറി കെ. സോമ പ്രസാദ് എം.പി, ഡോ. എ. സമ്പത്ത് എം.പി, സി.പി.എം ജില്ലാ സെക്രട്ടറിയേറ്റ് അംഗം ആർ. രാമു, അഡ്വ. ബി. സത്യൻ എം.എൽ.എ, ജില്ലാ കമ്മിറ്റി അംഗം ആർ. സുഭാഷ്, വണ്ടിത്തടം മധു, അഡ്വ. എസ്. ലെനിൻ, കെ. വാരിജാക്ഷൻ എന്നിവർ സംസാരിച്ചു.

പുതിയ ഭാരവാഹികളായി എസ്. സുനിൽ കുമാർ (പ്രസിഡന്റ്), സുലഭ, എൻ. വിജയ കുമാർ, പ്രതാപ് സിംഗ്, നന്ദൻകോട് ബാബു, ബി. രാജു (വൈസ് പ്രസിഡന്റുമാർ), വഴുതൂർ രാജൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

## ഹിന്ദി മാതൃ ഭാഷയാക്കണം; ഹിന്ദി ദിന സമ്മേളനം

കടയ്ക്കാവൂർ: ഹിന്ദി മാതൃ ഭാഷയാക്കണമെന്ന് കടയ്ക്കാവൂർ മധുബൻ ഹിന്ദി വിശ്വവിദ്യലയത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഹിന്ദി ദിന സമ്മേളനം ആവശ്യപെട്ട്. കടയ്ക്കാവൂർ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ തൃദീപ്കുമാർ ഉത്ഘാടനം ചെയ്തു. വാർഡ് മെമ്പർ കൃഷ്ണകുമാർ അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ബിജുമോൻ, ദീപ്തി, ഭാഗ്യലക്ഷ്മി തുടങ്ങിയവർ സംസാരിച്ചു.

## യൂത്ത് കോൺഗ്രസ് പ്രവർത്തകർ റോഡ് ഉപരോധിച്ചു

കടയ്ക്കാവൂർ: തകർന്ന് കിടക്കുന്ന ചെക്കാലവിളാകം - ചിറയിൻകീഴ് റോഡ് നന്നാക്കാത്തതിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ് പ്രവർത്തകർ റോഡ് ഉപരോധിച്ചു.

നിരവധി വാഹനങ്ങൾ കടന്ന് പോകുന്ന ഈ റോഡിന്റെ അറ്റകുറ്റപണികൾ നടന്നിട്ട് 10 വർഷത്തോളമായി.

റോഡ് തകർന്ന കിടക്കുന്നതിനാൽ അപകടം സംഭവിക്കുന്നത് പതിവാണ്. റോഡ് റീ ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കിയില്ലെങ്കിൽ ശക്തമായ സമരത്തിന് രൂപം നൽകുമെന്ന് ഉപരോധം ഉദ്ഘാടനം ചെയ്ത കെ.പി.സി.സി നിർവാഹക സമിതി അംഗം എം.എ. ലത്തീഫ് പറഞ്ഞു.

യൂത്ത് കോൺഗ്രസ് അസംബ്ലി മണ്ഡലം പ്രസിഡന്റ് പെരുംകുളം അൻസർ അദ്ധ്യക്ഷത വഹിച്ചു. യൂത്ത് കോൺഗ്രസ് ഭാരവാഹികളായ അൻഫാർ, അബിനാഷ്, ജിനു, സഞ്ജു, സജീവ് കടയ്ക്കാവൂർ, കോൺഗ്രസ് നേതാക്കളായ സജി കടയ്ക്കാവൂർ, സജു, രാജേഷ്, ഷാനു, പഞ്ചായത്ത് മെമ്പർമാരായ ജയന്തി സോമൻ, മോഹനകുമാരി, രതി പ്രസന്നൻ, തുടങ്ങിയവർ സംസാരിച്ചു.



തകർന്ന് കിടക്കുന്ന ചെക്കാലവിളാകം - ചിറയിൻകീഴ് റോഡ് നന്നാക്കാത്തതിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ് പ്രവർത്തകർ സംഘടിപ്പിച്ച റോഡ് ഉപരോധം എം. എ. ലത്തീഫ് ഉദ്ഘാടം ചെയ്യുന്നു

## സിനിമ

■ന്യൂ (2323244) :: ■SCREEN 1 - ചെക്ക ചിവന്ത വാനം (T- 11.15, 7.00pm, 10.15pm) JHONNY ENGLISH STRIKES AGAIN (E- 2.00pm, 4.45pm)
■SCREEN 2 - വരത്തൻ (M- 11.15, 2.30, 6.30, 9.30)
■SCREEN 3 - തീവണ്ടി (M- 11.15, 2.30, 6.30, 9.30)
■ശ്രീകുമാർ (2331222) :: ചെക്ക ചിവന്ത വാനം (T- 11.15, 2.30, 6.15, 9.30)
■ശ്രീവിശാഖ് (2331222) :: വരത്തൻ (M- 11.30, 2.30, 6.30, 9.30)
■ശ്രീപത്മനാഭ (2473999) :: ചെക്ക ചിവന്ത വാനം (T- 11.00, 2.30, 6.00, 9.30)
■ദേവിപ്രിയ (2473999) :: സാമി-2 (T- 11.00, 2.30, 9.30) പടയോട്ടം (M- 6.00)
■അജന്ത (2472825) :: No Shows
■കൃപ :: ലില്ലി (M- 11.00, 7.00pm) ചെക്ക ചിവന്ത വാനം (T- 1.00, 4.00, 7.30pm, 1030pm) ചാലക്കുടിക്കാരൻ ചങ്ങാതി (M- 1.10pm) JHONNY ENGLISH STRIKES AGAIN (E-4.40pm) SUI DAAGA MADE IN INDIA (H-9.30pm)
■കലാഭവൻ :: ലില്ലി (M- 11.30, 9.30) പടയോട്ടം (M- 2.30, 6.15)
■സെൻട്രൽ (2462865) :: BARBARIAN (E - 11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.15, 2.30, 6.15, 9.30)
■ശ്രീ (2332747) :: വരത്തൻ (M - 11.30, 2.30, 6.30, 9.30)
■നിള (2332747) :: മംഗല്യം തന്തുനാനേന (M- 11.15, 2.30) ചെക്ക ചിവന്ത വാനം (T- 6.30, 9.30)
■ധന്യ (2476773) :: സാമി -2 (T- 11.15, 2.30, 6.15, 9.30)
■രമ്യ (2476773) :: ലില്ലി (M- 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1- സാമി-2 (T- 11.15, 2.45, 6.30, 10.15)
■Audi 2- തീവണ്ടി (M - 11.30, 3.00, 6.30, 10.00)
■Audi 3- MANMARZIYAAN (H- 10.30am) BATTIGUL METER CHALU (H-1.45pm) THE NUN (E- 5.00pm, 10.15pm) THE EQUALIZER (E-7.15pm),
■Audi 4 - പടയോട്ടം (M- 11.30am, 3.00pm, 6.45pm, 10.00pm)
■Audi 5 - THE NUN (E- 10.00am) വരത്തൻ (M- 12.00pm, 3.00pm, 6.45pm, 10.00pm) THE
■Audi 6 - ഇമൈക്കനൊടികൾ (E- 11.15am) മംഗല്യം തന്തുനാനേന (M- 3.00pm, 6.45pm, 10.15pm)
■കാർണിവൽ സിനിമാസ് (മാൾ ഒഫ് ട്രാവൻകൂർ)
ചാലക്കുടിക്കാരൻ ചങ്ങാതി (M- 10.00, 3.00, 9.45pm)
ചെക്ക ചിവന്ത വാനം (T- 10.30, 1.30, 4.30, 7.30, 10.30pm)
ദേവദാസു (Telugu- 4.45pm)
JHONNY ENGLISH STRIKES AGAIN (E- 10.35, 2.45, 6.30, 10.30pm)
ലില്ലി (12.45, 8.30pm, 10.30pm)
മംഗല്യം തന്തുനാനേന (M- 1.30)
പടയോട്ടം (9.45am, 1.00pm, 4.40pm, 7.00pm, 10.00pm)
സാമി -2 (T- 10.15am, 4.00pm)
SUI DHAAGA (H- 12.30pm, 8.00pm)
തീവണ്ടി (M- 10.00am, 1.15pm, 4.40pm, 7.00pm, 10.45pm)
വരത്തൻ (M- 10.00am, 12.45pm, 3.30pm, 6.15pm, 7.45pm, 9.00pm, 11.35pm)
■കഴക്കൂട്ടം കൃഷ്ണ (2418144) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.15, 6.15, 9.30) പടയോട്ടം (M- 2.30)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: ചെക്ക ചിവന്ത വാനം (T- 11.15, 2.30, 9.30) വരത്തൻ (M- 6.15)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■screen 1 : തീവണ്ടി (M- 11.15, 2.30, 6.15, 9.30)
■screen 2 : IMAIKKA NODIGAL (T- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: സാമി -2 (T- 11.15) ഒരു കുട്ടനാടൻ ബ്ലോഗ് (M - 2.30) തീവണ്ടി (M- 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: ഷോ ഇല്ല
■ആറ്റിങ്ങൽ യമുന (2629973) :: കിനാവള്ളി (M- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: JUNGA (T- 11.00, 2.30, 6.30, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: പടയോട്ടം (M- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ തപസ്യ (3291113) :: സാമി-2 (T - 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: ലില്ലി (M- 11.15, 3.00, 6.30, 9.45)
■വർക്കല എസ്.ആർ (04702602339) :: ഒരു കുട്ടനാടൻ ബ്ലോഗ് (M- 11.00) സാമി-2 (T- 2.30, 6.15, 9.30)
■വർക്കല വിമല (9895233785) :: ചെക്ക ചിവന്ത വാനം (T- 11.00, 3.00, 6.30, 9.45)
■വർക്കല സ്റ്റാർ സിനിമ (2602344) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.00, 2.30, 9.30) തീവണ്ടി (M- 6.15)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: തീവണ്ടി (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: ചെക്ക ചിവന്ത വാനം (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് റാണി :: ■screen 1 : സാമി -2 (T- 11.00, 2.15, 6.00, 9.15)
■screen 2 : പടയോട്ടം (M- 11.15, 2.30, 6.15) വരത്തൻ (M-9.30)
■പെരിങ്ങമ്മല അശ്വതി (2400394) :: മറഡോണ (T- 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■Audi 1- ഗജനീകാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2- ഇബിലീസ് (M- 11.00, 2.30, 6.15, 9.30)
■Audi 3- KARWAAN (H- 11.00, 2.30, 6.15, 9.30)
■Audi 4- കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5- JUNGA (T- 11.00, 2.30) ഒരു പഴയ ബോംബ് കഥ (M- 6.15, 9.30)
■കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M-2.30, 6.15) അച്ചം എമ്പത് മടമയ്യെട (T- 11.00, 9.15)
■നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണ തത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1- ചെക്ക ചിവന്ത വാനം (T- 11.15, 2.30, 6.15, 9.30)
■Tela 2- ലില്ലി (M- 11.00, 6.00, 8.00) തീവണ്ടി (M- 2.15, 10.00)
■പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: വരത്തൻ (M - 11.15, 2.30, 9.30) പടയോട്ടം (M- 6.15)
■വെഞ്ഞാറമൂട് സിന്ധു (9746159088) :: വരത്തൻ (M- 11.30, 2.30, 6.30, 9.30)
■കാട്ടാക്കട ജയവിനായക (2290867) :: ■screen 1 - ആട് -2 (M- 11.00, 2.15, 6.15, 9.15) ■screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Now show
■പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T -10.30, 2.30, 6.15, 9.00)
■പേയാട് എസ്.പി സിനിമ (0471-2289053) :: വരത്തൻ (M- 11.00, 2.00pm, 6.30pm, 10.30pm) തീവണ്ടി (M- 8.10pm)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30, 6.30)
■പടന്തലുമൂട് IMP :: പടയോട്ടം (M- 11.00, 2.30, 6.30, 9.30)
■കാട്ടാക്കട സ്വരലയ: (9188628546) :: ■സ്വരം - വരത്തൻ (M - 11.15, 2.15, 6.15, 9.15)
■ലയ - മംഗല്യം തന്തുനാനേന (M- 11.30, 6.30) പടയോട്ടം (M- 2.30, 9.30)

## ഇന്ന്

**മു**ടവൻമുഗൾ ലക്ഷ്മിനിലയം: കേശവദേവ് രേഖാസംരക്ഷണ പരിപാടിയുടെ ഉദ്ഘാടനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, അദ്ധ്യക്ഷൻ ഒ. രാജഗോപാൽ എം.എൽ.എ - 2ന്.

**ജി**മ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം: ഏഷ്യൻ സ്പോർട്സ് യോഗ ചാമ്പ്യൻഷിപ്പ്.

**തൈ**ക്കാട് ഗണേശം: സൂര്യഫെസ്റ്റിവൽ - ഇന്ത്യൻ പനോരമ ഫിലിം ഫെസ്റ്റിവൽ പിമ്പാൽ- 4.30ന്, മൈ സ്റ്റോറി - 6.45ന്.

**ശാ**സ്തമംഗലം ശ്രീരാമകൃഷ്ണാശ്രമം: അപരോക്ഷാനുഭൂതിയെ കുറിച്ച് സ്വാമി ദുർഗാനന്ദ സരസ്വതിയുടെ പ്രഭാഷണം-5ന്.

**മം**ഗലത്തുകോണം കാട്ടുനട ഭദ്രകാളിദേവീ ക്ഷേത്രം: ശനിദോഷ നിവാരണപൂജ -രാവിലെ 6.30ന്.

നെയ്യാറ്റിൻകര മുനിസിപ്പൽ മൈതാനം: നവധന്യയുടെ നാടകം- അയാൾ അദൃശ്യനാണ് - 6ന്, നാടകക്കരയുടെ നാടകം- വേട്ട 8ന്.

## ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് മിസോറം ടീം സന്ദർശിച്ചു

മുടപുരം: ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി കൃഷി സിഞ്ചയ് യോജന (പി.എം.കെ.എസ്.വൈ) പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കാനും വിലയിരുത്താനും മിസോറം ടീം ബ്ലോക്ക് പഞ്ചായത്ത് സന്ദർശിച്ചു. മണ്ണ്, ജലം തുടങ്ങി പ്രകൃതി വിഭവങ്ങൾ സംരഷിച്ചുകൊണ്ടുള്ള കൃഷി പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കിയ സ്ഥലങ്ങളായ കിഴവിലം, നീർത്തടം, വിളയിൽമൂല എന്നിവിടങ്ങളിൽ ടീം സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് ബി.ഡി.ഒ വിഷ്ണുമോഹൻദേവ് വിശദീകരിച്ചു. ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥരായ സിവികുമാർ, മുജീബ്, അഖിൽ, കുശ്ബു എന്നിവർ സന്ദർശകർക്കൊപ്പം ഉണ്ടായിരുന്നു. സന്ദർശനത്തിനുശേഷം മിസോറം ടീം ബ്ലോക്ക് പഞ്ചായത്തിലെത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷ്, ബി.ഡി.ഒ വിഷ്ണുമോഹൻദേവ്, ജോയിന്റ് ബി.ഡി.ഒ രാജീവ് എന്നിവരുമായി പദ്ധതിയെക്കുറിച്ച് ചർച്ച നടത്തി.



## എയർ ഇന്ത്യ വിമാനം സാങ്കേതിക തകരാർ കാരണം വൈകി

തിരുവനന്തപുരം: ഡൽഹിയിലേക്കുള്ള എയർഇന്ത്യ വിമാനം സാങ്കേതിക തകരാർ മൂലം ഒരു മണിക്കൂറിലേറെ വൈകി. ഇന്നലെ രാവിലെ 6.40ന് യാത്രക്കാരുമായി കൊച്ചി വഴി ഡൽഹിക്ക് പോകേണ്ടിയിരുന്ന എയർഇന്ത്യയുടെ എ.ഐ 466ാം നമ്പർ വിമാനമാണ് വൈകിയത്. എം.പി.മാരായ ശശിതരൂർ, ഇന്നസെന്റ്, എ.സമ്പത്ത് എന്നിവരടക്കമുള്ളവരായിരുന്നു യാത്രക്കാർ. ടേക്ക്ഓഫിന് മുൻപായി നടത്തിയ പരിശോധനയിൽ സാങ്കേതിക തകരാർ കണ്ടതിനാൽ വിമാനം ബേയിൽ എത്തിക്കുന്നത് വൈകി. ഇതോടെ യാത്രക്കാർ പ്രതിഷേധിച്ചു. സാങ്കേതിക തകരാർ പരിഹരിച്ച് വിമാനം ഉടൻ പുറപ്പെടുമെന്ന് എയർഇന്ത്യ അധികൃതർ അറിയിച്ചതോടെയാണ് ബഹളം തീർന്നത്. 7.50ന് വിമാനം പറന്നു.

www.keralakaumudi.com www.facebook.com/keralakaumudi

# ഗുരുദേവന്റെ ശിഷ്യന്മാരെല്ലാം സമർപ്പിത ജീവിതം നയിച്ച പുണ്യശാലികൾ

## ആചാര്യസ്മൃതി സമ്മേളനത്തിൽ ബ്രഹ്മചാരി അസംഗചൈതന്യ

ശിവഗിരി: ശ്രീനാരായണ ഗുരുദേവന്റെ സന്യാസി ശിഷ്യന്മാരെല്ലാം തൃപാദങ്ങളിൽ സമർപ്പിത ചേതസുകളായി ജീവിതം നയിച്ച പുണ്യശാലികളായിരുന്നവെന്നും സമകാലീന സമൂഹത്തിന് അറിയുന്നവരും അറിയപ്പെടാത്തവരും അക്കൂട്ടത്തിലുണ്ടെന്നും ബ്രഹ്മചാരി അസംഗചൈതന്യ പറഞ്ഞു. സന്യസ്തരും ഗൃഹസ്ഥരുമായ ഗുരുദേവ സത്ശിഷ്യന്മാരുടെ പുണ്യചരിതം പുതുതലമുറയ്ക്ക് ആവേശവും അർപ്പണമനോഭാവവും പകരാൻ ഉപകരിക്കുന്നതാണ്.

ശ്രീനാരായണ ഗുരുദേവന്റെ മഹാസമാധി നവതി ആചരണത്തിന്റെ ഭാഗമായി ആചാര്യസ്മൃതി സമ്മേളനത്തിൽ സ്വാമി നിശ്ചലദാസ്, കുമാരസ്വാമി സന്യാസി ദിനപ്രഭാഷണം നടത്തുകയായിരുന്നു അസംഗചൈതന്യ.

ഒൻപതാമത്തെ വയസിൽ ഒരു നിയോഗം പോലെ ഗുരുദേവനൊപ്പംകൂടിയ വലിയകോട്ടത്ത് വി.കെ.നാണുവാണ് പില്ക്കാലത്ത് സ്വാമി നിശ്ചലദാസായത്. അരുവിപ്പുറത്ത് അന്തേവാസിയായി യോഗശാസ്ത്രത്തിലും വേദാന്തത്തിലും അഗാധ പാണ്ഡിത്യം നേടി. കാശിയിലും ഉപരിപഠനം നടത്തി. ഗുരുദേവൻ നേരിട്ട് തുവെള്ള വസ്ത്രവും സ്വാമി നിശ്ചലദാസ് എന്ന സന്യാസനാമവും നൽകി അനുഗ്രഹിച്ചു. 33-ാമത്തെ വയസിൽ പരിനിർവ്വാണം പ്രാപിച്ചു. ധാരാളം അത്ഭുത സിദ്ധികൾക്കുടമയായിരുന്ന ആ ഗുരുദേവശിഷ്യൻ തന്റെ സമാധിസമയവും നേരത്തെ പ്രവചിച്ചിരുന്നു.



*ശിവഗിരിയിൽ ആചാര്യസ്മൃതി സമ്മേളനത്തിൽ ബ്രഹ്മചാരി അസംഗചൈതന്യ പ്രഭാഷണം നടത്തുന്നു. ശിവഗിരിമഠം പി.ആർ.ഒ ജനീഷ് കൃഷ്ണൻ, ബിപിൻഷാൻ, സ്വാമി ഗുരുപ്രകാശം, സി.സുധീഷ്, വി.ടി. അശോകൻ, ടി. ഷനൂബ് എന്നിവർ സമീപം*

ഗുരുദേവകൃതികൾ ആദ്യമായി സമാഹരിച്ച് പ്രസിദ്ധീകരിച്ച ആളാണ് കുമാരസ്വാമി സന്യാസി എന്ന് സ്മൃതി പ്രഭാഷണം നടത്തിയ എസ്.എൻ.ഡി.പി യോഗം യൂത്ത് മൂവ്മെന്റ് കോട്ടയം യൂണിയൻ ജോയിന്റ് സെക്രട്ടറി ബിപിൻഷാൻ പറഞ്ഞു. 1940ലാണ് കൃതികൾ സമാഹരിച്ച് പ്രസിദ്ധീകരിച്ചത്. ഇക്കാര്യത്തിൽ ശ്രീനാരായണ സമൂഹം ഒന്നടങ്കം അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. ശ്രീനാരായണ സാഹിത്യസരണിക്ക് ഇത്രയേറെ സംഭാവന നൽകിയ മറ്റൊരാളില്ല. ഗുരുദേവന് തന്റെ ജീവിതകാലത്ത് അറുപത്തിഅഞ്ചിലധികം സന്യാസി ശിഷ്യന്മാരുണ്ടായിരുന്നതായാണ് പറയപ്പെടുന്നത്. ഇവരിൽ 33 പേരെക്കുറിച്ചുള്ള വിവരങ്ങൾ അപൂർണമാണ്. ഈ സന്യാസിശിഷ്യന്മാരിൽ ഏറ്റവും അധികം പരാമർശിക്കപ്പെടേണ്ട പത്ത് പേരിൽ ഒരാളാണ് കുമാരസ്വാമി സന്യാസി. മഹാസമാധി വരെ ഗുരുവിനെ അടുത്തുനിന്ന് ശുശ്രൂഷിക്കുവാനുള്ള ഭാഗ്യം ലഭിച്ചുവെന്ന് ബിപിൻഷാൻ പറഞ്ഞു.

ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ അദ്ധ്യക്ഷത വഹിച്ചു. ജനറൽസെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, നവതി ആചരണകമ്മിറ്റി സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, സ്വാമി വിശാലാനന്ദ, കുമിളി ശ്രീനാരായണ ധർമ്മാശ്രമം സെക്രട്ടറി സ്വാമി ഗുരുപ്രകാശം, യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, അസി. സെക്രട്ടറി സന്ദീപ് പച്ചയിൽ, സ്പൈസസ് ബോർഡ് ചെയർമാൻ സുഭാഷ് വാസു, വനിതാസംഘം സംസ്ഥാന സെക്രട്ടറി അഡ്വ. സംഗീതാവിശ്വനാഥൻ, പന്തളം യൂണിയൻ സെക്രട്ടറി അഡ്വ. സിനിൽമുണ്ടപ്പള്ളി, പത്രാധിപർ കെ.സുകുമാരൻ സ്മാരക യൂണിയൻ പ്രസിഡന്റ് ഡി.പ്രേംരാജ്, ശിവഗിരിയൂണിയൻ സെക്രട്ടറി അജി.എസ്.ആർ.എം, യോഗം ഇൻസ്പെക്ടിംഗ് ഓഫീസർ രാജേഷ് നെടുമങ്ങാട്, അടിമാലി യൂണിയൻ പ്രസിഡന്റ് അനിൽ തറനിലം, കോഴിക്കോട് യൂണിയൻ പ്രസിഡന്റ് ടി.ഷനൂബ്, സെക്രട്ടറി സി.സുധീഷ്, കോഴിക്കോട് യൂണിയൻ ഇൻസ്പെക്ടിംഗ് ഓഫീസർ വി.ടി.അശോകൻ, ശിവഗിരിമഠം പി.ആർ.ഒ ജനീഷ് കൃഷ്ണൻ എന്നിവർ സംബന്ധിച്ചു.

കോഴിക്കോട് യൂണിയൻ പ്രസിഡന്റ് ടി.ഷനൂപ്, സെക്രട്ടറി സി.സുധീഷ്, കോഴിക്കോട് യൂണിയൻ ഇൻസ്പെക്ടിംഗ് ഓഫീസർ വി.ടി.അശോകൻ, ബേപ്പൂർ യൂണിയൻ പ്രസിഡന്റ് സുനിൽ, സെക്രട്ടറി ഗംഗാധരൻ എന്നിവരുടെ നേതൃത്വത്തിൽ ശാഖാപ്രവർത്തകർ അടക്കമുള്ള ഭക്തജനങ്ങൾ ശിവഗിരിയിലെത്തി വിശ്വശാന്തിഹവനത്തിലും ജപയജ്ഞത്തിലും പങ്കെടുത്തു.

### ശിവഗിരിയിൽ ഇന്ന്

**രാ**വിലെ 4.30ന് പർണശാലയിൽ ശാന്തിഹവനം, 5ന് ശാരദാമഠത്തിൽ വിശേഷാൽപൂജ, 5.30ന് മഹാസമാധിയിൽ വിശേഷാൽ ഗുരുപൂജ, 5.45ന് ബ്രഹ്മവിദ്യാലയത്തിൽ ഗുരുദേവകൃതികളുടെ പാരായണം, 9ന് അഖണ്ഡനാമജപയജ്ഞം, വിശ്വശാന്തിഹവനം, വൈകിട്ട് 3ന് ആചാര്യസ്മൃതിസമ്മേളനം ( സി.വി. കുഞ്ഞുരാമൻ, പത്രാധിപർ കെ.സുകുമാരൻ ദിനം) പ്രഭാഷണം: എസ്. എൻ.ഡി. പി. യോഗം അസി. സെക്രട്ടറി കെ.ഡി.രമേശ്.

## ബ്രുവറിക്ക് അനുമതി: ജുഡിഷ്യൽ അന്വേഷണം നടത്തണം- ഉമ്മൻചാണ്ടി

തിരുവനന്തപുരം: സംസ്ഥാനത്ത് ബ്രുവറികൾക്കും ബ്ലെൻഡിംഗ് കോമ്പൗണ്ടിംഗ് യൂണിറ്റിനും അനുമതി നൽകിയതിൽ സുതാര്യതയില്ലെന്നും ജുഡിഷ്യൽ അന്വേഷണം നടത്തണമെന്നും ഉമ്മൻചാണ്ടി പറഞ്ഞു. അഴിമതി ഇല്ലാതാക്കാൻ സുതാര്യതയാണ് വേണ്ടത്. പ്രസ്ക്ലബിന്റെ മീറ്റ് ദ പ്രസിൽ സംസാരിക്കുകയായിരുന്ന ഉമ്മൻചാണ്ടി.

പ്രതിപക്ഷ നേതാവിന്റെ ആരോപണത്തിന് മുഖ്യമന്ത്രിയും എക്സൈസ് മന്ത്രിയും നൽകിയ മറുപടി കുറ്റസമ്മതത്തിന് സമമാണ്. അഴിമതിയില്ലെങ്കിൽ മുഖ്യമന്ത്രി എന്തുകൊണ്ട് കാര്യങ്ങൾ തുറന്നുപറയുന്നില്ല. സംസ്ഥാനത്തിന് ആവശ്യമുള്ള ബിയറും മദ്യവും ഉത്പാദിപ്പിക്കുകയും തൊഴിൽ ലഭ്യതയും സർക്കാരിന്റെ വരുമാനവർദ്ധനയുമാണ് കാരണങ്ങളായി നിരത്തുന്നത്. അത് ജനങ്ങളോട് തുറന്നുപറയാതെ രഹസ്യമാക്കുന്നതെന്തിന്?.

അപേക്ഷ ക്ഷണിക്കുന്ന പതിവില്ലെന്ന് മന്ത്രി രാമകൃഷ്ണൻ പറയുന്നു. അങ്ങനെയെങ്കിൽ നായനാർ സർക്കാരിന്റെ കാലത്ത് അപേക്ഷ ക്ഷണിച്ചത് എന്തിനെന്ന് വ്യക്തമാക്കണം. പ്രസ്ക്ലബ് സെക്രട്ടറി എം.രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. മാനേജിംഗ് കമ്മിറ്റി അംഗം മാത്യു.സി.ആർ സ്വാഗതം പറഞ്ഞു.

## ശിവസേന സെക്രട്ടേറിയറ്റ് മാർച്ച് നടത്തി

തിരുവനന്തപുരം: ശബരിമലയിലെ ആചാരനുഷ്ഠാനങ്ങൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ശിവസേന സെക്രട്ടേറിയറ്റ് മാർച്ച് നടത്തി. ഹിന്ദുമത ആചാരങ്ങളിൽ മാത്രമുള്ള കോടതികളുടെ കൈകടത്തൽ അപലപനീയമാണെന്ന് ജില്ലാ ട്രഷറർ ഹരികുമാർ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. സുപ്രീം കോടതി വിധിക്കെതിരെ ഹൈന്ദവ സംഘടനകളുമായി ആലോചിച്ച് റിവ്യൂ പെറ്റിഷൻ നൽകുമെന്ന് രാഹുൽ ഈശ്വർ പറഞ്ഞു. ജില്ലാ പ്രസിഡന്റ് പെരിങ്ങമ്മല അജി അദ്ധ്യക്ഷത വഹിച്ചു.

## ടൂറിസം: മൂന്നു വർഷത്തിനുള്ളിൽ അഞ്ചുലക്ഷം തൊഴിലവസരങ്ങൾ

കൊച്ചി: അടുത്ത മൂന്നു വർഷത്തിനുള്ളിൽ ഉത്തരവാദിത്ത ടൂറിസത്തിലൂടെ അഞ്ചുലക്ഷം തൊഴിലവസരങ്ങൾ സംസ്ഥാനത്തുണ്ടാകുമെന്ന് ടൂറിസം സെക്രട്ടറി റാണി ജോർജ് പറഞ്ഞു. കേരള ട്രാവൽ മാർട്ടിന്റെ ഭാഗമായി സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അവർ. 15 ലക്ഷം തൊഴിലവസരമാണ് സംസ്ഥാനത്തെ ടൂറിസം വ്യവസായം നൽകുന്നത്. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ വരവിനു ശേഷം തൊഴിലവസരങ്ങൾ വർദ്ധിച്ചു. കൂടുതൽ സ്ഥലങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതോടെ തൊഴിലവസരങ്ങൾ ഇനിയും വർദ്ധിക്കും. പ്രളയത്തെ തുടർന്ന് 2000 കോടി രൂപയുടെ നഷ്ടമാണ് ടൂറിസം മേഖലയിലുണ്ടായത്.

## ആർ.സി.സിയിലെ കെട്ടിട നിർമ്മാണം ഊരാളുങ്കലിന്

തിരുവനന്തപുരം: റീജിയണൽ കാൻസർ സെന്ററിൽ 170 കോടി ചെലവ് വരുന്ന 14 നില കെട്ടിടത്തിന്റെ നിർമ്മാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. ടെൻഡറില്ലാതെ ഇത്രയും വലിയ നിർമ്മാണ പ്രവർത്തി സൊസൈറ്റിയെ ഏല്പിക്കുന്നതിൽ ചില മന്ത്രിമാർ വിയോജിച്ചെങ്കിലും അത് മറികടന്ന് തീരുമാനമെടുക്കുകയായിരുന്നു. രണ്ട് വർഷം കൊണ്ട് നിർമ്മാണം പൂർത്തിയാക്കും. ലാബ്, റേഡിയോ തെറാപ്പി അടക്കമുള്ള പ്രവർത്തികൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റും. ആർ.സി.സിയുടെ വികസനപ്രവർത്തനങ്ങളുടെ ഭാഗമായാണ് നിർമ്മാണം. നിർമ്മാണപ്രവർത്തികൾക്കുള്ള തുക സംസ്ഥാനസർക്കാർ തന്നെ മുടക്കും.

# നേമം ടെർമിനലിന് 76 കോടി അനുവദിച്ചു

സ്വന്തം ലേഖകൻ

ന്യൂഡൽഹി: നേമത്തെ നിർദിഷ്ട റെയിൽവേ ടെർമിനൽ ഉടൻ യാഥാർത്ഥ്യമാകുമെന്ന് റെയിൽവേ ഉറപ്പ് നൽകിയതായി എ.സമ്പത്ത് എം.പി അറിയിച്ചു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിലെ തിരക്ക് ഒഴിവാക്കുന്നതും ജില്ലയ്ക്ക് തെക്കുഭാഗത്തെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതുമാണ് പുതിയ ടെർമിനലെന്ന് സമ്പത്ത് പറഞ്ഞു. ടെർമിനലിന് 76 കോടി രൂപ അനുവദിച്ചു.

സർവീസിനുശേഷം ട്രെയിനുകൾ നിറുത്തിയിടാൻ 26 ബോഗികൾ ഉൾക്കൊള്ളാവുന്ന അഞ്ച് സ്റ്റേബ്ലിംഗ് ലെയിനുകൾ, അത്രയും വലിപ്പമുള്ള ഷണ്ടിംഗ് നെക്ക്, നീളമുള്ള പ്ലാറ്റ്ഫോം, പുതിയ രണ്ടാം പ്ലാറ്റ്ഫോം, സ്റ്റേഷൻ കെട്ടിടവും പ്ലാറ്റ്ഫോമുകളും ബന്ധിപ്പിച്ച് ഫുട്ഓവർ ബ്രിഡ്ജ് എന്നിവയാണ് നേമം ടെർമിനലിന് അനുവദിച്ചിട്ടുള്ളത്. പ്രധാന പ്ലാറ്റ്ഫോമിന്റെ ഉയരം കൂട്ടും.

നേമത്ത് സ്റ്റേബ്ലിംഗ് ലെയിനുകൾ വരുന്നതോടെ തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിലെ രണ്ട് സ്റ്റേബ്ലിംഗ് ലെയിനുകൾ പിറ്റ് ലെയിനുകളാക്കി മാറ്റും. അങ്ങനെ സെൻട്രൽ സ്റ്റേഷനിൽ ട്രെയിനുകൾ ഔട്ടറിൽ കാത്തു കിടക്കുന്നത് ഇല്ലാതാകും. വിഴിഞ്ഞം തുറമുഖത്തു നിന്ന് ട്രെയിൻ വഴിയുള്ള ചരക്കു നീക്കത്തിനും ടെർമിനൽ സഹായമാകുമെന്ന് എംപി ചൂണ്ടിക്കാട്ടി.

### വർക്കലയിൽ മേൽപ്പാലത്തിന് അനുമതി

**ശി**വഗിരിക്ക് സമീപം പുന്നമൂട് ജംഗ്ഷനിൽ മേൽപ്പാലത്തിന് റെയിൽവേ അനുമതി നൽകി. വർക്കല സ്റ്റേഷനിൽ ആറ് പുതിയ പ്ലാറ്റ്ഫോം ഷെൽട്ടറുകൾക്ക് 120 ലക്ഷവും ഫുട്ഓവർ ബ്രിഡ്ജിന് 215ലക്ഷവും പ്ലാറ്റ്ഫോം ഉയരം കൂട്ടാൻ 144 ലക്ഷവും അനുവദിച്ചു. സ്റ്റേഷനിലെ രണ്ടാം പ്ലാറ്റ്ഫോമിൽ കാറ്ററിംഗ് സ്റ്റാൾ ഉടൻ പ്രവർത്തനം തുടങ്ങും.

ആദർശ് സ്റ്റേഷനുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയ ചിറയിൻകീഴ്, കണിയാപുരം സ്റ്റേഷനുകളിലെ നവീകരണ പ്രവർത്തനം 2019 മാർച്ചിൽ തുടങ്ങും. കണിയാപുരം സ്റ്റേഷനിൽ പ്ലാറ്റ്ഫോം ഉയരം കൂട്ടാനും യാത്രക്കാരുടെ സൗകര്യങ്ങൾ കൂട്ടാനും 80 ലക്ഷം രൂപ അനുവദിച്ചു. കടയ്ക്കാവൂർ സ്റ്റേഷൻ നവീകരിച്ച് പ്രധാന സ്റ്റേഷൻ മന്ദിരം സംരക്ഷിത മന്ദിരമായി നിലനിറുത്തും. ഇവിടെ പ്ലാറ്റ്ഫോമിന്റെ ഉയരം കൂട്ടാനും ഷെൽട്ടർ പണിയാനും 157 ലക്ഷം രൂപയും അനുവദിച്ചു.

മുരുക്കുംപുഴ സ്റ്റേഷനിൽ രണ്ടു പ്ലാറ്റ്ഫോമുകളുടെ നീളവും പൊക്കവും കൂട്ടാൻ 98 ലക്ഷവും ഫുട് ഓവർ ബ്രിഡ്ജിന് 142 ലക്ഷവും അനുവദിച്ചതായി എം.പി അറിയിച്ചു.

## 'മഹാസാഗരം' ഒക്ടോബർ 20 ന് സൂര്യാഫെസ്റ്റിവലിൽ

തിരുവനന്തപുരം: എം.ടി. വാസുദേവൻ നായരുടെ ജീവിതവും കൃതികളും കോർത്തിണക്കി അവതരിപ്പിക്കുന്ന മഹാസാഗരം നാടകം സൂര്യ ഇന്റർനാഷണൽ തിയേറ്റർ ഫെസ്റ്റിവലിന്റെ സമാപനദിനമായ ഒക്ടോബർ 20 ന് വൈകിട്ട് 6.30 ന് തൈക്കാട് സൂര്യാ ഗണേശത്തിൽ അവതരിപ്പിക്കും. ചെറുകഥാകൃത്ത് വി. ആർ. സുധീഷ് സ്ക്രിപ്റ്റ് തയാറാക്കി പ്രശാന്ത് നാരായണൻ സംവിധാനം ചെയ്ത് കളം തിയേറ്റർ ആൻഡ് റെപ്പെട്ടറി അവതരിപ്പിക്കുന്ന മഹാസാഗരം ടീമിൽ ഉൾപ്പെടാൻ താത്പര്യമുള്ളവർ 30 ന് ഞായറാഴ്ച രാവിലെ 11 ന് ഓഡിഷനിൽ പങ്കെടുക്കാൻ കണ്ണമൂലകളം കാമ്പസിൽ നേരിട്ടെത്തണം. വാസ്തുനികേതയുടെ ബാനറിൽ അനിൽ നികേതയാണ് കളത്തിന് വേണ്ടി മഹാസാഗരം നിർമ്മിച്ചിരിക്കുന്നത്. ഫോൺ: 8593033111, 0471-2554077.

## ദുരിതാശ്വാസം: സി.എസ്.ഐ സഭ അരക്കോടി രൂപ നൽകി

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സി.എസ്.ഐ ദക്ഷിണകേരള മഹായിടവക (എസ്.ഐ.യു.സി) 52 ലക്ഷം രൂപ നൽകി. റൈറ്റ്‌റവ എ. ധർമ്മരാജ് റസാലം, ഡോ. ആർ ജ്ഞാന ദാസ്, ഡോ.പി.കെ.റോസ് ബിസ്റ്റ്, സ്റ്റാൻലി ജോർജ്ജ്, ട്രഷറർ ഡി.എൻ. കാൽവിൻ കിസ്റ്റോ, എം.എൽ. എ മാരായ ഹരീന്ദ്രനാഥ്, ഐ.ബി.സതീഷ്, ആൻസലൻ ,കോട്ടുകാൽവിനോദ്, ഷിജു, വിക്ടർ ശാമുവൽ തുടങ്ങിയവർ മുഖ്യമന്ത്രിക്ക് ചെക് കൈമാറി.

## സഹകരണ സംഘങ്ങളിലെ സാലറി ചലഞ്ച് നിയമവിരുദ്ധമെന്ന് ഹൈക്കോടതി

കൊച്ചി : സഹകരണ സംഘം ജീവനക്കാരുടെ സാലറി ചലഞ്ച് ഉത്തരവിലെ വ്യവസ്ഥകൾ സ്വേച്ഛാപരവും നിയമവിരുദ്ധവുമാണെന്ന് വ്യക്തമാക്കിയ ഹൈക്കോടതി സംഘം രജിസ്ട്രാറുടെ സർക്കുലറിലെ തുടർനടപടികൾ ഒരു മാസത്തേക്ക് സ്റ്റേ ചെയ്തു.

സെപ്തംബർ 17 ലെ സർക്കുലർ വ്യവസ്ഥകൾ ചോദ്യം ചെയ്ത് കേരള കോ ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ടിന്റെ കോതമംഗലം താലൂക്ക് കമ്മിറ്റി പ്രസിഡന്റ് പി.എ. യൂസഫ് ഉൾപ്പെടെയുള്ളവർ നൽകിയ ഹർജിയാണ് സിംഗിൾ ബെഞ്ച് പരിഗണിച്ചത്. സർക്കാരും രജിസ്ട്രാറും ഒരാഴ്ചക്കകം മറുപടി സത്യവാങ്മൂലം നൽകാനും കോടതി നിർദ്ദേശിച്ചു. ഒക്ടോബർ എട്ടിന് ഹർജി വീണ്ടും പരിഗണിക്കും.

ജീവനക്കാരിൽ നിന്ന് നിർബന്ധമായും പണം വാങ്ങരുതെന്ന് ജില്ലാ കളക്ടർമാർക്കും വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാരിനു വേണ്ടി ഹാജരായ അഡ്വക്കേറ്റ് ജനറൽ വിശദീകരിച്ചു. എന്നാൽ സർക്കുലറിലെ വ്യവസ്ഥകൾ നിർബന്ധിത സ്വഭാവത്തിലുള്ളതും നിയമവിരുദ്ധവും സ്വേച്ഛാപരവുമാണെന്ന് സിംഗിൾ ബെഞ്ച് അഭിപ്രായപ്പെട്ടു. ശമ്പളം ഔദാര്യമല്ലെന്നും ജീവനക്കാരന്റെ സേവനത്തിന് തൊഴിലുടമ നൽകേണ്ട പ്രതിഫലമാണെന്നും സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്.

## ഉത്തരവാദിത്വമില്ലാത്തവരെ നിർണായക സ്ഥാനങ്ങളിൽ നിന്ന് മാറ്റും: കെ. സുധാകരൻ

തിരുവനന്തപുരം: കോൺഗ്രസിന്റെ സംഘടനാ സംവിധാനം ശക്തിപ്പെടുത്താൻ നിർണായക സ്ഥാനങ്ങളിലിരിക്കുന്ന ഉത്തരവാദിത്വബോധമില്ലാത്ത നേതാക്കളെ മാറ്റുമെന്ന് കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റ് കെ. സുധാകരൻ പറഞ്ഞു. കെ.പി.സി.സി എക്സിക്യൂട്ടിവിന്റെ പുനഃസംഘടനയിൽ അംഗസംഖ്യ കുറയ്ക്കുന്നതടക്കമുള്ള കാര്യങ്ങൾ ഒക്ടോബർ എട്ടിന് ചേരുന്ന രാഷ്ട്രീയകാര്യസമിതി ചർച്ച ചെയ്യും. യുവാക്കളെ ആകർഷിക്കുന്നതിന് കോൺഗ്രസിനെ സെമികേഡർ പാർട്ടിയാക്കുമെന്നും പ്രസ്ക്ലബിന്റെ മുഖാമുഖം പരിപാടിയിൽ സുധാകരൻ പറഞ്ഞു.

സി.പി.എമ്മിനോടും ബി.ജെ.പിയോടും കിടപിടിക്കാൻ കോൺഗ്രസിന് പുതിയ രാഷ്ട്രീയശൈലിക്ക് രൂപം നൽകേണ്ടതുണ്ട്. അതിന് താഴേതട്ട് വരെ പ്രവർത്തിക്കാൻ മുഴുവൻസമയ പ്രവർത്തകർ വേണം. മതന്യൂനപക്ഷങ്ങൾ കേരളത്തിൽ ആർ.എസ്.എസിനെ ചെറുക്കാനുള്ള ശക്തി തേടുകയാണ്. ഭരണവുമായി ബന്ധപ്പെട്ട ആവശ്യങ്ങളുണ്ടാവുമ്പോൾ ഭരണകക്ഷിയോടുള്ള വിധേയത്വം സ്വാഭാവികമായുമുണ്ടാകും. ചെങ്ങന്നൂർഫലത്തെ വിലയിരുത്തുന്നത് അതിന്റെ അടിസ്ഥാനത്തിലാണ്. ആർ.എസ്.എസിനെ ചെറുക്കാൻ കോൺഗ്രസുണ്ടെന്ന് മതന്യൂനപക്ഷ വിഭാഗങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം ഏറ്റെടുക്കും.

കോൺഗ്രസിന് ഇന്ത്യയിലും കേരളത്തിലും നല്ല രാഷ്ട്രീയകാലാവസ്ഥയല്ല. യു.ഡി.എഫ് അല്ലെങ്കിൽ എൽ.ഡി.എഫ് എന്ന കേരളസമവാക്യവും പതിയെ ചോദ്യം ചെയ്യപ്പെട്ടുതുടങ്ങിയിരിക്കുന്നു. ഈ സാഹചര്യത്തിൽ കോൺഗ്രസിനെ പ്രതിരോധിക്കാനും മുന്നോട്ട് നയിക്കാനുമുള്ള പ്രവർത്തനം ശക്തിപ്പെടുത്തണം. ഇങ്ങനെയാണെങ്കിലും കേരളത്തിലെയും ഇന്ത്യയിലെയും രാഷ്ട്രീയരംഗം പൊതുവിൽ കോൺഗ്രസിന് അനുകൂലമാണ്. വിശ്വാസരാഹിത്യത്തിന്റെ പ്രതീകമായി മോദി സർക്കാർ മാറി. സുതാര്യതയില്ലായ്മ പിണറായി സർക്കാരിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തിയെന്നും സുധാകരൻ പറഞ്ഞു.



*പ്രളയ ദുരിതാശ്വാസ നിധിയിലേക്കുള്ള മൂന്ന് ലക്ഷം രൂപയുടെ ചെക്ക് പ്രേംനസീറിന്റെ മകൻ ഷാനവാസ് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു*

## സാലറി ചലഞ്ചിൽ ശ്രീനാരായണ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരും പങ്കാളികളാകണം: വെള്ളാപ്പള്ളി

ചേർത്തല : കേരളത്തെ പുനർനിർമ്മിക്കുന്നതിനായി 'സാലറി ചലഞ്ചി'ൽ ശ്രീനാരായണ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരും പങ്കാളികളാകണമെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അഭ്യർത്ഥിച്ചു. അപ്രതീക്ഷിതമായി ഉണ്ടായ പ്രളയത്തിൽ നിരവധി ജീവനുകൾ പൊലിഞ്ഞു.

സർവതും നഷ്ടപ്പെട്ട പതിനായിരങ്ങൾ അഭയാർത്ഥികളായി ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടി. കെട്ടിടങ്ങളും റോഡുകളും പാലങ്ങളും തകർന്ന് ഉണ്ടായ നഷ്ടം എല്ലാ കണക്കുകൾക്കും അപ്പുറത്താണ്. പ്രളയദുരന്തത്തെ ധീരമായി അതിജീവിച്ച നമ്മുടെ നാടിനെ പുനർനിർമ്മിക്കേണ്ട ബാദ്ധ്യത നമുക്കുണ്ട്.

നവകേരള നിർമ്മാണ പ്രക്രിയയിൽ സർക്കാരിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകേണ്ടത് നമ്മുടെ കടമയാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ സാലറി ചലഞ്ചിൽ എസ്.എൻ ട്രസ്റ്റിന്റെയും, എസ്. എൻ. ഡി. പി യോഗത്തിന്റെയും കീഴിലുള്ള സ്ഥാപനങ്ങൾക്കൊപ്പം വിവിധ ശ്രീനാരായണ പ്രസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ വിഭാഗം ജീവനക്കാരുടെയും പങ്കാളിത്തം ഉണ്ടാവണമെന്നും വെള്ളാപ്പള്ളി പറഞ്ഞു.

## ബാലഭാസ്കറും ഭാര്യയും അബോധാവസ്ഥയിൽ തന്നെ; എയിംസിൽ നിന്നുള്ള വിദഗ്ദ്ധ സംഘമെത്തും

തിരുവനന്തപുരം: വാഹനാപകടത്തിൽ പരിക്കേറ്റ് അനന്തപുരി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന വയലിനിസ്റ്റ് ബാലഭാസ്കറിന്റെയും ഭാര്യ ലക്ഷ്മിയുടെയും ആരോഗ്യനിലയിൽ മാറ്റമില്ല. ഇരുവരും അബോധാവസ്ഥയിൽ തുടരുകയാണ്. ചികിത്സയ്ക്ക് എയിംസിൽ നിന്ന് വിദഗ്ദ്ധ ഡോക്ടർമാരുടെ സംഘത്തെ എത്തിക്കാൻ സംസ്ഥാന സർക്കാർ നീക്കം ആരംഭിച്ചിട്ടുണ്ട്. ഇന്നലെ രാത്രി ആരോഗ്യ വകുപ്പ് സെക്രട്ടറി എയിംസ് അധികൃതരുമായി ചർച്ച നടത്തി.

നട്ടെല്ലിലെ ശസ്ത്രക്രിയയ്ക്ക് ശേഷം ബാലഭാസ്കർ വെന്റിലേറ്ററിൽ തുടരുകയാണ്. വയറ്റിലെ അണുബാധ നീക്കം ചെയ്യാൻ ലക്ഷ്മിക്ക് ഒരു ശസ്ത്രക്രിയ കൂടി നടത്തി. ലക്ഷ്മിയുടെ തിട്ടമംഗലത്തെ വീട്ടിൽ കഴിഞ്ഞ ദിവസം മകൾ തേജസ്വിനി ബാലയുടെ മൃതദേഹം സംസ്കരിച്ചിരുന്നു. ബോധം തെളിയാത്തതിനാൽ ബാലഭാസ്കറിനെയും ഭാര്യയെയും മൃതദേഹം കാണിക്കാതെയാണ് സംസ്കരിച്ചത്.



*കാമ്പസുകളിലെ രാഷ്ട്രീയ ഫാസിസത്തിനെതിരെ കെ.എസ്.യു തിരുവനന്തപുരം വി.ജെ.ടി ഹാളിൽ സംഘടിപ്പിച്ച 'മാനിഷാദ' ഉദ്ഘാടനം ചെയ്യാനെത്തിയ നർത്തകിയും മുൻ രാഷ്ട്രപതി പ്രണബ് മുഖർജിയുടെ മകളുമായ ശർമിഷ്ഠ മുഖർജിയ്ക്ക് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഹസ്തദാനം നൽകുന്നു. യു.ഡി.എഫ്. കൺവീനർ ബെന്നി ബെഹനാൻ, കെ.എസ്.യു സംസ്ഥാന പ്രസിഡന്റ് കെ.എം അഭിജിത്, എൻ.എസ്.യു ജനറൽ സെക്രട്ടറി സുർബി ദിവേദി എന്നിവർ സമീപം*

# മുങ്ങിയ അദ്ധ്യാപികയും വിദ്യാർത്ഥിയും പിടിയിൽ

## ചെന്നൈയിൽ അമ്മയും മകനുമെന്ന രീതിയിൽ ഹോട്ടലിൽ താമസിച്ചു

ചേർത്തല: തണ്ണീർമുക്കത്ത് നിന്നും കാണാതായ അദ്ധ്യാപികയെയും പത്താം ക്ലാസ് വിദ്യാർത്ഥിയെയും പൊലീസ് ചെന്നൈയിൽ നിന്ന് പിടികൂടി. തണ്ണീർമുക്കത്തെ സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ അദ്ധ്യാപിക മുനിസിപ്പൽ 24-ാം വാർഡ് മറ്റവന ഗിരിജാലയത്തിൽ ഡെറോണ തമ്പിയെയും (41) ഇതേസ്കൂളിലെ വിദ്യാർത്ഥി പതിനഞ്ചുകാരനെയുമാണ് ചെന്നൈയിലെ ആറമ്പാക്കം പാർക്ക് ഇൻ ഹോട്ടലിൽ നിന്ന് വെള്ളിയാഴ്ച പുലർച്ചെ പിടികൂടിയത്. വിമാനമാർഗം കൊച്ചിയിൽ കൊണ്ടുവന്ന ഇരുവരെയും ചേർത്തല, മുഹമ്മ പൊലീസ് സ്റ്റേഷനുകളിൽ എത്തിച്ചു. വിദ്യാർത്ഥിയെ തട്ടിക്കൊണ്ടുപോയ കുറ്റത്തിന് അദ്ധ്യാപികയ്ക്കെതിരെ കേസെടുത്തു. വിദ്യാർത്ഥിയുടെ ബന്ധുക്കളും ചെന്നൈയിൽ എത്തിയിരുന്നു.



*ഡെറോണ തമ്പി*

23ന് ഉച്ചയോടെയാണ് ഇരുവരെയും കാണാതായത്. തണ്ണീർമുക്കത്തെ വീട്ടിലെത്തി വിദ്യാർത്ഥിയെ കൂട്ടി ഡെറോണ തന്ത്രപൂർവം കടക്കുകയായിരുന്നു.

ചെന്നൈയിലെത്തി അമ്മയും മകനുമെന്ന പേരിൽ ഹോട്ടലിൽ മുറിയെടുത്തു. മിനിയെന്നാണ് അവിടെ നൽകിയ പേര്. പുതിയ സിംകാർഡ് തരപ്പെടുത്തി ഫോണിൽ ഇട്ടതോടെയാണ് ഐ.എം.എ നമ്പർ വഴി ഇവരുടെ സ്ഥലം തിരിച്ചറിഞ്ഞത്. ചെന്നൈയിൽ 10000 രൂപ മുൻകൂർ നൽകിയാണ് പാർക്ക് ഇൻ ഹോട്ടലിൽ മുറിയെടുത്തത്. ഇതിനുശേഷം നാലുപവന്റെ സ്വർണപാദസരം ജൂവലറിയിൽ വിറ്റ് 59,000 രൂപ വാങ്ങി. ചെന്നൈയിൽ യാത്രയ്ക്കിടയിൽ പരിചയപ്പെട്ട ശങ്കർ എന്ന ആട്ടോ ഡ്രൈവറാണ് പല കാര്യത്തിലും സഹായിച്ചത്. ഇയാളുടെ സഹായത്തോടെ ഇവിടെ വാടകയ്ക്ക് വീട് ലഭിക്കുന്നതിന് 40,000 രൂപയും അഡ്വാൻസ് നൽകി. സ്വകാര്യ സ്കൂളിൽ ജോലി തരപ്പെടുത്തി ഇവിടെ തന്നെ തങ്ങാനാണ് ലക്ഷ്യമിട്ടതെന്ന് പൊലീസ് പറഞ്ഞു. ആട്ടോ ഡ്രൈവറാണ് പുതിയ സിം കാർഡ് വാങ്ങി നൽകിയത്.

ഭർത്താവുമായി പിരിഞ്ഞ് കഴിയുന്ന അദ്ധ്യാപികയ്ക്ക് പത്ത് വയസുള്ള മകനുമുണ്ട്. അദ്ധ്യാപിക വിദ്യാർത്ഥിക്ക് മൊബൈൽ ഫോണും ഷർട്ടും വാങ്ങി നൽകിയതോടെ വീട്ടുകാർക്ക് ബന്ധത്തിൽ സംശയം ഉയർന്നു. ഫോൺ നൽകിയ നടപടിയെ വിദ്യാർത്ഥിയുടെ വീട്ടുകാർ ചോദ്യം ചെയ്യുകയും അദ്ധ്യാപികയെ വിളിച്ചു സംസാരിക്കുകയും ചെയ്തിരുന്നു. ഇവർ തമ്മിൽ ഏറെനാളുകളായി അടുത്ത ബന്ധത്തിലായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. വിദ്യാർത്ഥിയെ ജുവനൈൽ കോടതി രക്ഷിതാക്കൾക്കൊപ്പം വിട്ടു. കോടതിയിൽ ഹാജരാക്കിയ അദ്ധ്യാപികയെ ജാമ്യത്തിലും വിട്ടു. ചേർത്തല ഡിവൈ. എസ്. പി എ. ജി. ലാലിന്റെ നേതൃത്വത്തിലുള്ള അന്വേഷണസംഘത്തിൽ മുഹമ്മ എസ്.ഐ അജയ്മോഹൻ, ഗ്രേഡ് എസ്.ഐ കെ.പി.മധു, സീനിയർ സിവിൽ പൊലീസ് ഓഫീസർമാരായ ജി.സുധീർ, മനോജ് യു.കൃഷ്ണൻ, സിവിൽ പൊലീസ് ഓഫീസർമാരായ എസ്.സുനിലാൽ, റെജിമോൻ എന്നിവരുണ്ടായിരുന്നു.

## രണ്ടാംക്ലാസുകാരിയെ പീഡിപ്പിച്ച പ്രതി പിടിയിൽ

കൊല്ലം: സ്കൂളിൽ നിന്ന് വീട്ടിലേക്ക് പോയ രണ്ടാം ക്ലാസുകാരിയെ വീട്ടിലെത്തിക്കാമെന്ന് പറഞ്ഞ് ബൈക്കിൽ കയറ്റിക്കൊണ്ടുപോയി ആളൊഴിഞ്ഞ സ്ഥലത്ത് വച്ച് പീഡിപ്പിച്ച തേവലക്കര പടിഞ്ഞാറ്റക്കര വടശേരി പടീറ്റതിൽ വീട്ടിൽ ജാരീസ് എന്ന ഹാരിസി (33)നെ അറസ്റ്റുചെയ്തു. മോഷണം, പിടിച്ചുപറി, കവർച്ച തുടങ്ങിയ കേസുകളിൽ നിരവധി തവണ ഇയാൾ ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ട്.



*ഹാരീസ്*

സംഭവത്തിനുശേഷം ഒളിവിൽ പോയ പ്രതിയെ തെക്കുംഭാഗം എസ്.ഐ ജയകുമാറിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘമാണ് അറസ്റ്റ് ചെയ്തത്.

## എസ്.എഫ്.ഐയെ ആശയപരമായി പ്രതിരോധിക്കണം: ശർമ്മിഷ്ഠ മുഖർജി

തിരുവനന്തപുരം: കേരളത്തിലെ കാമ്പസുകളിൽ എസ്.എഫ്.ഐക്കെതിരെ ആശയപരമായ പ്രതിരോധം തീർക്കണമെന്ന് മുൻരാഷ്ട്രപതി പ്രണബ് മുഖർജിയുടെ മകളും ഡൽഹി മഹിളാ കോൺഗ്രസ് പ്രസിഡന്റുമായ ശർമ്മിഷ്ഠ മുഖർജി പറഞ്ഞു.

കാമ്പസുകളിലെ രാഷ്ട്രീയ ഫാസിസത്തിനെതിരെ കെ.എസ്.യു സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച 'മാനിഷാദ' ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ഗാന്ധിമാർഗം പിന്തുടർന്ന് ആശയപരമായ രീതിയിൽ എസ്.എഫ്.ഐക്കെതിരെ ശക്തമായ പ്രചാരണത്തിന് കെ.എസ്.യു തുടക്കം കുറിക്കണം. സി.പി.എമ്മും ബി.ജെ.പിയും രാജ്യത്ത് അസഹിഷ്ണുത വളർത്തുകയാണ്. തുടർച്ചയായി അധികാരത്തിലിരുന്ന് ജനാധിപത്യത്തെ അട്ടിമറിച്ചതിന്റെ ഫലമാണ് ബംഗാളിലും ത്രിപുരയിലും സി.പി.എമ്മിന്റെ തകർച്ചയ്ക്ക് കാരണമായത്. സി.പി.എമ്മിന്റെ രാഷ്ട്രീയ ഫാസിസത്തിനെതിരെ ദേശീയ തലത്തിൽ ക്യാമ്പയിൻ നടത്തണമെന്നും ശർമ്മിഷ്ഠ മുഖർജി പറഞ്ഞു.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ഉമ്മൻ ചാണ്ടി എന്നിവർ പ്രസംഗിച്ചു. കെ.എസ്.യു സംസ്ഥാന പ്രസിഡന്റ് കെ.എം അഭിജിത്ത് അദ്ധ്യക്ഷത വഹിച്ചു.

## പള്ളി പ്രശ്നത്തിൽ സുപ്രീംകോടതി വിധി പുനഃപരിശോധിക്കണം: കാന്തപുരം

കോഴിക്കോട്: മുസ്ലിം ആരാധനയ്ക്ക് പള്ളി അനിവാര്യമല്ലെന്ന സുപ്രീം കോടതിവിധി മതപരമായ അജ്ഞതയിൽ നിന്ന് രൂപപ്പെട്ടതും ഭരണഘടന നൽകുന്ന മൗലിക അവകാശത്തെ ഹനിക്കുന്നതുമാണെന്ന് അഖിലേന്ത്യ സുന്നി ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ പറഞ്ഞു. മതപണ്ഡിതന്മാരുടെ അവലംബങ്ങളെ കൂടി കണക്കിലെടുത്താവണം മതപരമായ കാര്യങ്ങളിലെ കോടതിയുടെ വിലയിരുത്തലുകൾ. ശബരിമലക്കേസിൽ ജസ്റ്റിസ് ഇന്ദുമൽഹോത്ര സ്വീകരിച്ച, മതപരമായ വിഷയങ്ങളിൽ അക്കാര്യത്തിൽ ആഴമുള്ള പരിജ്ഞാനമുള്ളവരുടെ അഭിപ്രായം പരിഗണിക്കണം എന്ന നിലപാട് ആ അർത്ഥത്തിൽ ശ്രദ്ധേയമാണ്. പള്ളിയുമായി ബന്ധപ്പെട്ട നടത്തിയ വിധി പ്രസ്താവത്തിൽ സുപ്രീംകോടതി പുനഃപരിശോധന നടത്തണമെന്നും കാന്തപുരം ആവശ്യപ്പെട്ടു.

### ഇന്ത്യയ്ക്ക് ജയം
തിംഫു (ഭൂട്ടാൻ): സാഫ് കപ്പ് അണ്ടർ 18 വനിതാ ഫുട്ബാൾ ടൂർണമെന്റിൽ ഇന്ത്യയ്ക്ക് വിജയത്തോടെ തുടക്കം. ഗ്രൂപ്പ് എയിൽ ഇന്ത്യ ഇന്നലെ തങ്ങളുടെ ആദ്യ മത്സരത്തിൽ ആതിഥേയരായ ഭൂട്ടാനെ മറുപടിയില്ലാത്ത നാല് ഗോളുകൾക്ക് തകർത്തു. ഇന്ത്യയ്ക്കായി ദേവേന്ദ റോയി ഇരട്ടഗോൾ നേടി.





### ഹർമ്മൻ പ്രീത് നയിക്കും
ന്യൂഡൽഹി: ഐ. സി. സി ട്വന്റി-20 ലോകകപ്പിനുള്ള ഇന്ത്യൻ വനിതാ ടീമിനെ ഹർമ്മൻ പ്രീത് സിംഗ് നയിക്കും. സ്മൃതി മന്ദാനയാണ് വൈസ് ക്യാപ്ടൻ. പരിചയ സമ്പന്നരായ മിതാലി രാജ്, വേദ കൃഷ്ണമൂർത്തി, യുവതാരം ജെമൈമ റോഡ്രിഗസ് എന്നിവരെല്ലാം ടീമിലുണ്ട്.

### സൈന പൊരുതി വീണു
സോൾ: കൊറിയ ഓപ്പൺ ബാഡ്മിന്റണിൽ ഇന്ത്യൻ സെൻസേഷൻ സൈന നെഹ്‌വാൾ ക്വാർട്ടറിൽ പൊരുതി തോറ്റു. ജപ്പാന്റെ മുൻ ലോക ചാമ്പ്യൻ നൊസോമി ഒകുഹാരയോട് മൂന്ന് ഗെയിം നീണ്ട പോരാട്ടത്തിൽ മാച്ച് പോയിന്റിനരികെയാണ് സൈന പൊരുതി വീണത്. സ്കോർ: 21-15, 15-21, 20-22. ഇതോടെ ടൂർണമെന്റിലെ ഇന്ത്യൻ പ്രതീക്ഷയും അവസാനിച്ചു.

### കേരളത്തിന് തോൽവി
ന്യൂഡൽഹി: വിജയ് ഹസാരെ ട്രോഫി ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ കേരളം ഡൽഹിയോട് 165 റൺസിന് തോറ്റു. സ്കോർ: ഡൽഹി 392/3, കേരളം 227/8.

### വെസ്റ്റിൻഡീസ് എത്തി
വഡോദര: ഒന്നര മാസം നീളുന്ന ഇന്ത്യൻ പര്യടനത്തിനായി വെസ്റ്റിൻഡീസ് ടീം എത്തി. രണ്ട് വീതം ടെസ്റ്റും, ട്വന്റി-20യും, അഞ്ച് ഏകദിനങ്ങളുമാണ് വെസ്റ്റിൻഡീസിന്റെ ഇന്ത്യൻ പര്യടനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്നലെയാണ് വെസ്റ്റിൻഡീസിന്റെ ടെസ്റ്റ് ടീം ഇന്ത്യയിലെത്തിയത്. വഡോദരയിൽ ബോർഡ് പ്രസിഡന്റ് ഇലവനമായുള്ള വിൻഡീസിന്റെ ദ്വിദിന സന്നാഹ മത്സരത്തിന് ഇന്ന് തുടക്കമാകും.



*ഏഷ്യൻ യോഗ ഫെഡറേഷന്റെ ജോയിന്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അഡ്വ. ബി. ബാലചന്ദ്രൻ. യോഗ അസ്സോസിയേഷന്റെ സംസ്ഥാന പ്രസിഡന്റും, യോഗ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡന്റുമാണ്.*

# ഏഷ്യാ കപ്പിൽ ഇന്ത്യൻ മുത്തം



**സ്കോർ ബോർഡ്:**
ബംഗ്ലാദേശ് 222/8
(48.3 ഓവർ)
ഇന്ത്യ 223/7
(50 ഓവർ)

*കേദാർ ജാദവ് വിക്കറ്റ് ആഘോഷത്തിൽ*

## ഇന്ത്യ ഏഷ്യാ കപ്പ് ചാമ്പ്യൻമാർ

ദുബായ്: ബംഗ്ലാകടുവകളുടെ വിരട്ടലിൽ ഇന്ത്യൻ പടക്കുതിരകൾ പതറിയില്ല. ആവേശം അവസാന പന്തുവരെ നീണ്ട് നിന്ന ഫൈനലിൽ ബംഗ്ലാദേശിനെ മൂന്ന് വിക്കറ്റിന് തോൽപ്പിച്ച് ഇന്ത്യ വീണ്ടും ഏഷ്യാ കപ്പ് കിരീടത്തിൽ മുത്തമിട്ടു.

ആദ്യം ബാറ്റ്ചെയ്ത ബംഗ്ലാദേശ് ലിറ്റൺ ദാസിന്റെ (121) സെഞ്ച്വറിയുടെ പിൻബലത്തിൽ 48.3 ഓവറിൽ 222 റൺസിന് ആൾ ഔട്ടായി. മറുപടിക്കിറങ്ങിയ ഇന്ത്യ അവസാന ഓവറിലെ അവസാന പന്തിൽ വിജയ ലക്ഷ്യത്തിലെത്തുകയായിരുന്നു (223/7).

ഇന്ത്യയ്ക്കായി നായകൻ രോഹിത് ശർമ്മ (48), ദിനേഷ് കാർത്തിക് (37), എം.എസ്.ധോണി (36), കേദാർ ജാദവ് (23), രവീന്ദ്ര ജഡേജ (23), ഭുവനേശ്വർ കുമാർ (21) എന്നിവർ ബാറ്റ് കൊണ്ട് നിർണായക സംഭാവന നൽകി. ബംഗ്ലാദേശിനായി മുസ്തഫിസുർ റഹ്മാനും റുബൽ ഹുസൈനും രണ്ട് വിക്കറ്റ് വീതം വീഴ്ത്തി.

നേരത്തേ ടോസ് നേടിയ ഇന്ത്യൻ നായകൻ രോഹിത് ശർമ്മ ബംഗ്ലാദേശിനെ ബാറ്റിംഗിന് അയ്ക്കുകയായിരുന്നു. ഇന്ത്യൻ ക്യാപ്ടന്റെ പ്രതീക്ഷകൾ തെറ്റിച്ച് ലിറ്റൺ ദാസും സ്ഥാനക്കയറ്റം കിട്ടിയെത്തിയ മെഹിദി ഹസനും മികച്ച തുടക്കമാണ് ബംഗ്ലാദേശിന് നൽകിയത്. ഇന്ത്യൻ ബൗളർമാർക്ക് ഒരവസരവും നൽകാതെ ലിറ്റൺ ദാസ് തകർത്തടിച്ച് മുന്നേറിയപ്പോൾ മെഹിദി ഹസൻ ഒറ്റത്ത് നങ്കൂരമുറപ്പിച്ചു. പത്തോവറിൽ 65 റൺസായിരുന്നു ബംഗ്ലാദേശിന്റെ സ്കോർ. 33 പന്തിലാണ് ലിറ്റൺ അർദ്ധസെഞ്ച്വറി തികച്ചത്. 18-ാമത്തെ ഓവറിൽ ബംഗ്ലാദേശ് 100 കടന്നു. 21 മത്തെ ഓവറിലെ അവസാന പന്തിൽ മെഹദി ഹസനെ റായ്ഡുവിന്റെ കൈയിൽ എത്തിച്ച് കേദാർ ജാദവ് ഒടുവിൽ ഇന്ത്യ കാത്തിരുന്ന ബ്രേക്ക് ത്രൂ സമ്മാനിക്കുകയായിരുന്നു. അവിടെ മുതൽ കളിയുടെ ഗതിയും മാറി. പിന്നീട് ബംഗ്ലാദേശിന്റെ വിക്കറ്റുകൾ ഒന്നിനു പിറകെ ഒന്നായി വീണു. മെഹദിയ്ക്ക് പകരമെത്തിയ ഇമ്റുൾ ഖയിസ് (2) ചാഹലിന്റെ പന്തിൽ വിക്കറ്റിന് മുന്നിൽ കുടുങ്ങിവന്നപോലെമടങ്ങി. മികച്ചഫോമിലുള്ള മുഷ്ഫിക്കർ റഹിമിനും (5) അധികം ആയുസുണ്ടായില്ല. ജാദവിന്റെ പന്തിൽ ബുംറയാണ് മുഷ്ഫിക്കറിനെ പിടികൂടിയത്. മൊഹമ്മദ് മിഥുൻ (2) റണ്ണൗട്ടാവുകയും മൊഹമ്മദുള്ളയെ (5) കുൽദീപ് യാദവ് ബുംറയുടെ കൈയിൽ എത്തിക്കുകയും ചെയ്തതോടെ 151/5 എന്ന നിലയിലായി ബംഗ്ലാദേശ്. ഇതിനിടെ ലിറ്റൺ ഏകദിനത്തിലെ തന്റെ കന്നി സെഞ്ച്വറി നേടി. 87 പന്തിൽ നിന്നാണ് ലിറ്റൺ സെഞ്ച്വറിയിലെത്തിയത്. ആറാമനായെത്തിയ സൗമ്യ സർക്കാർ (31) ലിറ്റണൊപ്പം ബംഗ്ലാ സ്കോർ പതിയെ ഉയർത്തി. എന്നാൽ ടീം സ്കോർ 188ൽ വച്ച് ലിറ്റണെ കുൽദീപിന്റെ പന്തിൽ ധോണി അതിവേഗ സ്റ്റമ്പിംഗിലൂടെ പുറത്താക്കി. 117 പന്ത് നേരിട്ട് 12 ഫോറിന്റെയും 2 സിക്സിന്റെയും അകമ്പടിയോടെയാണ് ലിറ്റൺ 121 റൺസ് നേടിയത്. ക്യാപ്ടൻ മൊർത്താസയേയും (7) ധോണി കുൽദീപിന്റെ പന്തിൽ സ്റ്റമ്പ് ചെയ്ത് പുറത്താക്കി. നസ്മുൾ ഹസനും (7), സൗമ്യയും ഇന്ത്യൻ ഫീൽഡർമാരുടെ മികച്ച പ്രകടനത്തിന്റെ ഫലമായി റണ്ണൗട്ടായി. തുടർന്ന് പതിനൊന്നാമൻ റുബൽ ഹുസൈനെ (0) 49-ാം ഓവറിലെ മൂന്നാം പന്തിൽ ക്ലീൻ ബൗൾഡാക്കി ബുംറ ബംഗ്ലാദേശിന്റെ ഇന്നിംഗ്സിന് തിരശീലയിടുകയായിരുന്നു. മുസ്തഫിസുർ റഹ്മാൻ (2) പുറത്താകാതെ നിന്നു. ഇന്ത്യയ്ക്കായി കുൽദീപ് മൂന്നും കേദാർ രണ്ടും വിക്കറ്റുകൾ വീഴ്ത്തി.

2016ലും (ട്വന്റി-20) ബംഗ്ലാദേശിനെ കീഴടക്കിയാണ് ഇന്ത്യ ഏഷ്യാ കപ്പ് ചാമ്പ്യൻമാരായത്. ഇത് ഏഴാം തവണയാണ് ഇന്ത്യ ഏഷ്യാ കപ്പ് സ്വന്തമാക്കുന്നത്.

# പാളംതെറ്റാതെ റെയിൽവേസ്

## ശ്രീശങ്കർ മികച്ച പുരുഷ താരം



*അവിനാശ് സാബ്‌ലെ*

ഭുവനേശ്വർ: അമ്പത്തിയെട്ടാമത് ദേശീയ ഓപ്പൺ അത്‌ലറ്റിക്ക് മീറ്റിൽ നിലവിലെ ചാമ്പ്യൻമാരായ റെയിൽവേസ് തന്നെ ഇത്തവണയും ഓവറാൾ കിരീടത്തിൽ മുത്തമിട്ടു. നാല് ദിവസങ്ങളിലായി ഭുവനേശ്വരിലെ കലിംഗ സ്റ്റേഡിയം വേദിയായ മീറ്റിൽ എതിരാളികളെ ബഹുദൂരം പിന്നിലാക്കി 300 പോയിന്റ് നേടിയാണ് റെയിൽവേസ് ഓവറാൾ ചാമ്പ്യൻമാരായത്. 198 പോയിന്റ് നേടിയ സർവീസസാണ് റണ്ണറപ്പ്. 64 പോയിന്റുമായി പഞ്ചാബ് മൂന്നാം സ്ഥാനത്തെത്തി. 24 പോയിന്റ് മാത്രം നേടിയ കേരള എട്ടാം സ്ഥാനത്താണ് ഫിനിഷ് ചെയ്തത്. അതേസമയം കഴിഞ്ഞ ദിവസം ലോംഗ് ജമ്പിൽ ദേശീയ റെക്കാഡ് കുറിച്ച പ്രകടനം പുറത്തെടുത്ത കേരളത്തിന്റെ ശ്രീശങ്കർ മികച്ച പുരുഷ താരമായി. 400 മീറ്ററിൽ മിന്നും പ്രകടനം പുറത്തെടുത്ത ഹരിയാനയുടെ അഞ്ജലി ദേവി കുണ്ഡുവാണ് മികച്ച വനിതാ താരം.

മീറ്റിന്റെ അവസാന ദിനമായ ഇന്നലെ പുരുഷൻമാരുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ 37 വർഷം പഴക്കമുള്ള റെക്കാഡ് തകർത്ത സർവീസസിന്റെ അവിനാശ് സാബ്‌ലെയാണ് താരമായത്. 8 മിനിറ്റ് 29. 85 സെക്കന്റിൽ ഫിനിഷ് ചെയ്താണ് 1981ൽ ഗോപാൽസയിനി ടോക്കിയോയിൽ സ്ഥാപിച്ച 8 മിനിറ്റ് 30.88 സെക്കന്റിന്റെ റെക്കാഡ് പഴങ്കഥയാക്കിയത്. വനിതകളുടെ ഹൈജമ്പിൽ കേരളത്തിന്റെ ജിനു മരിയ മാനവൽ വെങ്കലം നേടി. ഒ.എൻ.ജി.സിക്കായിറങ്ങിയ എയ്ഞ്ചൽ പി. ദേവസ്യയ്ക്കാണ് വെള്ളി. പുരുഷൻമാരുടെ 800 മീറ്ററിൽ സർവീസസിനായിറങ്ങിയ മുഹമ്മദ് അഫ്സൽ സ്വർണം നേടി.

# ഇന്ത്യൻയോഗം തുടങ്ങി



തിരുവനന്തപുരം: എട്ടാമത് ഏഷ്യൻ യോഗ ചാമ്പ്യൻഷിപ്പിൽ ആദ്യ അഞ്ച് ഇനങ്ങളിലും സ്വർണം നേടി ഇന്ത്യ മുന്നേറ്റം തുടങ്ങി. ആൺകുട്ടികളുടെ സബ്ജൂനിയർ യോഗാസന വിഭാഗത്തിൽ പാർഥ് സൈനി, സുഷ്മിതി ദാസ് ഗുപ്ത എന്നിവർ ഇന്ത്യക്കുവേണ്ടി സ്വർണം പങ്കിട്ടു. രണ്ടുപേരും 66 പോയിന്റ് നേടി. ദുബായ്‌യുടെ സിദ്ധാർഥ് നിതിൻ റബാഡെയൗ ഇന്ത്യയുടെ ദേബ്ജ്യോതി പ്രമാണിക് എന്നിവർ വെള്ളി പങ്കിട്ടു. ഇരുവർക്കും 64.25 പോയിന്റ് വീതം ലഭിച്ചു. ഇന്ത്യയുടെ അയാൻ അഗർവാൾ, മനാഷ് കർമാകർ, മലേഷ്യയുടെ ഹാർവിൻ കാർത്തിക് എന്നിവർക്കാണ് വെങ്കലം. പെൺകുട്ടികളുടെ സബ്ജൂനിയർ യോഗാസന വിഭാഗത്തിൽ ഇന്ത്യയുടെ പായൽ സാഹ, തനിഷ ദാസ് എന്നിവർ 63.75 പോയിന്റ് വീതം നേടി സ്വർണം പങ്കിട്ടു. ഇന്ത്യയുടെതന്നെ സൃഷ്ടി, ഉദിത റാണി ബോറ എന്നിവർ വെള്ളിയും നേടി. വിയറ്റ്നാമിന്റെ ദാങ് ങ്യുയെൻ തിബാവോ ങോക്, ഇന്ത്യയുടെ ഭൂമിക എന്നിവർ വെങ്കലം നേടി. ആൺകുട്ടികളുടെ സബ് ജൂനിയർ യോഗാസന ഗ്രൂപ്പ്- ബിയിൽ മൂന്ന് മെഡലും ഇന്ത്യക്കാണ്. യുഗ് കാലി രാമൻ സ്വർണവും സണ്ണി വെള്ളിയും സോവെൽ അഹമ്മദ് ഗാസി വെങ്കലവും നേടി. പെൺകുട്ടികളുടെ സബ്ജൂനിയർ യോഗാസനയിൽ ഇന്ത്യയുടെ അനഷ്ക കർമാകർ, വി ഗ്രീഷ്മ എന്നിവർ സ്വർണവും ഹർഷിത ഗോസ്വാമി, ജി പ്രിയ എന്നിവർ വെള്ളിയും നേടി. ആൺകുട്ടികളുടെ സീനിയർ ഗ്രൂപ്പ് ആർടിസ്റ്റിക് യോഗയിൽ ഇന്ത്യയുടെ അഭിഷേക് ദുബേ സ്വർണം നേടി. ഇന്ത്യയുടെ രൂപേഷ് കുമാറും വിയത്നാമിന്റെ ഗാവ് ഥ ഹായ് വെങ്കലം പങ്കിട്ടു. കഴിഞ്ഞ ഏഴ് ചാമ്പ്യൻഷിപ്പിലും ഇന്ത്യയാണ് വിജയികൾ.

*ഏഷ്യൻ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ നടന്ന ജൂനിയർ പെൺകുട്ടികളുടെ ആർട്ടിസ്റ്റിക് യോഗ മത്സരത്തിൽ ഇന്ത്യയുടെ ഖുഷിയുടെ പ്രകടനം*

*ജൂനിയർ പെൺകുട്ടികളുടെ ആർട്ടിസ്റ്റിക് യോഗ മത്സരത്തിൽ ഇറാന്റെ ഹഷ്തി ഹൈദരിയുടെ പ്രകടനം*

*ചിത്രങ്ങൾ: അജയ് മധു*

## ഇതിഹാസത്തിന് സ്വാഗതം



*ഇന്ത്യൻ സന്ദർശനത്തിനെത്തിയ അമേരിക്കൻ ബോക്സിംഗ് ഇതിഹാസം മൈക്ക് ടൈസൺ മുംബയ് വിമാനത്താവളത്തിൽ*

# അപ്പൊ എങ്ങനാ തുടങ്ങുവല്ലേ...

## ഐ.എസ്.എൽ അഞ്ചാം സീസണ് ഇന്ന് കൊൽക്കത്തയിൽ കിക്കോഫ്

- **ആദ്യ മത്സരം കേരള ബ്ലാസ്റ്റേഴ്സും എ.ടി.കെയും തമ്മിൽ**
- **രാത്രി 7.30 മുതൽ സ്റ്റാർ സ്പോർട്സ് 1/എച്ച്.ഡി1 ചാനലുകളിൽ തത്സമയം**



കൊൽക്കത്ത: ആരാധകർ ആകാംഷയോടെ കാത്തിരിക്കുന്ന ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബാളിന്റെ അഞ്ചാം സീസണിന് ഇന്ന് കൊൽക്കത്തയിൽ കേളികൊട്ടുയരും. ആദ്യ മത്സരത്തിൽ മലയാളികളുടെ സ്വന്തം കേരള ബ്ലാസ്റ്റേഴ്സ് കൊൽക്കത്ത ക്ലബ് എ. ടി. കെയെ നേരിടും. രാത്രി 7.30 മുതൽ കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം. ഇത്തവണ വർണാഭമായ ഉദ്ഘാടന ച്ചടങ്ങുകൾ ഒഴിവാക്കിയിരിക്കുകയാണ്.

ചിരവൈരികളായ എ. ടി. കെയ്ക്കെതിരെ ജയം നേടി പുതിയ സീസണിൽ മികച്ച തുടക്കമാണ് കേരള ബ്ലാസ്റ്റേഴ്സ് ലക്ഷ്യമിടുന്നത്. എന്നാൽ മുൻകാല ചരിത്രം ബ്ലാസ്റ്റേഴ്സിന് അനുകൂലമല്ല. ഇതുവരെ ഏറ്റുമുട്ടിയ പത്ത് മത്സരങ്ങളിൽ അഞ്ചിലും എ. ടി. കെയ്ക്കായിരുന്നു ജയം. ഒരെണ്ണത്തിലേ ബ്ലാസ്റ്റേഴ്സിന് ജയിക്കാനായുള്ളൂ. നാലെണ്ണം സമനിലയായി.

രണ്ട് ഐ. എസ്. എൽ ഫൈനലുകളിൽ ഇരുടീമും മുഖാമുഖം വന്നപ്പോഴും വിജയം കൊൽക്കത്തൻ ടീമിനായിരുന്നു. ഇത്തവണ ഡേവിഡ് ജയിംസിന്റെ പരിശീലനത്തിൻ കീഴിൽ കന്നിക്കിരീടത്തിൽ മുത്തമിടാനാകുമെന്നാണ് ബ്ലാസ്റ്റേഴ്സിന്റെ വിശ്വാസം.

മലയാളി താരം സി. കെ. വിനീത്, നായകൻ സന്ദേശ് ജിങ്കാൻ, കറേജ് പെക്കുസൺ, കെസിറ്റോ കെയ്റോൺ, മതേജ് പൊപ്ലാറ്റ്നിക്ക് എന്നിവരിലാണ് ബ്ലാസ്റ്റേഴ്സിന്റെ പ്രധാന പ്രതീക്ഷ. വിലക്ക് നേരിടുന്ന പ്രതിരോധ നിരയിലെ കരുത്തൻ അനസ് എടത്തൊടികെയ്ക്ക് കളിക്കാനാകാത്തത് ബ്ലാസ്റ്റേഴ്സിന് തിരിച്ചടിയാണ്. മറുവശത്ത് മികച്ച സംഘമാണ് എ.ടി.കെ. എർട്ടൺ സാൻഡോസ്, മാനുവൽ ലാൻസറോട്ടി എന്നിവരാണ് അവരുടെ മുന്നണി പോരാളികൾ. അതേസമയം നൈജീരിയൻ താരം കാലു ഉച്ചെ ഇന്ന് എ. ടി. കെ നിരയിൽ ഉണ്ടാകില്ല.




### അഞ്ചാം സീസൺ ഒറ്റ നോട്ടത്തിൽ
- പത്ത് ടീമുകളാണ് പോരാട്ടത്തിനുള്ളത്
- (കേരള ബ്ലാസ്റ്റേഴ്സ്, എ.ടി.കെ, ചെന്നൈയിൻ, ബംഗളൂരു, പൂനെ സിറ്റി, മുംബയ് സിറ്റി, ഗോവ, ജംഷഡ്പൂർ, നോർത്ത് ഈസ്റ്റ്, ഡൽഹി ഡൈനാമോസ്)
- ചെന്നൈയിൻ എഫ്. സിയാണ് നിലവിലെ ചാമ്പ്യൻമാർ
- ഇത്തവണ വർണാഭമായ ഉദ്ഘാടനച്ചടങ്ങുകൾ ഒഴിവാക്കിയിരിക്കുകയാണ്.
- സീസണിൽ മൂന്ന് ബ്രേക്കുകളാണുള്ളത്.
- 2019 ലെ ഫിക്ചർ പിന്നീട് പ്രഖ്യാപിക്കും.

**പൊന്നമ്മ**
തിരുവല്ലം: ഇടയാർ വലിയവിളാകം സുദർശന ഭവനിൽ പരേതനായ ശ്രീധരന്റെ ഭാര്യ ജി. പൊന്നമ്മ (68) നിര്യാതയായി. മക്കൾ: സുദർശനൻ, സുരേഷ്, രാജേശ്വരി. മരുമക്കൾ: അംബിക, വിനിത, വിജയകുമാർ. സഞ്ചയനം: ചൊവ്വാഴ്ച രാവിലെ 8.30ന്.

**രാജമ്മ**
പാൽക്കുളങ്ങര: ചമ്പക്കട റോഡ് സി.പി.ആർ.എ 60 എസായ്ഭവനിൽ (കൈതമുക്ക്, കൃഷ്ണമുരാരി റോഡ്, കെ.എസ്.ആർ.എ 102 എ) പരേതനായ തങ്കപ്പൻ നായരുടെ ഭാര്യ രാജമ്മ (78) നിര്യാതയായി. മക്കൾ: മനോഹരൻ, മീനാകുമാരി, മധുകുമാർ, മായാകുമാരി. മരുമക്കൾ: സുജാതാ മനോഹരൻ, രാജ്കുമാർ, ശ്രീകല, മുരുകേശ്. സഞ്ചയനം: ചൊവ്വാഴ്ച രാവിലെ 8.30ന്.

**സരോജിനി**
ബാലരാമപുരം: ഐത്തിയൂർ പ്ലാവോട്ട് തോപ്പ് വീട്ടിൽ സി. സരോജിനി (61) നിര്യാതയായി. ഭർത്താവ്: ബാബു. മക്കൾ: സുനിത, സുരേഷ്. മരുമകൾ: സിന്ധു. ഫോൺ: 9747398440.

**അമ്മുക്കുട്ടി അമ്മ**
നെയ്യാറ്റിൻകര: നെയ്യാറ്റിൻകര അരങ്ങൽ, വയലിൽ വീട്ടിൽ പരേതനായ കുട്ടൻപിള്ളയുടെ ഭാര്യ അമ്മുക്കുട്ടി അമ്മ (93) നിര്യാതയായി. മക്കൾ: എ. ശാന്തകുമാരി, കെ. ഗംഗാധരൻ നായർ, കെ. ചന്ദ്രൻ നായർ, കെ. പരമേശ്വരൻ നായർ, എ. പത്മിനി, പരേതയായ എ. രാഗിണി. മരുമക്കൾ: അപ്പുക്കുട്ടൻ നായർ, എസ്. ശാന്തകുമാരി, കെ. ലളിതകുമാരി, കോമളം, എൻ. ഗോപിനാഥൻ നായർ. സഞ്ചയനം: ഒക്ടോബർ 2 ചൊവ്വാഴ്ച രാവിലേ 8.30ന്.

**സരോജിനി അമ്മ**
കല്ലറ: കുറ്റിമൂട് കതിരുവിള അരവിന്ദ് ഭവനിൽ പരേതനായ ചന്ദ്രശേഖരപിള്ളയുടെ ഭാര്യ ബി. സരോജിനി അമ്മ (90) നിര്യാതയായി. മക്കൾ: വിജയകുമാരി അമ്മ, അരവിന്ദാക്ഷൻ നായർ, അംബിക കുമാരി അമ്മ (ആർ.ഡി ഏജന്റ്). മരുമക്കൾ: ഗോപിനാഥൻ പിള്ള, സിന്ധു, മുരളീധരൻ പിള്ള, സഞ്ചയനം: വെള്ളിയാഴ്ച 9ന്.

**ലളിത അമ്മ**
കിളിമാനൂർ: പോങ്ങനാട് കള്ളിക്കാട് പുത്തൻ വീട്ടിൽ പരേതനായ വേലുക്കുട്ടി പിള്ളയുടെ ഭാര്യ ലളിത അമ്മ (72) നിര്യാതയായി. മക്കൾ: സിനി, ഷീജ, സീന. മരുമക്കൾ: അരവിന്ദാക്ഷൻ, പരേതനായ രാജേന്ദ്രൻ, അനിൽദാസ്. സഞ്ചയനം: ബുധനാഴ്ച രാവിലെ 8ന്

**സുമതി**
പെരുമ്പഴുതൂർ: സാധുമന്ദിരം പന്താവിള സുമതി (75) നിര്യാതയായി. മക്കൾ: അനിതകുമാരി, പത്മകുമാർ (ഫയർഫോഴ്സ്, പൂവാർ), അനിൽകുമാർ (ഗവ. പ്രസ്). മരുമക്കൾ: ചന്ദ്രൻ (റിട്ട. ഗവ. പ്രസ്), സജിത, സുമ (കേരള പൊലീസ്). സഞ്ചയനം ചൊവ്വാഴ്ച 9ന്.

**സൈനബാബീവി**
ശ്രീകാര്യം: ചെക്കാലമുക്ക് താന്നിമൂട് വീട് മദീനയിൽ പരേതനായ ഷാഹുൽ ഹമീദിന്റെ ഭാര്യ സൈനബാ ബീവി (73) നിര്യാതയായി. മക്കൾ: എസ്. താഹ (മിമീസ് മെഡിക്കൽസ്), എസ്. ഷൈല. മരുമക്കൾ: എ. നൗഷർ (റിട്ട. അഡിഷണൽ സെക്രട്ടറി, സെക്രട്ടേറിയേറ്റ്), എസ്. റുബീന. ഖബറടക്കം ഇന്ന് രാവിലെ 10ന് ശ്രീകാര്യം ജമാഅത്ത് ഖബറിസ്ഥാനിൽ.

**പാറുക്കുട്ടിയമ്മ**
കിളിമാനൂർ: ആയൂർ ചെറുവയ്ക്കൽ അഞ്ജു വിലാസത്തിൽ പരേതനായ കുട്ടപ്പൻ നായരുടെ ഭാര്യ പാറുക്കുട്ടിയമ്മ (89) നിര്യാതയായി. മക്കൾ: തങ്കമണി, ഗിരിജ ദേവി, ഇന്ദിര ദേവി, രമാദേവി, രേണുക ദേവി, ശ്രീദേവി. മരുമക്കൾ: ഗോപിനാഥൻ നായർ, ശ്രീധരൻ, ദിവാകരൻ നായർ, മോഹനൻ, മോഹനൻ നായർ.

**എൽ. രാജമ്മ**
തിരുവനന്തപുരം: ഇടപ്പഴിഞ്ഞി പഴയാറ്റിൻകുഴി വീട്ടിൽ (റ്റി. സി 9/2020 (3) എൽ. രാജമ്മ (67) നിര്യാതയായി. സഹോദരങ്ങൾ: എൽ. ഓമന, പരേതനായ ജി. അപ്പുക്കുട്ടൻ, പരേതനായ ജി. മണിയൻ, എൽ. ബേബി, എൽ. വസന്ത, എൽ. ലീല, എൽ. വനജ. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്.

**ഉഷാ കുമാരി**
കോവളം: ബീച്ച് റോഡിൽ പ്ലാങ്കാല വീട്ടിൽ കെ. മനോഹരന്റെ ഭാര്യ എ. ഉഷാ കുമാരി (57) നിര്യാതയായി. മക്കൾ: പ്രീത, പ്രിയ, മരുമക്കൾ: സിനുകുമാർ, പ്രതീപ് കുമാർ. സംസ്കാരം 29ന് രാവിലെ 11 മണിക്ക് മുട്ടത്തറ മോക്ഷകവാടത്തിൽ.

**ബി.മാധവൻപിള്ള**
എഴുകോൺ: കാവറ ഇരുപ്പക്കോണത്ത് വീട്ടിൽ ബി. മാധവൻപിള്ള (79) നിര്യാതനായി. സഞ്ചയനം ഒക്ടോ. 4ന് രാവിലെ 7ന്.

**കുശലകുമാരി**
ശ്രീകാര്യം: ഇടവക്കോട് എസ്.കെ. ഭവനിൽ റിട്ട. ആർമി ഉദ്യോഗസ്ഥൻ ശൈലേശ്വരന്റെ ഭാര്യ കുശലകുമാരി എസ്.കെ (61 - മംഗളം) നിര്യാതയായി. മക്കൾ: ശോഭിത്ത് എസ്.കെ, ശ്രീജിത്ത് എസ്.കെ (ഇരുവരും ആർമി). മരുമക്കൾ: അശ്വതി. ആർ. എസ്, ദീപാ റാണി. എൽ. സഞ്ചയനം ചൊവ്വാഴ്ച രാവിലെ 8ന്.

**ഭാരതി**
കടയ്ക്കാവൂർ: മണനാക്ക് ഒറ്റൂർ പേഴുംകാല വീട്ടിൽ ഭാരതി (87) നിര്യാതയായി. മകൻ: സത്യശീലൻ. മരുമകൾ: സുശീല. സഞ്ചയനം ഞായറാഴ്ച രാവിലെ 9.30ന്.

**ഗോമതി അമ്മ**
ആറ്റിങ്ങൽ: അവനവഞ്ചേരി കൈപ്പറ്റിമുക്ക് പുന്നക്കവിളാകം വീട്ടിൽ പരേതനായ രാമൻ പിള്ളയുടെ ഭാര്യ ഗോമതി അമ്മ (89) നിര്യാതയായി. മക്കൾ: ബേബി, വിക്രമൻ പിള്ള, പരേതരായ ശിവൻപിള്ള, ഗോപിനാഥൻ പിള്ള, രാജൻപിള്ള, അശോകൻ പിള്ള. മരുമക്കൾ: പ്രസന്നകുമാരി, വത്സല, വസന്ത, മുകുന്ദൻ പിള്ള, ഗിരിജ, ഉഷ. സഞ്ചയനം ചൊവ്വാഴ്ച രാവിലെ 8.30ന്.

**സരള**
കാരേറ്റ്: കാരേറ്റ് സിന്ധു ഭവനിൽ പരേതനായ റിട്ട. പൊലീസ് സബ് ഇൻസ്പെക്ടർ ജെ. രവീന്ദ്രൻ ചെട്ടിയാരുടെ ഭാര്യ സരള. എസ് (70) നിര്യാതയായി. മക്കൾ: സിന്ധു, മിത്രു, ബിന്ദു. മരുമക്കൾ: രഘുനാഥ്, ബാബു, അനിൽകുമാർ.

**ഏലിക്കുട്ടി**
തിരുവനന്തപുരം: വട്ടപ്പാറ ചിറ്റാഴ ടി.എൽ. ആർ.എ 22 വള്ളിയം തടത്തിൽ പരേതനായ മത്തായി ജോസഫിന്റെ ഭാര്യ ഏലിക്കുട്ടി (92) നിര്യാതയായി. മക്കൾ: ചിന്നക്കുട്ടി, സിസ്റ്റർ ലൂസി (എസ്.എം.സി.), മേഴ്സി, പരേതയായ കുഞ്ഞുമോൾ. മരുമക്കൾ: ഈശോപ്പൻ, കുഞ്ഞ്, സിബിച്ചൻ. സംസ്കാരം: ഇന്ന് 2.30ന് മണ്ണന്തല റാണിഗിരി പള്ളിയുടെ നാലാഞ്ചിറ സെമിത്തേരിയിൽ.

**റാഹേലമ്മ**
കിഴക്കേകല്ലട: കൊട്ടുവിള കണിയാകുന്നത്ത് വീട്ടിൽ കോശിയുടെ ഭാര്യ റാഹേലമ്മ (80) നിര്യാതയായി.

**ബാലചന്ദ്രൻനായർ**
മേക്കൊല്ല: വാണീ വിലാസത്തിൽ പരേതനായ കെ. രാഘവൻ പിള്ളയുടെ മകൻ ആർ. ബാലചന്ദ്രൻനായർ (73, ബാംഗ്ലൂർ എച്ച്.എ.എൽ) നിര്യാതനായി. മക്കൾ: അഭിലാഷ്, അവിനാഷ്, നിഷ. മരുമക്കൾ: കിരൺ, നീതു. സഞ്ചയനം: ഒക്ടോബർ 5ന്.

**പങ്കജാക്ഷിയമ്മ**
കാട്ടാക്കട: ആമച്ചൽ ഇളവൻകോണം നന്ദനം വീട്ടിൽ പരേതനായ ഭാസ്കരപിള്ളയുടെ ഭാര്യ പങ്കജാക്ഷിയമ്മ (88) നിര്യാതയായി. മക്കൾ: ഭുവനചന്ദ്രൻ നായർ, വിജയചന്ദ്രൻ നായർ. മരുമക്കൾ: രാധാമണി, ശാന്ത. സഞ്ചയനം: ചൊവ്വാഴ്ച രാവിലെ 8ന്.

**ഇന്ദിര**
കാട്ടാക്കട: നന്ദാവനം പോങ്ങുവിള തടത്തരികത്ത് വീട്ടിൽ പരേതനായ സത്യരാജിന്റെ ഭാര്യ ഇന്ദിര (65) നിര്യാതയായി. മകൾ: ഇന്ദുരാജ്. പ്രാർത്ഥന ചൊവ്വാഴ്ച രാവിലെ 8.30ന്.

**സുമതിഅമ്മ**
വർക്കല: ഇടവ മാന്തറ കുഴിക്കളത്തുവിളയിൽ പരേതനായ രവീന്ദ്രന്റെ ഭാര്യ സുമതിഅമ്മ (76) നിര്യാതയായി. മക്കൾ: വിജയകുമാർ, ജയൻ, ശാലിനീഭായി, സുരേഷ്കുമാർ. മരുമക്കൾ: സുനിത, പ്രസന്ന, ശ്രീകണ്ഠൻനായർ, സരിത. സഞ്ചയനം: ഒക്ടോബർ 2 രാവിലെ 8ന്.

**വനജാക്ഷിഅമ്മ**
കല്ലമ്പലം: മുള്ളറംകോട് പ്ലാവിള പുത്തൻ വീട്ടിൽ വനജാക്ഷിഅമ്മ (റിട്ട. അദ്ധ്യാപിക, എൽ.പി.എസ്, ഞെക്കാട്) നിര്യാതയായി. ഭർത്താവ്: പരേതനായ ഭാസ്കരക്കുറുപ്പ് (ഒറ്റൂർ സർവീസ് സഹകരണ ബാങ്ക് മുൻ പ്രസിഡന്റ്). മക്കൾ: അനൂജ് (സോഫ്ട്‌വെയർ എൻജി.), അനില (അസി. മാനേജർ ഐ.ഒ.ബി വടശേരിക്കോണം). മരുമക്കൾ: പ്രതിഭാ അനൂജ്, രഞ്ജിത് കൃഷ്ണ. സംസ്കാരം: ഇന്ന് രാവിലെ 10.30ന് വീട്ടുവളപ്പിൽ. ഫോൺ: 9847136700.

**എം.ശിവപ്രസാദ്**
ആര്യനാട്: ഇറവൂർ വണ്ടയ്ക്കൽ ക്രന്താണി തടത്തരികത്ത് വീട്ടിൽ എം. ശിവപ്രസാദ് (48) നിര്യാതനായി. ഭാര്യ: മിനികുമാരി. മക്കൾ: അഖിൽപ്രസാദ്, നിഖിൽപ്രസാദ്. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 2ന് വീട്ടുവളപ്പിൽ.

**കെ. കരുണാകരൻ**
കുളത്തൂർ: കരിമണൽ മുലയിൽ തലയ്ക്കൽ വീട്ടിൽ കെ. കരുണാകരൻ (90, റിട്ട. യൂണിവേഴ്സിറ്റി കോളേജ് ലൈബ്രേറിയൻ) നിര്യാതനായി. ഭാര്യ: ജി. സരസ്വതി. മക്കൾ: സീത, ഉഷകുമാരി, സുധ, സുരേഷ്കുമാർ. മരുമക്കൾ: ബാബു, വിജയൻ, പ്രസാദ്. സഞ്ചയനം: ഞായറാഴ്ച രാവിലെ 8.30ന്. ഫോൺ: 8891851327.

**സുരേന്ദ്രൻ**
ആര്യനാട്: കോട്ടയ്ക്കകം പുറത്തേ വിള വീട്ടിൽ സുരേന്ദ്രൻ (62) നിര്യാതനായി. ഭാര്യ ശൈലജ. മക്കൾ: അമൃത, അമലു. മരുമക്കൾ: രഞ്ചു, അരുൺ. സഞ്ചയനം: ചൊവ്വാഴ്ച രാവിലെ 9ന്.

**കുമരേശൻ ആശാരി**
പാറശാല: പൂഴിക്കുന്ന് കീഴമ്മാകം കുഴിഞ്ഞകാലപുത്തൻവീട്ടിൽ പരേതനായ എൻ. അപ്പുക്കുട്ടൻ ആശാരിയുടെ സഹോദരൻ എൻ. കുമരേശൻ ആശാരി (69, കുമാരൻ) നിര്യാതനായി. സഞ്ചയനം: ഞായറാഴ്ച രാവിലെ 9ന്.

**തങ്കമ്മ**
ശ്രീകാര്യം: ചെമ്പഴന്തി ചെല്ലമംഗലം വലിയവീട്ടുവിളാകം ഉഷസ്സിൽ പരേതനായ ചെല്ലപ്പന്റെ ഭാര്യ തങ്കമ്മ എ. (95) നിര്യാതയായി. മക്കൾ: ശ്രീകണ്ഠൻ, ബാബു, ഉഷകുമാരി, പരേതയായ ശാന്തകുമാരി. മരുമക്കൾ: ഗിരിജ, നന്ദിനി, ദേവരാജൻ. പരേതനായ അപ്പുകുട്ടൻ. സഞ്ചയനം ബുധനാഴ്ച രാവിലെ 8ന്.

**സൗദാമിനി**
കല്ലറ: മഹാദേവരുപച്ച മോഹനത്തിൽ പരേതനായ ഗോപിനാഥന്റെ ഭാര്യ സൗദാമിനി (78) നിര്യാതയായി. മക്കൾ: വനജ, സതീശൻ, ലിസി കുമാരി. മരുമക്കൾ: രാജൻ, ജയ, പരേതനായ മോഹനൻ. സംസ്കാരം ഇന്ന് ആറാംന്താനം ആനാകുടി കുഴിയിൽ വീട്ടിൽ രാവിലെ 8.30ന്.

**സുന്ദരേശൻ ആശാരി**
അരുമാനൂർ: സ്മിതാഭവൻ അറപുര മേലെ പുത്തൻവീട്ടിൽ സുന്ദരേശൻ ആശാരി (72) നിര്യാതനായി. ഭാര്യ: പരേതയായ സരോജം. മക്കൾ: മിനി, ശോഭ, സ്മിത. മരുമക്കൾ: സുരേന്ദ്രൻ, ശിവകുമാർ, ഷിബു. സഞ്ചയനം ചൊവ്വാഴ്ച 9ന്. ഫോൺ: 8129784313.

**ഡി. രവീന്ദ്രൻ**
ആറ്റിങ്ങൽ: തോട്ടവാരം ശ്യാമള നിവാസിൽ ഡി. രവീന്ദ്രൻ (76) നിര്യാതനായി. ഭാര്യ: ശ്യാമള. മക്കൾ: അരുൺ, സന്ധ്യ. മരുമക്കൾ: അജിത്, സ്മിത. ഫോൺ: 9072631366.

**വിശ്വംഭരൻ**
ഊക്കോട്: പറക്കോട് തകിടിയിൽ വീട്ടിൽ നല്ലതമ്പിയുടെ മകൻ വിശ്വംഭരൻ (64) നിര്യാതനായി. ഭാര്യ പത്മിനി. മകൻ: വിപിൻ. പ്രാർത്ഥന ഒക്ടോബർ 1ന് രാവിലെ 9ന്.

**സുകുമാരൻ**
കല്ലമ്പലം: നെടുംപറമ്പ് ഞാറയ്ക്കാട്ടുവിള അഞ്ചുഭവനിൽ സുകുമാരൻ (87) നിര്യാതനായി. മക്കൾ: വത്സല, പുഷ്കല, അശോകൻ, അനിൽകുമാർ, സുരേഷ്കുമാർ. മരുമക്കൾ: പരേതനായ രാജേന്ദ്രൻ, ആനന്ദൻ, പരേതയായ സുനിത ജി.പി, ഷൈനി, ജയ. സഞ്ചയനം: തിങ്കളാഴ്ച രാവിലെ 9ന്. ഫോൺ 9995730038

**ബാലൻ**
പേട്ട: പാൽക്കുളങ്ങര അയണിക്കാട് വീട് ടി.സി 36/448 കെ. ബാലൻ (74) നിര്യാതനായി. ഭാര്യ: സുധർമ്മ. മക്കൾ: ഷിബു, ഷാബു, ഷീബ. മരുമക്കൾ: ചിഞ്ചു, രഞ്ജിനി, സജീവ്. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 8.30ന്. ഫോൺ: 9387803081.

**ജാനകിഗോവിന്ദൻ**
ഇടക്കോട്: കമ്പറക്കൽ ജാനകിഗോവിന്ദൻ (95, ജ്ഞാനമുത്തു) നിര്യാതയായി. മക്കൾ: ഗോപിനാഥൻ, ശശിധരൻ, സോമൻ (സാംബവ സംഘം പ്രസിഡന്റ്), മോഹൻദാസ്, പ്രൊഫ. അനിതകുമാരി (ഹിന്ദു കോളേജ്). മരുമക്കൾ: ഗീതാഗോപിനാഥ്, തങ്കം ശശി, വിജയലക്ഷ്മി (ലാബ് നെയ്യാറ്റിൻകര ഗവ. ഹോസ്പിറ്റൽ), ആശമോഹൻ. ഫോൺ: 9496773205.

**സരസ്വതിഅമ്മ**
നെയ്യാറ്റിൻകര: കുളത്തൂർ മുടിപ്പുര വൃന്ദാവനത്തിൽ പരേതനായ വാസുദേവന്റെ ഭാര്യ സരസ്വതിഅമ്മ (82) നിര്യാതയായി. മക്കൾ: രാധാകൃഷ്ണൻ, രേണകാദേവി, അശോകൻ (ബി.എസ്.എഫ്). മരുമക്കൾ: കൃഷ്ണമ്മ, സുരേന്ദ്രൻ (റിട്ട. എസ്.ഐ ഒഫ് പൊലീസ്), രാജി. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 8.30ന്.

**കൃഷ്ണൻ നായർ**
ശ്രീകാര്യം: ഇടവക്കോട് ഷീബാ ഭവനിൽ കൃഷ്ണൻ നായർ. എം (62) നിര്യാതനായി. ഭാര്യ ഇന്ദിര. മക്കൾ: ഷീബ, ബിന്ദു. മരുമക്കൾ: ബിനോദ്, രതീഷ്. സഞ്ചയനം ചൊവ്വാഴ്ച രാവിലെ 8 മണിക്ക്.

**ഷണ്മുഖൻ ആശാരി**
നെടുമങ്ങാട്: പഴകുറ്റി ഉളിയൂർ ലിജാ ഭവനിൽ ഷണ്മുഖൻ ആശാരി (റിട്ട. കെ.എസ്.ആർ.ടി.സി, 79) നിര്യാതനായി. ഭാര്യ: കൃഷ്ണമ്മ. മക്കൾ: ബിജു, സിന്ധു, മായ. മരുമക്കൾ: ശശിധരൻ ആശാരി. ശിവരാജൻ ആശാരി. സഞ്ചയനം ചൊവ്വാഴ്ച രാവിലെ 9ന്.

**ഫ്രാൻസിസ്**
തിരുവനന്തപുരം: ഉപ്പളം റോഡ് യു.ആർ.ആർ.എ (51) 151ൽ ഐ.എസ്. ഫ്രാൻസിസ് (94, റിട്ട. ഡെപ്യൂട്ടി എക്സാമിനർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തമിഴ്നാട്) നിര്യാതനായി. ഭാര്യ: പരേതയായ പി. ഭാരതി. മകൾ: ഡോ. വത്സ. ബി (ഐ.എസ്.ആർ.ഒ). മരുമകൻ: പി.ആർ. ബാബു (എക്സ്. ഇ ഡാക്). സംസ്കാരം: തിരുവിതാംകോട്ടിൽ ഇന്ന് 12ന്.

**രാജൻ**
തിരുമല: പ്ലാവിള ജയ്നഗറിൽ (723) ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേമം ബ്ലോക്ക് കമ്മിറ്റി മെമ്പർ രാജൻ ജി. (63) നിര്യാതനായി. ഭാര്യ: ശോഭന. മക്കൾ: സൗമ്യ, രമ്യ. മരുമക്കൾ: രതീഷ്, ഷിജി. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 8.30ന്. ഫോൺ: 8129667652.

**ജയപ്രകാശ്**
പരവൂർ: കോങ്ങാൽ തയ്യലഴികം വീട്ടിൽ ജയപ്രകാശ് (52) നിര്യാതനായി. ഭാര്യ: ശിവരാജി. സംസ്കാരം ഇന്ന് രാവിലെ 11ന് വീട്ടുവളപ്പിൽ.

**കെ. അജികുമാർ**
തിരുവനന്തപുരം: ബാർട്ടൺ ഹിൽ ലാ കോളേജിനു സമീപം കെ. അജികുമാർ (59) നിര്യാതനായി. ഭാര്യ: ബേബി സരോജം, മക്കൾ: ശ്രീല, ശ്രീന. മരുമക്കൾ: ദിലീപ്, രാജീവ്. സഞ്ചയനം ഞായറാഴ്ച രാവിലെ 9ന്.

**മത്തായി**
കള്ളിക്കാട്: വാഴിച്ചൽ പ്രാകൽ താന്നിക്കൽ വീട്ടിൽ എം. മത്തായി (85) നിര്യാതനായി. ഭാര്യ: അന്നമ്മ മത്തായി. മക്കൾ: ജോസ്, ജോൺസൺ, തങ്കച്ചൻ, ജോർജ്, ജോയി, രാജൻ, ശോഭ, ജോസഫ്, മാത്യു. മരുമക്കൾ: രാജദാസ്, വസന്ത, മോളി, ലൈല, അജിത, ബീന, സിനി. പ്രാർത്ഥന ഞായറാഴ്ച 2ന്.

**ദേവദാസൻ പിള്ള**
വടശേരിക്കോണം: ചെമ്മരുതി തോക്കാട് ദീപു നിവാസിൽ കെ. ദേവദാസൻപിള്ള (75) നിര്യാതനായി. ഭാര്യ: ലളിതമ്മ. മക്കൾ: മഞ്ജു, മായ, ദീപു. മരുമക്കൾ: മോഹൻദാസ്, സാബു, ചിത്രു. സഞ്ചയനം: ഒക്ടോബർ രണ്ടിന്.

**രവീന്ദ്രൻ**
തിരുവനന്തപുരം: മണക്കാട് കുര്യാത്തി രതീഷ് ഭവനിൽ (ടി.സി 39-1724) ജി. രവീന്ദ്രൻ (70) നിര്യാതനായി. ഭാര്യ: ശ്യാമള. മക്കൾ: രതീഷ്, നിതീഷ്. മരുമകൾ: രാഖി. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 8ന്.

## സ്വാമി ആത്മാനന്ദ നിര്യാതനായി

കിടങ്ങന്നൂർ: പുതുശ്ശേരി അജീഷ് ഭവനിൽ സ്വാമി ആത്മാനന്ദ (കുഞ്ഞപ്പൻ-83, ശുഭാനന്ദാശ്രമം, കൊറ്റാർക്കാവ്, മാവേലിക്കര) നിര്യാതനായി. കോട്ടയം മെഡിക്കൽ കോളേജ് റിട്ട. ഹെൽത്ത് എഡ്യൂക്കേറ്ററാണ്. സംസ്കാരം ഇന്ന് രാവിലെ 11.30ന്. ഭാര്യ: കാർത്തിക. മകൻ: അജീഷ് (സിവിൽ പൊലീസ് ഓഫീസർ, പത്തനംതിട്ട). മരുമകൾ റസിയ റാണി (ജില്ലാ കോടതി, പത്തനംതിട്ട).

## സഖാവ് മണിയൻസ്

കൊടുങ്ങല്ലൂർ: ആദ്യകാല നക്സലേറ്റ് പ്രവർത്തകനും അടിയന്തരാവസ്ഥാ തടവുകാരനുമായ മേത്തല പടന്ന പൂതം വീട്ടിൽ സുബ്രഹ്മണ്യൻ എന്ന സഖാവ് മണിയൻസ് (74) നിര്യാതനായി. സംസ്കാരം വീട്ടുവളപ്പിൽ നടന്നു. ജോൺ എബ്രഹാമിന്റെ 'അമ്മ അറിയാൻ' എന്ന സിനിമയിൽ ഇദ്ദേഹം അവതരിപ്പിച്ചത് മണിയൻസ് എന്ന കഥാപാത്രത്തെയാണ്. നക്സലേറ്റ് പ്രസ്ഥാനത്തിന്റെ തുടക്കം മുതൽ മുൻനിരക്കാരിലൊരാളായിരുന്നു. അടിയന്തരാവസ്ഥക്കാലത്ത് ക്രൂരമായ ഭേദ്യങ്ങൾക്ക് വിധേയനായി. ജില്ലാ കമ്മിറ്റി അംഗമായിരിക്കെ അറസ്റ്റിലായി. പൊലീസ് മർദ്ദനംമൂലം രോഗിയായി പൊതുരംഗത്തു നിന്ന് വിട്ടു നിൽക്കുകയായിരുന്നു. ഭാര്യ: ലളിത. മക്കൾ: രോഷൻ, റോബിൻ, റോഷ്ന.

## വൃദ്ധൻ കിണറ്റിൽ മരിച്ച നിലയിൽ

വിഴിഞ്ഞം: മുക്കോല നെല്ലിക്കുന്ന് കടയ്ക്കുളം പ്ലാവിളാകത്ത് വീട്ടിൽ കമലാസനൻ ആശാരി (82) യെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തി.

കഴിഞ്ഞ ദിവസം വൈകുന്നേരം മുതൽ കാണാതായ ഇയാളെ ഇന്നലെ രാവിലെയാണ് സമീപത്തെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടത്. ആൾമറയില്ലാത്ത കിണറ്റിൽ അബദ്ധത്തിൽ വീണതാകാമെന്നാണ് കരുതുന്നത്. ഭാര്യ: കനകമ്മ. മക്കൾ: അജിത, ശ്രീകാന്ത്.

**സുരേന്ദ്രൻ**
ഭരതന്നൂർ: ലെനിൻകുന്ന് നെട്ടുമൺകോണത്തു വീട്ടിൽ ആർ. സുരേന്ദ്രൻ (68) നിര്യാതനായി. ഭാര്യ: വിലാസിനി. മക്കൾ: ഷൈലജ, ഷാജു. മരുമക്കൾ: രമേഷ്, അശ്വതി. സഞ്ചയനം തിങ്കൾ ഒൻപതു മണിക്ക്.

**സുരേന്ദ്രൻ**
കടയ്ക്കൽ: മേവനക്കോണം എസ്. എൽ ഭവനത്തിൽ സുരേന്ദ്രൻ (69) നിര്യാതനായി. ഭാര്യ: ലീല. മക്കൾ: ബിജു, സിന്ധു. മരുമക്കൾ: ചന്ദ്രബോസ്, സുജ.

**കൃഷ്ണൻകുട്ടി**
അരുമാനൂർ: പഞ്ഞിക്കർ തോട്ടം വീട്ടിൽ എൻ. കൃഷ്ണൻകുട്ടി (87) നിര്യാതനായി. ഭാര്യ: പരേതയായ നിർമ്മല. മക്കൾ: പരേതനായ ദിലീപ്കുമാർ, അനിൽകുമാർ, സുനിൽകുമാർ, തൃതീപ് കുമാർ. മരുമക്കൾ: ലേഖ, അമ്പിളി, പ്രമീള, വിജിൽ. സഞ്ചയനം: തിങ്കളാഴ്ച രാവിലെ 9ന്.

**സുമതിഅമ്മ**
ഓച്ചിറ: തെക്കുകൊച്ചുമുറി കൊച്ചുശാരിയത്ത് സുമതി അമ്മ (87) നിര്യാതയായി. സഞ്ചയനം 4ന് രാവിലെ 8ന്.



**10-ാം ചരമവാർഷികം**
**(29.09.2018)**
**എസ്.സുകുമാരപണിക്കർ**
ലക്ഷ്മി നിവാസ്,
ഓണംകോട്,
ചായ്ക്കോട്ടുകോണം പി.ഒ.
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ഭാര്യ: ഡി. ചന്ദ്രിക, മക്കൾ, മരുമക്കൾ, ചെറുമക്കൾ.

**രണ്ടാം ചരമവാർഷികം**
**(29.09.2018)**



**എ. പത്മദേവൻ**
(Rtd. DTO, KSRTC)
മിത്ര ഭവൻ,
ശബരി നഗർ, കാരേറ്റ്.
- സന്തപ്തകുടുംബാംഗങ്ങൾ.

**16-ാം ചരമദിനം നാളെ**
**(30.09.2018)**



**സ്നേഹലത (78)**
(റിട്ടേർഡ് സൂപ്രണ്ട്, KWA)

മാന്യരേ,
15.09.2018-ൽ നിര്യാതയായ ഞങ്ങളുടെ അഭിവന്ദ്യ മാതാവും വക്കത്ത് പാട്ടത്തിൽമുക്കിൽ റിട്ടേർഡ് അദ്ധ്യാപകൻ ശ്രീ. ഗോപിനാഥൻ അവർകളുടെ സഹധർമ്മിണിയുമായ **ജി. സ്നേഹലത** (78, റിട്ടേർഡ് സൂപ്രണ്ട്, KWA) അവർകളുടെ **മരണാനന്തരചടങ്ങുകൾ സെപ്തംബർ 29, 30 തീയതികളിൽ** നടത്തുന്നു.
**30.09.2018 ഞായറാഴ്ച രാവിലെ 11 മണിക്ക്** നടക്കുന്ന ചടങ്ങിൽ എല്ലാ ബന്ധുമിത്രാദികളും ഇത് ഒരറിയിപ്പായി കരുതി ഞങ്ങളുടെ വസതിയിൽ എത്തിച്ചേരുവാൻ താൽപര്യപ്പെടുന്നു.

എന്ന്,

| അമ്മ: | മക്കൾ: | മരുമക്കൾ: |
|---|---|---|
| കെ. പൊന്നമ്മ | സിനി ജയശങ്കർ, | ജയശങ്കർ, |
| | ജി. സാം, | ഇന്ദുപ്രകാശ്, |
| | സീന അജയൻ, | അജയൻ. |

ചെറുമക്കൾ: ആകാശ് അജയൻ, ആയിനമോൾ, സായ് കൃഷ്ണ.

N.B: ചരമവിവരം യഥാസമയം അറിയിക്കാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കുവാൻ അപേക്ഷിക്കുന്നു.

**33-ാം ചരമവാർഷികം (29.09.2018)**



**കെ. ബാലകൃഷ്ണൻ** (റിട്ട. വില്ലേജ് ഓഫീസർ)
ബാലകൃഷ്ണ ഭവൻ, രാമപുരം, ആറാലുംമൂട് പി.ഒ.
*മരണമില്ലാത്ത ഓർമ്മകൾക്ക് മുപ്പത്തിമൂന്നുവർഷം*
*പരേതാത്മാവിന് നിത്യശാന്തി നേരുന്നു!*
ദുഃഖിതരായ ഭാര്യയും മക്കളും.

**ഒന്നാം ചരമവാർഷികം**
**(29.09.2018)**



**G.D. വിശ്വരാജൻ**
(Retd. SI of Police)
വിശ്വവിഹാർ, ആക്കുളം.
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ഭാര്യ: J. സരോജിനി.
മക്കൾ: അഡ്വ. ജോജു രാജൻ, റാണി രാജൻ,
മരുമക്കൾ: മജ്നു. C.S, V. ഹരിലാൽ,
മറ്റ് കുടുംബാംഗങ്ങൾ.

**വേർപാടിന്റെ ഒരു വർഷം (29.09.2018)**



**വി. രമണൻ**
രാഖി ഭവൻ, മൈത്രി നഗർ,
വെഞ്ഞാറമൂട് പി.ഒ.
ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ഭാര്യ: ആർ. സുജ.

**13-ാം ചരമവാർഷികം**
**(28.09.2018)**



**ജി. രാജേന്ദ്രൻ**
(റിട്ട. വില്ലേജ് ഓഫീസർ)
രാജാ നിവാസ്,
നിലയ്ക്കാമുക്ക്, കടയ്ക്കാവൂർ.
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
സന്തപ്തകുടുംബാംഗങ്ങൾ.

**സഞ്ചയനം നാളെ**
**(30.09.2018)**



**എം. കമലാസനൻ (84)**
കമലൻ കോട്ടേജ്, ചെട്ടിക്കുന്ന്,
കുമാരപുരം, തിരുവനന്തപുരം.
ദുഃഖിതയായ ഭാര്യ: വസുമതി
(റിട്ട. സെയിൽസ് ടാക്സ് ഓഫീസർ, ബോംബെ),
സഞ്ചയനം ഞായറാഴ്ച രാവിലെ 8.30-ന്.
0471 - 2554276.

കേരളകൗമുദി
Established by **C.V. Kunjuraman** as a periodical in 1911







WORLD HEART DAY 29 SEPTEMBER

# HEART-TO-HEART CARDIAC CARE

Marking our 32nd year in healthcare, the Cardiology Department heralds another milestone achievement - the introduction of a Cardiac MRI.

Manned by expert medical cardiologists, interventional cardiologists and cardiothoracic surgeons, PRS proves to be the leader in providing cutting-edge cardiac care.

This World Heart Day, give your heart the care it deserves.

**Facilities**

GE Gen 3 Cathlab
3D Echo • Holter Monitor
Ambulatory BP • Color Doppler
Transesophageal Echo

**Our Specialists**

**Dr. Tiny Nair**, MD, DM, FACC, FRCP (Edin), FESC
Chief Consultant Cardiologist
**Dr. Santhosh K.R.**, MD, DM (Cardio)
DNB (Gen. Med), FSCAI, FESC, FACC
Chief Interventional Cardiologist
**Dr. Krishna Kumar K.**, MD, DM, FIC, FSCAI, FESC, FACC
Senior Consultant-Interventional Cardiologist
**Dr. Prakash N. Nair**, MD, DM (Cardio)
Interventional Cardiologist
**Dr. Y.A. Nazer**, MBBS, MS, M.Ch (Cardiac Surgery)
Chief Consultant Cardiothoracic Surgeon

Free Cardiac Screening Camp Today (9 AM - 1 PM) | "PRS Heart" | For Executive Health Check Package Call: 8281828182

PRS HOSPITAL®
CARE LIKE ONLY A MOTHER CAN GIVE
Killipalam, Thiruvananthapuram-695 002 | T: +91 471 2344443 / 4073333
E: admin@prshospital.com | prshospital.com | Emergency Service: +91 9497 24 7 365
NABH Accredited
ISO 9001: 2015 Certified


# ലോക ഹൃദയദിനം

## സെപ്റ്റംബർ 29 ലോകഹൃദയദിനമായി ലോകമെമ്പാടും ആചരിക്കുകയാണ് എന്താണിതിന്റെ പ്രാധാന്യം?

ഹൃദയ സംരക്ഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക എന്നതാണ് ഇന്നത്തെ പരിപാടികളുടെ ഉദ്ദേശം. ഹൃദ്രോഗം മൂലം മരണമടയുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയാണ്. കണക്കുകൾ പ്രകാരം ഓരോവർഷവും ഏകദേശം 17.5 ദശലക്ഷത്തിലേറെ പേരാണ് ഹൃദ്രോഗവും പക്ഷാഘാതവും മൂലം മരണമടയുന്നത്. ഒന്നാം നമ്പർ കൊലയാളിയായി ഹൃദ്രോഗം മാറി കഴിഞ്ഞു. ഇതിൽ 85 ശതനവും തടയാവുന്നതാണ് എന്നതാണ് ഇതിന്റെ പ്രാധാന്യം. ഇതെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുവാനാണ് ഇങ്ങനെയൊരു ദിവസം തിരഞ്ഞെടുത്ത് World Heart Day ആയി ആചരിക്കുന്നത്. World Heart Federation ന്റെ ഈ വർഷത്തെ Theme - ' ഒരു വാഗ്ദാനം എന്റെ ഹൃദയം, നിങ്ങളുടെ ഹൃദയം നമ്മുടെ എല്ലാവരുടേയും ഹൃദയം' എന്നതാണ്. ഹൃദയാരോഗ്യ സംരക്ഷണത്തിനായി നാം ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്തും എന്നുള്ളതിനാണ് വാഗ്ദാനം.

### ഹൃദ്രോഗം എങ്ങനെ തടയാം ?

ജീവിതശൈലി രോഗങ്ങളായ പ്രമേഹം അമിത രക്തസമ്മർദം, അമിതകൊളസ്ട്രോൾ എന്നിവ നിയന്ത്രിക്കുന്നതു മൂലം ഹൃദ്രോഗ സാദ്ധ്യത കുറയുന്നു. നമ്മുടെ ജീവിത ശൈലിയിൽ ചെറിയ മാറ്റങ്ങൾ വരുത്തുന്നത് ഹൃദയാരോഗ്യ സംരക്ഷണത്തിന് വലിയപ്രയോജനം ചെയ്യും എന്തൊക്കെയാണവ ?
ആരോഗ്യകരമായ ഭക്ഷണരീതി
ക്രമമായ വ്യായാമം
പുകവലി ഉപേക്ഷിക്കുക എന്നിവയാണ്

### ആരോഗ്യകരമായ ഭക്ഷണരീതി എന്താണ്?

വറുത്തതും പൊരുച്ചതുമായ ആഹാരം, ഫാസ്റ്റ് ഫുഡ്, ബേക്കറി സാധനങ്ങൾ, മൈദ, ആട്ടിറച്ചി, മാട്ടിറച്ചി എന്നിവ ഒഴിവാക്കുക. പഞ്ചാസര, ഉപ്പ് എന്നിവയുടെ ഉപയോഗം കുറയ്ക്കുക. പച്ചക്കറി, പഴങ്ങൾ എന്നീ നാരടങ്ങിയ വസ്തുക്കൾ ഭക്ഷണത്തിൽ ധാരാളമായി ഉൾപ്പെടുത്തുക. നമ്മുടെ ജീവിതരീതി മാറിയിരിക്കുന്നു. ചെറുപ്പക്കാർക്ക് 8 മുതൽ 12 മണിക്കൂർ വരെ കംപ്യൂട്ടറിന്റെ മുന്നിൽ ചിലവഴിക്കേണ്ടി വരുന്നു. ജോലിക്കിടിയിൽ കഴിക്കാൻ പറ്റുന്ന സ്നാക്സ്, വെജിറ്റബൾ പഫ്സ്, പഴംപൊരി, സോഫ്റ്റ് ഡ്രിംഗ്സ് എന്നിവ പതിവാകുന്നു. ഇത് ജീവിത ശൈലി രോഗങ്ങൾക്ക് വഴിതുറക്കുന്നു.
ഭക്ഷണരീതിയോടൊപ്പം പ്രാധാന്യമുള്ള കാര്യമാണ് വ്യായമം. ചിട്ടയായ വ്യായമം ശീലിക്കുക. 45 മിനിട്ട് ചടുലമായ നടത്തം ആണ് ഉത്തമം. ഇത് ആഴ്ചയിൽ 5 ദിവസമമെങ്കിലും ശീലിക്കുക.
പുകവലി, രോഗങ്ങളെ ത്വരിതപ്പെടുത്തുന്നു. പുകവലി പൂർണ്ണമായും ഉപേക്ഷിക്കുക. പണ്ട് 60 വയസ്സുകാരെ കീഴ്പ്പെടുത്തിയിരുന്ന ഹൃദ്രോഗം ഇപ്പോൾ 30-40 കളിലുള്ളവരെ ബാധിക്കുന്നു. കുഴഞ്ഞു വീണുള്ള മരണം, ആബുലൻസിന്റെ നിലവിളി നമ്മുടെ നിത്യ ജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞു.
ഹൃദയദിനം ഒരു ചടങ്ങുമാത്രമാക്കാതെ നമുക്ക് വാഗ്ദാനങ്ങളോട് നീതിപുലർത്താം.

Dr.Rajalekshmi.S MD, DM, FACC, FESC, FICC
Senior Consultant, Cardiologist
SUT Hospital , Pattom, Thiruvananthapuram

# ഹൃദ്രോഗം പ്രതിരോധിക്കാം

കാർഡിയോവാസ്കുലർ രോഗങ്ങൾ ഇന്ന് ലോകത്ത് മരണകാരണങ്ങളിൽ ഒന്നാം സ്ഥാനത്താണ്. ഓരോവർഷവും 17 ദശലക്ഷം ആളുകളാണ് ഹൃദയാഘാതം മൂലം മരിക്കുന്നത്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ കേരളത്തിൽ ഹൃദ്രോഗ നിരക്ക് ഏറ്റവും ഉയർന്നതാണ്. 65 വയസ്സിൽ താഴെയുള്ള കാർഡിയാക് രോഗികൾ കേരളത്തിൽ പുരുഷന്മാരിൽ 60% പേരും സ്ത്രീകളിൽ 40% പേരും മരണപ്പെടുന്നു. ഹൃദ്രോഗവും പക്ഷാഘാതവുംമൂലം ആശുപത്രികളിൽ പ്രവേശിക്കപ്പെടുന്നവരിൽ പകുതിപേരും ജീവിതത്തിലെ ഏറ്റവും സജീവമായ 40 മുതൽ 60 വരെയുള്ള പ്രായക്കാരാണ്. അടുത്ത കാലത്തായി വിവിധ മെഡിക്കൽ കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും വർദ്ധിച്ച ചികിത്സാ സൗകര്യത്തിനു പുറമേ സ്വകാര്യ മേഖലയിലും അത്യാധുനിക സൗകര്യങ്ങളുള്ള പൂർണ്ണ സജ്ജമായ ആശുപത്രികൾ ഹൃദ്രോഗ ചികിത്സയ്ക്ക് ലഭ്യമാണ്. ഈ സൗകര്യങ്ങൾ ഉണ്ടെങ്കിലും ഹൃദ്രോഗം കാരണമുള്ള മരണ നിരക്ക് കുറയുന്നില്ല ഹൃദ്രോഗത്തെ പ്രതിരോധിക്കാനുള്ള നടപടികളിൽ ശ്രദ്ധ ചെലുത്തേണ്ടതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. വികസിത രാജ്യങ്ങൾ ഫലപ്രദമായ പ്രതിരോധ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. റിസ്ക് ഫാക്ടറുകളെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിച്ചും അവയെ നിയന്ത്രിക്കാനുള്ള രീതികൾ നടപ്പിലാക്കിയും കാർഡിയോവാസ്കുലർ രോഗബാധിതരുടെ എണ്ണം കൃത്യമായി കുറയ്ക്കാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. ഹൃദ്രോഗത്തിലേക്ക് നയിക്കുന്ന റിസ്ക് ഫാക്ടറുകൾ പ്രധാനമായും പുകവലി, രക്താ തിമർദ്ദം, ഡയബറ്റിസ്, ഉയർന്ന കൊളസ്ട്രോൾ എന്നിവയാണ്. കൊറോണറി ആർട്ടറി രോഗത്തിലേക്ക് നമ്മുടെ ആളുകളെ നയിക്കുന്ന പ്രധാന അപകടഘടകങ്ങളായി ഇവയെ വിവിധ ക്ലിനിക്കൽ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ക്രമമായ വ്യായാമമില്ലായ്മയും ഹൃദയാരോഗ്യ ത്തിനുതകുന്ന ആഹാരക്രമം പാലിക്കാത്തതും മറ്റു പ്രധാന കാരണങ്ങളാണ്. ഒരു ജീവിത ശൈലീ രോഗമായതിനാൽ മേൽപറഞ്ഞ കൊറോണറി റിസ്ക് ഫാക്ടറുകൾ നിയന്ത്രിച്ചാൽ 80% ഹൃദയാഘാതങ്ങളും ഒഴിവാക്കാം. ഈ ലക്ഷ്യം നേടുകയെന്നതാണ് ലോക ഹൃദയ ദിനാചരണത്തിന്റെ ലക്ഷ്യം.

ഡോ. സി.ജി ബാഹുലേയൻ
എം.ഡി. ഡി.എം, എഫ്ആർസിപി,
എഫ്എസ്‌സിഎഐ,
ചെയർമാൻ,
കാർഡിയോ വാസ്കുലർ സെന്റർ
അനന്തപുരി ഹോസ്പിറ്റൽസ് ആൻഡ്
റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചാക്ക,
തിരുവനന്തപുരം -24.


WORLD HEART DAY 29 SEPTEMBER

CVC CARDIO VASCULAR CENTER



# MY HEART, YOUR HEART

Your heart works for you tirelessly all your life. This World heart day we remind you to keep your heart healthy by leading an active and healthy life..


At Ananthapuri Hospital Cardio Vascular Center, the best of experts assisted by the most advanced technology guarantee you to put their heart and soul together to give your heart the care it needs..

| Angioplasty with utmost precision | Minimally invasive heart surgery for faster recovery |
|---|---|
| • Optical Coherence Tomography<br>• Intra-Vascular Ultrasound<br>• Rotational Atherectomy<br>• Fractional Flow Reserve | • Beating heart bypass surgery<br>• Minimal access valve surgery<br>• Extra-Corporeal Membrane - Oxygenation (ECMO) |

Call: 0471 2579900

Ananthapuri Hospitals AND RESEARCH INSTITUTE
Chacka, NH Bypass, Thiruvananthapuram - 695 024, Kerala
Tel: 0471 - 2579900 www.ananthapurihospitals.com






AYURVEDA AND YOGA IN INDIA

Somatheeram™ AYURVEDA GROUP
Trivandrum, Kerala, India.
mail@somatheeram.in www.somatheeram.in
Tel: +91 471 2268101, +91 471 2266111

FOUR Times Winner of "NATIONAL AWARD" including 'HALL OF FAME' Award from Government of India as India's "BEST AYURVEDA WELLNESS CENTRE".
SIX Times Winner of State Award from Government of Kerala as The "Best Approved And Classified Ayurveda Centre in Kerala".
Thirty Two International, National & State Awards For "Excellence in Ayurveda".

Somatheeram Ayurveda Village · Soma Manaltheeram Ayurveda Beach Village · Soma Kerala Palace Lake Ayurveda Yoga · Soma Palmshore Beach Ayurveda Yoga · Soma Birds lagoon Birds Nature Ayurveda · Soma houseboats A slice of life · Somatheeram · Soma Manaltheeram · Somatheeram International Institute of yoga

Somatheeram Research Institute and Ayurveda Hospital and Manaltheeram Ayurveda Hospital and Research Institute are Accredited by
National Accreditation Board for Hospitals & Healthcare Providers · Green Leaf By Government of Kerala · European Audit Institute Wellness & SPA e.V. · British Standards Institution United Kingdom · British Standards Institution United Kingdom

The mission of the Ayurveda Resort Group is
"to offer the essence and soul of the ancient medical science of Ayurveda and the art of Yoga and Meditation."



BR LIFE | WORLD HEART DAY 2018 | HIGH5 YOUR HEART 5K RUN 29 September 2018

# Our Contribution to Caring for your Heart

Our Track Record
• First Beating Heart Surgery in the State of Kerala
• Highly successful Cardiac Interventions
• Well equipped Cath Lab & Operation Theaters
• Highly qualified and experienced Interventional Cardiologists, Cardiothoracic & Vascular Surgeons
• Well qualified Cath Lab and Cardiac support team

| Dr. Sujit V I | Prof. Dr. Unnikrishnan M | Dr. S. Rajalekshmi | Dr. Praveen G K | Dr. Anup Kumar S |
|---|---|---|---|---|
| MS (Gen Surgery), MCh (CTVS)- CMC Vellore, Fellowship in Adult Cardiac Surgery (Adelaide, Australia), Heart & Lung Transplant Fellowship (Sydney, Australia), Consultant, Dept. of Cardiothoracic Surgery | MS, MCh, FIACS, FVSI, Head of the Department & Senior Consultant, Vascular Surgery | MD, DM, Senior Consultant, Cardiology Department | MD, DM, Consultant, Cardiology Department | MD, DM, Consultant, Cardiology Department |

BR LIFE | SUT HOSPITAL PATTOM
SUT Hospital Pattom
Pattom Palace P.O., Thiruvananthapuram 695 004, Kerala, India
T: 0471 4077777, 4077888 E: info@sutpattom.com www.sutpattom.com






# DEVICE THERAPY IN HEART FAILURE

ICD TO PREVENT SUDDEN DEATH CRT TO IMPROVE EJECTION TRACTION BUT ONLY IN THE PRESEBCE OF WIDE QRS AND NOW FOR SYMPTOM RELIEF AND SURVIVAL CARDIAC CONTRACITILITY MODULATION

## A NEW HOPE FOR SERVERE HEART FAILURE

TESTED AND PROVEN IN EUROPE DONTE FOR THE FIRST TIME IN INDIA
A ROYAL HOSPITAL TRIVANDRUM ON 12TH DECEMBER
ALL DEVICE THERAPY FOR SERVE HEART FAILUR
ICD, CRT AND NOW CCM AVAILABLE ONLY AT ROYAL HOSPITAL

SREE UTHRAM THIRUNAL ROYAL HOSPITAL
ULLOOR, TRIVANDRUM, Ph: 0471-4177777
email: mdsec@rhtvm.com
Where Heart Care is World Class...

For Appointments Call :
94974 53849, 94977 14159


# ഹൃദയം ഒരു അഗ്നിപർവ്വതം

പത്തുപന്ത്രണ്ടുവർഷം മുൻപുണ്ടായ ഒരു കാര്യമാണ്. ഹൃദയാഘാതമുണ്ടായി. ആശുപത്രിയിലെത്തി. ആൻജിയോപ്ലാസ്റ്റി കഴിഞ്ഞ് സുഖമായി വീട്ടിൽപോയ അൻപതുവയസ്സുകാരൻ നെഞ്ചുവേദനയുമായി വീണ്ടും ആശുപത്രിയിൽ വരുന്നു. അത്യാഹിത വിഭാഗത്തിലെത്തി യപാടേ കുഴഞ്ഞുവീഴുന്നു. ഉടൻ തന്നെ ഹൃദയപുനരുജ്ജീവനം(കാർഡിയാക്റിസസിറ്റേഷൻ) എന്ന ചികിത്സാരീതിക്ക് വിധേയനാക്കിക്കൊണ്ട് ഐ.സി.യു.വിൽ എത്തിച്ച് തുടർചികിത്സകൾ നല്കി.

ഹൃദയപുനരുജ്ജീവനത്തിൽ ഏറ്റവും പ്രധാനം നെഞ്ചിന്റെ മദ്ധ്യഭാഗത്ത് മിനിറ്റിൽ 100 തവണ ക്രമമായി അമർത്തുന്നതാണ്. ഈ 'നെഞ്ചമർത്തൽ' കൊണ്ട് ഹൃദയത്തിൽ നിന്ന് രക്തം മസ്തിഷ്ക്കത്തിലേക്കും കൊറോണറി ധമനികളിലേക്കും എത്തിക്കാൻ കഴിയുന്നു. ഇതുകൊണ്ട് ജീവൻ നിലനിറുത്താനും മസ്തിഷ്ക്കക്ഷതം കുറയ്ക്കാനും ചിലപ്പോൾ ഒഴിവാക്കാൻ തന്നെയും സാധിക്കുന്നു. ഐ.സി.യുവിൽ എത്തിച്ച രോഗിക്ക് ഷോക്ക്, കൃത്രിമശ്വാസം എന്നിവ നല്കി, സ്ഥിതിഗതികൾ വിലയിരുത്തി മരുന്നുകളും നല്കി. നെഞ്ചമർത്തൽ ക്രമത്തോടെ തുടർന്നുകൊണ്ടിരുന്നു. ഇവയുടെ എല്ലാം ഫലമായി ഹൃദയമിടിപ്പും രക്തസമ്മർദ്ദവും നിയന്ത്രണവിധേയമായി. വൈകാതെ ആൻജിയോഗ്രാഫിക്ക് വിധേയനാക്കി.

രോഗിയുടെ ഹൃദയത്തിൽ ആദ്യ ആഘാതമുണ്ടായപ്പോൾ സ്ഥാപിച്ചിരുന്ന സ്റ്റെന്റ് രക്തം കട്ടപിടിച്ച് അടഞ്ഞുപോയതായി ആൻജിയോഗ്രാഫിയിൽ മനസ്സിലായി. രക്തം കട്ടപിടിക്കുന്നതൊഴിവാക്കാൻ സഹായിക്കുന്ന മരുന്നുകൾ കഴിക്കുന്നതിലുണ്ടായ അശ്രദ്ധയായിരിക്കാം ഇതിന് കാരണം. ഈ തടസ്സം ബലൂൺ ചികിത്സവഴി മാറ്റി. അസുഖമെല്ലാം മാറി പൂർണ്ണമായും രോഗവിമുക്തി നേടി. രോഗി വീട്ടിലേക്ക് പോയി.

കഥ അവിടെ തീർന്നില്ല. രണ്ടാഴ്ച കഴിഞ്ഞതേയുള്ളൂ. രോഗി വീണ്ടും വീട്ടിൽ കുഴഞ്ഞുവീണു. ബോധമോ ശ്വാസമോ ഹൃദയമിടിപ്പോ ഇല്ല. ഉടൻ രോഗിയെ കാറിൽ ആശുപത്രിയിലേക്ക് കൊണ്ടുവന്നു. കുഴഞ്ഞുവീണപ്പോൾ, തുടങ്ങിയ നെഞ്ചമർത്തൽ കൂടെയുണ്ടായിരുന്ന സഹോദരന്മാർ ആശുപത്രിയിലേക്കുള്ള അഞ്ചു കിലോമീറ്റർ ദൂരവും ട്രാഫിക് തടസ്സത്തിൽപ്പെട്ടപ്പോഴും ഇടതടവില്ലാതെ മാറി മാറി ചെയ്തുകൊണ്ടിരുന്നു. മുൻപ് ആശുപത്രിയിൽ ചെയ്ത ഹൃദയ പുനരുജ്ജീവന പ്രക്രിയ കണ്ടതായിരുന്നു ഇങ്ങനെ ചെയ്യാൻ അവർക്ക് പ്രചോദനമായത്. തുടർച്ചയായ നെഞ്ചമർത്തൽ കാരണം ആശുപത്രിയിൽ എത്തുമ്പോൾ രോഗിക്ക് ജീവൻ ഉണ്ട് ഉടൻ നല്കിയ ഷോക്ക് ട്രീറ്റ്മെന്റ് താളം തെറ്റിയ ഹൃദയസ്പന്ദനം ക്രമത്തിലാക്കി. നീണ്ട നേരത്തെ കൃത്രിമശ്വാസം വേണ്ടിവന്നില്ല. അധികം വൈകാതെ തന്നെ വീണ്ടും ആൻജിയോഗ്രാഫി നടത്തിയപ്പോൾ സ്റ്റെന്റിനോ മറ്റ് കൊറോണറി ധമനികൾക്കോ ഒരു പ്രശ്നവുമില്ല.

## എന്താണ് ഹൃദയസ്തംഭനം?

ഹൃദയത്തിന്റെ പ്രവർത്തനം പെട്ടെന്നു നിലയ്ക്കുന്ന അവസ്ഥയാണ് ഹൃദയസ്തംഭനം. ഹൃദയാഘാതം ഇതല്ല. കൊറോണറി ധമനികളിലൊന്ന് പെട്ടെന്ന് അടഞ്ഞ് ഹൃദയമാംസപേശിക്കുണ്ടാകുന്ന ക്ഷതമാണ് ഹൃദയാഘാതം. ഇത് ഹൃദയസ്ംഭനത്തിന് കാരണമാകാം. ഹൃദയത്തിനുണ്ടാകുന്ന ഏത് രോഗവും ഹൃദയസ്തംഭനത്തിലേക്ക് നയിക്കാം. ഹൃദയസ്പന്ദനത്തിന്റെ താളം അല്ലെങ്കിൽ ക്രമം തെറ്റി ഹൃദയം പെട്ടെന്ന് നിശ്ചലമാകുന്ന അവസ്ഥയാണ് ഹൃദയസ്തംഭനം. ഹൃദയം തികച്ചും നിശ്ചലമാകുന്നതിനുമുൻപ് ഹൃദയത്തിന്റെ പമ്പിംഗ് പ്രവർത്തനം നിലച്ച് ഹൃദയം വെറുതേ പിടയ്ക്കുന്ന അവസ്ഥയാണ് വെൻട്രിക്കുലാർ ഫിബ്രിലേഷൻ. ഹൃദയം വെറുതേ പിടയ്ക്കുവാൻ തുടങ്ങുമ്പോഴേ ബോധവും ശ്വാസവും നാഡിമിടിപ്പും(പൾസ്) നഷ്ടപ്പെടുന്നു. ഹൃദയസ്പന്ദനം നേരിട്ടു നിശ്ചലമാകുന്ന അവസ്ഥയും അപൂർവ്വമായി ഉണ്ടാകാറുണ്ട്. ഇതിനെ എസിസ്റ്റോളി എന്നു പറയുന്നു. ഇങ്ങനെ നിശ്ചലമായ ഹൃദയം മിനിറ്റുകൾക്കകം വീണ്ടും പ്രവർത്തിപ്പിച്ചില്ലെങ്കിൽ ജീവൻ തന്നെ നഷ്ടപ്പെടുന്നു. പ്രവർത്തനം പുനരാരംഭിക്കാൻ വൈകിയാൽ മസ്തിഷ്ക മരണം ഉണ്ടാകാം. ചിലപ്പോൾ ജീവൻ തിരിച്ചുകിട്ടിയാലും ബോധമില്ലാത്ത, സസ്യാവസ്ഥയിലാകും ജീവിതം. ഹൃദയത്തിന്റെ പമ്പിംഗ് പ്രവർത്തനം ഏതെങ്കിലും കാരണത്താൽ നേരത്തേ തന്നെ ദുർബലമായിരുന്നുവെങ്കിൽ, അപ്പോഴും ശരിയായ ചികിത്സ ഫലപ്രദമാകണമെന്നില്ല. എന്നാൽ, സാധാരണ ദൈനംദിന ജീവിതത്തിനിയിൽ കുഴഞ്ഞുവീഴുന്നവരിൽ മിക്കവാറും എല്ലാവർക്കും ഹൃദയത്തിന്റെ പമ്പിംഗ് പ്രവർത്തനത്തിൽ കാര്യമായ പ്രശ്നങ്ങൾ ഇല്ലാത്തവരായിരിക്കും. ഇവർക്ക് സമയോചിതമായ പ്രാഥമിക ചികിത്സയും തുടർന്നുള്ള വിദഗ്ദ്ധ ചികിത്സയും വഴി മരണം, മസ്തിഷ്ക മരണം എന്നിവ ഒഴിവാക്കാൻ കഴിയും.

*Dr. C Bharath Chandran*
*SUT Royal Hospital Ulloor*
*MBBS, MRCP (UK), FRCP (Edin), FRCP (London)*

Vol. No. 108 Issue No. 262 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 3941050, Fax: 3078979** e-mail: **news@keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .